പുസ്തകം: 41 ലക്കം: 01 2013 നവംബർ

# കോമ്രേഡ്
മാസിക

എഡിറ്റോറിയൽ
4. (അപ)നിർമ്മിക്കപ്പെടുന്ന ഇന്ത്യൻ റിപ്പബ്ലിക്

എം.എസ്. ജയകുമാർ
6. മോഡി ഭരണവും ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ കടമയും

ചാൾസ് ജോർജ്ജ്
9. 'കടലോരത്തും കസ്തുരി മണക്കുമ്പോൾ' തീരദേശപരിപാലന നിയമം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ

പി.സി. ഉണ്ണിച്ചെക്കൻ
17. പിന്നോട്ട് നടക്കുന്ന കേരളവും നവോത്ഥാന മൂല്യങ്ങളുടെ പ്രസക്തിയും

പി.കെ. വേണുഗോപാലൻ
22. അന്ധവിശ്വാസങ്ങൾക്കും അനുബന്ധചൂഷണങ്ങൾക്കുമോതിരെ നിയമ നിർമ്മണം അനിവാര്യം

രമേശൻ
26. മോഡി സർക്കാർ ഔഷധ വില നിയന്ത്രണം അട്ടിമറിക്കുന്നു

27. ഡോ. ബി മിനകുമാരി റിപ്പോർട്ട്: മത്സ്യക്കപ്പലുകളുടെ പ്രവർത്തനം തദ്ദേശീയമത്സ്യബന്ധന മേഖലയെ തകർക്കും

28. മൂന്നാം സാമ്പത്തിക മാന്ദ്യം: ആഴമേറുന്ന സാമ്രാജ്യത്വ പ്രതിസന്ധി

35. സാർവ്വദേശീയ സാഹചര്യം

പത്രാധിപർ
**പി. സി. ഉണ്ണിച്ചെക്കൻ**
മാനേജർ
**എം. കെ. ദീലിപ്**
സർക്കുലേഷൻ മാനേജർ
**പി. എസ്. രാജഗോപാലൻ**
ലേ ഔട്ട്, പ്രൂഫ്, ഡി. ടി. പി.
**വി. എ. ജോയി, സജീവ് കുമാർ**
**ബഹുജന വിദ്യാ കേന്ദ്രം, പെരുമ്പാവൂർ**
കവർ
**ഷാജി 4+AD**

**റിപ്പോർട്ടുകളും ലേഖനങ്ങളും അയക്കേണ്ട വിലാസം:**

**പത്രാധിപർ**
**ബഹുജന വിദ്യാകേന്ദ്രം,**
**സി.എം.റോഡ്,**
**പെരുമ്പാവൂർ. 683 542**
**ഫോൺ : 0484 2526065**



## എഡിറ്റോറിയൽ

**കേ**രളത്തിലെ വിപ്ലവ ഇടതുപക്ഷത്തിന്റെ മുഖപത്ര 1973 -ൽ ആരംഭിച്ച 'കോമ്രേഡ്' പ്രസിദ്ധീകരണത്തിന്റെ 41 -ാമത്തെ വർഷത്തിലൂടെ കടന്നുപോവുകയാണ്. 1975 ലെ അടിയന്തിരാവസ്ഥയിൽ ഭരണകൂടത്തിന്റെ അടിച്ചമർത്തൽ നടപടികളെ തുടർന്ന് പ്രസിദ്ധീകരണം മുടങ്ങിയ 'കോമ്രേഡ്' ഏതാനും വർഷങ്ങൾക്കു ശേഷമാണ് പിന്നെ പുറത്തിറങ്ങിയത്. 2002 -ൽ തിരുവനന്തപുരത്തു നിന്നും പ്രസിദ്ധീകരണമാരംഭിച്ചപ്പോഴും ഔദ്യോഗികനടപടികളുടെ പേരിൽ 'കോമ്രേഡി'ന്റെ പ്രസിദ്ധീകരണത്തിന് ഏതാനും മാസങ്ങളോളം തടസ്സങ്ങൾ സൃഷ്ടിച്ചു സർക്കാർ. പിന്നീട് രജിസ്ട്രേഷൻ രേഖകളുടെ പേരിൽ 2012 ൽ വീണ്ടും 'കോമ്രേഡി'നു പ്രസിദ്ധീകരിക്കാൻ അന്തരീക്ഷം സൃഷ്ടിക്കപ്പെട്ടു.

തീർച്ചയായും, വിപ്ലവ ഇടതുപക്ഷ രാഷ്ട്രീയം ഉയർപ്പിടിക്കുന്ന ഒരു പ്രസിദ്ധീകരണം താല്ക്കാലികമായി പോലും നിശ്ശബ്ദമാവുന്നത് വർത്തമാന രാഷ്ട്രീയ സാഹചര്യത്തിൽ കുറ്റകരമാണെന്ന് ഞങ്ങൾക്കറിയാം. ഈ തടസ്സം ഭരണവർഗ്ഗങ്ങളേയും വിപ്ലവ വിരുദ്ധശക്തികളേയും മാത്രമേ ആഹ്ലാദിപ്പിക്കാനിടയുള്ളു.

കോമ്രേഡിന്റെ പ്രസിദ്ധീകരണത്തിനു തടസ്സമായി നിന്ന ഘടകങ്ങളെ മറികടക്കാനും മുടക്കം കൂടാതെ പ്രസിദ്ധീകരണം തുടർന്നു കൊണ്ടുപോകാനുമുള്ള ശ്രമത്തിലാണു ഞങ്ങൾ. ഏജൻസികളുടേയും വരിക്കാരുടേയും വായനക്കാരുടേയും അഭ്യുദയകാംക്ഷികളുടേയും വിപ്ലവം ആഗ്രഹിക്കുന്ന ജനങ്ങളുടേയും പിന്തുണയോടെ ഈ ശ്രമത്തിൽ വിജയിക്കാനാവുമെന്ന പ്രതീക്ഷയോടെ ഒരു ഇടവേളക്കു ശേഷം വീണ്ടും പ്രസിദ്ധീകരണമാരംഭിക്കുകയാണ് 'കോമ്രേഡ്'.

# (അപ)നിർമ്മിക്കപ്പെടുന്ന ഇന്ത്യൻ റിപ്പബ്ലിക്

**എ**ത്ര മാത്രം പരിമിതികളോടെയാണെങ്കിലും ജനാധിപത്യത്തിന്റേയും മതനിരപേക്ഷതയുടേയും സോഷ്യലിസ്റ്റ് ആഭിമുഖ്യമുള്ള സാമൂഹ്യവ്യവസ്ഥയുടേയും ഫെഡറലിസത്തിന്റേയും അടിസ്ഥാനമൂല്യങ്ങളെ അംഗീകരിക്കുകയും ഉയർത്തിപ്പിടിക്കുകയും ചെയ്യുന്ന ഒരു ഭരണഘടന അംഗീകരിച്ചുകൊണ്ടാണ് ആറു പതിറ്റാണ്ടുകൾക്ക് മുമ്പ് ഇന്ത്യൻ റിപ്പബ്ലിക് നിലവിൽ വന്നത്. ഒരു നൂറ്റാണ്ടു നീണ്ടുനിന്ന സ്വാതന്ത്ര്യസമരത്തിന്റേയും സാമ്രാജ്യത്വ വിരുദ്ധ പ്രസ്ഥാനങ്ങളുടേയും അവയുടെ പ്രവാഹഗതിക്കിടയിൽ രൂപപ്പെടുകയും വികാസം നേടുകയും ചെയ്ത വിമോചന സങ്കല്പങ്ങളുടേയുമൊക്കെ അടിസ്ഥാനാശയങ്ങളെ രാജ്യത്തിന്റെ ഭരണഘടനയിൽ ഉൾച്ചേർക്കാൻ ഭരണഘടനാ നിർമ്മാതാക്കൾ നടത്തിയ ശ്രമങ്ങൾ തന്നെയാണ് അതിനെ മൂല്യവത്താക്കിയത്.

1947 മുതൽ ഇന്ത്യ ഭരിച്ചുപോന്നവർ ഭരണഘടനയുടെ അന്തഃസത്ത കാത്തുസൂക്ഷിക്കുന്നതിലും അതിലെ വ്യവസ്ഥകൾ നടപ്പാക്കുന്നതിലും വലിയ വീഴ്ചകൾ വരുത്തുകയുണ്ടായെങ്കിലും അതിന്റെ മൗലികസങ്കല്പനങ്ങളെ നിരാകരിക്കാൻ കാര്യമായ നീക്കങ്ങൾ നടന്നുവെന്നു പറയാനാകില്ല. 1975-77 കാലത്തെ അടിയന്തിരാവസ്ഥയെപ്പോലെ ഭരണഘടനയുടെ അടിസ്ഥാന സങ്കല്പങ്ങളെ തള്ളിക്കളയാൻ അധികാരികൾ ശ്രമം നടത്തിയപ്പോഴൊക്കെ അവരെ അധി

**കോമ്രേഡ്**

www.comradeonline.org

**നമ്പർ A 102**
**ശ്രീരംഗം ലെയിൻ,**
**ശാസ്തമംഗലം പി.ഒ.**
**തിരുവനന്തപുരം-695 010**
**ഫോൺ : 94954 19799**



കാരസ്ഥാനത്തു നിന്നു പുറന്തള്ളാനും ജനാധിപത്യത്തിന്റെ മൗലികമൂല്യങ്ങളെ തിരിച്ചുപിടിക്കാനും ജനങ്ങൾക്കു സാധിച്ചിട്ടുണ്ട്.

എന്നാൽ, 2014 മെയ് മാസത്തിൽ അധികാരത്തിൽ വന്ന നരേന്ദ്രമോഡി സർക്കാർ ഇന്ത്യൻ ഭരണഘടനയുടെ അന്തഃസത്തയെ നിരാകരിക്കുകയും സ്വാതന്ത്ര്യസമരത്തിന്റെ സുദീർഘപ്രക്രിയയിലൂടെ ഇന്ത്യൻ ജനതയും രാഷ്ട്രീയവും ആന്തരവത്ക്കരിച്ച മൂല്യങ്ങളെ ബോധപൂർവ്വം തന്നെ തള്ളിക്കളയുകയുമാണ്. ഭരണസംവിധാനത്തിന്റെ ഘടനാക്രമത്തേയും ശ്രേണീബന്ധങ്ങളേയും അപ്രസക്തമാക്കിക്കൊണ്ട് എല്ലാ അധികാരത്തേയും പ്രധാനമന്ത്രിയിലേക്കു കേന്ദ്രീകരിക്കാനും സ്വാതന്ത്ര്യസമര ചരിത്രത്തേയും അതിന്റെ നേതൃനിരകളേയും സങ്കുചിത, വിഭാഗീയ വീക്ഷണങ്ങളുടെ അടിസ്ഥാനത്തിൽ വേർതിരിക്കാനും സാമ്പത്തികവും രാഷ്ട്രീയവുമായ സർവ്വവ്യവഹാരങ്ങളും കോർപ്പറേറ്റ് മൂലധനതാല്പര്യത്തിനനുസരിച്ച് പുനർനിർണ്ണയിക്കാനും അവർ നടത്തുന്ന ശ്രമങ്ങൾ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ വർത്തമാനത്തേയും ഭാവിയേയും ഗുരുതരമായി ബാധിക്കും.

എല്ലാ വകപ്പുകളിലേയും മുതിർന്ന ഉദ്യോഗസ്ഥരെ പ്രധാനമന്ത്രി തന്നെ നേരിട്ടു നിയമിക്കുകയും അവരെല്ലാം പ്രധാനമന്ത്രിക്കു നേരിട്ടു റിപ്പോർട്ടു സമർപ്പിക്കണമെന്ന നിഷ്ക്കർഷിക്കുകയും സ്കൂൾ വിദ്യാർത്ഥികളെ വരെ പ്രധാനമന്ത്രി നേരിട്ടു തന്നെ അഭിസംബോധന ചെയ്യുമെന്ന ശഠിക്കുകയും എല്ലാ സംസ്ഥാന സർക്കാർ ഉദ്യോഗസ്ഥരുടേയും വ്യക്തിഗത വിവരങ്ങൾ പോലും ശേഖരിച്ച് അതിനെ തരം പോലെ ഉപയോഗപെടുത്താനുള്ള പദ്ധതി തയ്യാറാക്കുകയും വികസനത്തിലെ അസന്തുലിതത്വങ്ങൾക്ക് ഇടയാക്കിയേക്കാവുന്ന വിധത്തിൽ ആസൂത്രണകമ്മീഷനെ പിരിച്ചു വിടുകയുമൊക്കെ ചെയ്യുമ്പോൾ അധികാരത്തെ അനിയന്ത്രിതമായി കേന്ദ്രീകരിക്കുകയും ഫെഡറലിസത്തെ പ്രായോഗികമായിത്തന്നെ നിരാകരിക്കുകയും ചെയ്യുന്ന ഒരു ഭരണസംവിധാനത്തെയാണ് മോഡിസർക്കാരിൽ കാണാനാവുക.

ഇന്ത്യൻ സ്വാതന്ത്ര്യസമരത്തിൽ നിന്നും ഏറെക്കുറെ പൂർണ്ണമായിത്തന്നെ മുഖം തിരിഞ്ഞുനില്ക്കുകയും സാമ്രാജ്യത്വരാഷ്ട്രീയത്തോട് വിധേയത്വം പുലർത്തുകയും വർഗ്ഗീയതയുടെ ദുഷ്ടരാഷ്ട്രീയം കൊണ്ട് സമൂഹത്തെ വിഭജിക്കകുയും ചെയ്തതിന്റെ മാത്രം പാരമ്പര്യമുള്ള സംഘപരിവാറിനും അതിന്റെ ഉല്പന്നമായ നരേന്ദ്രമോഡിക്കും ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യ, മതനിരപേക്ഷ സോഷ്യലിസ്റ്റ് മൂല്യങ്ങളെ ഉൾക്കൊള്ളാനാവില്ല. കോർപ്പറേറ്റ് മൂലധനവും സാമ്രാജ്യത്വശക്തികളുമായി ഐക്യപ്പെടുന്നതിൽ മുൻ കോൺഗ്രസ്സ് സർക്കാരുകൾ പോയതിലേറെ ദൂരം പോകാനും അവർക്കു മടിയുണ്ടാവേണ്ടതില്ല. പക്ഷേ ദേശസ്നേഹത്തെക്കുറിച്ച് ഉച്ചത്തിൽ സംസാരിക്കുന്നവർ രാജ്യത്തിന്റെ മുഴുവൻ താല്പര്യങ്ങളും വിദേശസാമ്രാജ്യത്വശക്തികൾക്കു മുന്നിൽ അടിയറ വക്കുമ്പോൾ ഇന്ത്യൻ റിപ്പബ്ലിക്കിന്റെ അടിസ്ഥാനമൂല്യസങ്കല്പങ്ങളാണ് അട്ടിമറിക്കപ്പെടുന്നത്. യു.പി.എ. ഗവൺമെന്റ് പിന്തുടർന്നു പോന്ന നയങ്ങളുടെ അളവുപരമായ തുടർച്ച മാത്രമല്ല, ഗുണപരമായ പരിവർത്തനം കൂടി ഇതിൽ ഉള്ളടങ്ങിയിട്ടുണ്ടെന്നതാണ് വാസ്തവം. ചരിത്രത്തേയും ചരിത്രപുരുഷന്മാരേയും വിദ്യാഭ്യാസത്തേയും ഇവയൊക്കെയുമായി ബന്ധപ്പെട്ട വിവിധ സ്ഥാപനങ്ങളേയുമൊക്കെ സംബന്ധിച്ച് സംഘപരിവാറിന്റെ വിവിധ വിതാനങ്ങളിൽ നിന്നും ഉയർത്തിവിടുന്ന ചർച്ചകൾ വിരൽചൂണ്ടുന്നത് ഈ ദിശയിലേക്കാണ്.

ഇന്ത്യയെ നിർമ്മിതവസ്തുകളുടെ പ്രധാന ഉല്പാദന കേന്ദ്രമാക്കാനുള്ള പദ്ധതിയെന്നു വിശേഷിപ്പിക്കപ്പെടുന്ന 'മേക്കിംഗ് ഇന്ത്യ' രാജ്യത്തെ തന്നെ അപനിർമ്മിക്കുകയോ ശിഥിലീകരിക്കുകയോ ചെയ്യുന്ന 'അൺമേക്കിംഗ് ഇന്ത്യ' (Unmaking India)യായി പരിണമിക്കാനുള്ള വിപൽ സാധ്യതക്കു മുന്നിലാണ് രാജ്യമിന്നു ചെന്നു നില്ക്കുന്നത്.. രാജ്യത്തെ എല്ലാ പുരോഗമന, ജനാധിപത്യ മതനിരപേക്ഷ ശക്തികളുടെയും ഗൗരവപൂർവ്വമായ ജാഗ്രതയും ശ്രദ്ധാപൂർവ്വമായ പ്രതിരോധവും ഉണ്ടാകുന്നതില്ലെങ്കിൽ ഈ സാധ്യത ഒരു യാഥാർത്ഥ്യമായി പരിണമിക്കുകയാവും ചെയ്യുക. ●

# മോഡി ഭരണവും ഇടതുപക്ഷത്തിന്റെ രാഷ്ട്രീയ കടമയും

എം. എസ്. ജയകുമാർ




**വരാനിരിക്കുന്ന സമരനാളുകളിൽ ബി ജെ പിക്കും കോൺഗ്രസ്സിനുമെതിരായ ഒരു ബദൽ നയത്തിന്റെയും മിനിമം പരിപാടിയുടെയും അടിസ്ഥാനത്തിൽ ഒരു വിശാല ഇടതുപക്ഷ പൊതു വേദിയെങ്കിലും രൂപീകരിച്ചുകൊണ്ട് അതിൽ ആഗോളവൽക്കരണത്തേയും വർഗ്ഗീയ ഫാഷിസത്തെയും എതിർക്കുന്ന മുഴുവൻ ജനാധിപത്യ ദേശാഭിമാന ശക്തികളെയും അണിനിരത്തുക എന്നതാണ് ഇടതു പക്ഷം നേരിടുന്ന വെല്ലുവിളിയും കടമയും.**

**കോ**ൺഗ്രസ്സിന്റെ ജനവിരുദ്ധ നയങ്ങളുടെ ഫലമായി രാജ്യത്തെമ്പാടും ആഞ്ഞടിച്ച ജനരോഷത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് വിദേശിയും സ്വദേശിയുമായ കോർപ്പറേറ്റുകളുടെ പിൻബലത്തോടെയാണ് നരേന്ദ്ര മോദി അധിക്കാരക്കസേര കൈക്കലാക്കിയത്. അതിനാകട്ടെ ആർ എസ് എസ്സിന്റെ പരിപൂർണ്ണ സഹായവും മോദിക്ക് നേടിയെടുക്കാനായി. അതുകൊണ്ടുതന്നെ, മോദി സർക്കാരിന്റെ 'മുൻഗണനകൾ' കോർപ്പറേറ്റുകളുടെ താത്പര്യം സംരക്ഷിക്കുന്നതിനായി രാജ്യത്തിന്റെ വിപുലമായ പൊതുമേഖലയും പ്രകൃതിസമ്പത്തുമടക്കം അടിയറ വക്കലും ആർ എസ് എസ്സിന്റെ ഹിന്ദുത്വ അജണ്ട നടപ്പാക്കലുമാണെന്നും കഴിഞ്ഞ അഞ്ചു മാസക്കാലത്തെ മോദിഭരണം തന്നെ തെളിയിച്ചിരിക്കുകയാണ്.റെയിൽവേ, ബാങ്കിംഗ്, ഇൻഷുറൻസ് തുടങ്ങിയ മേഖലകളുടെ സ്വകാര്യവത്ക്കരണത്തിന്റെ ഗതിവേഗം വർദ്ധമാനമായിക്കൊണ്ടിരിക്കുകയാണ്. പെട്രോളിന് പുറകെ ഡീസലിനും വില നിശ്ചയിക്കാനുള്ള അവകാശം കുത്തക എണ്ണക്കമ്പനികൾക്ക് കൈമാറുകയും മരുന്ന് നിർമ്മാണ മേഖലയിൽ നാളിതുവരെയും രാജ്യം നേടിയ നേട്ടങ്ങളെല്ലാം തകർത്തുകൊണ്ട് വിദേശ കോർപ്പറേറ്റുകളുടെ താൽപ്പര്യം സംരക്ഷിക്കുന്നതിനു വേണ്ടി നൂറുശതമാനം നേരിട്ടുള്ള വിദേശനിക്ഷേപം അനുവദിക്കുകയും മറ്റ് നിയന്ത്രണങ്ങൾ എല്ലാം എടുത്തു നീക്കുകയും ചെയ്തിരിക്കുകയാണ്. ഇത് ആരോഗ്യ ചികിത്സാ രംഗത്ത് അത്യന്തം ഗുരുതരമായ പ്രത്യാഘാതങ്ങളാണ് സൃഷ്ടിക്കാൻ പോകുന്നത്. മരുന്ന് വില വാണം പോലെ ഉയരുകയും നിർദ്ധനരായ മഹാഭൂരിപക്ഷത്തിന് ചികിത്സ അപ്രാപ്യമാക്കുകയുമാണ് ഇത് ചെയ്യുന്നത്.

കാര്യങ്ങൾ ഇതുകൊണ്ടു മാത്രം അവസാനിക്കുന്നില്ല. ഹിന്ദുത്വ അജണ്ടയുടെ ഭാഗമായി; രാമക്ഷേത്ര നിർമ്മാണവും, ഏക സിവിൽ കോഡും, കാശ്മീരിന് നൽകിയിട്ടുള്ള പ്രത്യേക പദവി റദ്ദാക്കലുമടക്കമുള്ള കാര്യങ്ങൾ സമയബന്ധിതമായി നടപ്പാക്കാനുള്ള നിർദ്ദേശവും ആർ എസ് എസ് മോദിസർക്കാരിന് നൽകിയിരിക്കുകയാണ്. മോദി ഭരണത്തിനു കീഴിൽ കഴിഞ്ഞ അഞ്ചു മാസങ്ങൾക്കകം തന്നെ ചെറുതും വലുതുമായ എഴുന്നൂറ് വർഗ്ഗീയ കലാപങ്ങളും ഏറ്റുമുട്ടലുകളുമാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിരിക്കുന്നത് . യു പി യിലും ബീഹാറിലും മറ്റും വർഗ്ഗീയകലാപത്തിന്റെ അന്തരീക്ഷത്തിൽ നേട്ടം കൈവരിച്ച ബി ജെ പി വർഗ്ഗീയ ധ്രുവീകരണം സൃഷ്ടിക്കുക എന്ന തങ്ങളുടെ നയം ഒരു മടിയും കൂടാതെ തുടരുകയാണ്. ഏറ്റവുമൊടുവിൽ കാശ്മീർ അതിർത്തിയിൽ യുദ്ധക്കൊതിയോടെയുള്ള 'രാജ്യസ്നേഹ'ജ്വരം സൃഷ്ടിച്ചുകൊണ്ട് മഹാരാഷ്ട്രയിലും ഹരിയാനയിലും തിരഞ്ഞെടുപ്പ് വിജയം കൊയ്യാൻ ബി ജെ പി നടത്തിയ ഹീനമായ ശ്രമവും ഇന്ത്യാ ചരിത്രത്തിൽ സമാനതകളില്ലാത്തതാണ്.

മോദിസർക്കാരിൻറെ സാമ്പത്തിക നയങ്ങൾ പരിശോധിച്ചാൽ അത് നരസിംഹറാവുവിന്റെ കാലം മുതൽ ആരംഭിച്ച ജനവിരുദ്ധ സാമ്രാജ്യത്വ ആഗോളവൽക്കരണ നയങ്ങളുടെ വർദ്ധമാനവേഗതയിലുള്ള തുടർച്ചയാണെന്ന് കാണാവുന്നതാണ്. മോദി സർക്കാർ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്ന സാമ്പത്തിക നയങ്ങളെ പരസ്യമായി എതിർക്കാനോ അതിനെതിരെ ഗൌരവമായ വിമർശനങ്ങൾ ഉന്നയിക്കാനോ കൂടി തയ്യാറാകാത്ത സോണിയാ കോൺഗ്രസ് അത് തങ്ങളിൽ നിന്നും പകർത്തിയതാണെന്ന് 'ഊറ്റം' കൊള്ളുകയാണ് ചെയ്യുന്നത്. മോദിയുടെ പ്രഥമ ബജറ്റ് വന്നയുടനെ അത് തങ്ങളുടെ ബജറ്റിന്റെ ശരിപ്പകർപ്പാണെന്ന് പറയാൻ കോൺഗ്രസ് മടി കാട്ടിയില്ല. സ്വാഭാവികമായും മോദി സർക്കാരിന് തങ്ങളുടെ ജനവിരുദ്ധ നയങ്ങൾ വികസനമാന്ത്രത്തിന്റെ പേരിൽ ഉന്നയിക്കാനും അത് നടപ്പാക്കാനും വേണ്ടി പൊതുസമ്മതം നേടിയെടുക്കുന്നതിനും കോൺഗ്രസ് ഇപ്പോഴും സഹായിച്ചുകൊണ്ടിരിക്കുകയാണ്.

പ്ലാനിങ്ങ് കമ്മീഷൻ പിരിച്ചുവിട്ട മോദി സർക്കാരിൻറെ നടപടി വെറും സാമ്പത്തിക നയത്തിന്റെ തലത്തിൽ മാത്രം കാണാനാവുകയില്ല. വിവിധ ദേശീയതകളും മതങ്ങളും ഭാഷകളും വ്യത്യസ്ത സംസ്ക്കാരവും നിലനിൽക്കുന്ന ഇന്ത്യ പോലെയുള്ള അതിവിശാല രാജ്യത്ത് ഫെഡറൽ സമ്പ്രദായത്തിന് സവിശേഷമായ പ്രാധാന്യമുണ്ട്. പ്ലാനിങ്ങ് കമ്മീഷൻ പിരിച്ചുവിട്ട നടപടി ഫെഡറലിസത്തിനും ജനാധിപത്യത്തിനും നേരെയുള്ള കടുത്ത ഭീഷണി കൂടിയാണ് ഉയർത്തിയിരിക്കുന്നത്. ഇന്ത്യ പോലെയുള്ള ഒരു രാജ്യത്ത് ഒരു പരിധി വരെയെങ്കിലും അധികാര കേന്ദ്രീകരണവും മറ്റും തടയുന്നതിനും ജനാധിപത്യ സമ്പ്രദായം നിലനിർത്തുന്നതിനും ഫെഡറലിസത്തിനു


പി.വി. നരസിംഹറാവു

കഴിയുമെന്ന് അടിയന്തിരാവസ്ഥയിലും അതിനു ശേഷവുമുണ്ടായ സംഭവവികാസങ്ങളിലും കൃത്യമായും വ്യക്തമായിട്ടുള്ളതാണ് . ഇന്ദിരാഗാന്ധിയുടെ മേൽ സൂചിപ്പിച്ച ഫാസിസ്റ്റ് വാഴ്ചക്കാലത്ത് ഫെഡറലിസവും ജനാധിപത്യവുമെല്ലാം ചവുട്ടിമെതിക്കപ്പെട്ടു. പ്ലാനിങ്ങ് കമ്മീഷൻ പിരിച്ചുവിട്ട നടപടി ഇന്ത്യാ ചരിത്രത്തിലെ ആ കറുത്ത ഏടുകൾ നമ്മെ വീണ്ടും ഓർമ്മിപ്പിക്കുന്നു.

മോദി യുടെ വികസന നയത്തിന് വിഘാതം സൃഷ്ടിക്കുന്ന പ്ലാനിങ്ങ് കമ്മീഷൻ പിരിച്ചു വിടാനും സമ്പദ് ഘടനയുടെ മേലുള്ള സർക്കാരിന്റെ നിയന്ത്രണങ്ങൾ എടുത്തുകളഞ്ഞുകൊണ്ട് ഫിനാൻസ് ക്യാപ്പിറ്റലിന്റെ താത്പര്യങ്ങൾ സംരക്ഷിക്കാനുമാണ് കേന്ദ്രസർക്കാരിന്റെ ഇത്തരം നടപടികൾ. ലോകബാങ്കിന്റെ മുൻ ഉദ്യോഗസ്ഥനായ അജയ് ചിബ്ബാറിനെയാണ് കേന്ദ്രസർക്കാർ ഇൻഡിപ്പെന്റന്റ് ഇവാല്യുവേഷൻ ഓഫീസിന്റെ പുതിയ ഡയറക്റ്റർ ജനറലായി തിരഞ്ഞെടുത്തിരിക്കുന്നത്. അദ്ദേഹം പറയുന്നത്, പ്ലാനിങ്ങ് കമ്മീഷൻ പിരിച്ചു വിട്ടുകൊണ്ട് മാത്രമേ ഇനി രാജ്യപുരോഗതി സാധ്യമാവുകയുള്ളൂവെന്നാണ്. ചിബ്ബാറിന്റെ പ്രസ്താവനയിൽ വരാൻ പോകുന്ന അപകടത്തിന്റെ സൂചന ഉള്ളടങ്ങിയിട്ടുണ്ട്.

ആർ എസ് എസ്സിന്റെ അജണ്ട ഹിന്ദുരാഷ്ട്രവാദത്തിന്ന് മതനിരപേക്ഷത മാത്രമല്ല, ഫെഡറലിസവും ജനാധിപത്യവും ഉൾപ്പെടെ നമ്മുടെ റിപ്പബ്ലിക്കിന്റെ നിലനിൽപ്പിന്നാധാരമായ എലാ മൂലകങ്ങളും തകർത്തെറിയേണ്ടതുണ്ട് എന്ന് ചുരുക്കം.

ലോകത്തെങ്ങുമുള്ള കോർപ്പറേറ്റുകളെ നമ്മുടെ രാജ്യത്തേക്ക് ക്ഷണിക്കുന്നതിന്റെ ഭാഗമായാണ് കഴിഞ്ഞ ആഴ്ച


എ.ബി. വാജ്പേയി


ഡോ: മൻമോഹൻ സിംഗ്

കളിൽ മോദി ഓസ്ട്രേലിയ, ജപ്പാൻ, യു എസ് അടക്കമുള്ള രാജ്യങ്ങളിൽ സന്ദർശനം നടത്തിയത്. മോദിയുടെ വിദേശ നയത്തിന്റെ പ്രഖ്യാപനങ്ങൾ അദ്ദേഹം ജപ്പാൻ, അമേരിക്ക തുടങ്ങിയ രാജ്യങ്ങളിലെ സന്ദർശനവേളകളിൽ വ്യക്തമാക്കുകയുണ്ടായി. 'സാമ്പത്തിക താത്പര്യങ്ങൾ മാത്രമാണ് തങ്ങളുടെ വിദേശ നയത്തിലും അയൽ രാജ്യങ്ങളുമായുള്ള ബന്ധങ്ങളിലും തങ്ങൾ ഊന്നുന്നത്" എന്ന് അദ്ദേഹം ആവർത്തിച്ച് പറയുകയുണ്ടായി. ചേരിചേരാ നയത്തിൽ നിന്ന് അമേരിക്കൻ ചേരിയിലേക്കുള്ള കൂറുമാറ്റവും ഇസ്രായേലുമായുള്ള പുത്തൻ ചങ്ങാത്തവുമെല്ലാം തെളിയിക്കുന്നത് പഴയ പഞ്ചശീല തത്വങ്ങളെയെല്ലാം മോദി ഫലിതമാക്കി മാറ്റിയിരിക്കുന്നു എന്നതാണ്.

കോർപ്പറേറ്റുകൾക്ക് നമ്മുടെ രാജ്യത്തെ പ്രകൃതിവിഭവങ്ങൾ അപ്പാടെ കയ്യടക്കുന്നതിനായി നിലവിലുള്ള പരിസ്ഥിതി നിയമങ്ങളെയടക്കം പിച്ചിച്ചീന്തുവാനാണ് പുതിയ പരിസ്ഥിതിക്കമ്മിറ്റിയെ സർക്കാർ പ്രഖ്യാപിച്ചിരിക്കുന്നത്. വ്യവസായത്തിനും വികസനത്തിനും മറ്റുമായി നിലവിലുള്ള ഭൂമി ഏറ്റെടുക്കൽ നിയമത്തിലും കോർപ്പറേറ്റുകൾക്ക് വേണ്ടിയാണ് പുതിയ ഭേദഗതി നിർദ്ദേശങ്ങൾ സർക്കാർ മുന്നോട്ടു വച്ചിട്ടുള്ളത്. വിദേശമൂലധന ശക്തികളോട് നിർഭയമായി മൂലധനം നിക്ഷേപിക്കാനായി ഇന്ത്യയിലേക്ക് വരാൻ മോദി ആവശ്യപ്പെട്ടിരിക്കുകയാണ്. 'മെയ്ക്ക് ഇൻ ഇന്ത്യ' പദ്ധതിയുടെ ഭാഗമായി ഇന്ത്യയെ ലോകത്തിന്റെ വർക്ക്ഷോപ്പാക്കി മാറ്റുമെന്നാണ് കേന്ദ്രസർക്കാർ അവകാശപ്പെടുന്നത്. അതിനായാണ് കൊളോണിയൽ കാലഘട്ടം മുതൽ ഒരു നൂറ്റാണ്ടിലേറെക്കാലമായി ഇന്ത്യൻ തൊഴിലാളിവർഗ്ഗം പൊരുതി നേടിയെടുത്ത അവകാശങ്ങൾക്കും അവരുടെ തൊഴിലിനുതന്നെയും ഭീഷണി ഉയർത്തിക്കൊണ്ട് തൊഴിൽ നിയമങ്ങളിൽ പുതിയ ഭേദഗതികൾ കേന്ദ്ര സർക്കാർ വരുത്തിയിരിക്കുന്നത്. രാജ്യത്തിന്റെ തൊഴിൽ ശക്തിയിൽ അറുപതു ശതമാനം വരുന്ന തൊഴിലാളികളിൽ മഹാഭൂരിപക്ഷവും വെറും കരാർ തൊഴിലാളികളാണ്. അവർക്കാകട്ടെ, മിനിമം കൂലിയോ തൊഴിൽ സ്ഥിരതയോ മറ്റു യാതൊരു ആനുകൂല്യങ്ങളോ ലഭിക്കാത്ത സാഹചര്യമാണ് നിലനിൽക്കുന്നത്. പുതിയ തൊഴിൽനിയമ ഭേദഗതി വഴി കോർപ്പറേറ്റുകളുടെ താത്പര്യത്തിനായി രാജ്യം മുഴുവൻ 'ഹയർ ആന്റ് ഫയർ' സമ്പ്രദായം പടി പടിയായി നടപ്പാക്കുക എന്നതാണ് മോദി സർക്കാർ ലക്ഷ്യമി

ടുന്നത്. സംഘപരിവാർ തൊഴിലാളിസംഘടനയായ ബി എം എസ് അടക്കമുള്ള രാജ്യത്തെ മുഴുവൻ ട്രേഡ് യൂണിയൻ കേന്ദ്രങ്ങളുടെയും പ്രതിഷേധങ്ങളെ വകവയ്ക്കാതെയാണ് തങ്ങളുടെ തൊഴിലാളിവിരുദ്ധ നിലപാടുകളുമായി മോദിസർക്കാർ മുന്നോട്ടു നീങ്ങുന്നത്.

ഇന്ന്, രാജ്യത്തിന്റെ ഉത്പാദനമേഖലകൾ ഗുരുതരമായ പ്രതിസന്ധിയിലാണ്. കോർപ്പറേറ്റ് പ്രീണനനയം കൊണ്ടോ 'മെയ്ക്ക് ഇൻ ഇന്ത്യ' പോലുള്ള പ്രചാരവാചകമടി കൊണ്ടോ വ്യാവസായിക പ്രതിസന്ധി പരിഹരിക്കാനാവില്ല. കാർഷികമേഖല തകർച്ചയിൽ നിന്ന് തകർച്ചയിലേക്കാണ് കൂപ്പുകുത്തുന്നത്. നൂറു സ്മാർട്ട് സിറ്റികൾ, ഇൻഫ്രാസ്ട്രക്ചർ വ്യവസായം എന്നിങ്ങനെ ഭൂവിനിയോഗം അരാജകമാക്കുന്ന നയം തന്നെ സൂചിപ്പിക്കുന്നത് കാർഷിക വ്യാവസായിക മേഖലകൾ നേരിടാൻ പോകുന്ന ഇരുണ്ട നാളുകളെ പറ്റിയാണ്. കൃഷിയേയും വ്യവസായത്തേയും കുത്തക താത്പര്യത്തിനും സാമ്രാജ്യത്വ ആഗോളവൽക്കരണത്തിനും എറിഞ്ഞുകൊടുക്കുകയാണ് മോദി സർക്കാർ ചെയ്യുന്നത്.

മോദി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റ് വൽക്കരണവും ഹിന്ദുത്വ അജണ്ടകളും അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണ് നീങ്ങുന്നത് എന്നത് വളരെ വ്യക്തമാണ്. നരസിംഹറാവുവിന്റെ കാലം മുതൽ ആരംഭിച്ച നിയോ ലിബറൽ നയങ്ങളും, ഹിന്ദുത്വ ശക്തികളോട് കൈക്കൊണ്ട മൃദു ഹിന്ദുത്വ സമീപനങ്ങളുമാണ് ബാബറി മസ്ജിദ് തകർക്കുന്നതിലേക്കും പിന്നീട് പടിപടിയായി ഹിന്ദുത്വശക്തികളുടെ വളർച്ചക്കും വഴിമരുന്നിട്ടത്. കഴിഞ്ഞ എൻ ഡി എ ഭരണകാലത്തുതന്നെ രാജ്യചരിത്രത്തെ തന്നെ പൊളിച്ചെഴുതാനും നമ്മുടെ മതനിരപേക്ഷ പാരമ്പര്യത്തെത്തന്നെ തകർത്തുകൊണ്ട് വർഗ്ഗീയ ധ്രുവീകരണത്തിനുള്ള നിരവധി ശ്രമങ്ങൾ നടത്തുകയുണ്ടായി. അതിനെതിരെ ശക്തമായ നിലപാടെടുത്ത ചരിത്രകാരന്മാരെയും ഗവേഷകരേയും അവഹേളിക്കാനും പീഡിപ്പിക്കാനുമാണ് അവർ ശ്രമിച്ചത് . ഇപ്പോൾ ചരിത്രഗവേഷണ കൌൺസിൽ ചെയർമാനായി കാവിക്കുപ്പായക്കാരനായ വൈ. സുദർശനറാവുവിനെയാണ് ആർ എസ് എസ് നിർദ്ദേശാനുസരണം കേന്ദ്ര സർക്കാർ നിയമിച്ചിരിക്കുന്നത്. വിദ്യഭ്യാസ മേഖലയിലും ആർഷ ഭാരത സംസ്ക്കാരത്തിന്റെ പുനസ്ഥാപനാർത്ഥം പാഠ്യ വിഷയങ്ങളും പാഠ്യ പദ്ധതികളും അടക്കം വലിയ മാറ്റത്തിന് വിധേയമായിക്കൊണ്ടിരിക്കുകയാണ്. ഹിന്ദുത്വ ശക്തികൾ മുസ്ലിം ക്രൃസ്ത്യൻ മതന്യൂനപക്ഷ വിഭാഗങ്ങൾക്കെതിരെ നടത്തുന്ന ആക്രമണങ്ങളോടൊപ്പം സിഖ്, ജൈന, ബുദ്ധ മത വിഭാഗങ്ങൾക്കെതിരെയും പുതിയ രീതിയിലുള്ള പ്രചാരണങ്ങൾ ആരംഭിച്ചിട്ടുണ്ട്. സിഖ്, ജൈന, ബുദ്ധ മതങ്ങൾ എല്ലാം ഇന്ത്യയിൽ ഉണ്ടായവയാണെന്നും അതിനാൽ ഇവയെല്ലാം ഹിന്ദുമതത്തിന്റെ ഭാഗമാണെന്നുമാണ് ഇവരുടെ കണ്ടുപിടുത്തം. എല്ലാ മതങ്ങൾക്കും അവരവരുടെ അസ്തിത്വവും വിശ്വാസവും കാത്തുസൂക്ഷിക്കാനുള്ള അവകാശം കൂടി കവർന്നെടുക്കാനാണ് ഇതുവഴി ഇക്കൂട്ടർ ശ്രമിക്കുന്നത്. മൊത്തത്തിൽ, ഇന്ത്യൻ ഭരണഘടന വിഭാവനം ചെയ്യുന്ന മതേതരത്വം ജനാധിപത്യം ഫെഡറലിസം എന്നിവയെ തകർക്കുന്നതിന്റെ ഭാഗമായി ഇന്ത്യൻ ഭരണഘടന തന്നെ ഇല്ലാതാക്കാനുള്ള നീക്കമാണ് ആർ എസ് എസ് ബി ജെ പി ഭരണം നടത്തുന്നത്.



നരേന്ദ്ര മോഡി

**മോദി സർക്കാർ നടപ്പാക്കിക്കൊണ്ടിരിക്കുന്ന കോർപ്പറേറ്റ് വൽക്കരണവും ഹിന്ദുത്വ അജണ്ടകളും അഭേദ്യമായി ബന്ധപ്പെട്ടുകൊണ്ടാണ് നീങ്ങുന്നത്. നരസിംഹറാവുവിന്റെ കാലം മുതൽ ആരംഭിച്ച നിയോ ലിബറൽ നയങ്ങളും മൃദു ഹിന്ദുത്വ സമീപനങ്ങളുമാണ് ബാബറി മസ്ജിദ് തകർക്കുന്നതിലേക്കും പിന്നീട് പടിപടിയായി ഹിന്ദുത്വശക്തികളുടെ വളർച്ചക്കും വഴിമരുന്നിട്ടത്.**

മേൽ സൂചിപ്പിച്ച വർത്തമാന ഇന്ത്യൻ സാഹചര്യത്തിൽ ഇടതുപക്ഷത്തിന്റെ കടമയെന്ത് എന്നുള്ളത് തികച്ചും ഗൗരവപൂർവ്വം നോക്കിക്കാണേണ്ടതുണ്ട്. തൊണ്ണൂറുകളുടെ ആരംഭം മുതൽ ആരംഭിച്ച ആഗോളവൽക്കരണ നയങ്ങളിലൂടെ രാജ്യം നേരിടുന്ന അടിസ്ഥാനപ്രശ്നങ്ങൾ പരിഹരിക്കുമെന്ന് പറഞ്ഞ് അധികാരത്തിലേറിയ ഭരണവർഗ്ഗപ്പാർട്ടികൾ എല്ലാം തന്നെ ജനങ്ങളിൽനിന്ന് ഏറെ അകന്നു കഴിഞ്ഞിരിക്കുന്നു. ഇത്തരം നയങ്ങൾ ജനങ്ങൾക്ക് തിന്മ മാത്രമാണ് നൽകിയിട്ടുള്ളത് എന്നും അതിന്റെ ഗുണഫലം ലഭിച്ചിട്ടുള്ളത് അതിസമ്പന്നരായ ഒരു ന്യൂനപക്ഷത്തിനു മാത്രമാണെന്നുമുള്ള വസ്തുത ഇനിയും വേണ്ടത്ര ജനങ്ങളിലേക്ക് എത്തി ചേർന്നിട്ടില്ല. രാജ്യത്തെ ഇടതുപക്ഷപ്രസ്ഥാനം ഇതൊരു വെല്ലുവിളിയായി ഏറ്റെടുത്തുകൊണ്ട് ആഗോളവൽക്കരണനയങ്ങൾക്കും അത് ജനങ്ങൾക്ക് നൽകിക്കൊണ്ടിരിക്കുന്ന ദുരിതങ്ങൾക്കും പീഡനങ്ങൾക്കുമെതിരെ നിരന്തര പ്രചാരണം നടത്തിക്കൊണ്ടേയിരിക്കേണ്ടിയിരിക്കുന്നു. സർക്കാർവിരുദ്ധ വികാരത്തേയും ജനവിരുദ്ധനയങ്ങൾക്കെതിരെ അതിജീവനത്തിനായി ജനങ്ങൾ നടത്തുന്ന പ്രതിരോധ പോരാട്ടങ്ങളേയും കൃത്യമായ ദിശാബോധം നൽകി മുന്നോട്ടുനയിക്കേണ്ട ബാധ്യതയാണ് ഇടതുപക്ഷ പ്രസ്ഥാനങ്ങൾക്ക് ഉള്ളത്. ഇന്ന് രാജ്യത്തുടനീളം നടക്കുന്ന തൊഴിലാളിവർഗ്ഗ പോരാട്ടങ്ങൾക്കൊപ്പം തന്നെ സ്ത്രീകൾ, മത വംശീയ ന്യൂനപക്ഷങ്ങൾ, ദളിത് ഗോത്രവർഗ്ഗ വിഭാഗങ്ങൾ മറ്റ് പാർശ്വവൽക്കരിക്കപ്പെട്ടിട്ടുള്ളവർ എന്നിവരുടെ ആവശ്യങ്ങൾക്കും ആശങ്കകൾക്കും നിവൃത്തി വരുത്തുന്നതിനും ഇടതുപക്ഷ പാർട്ടികൾ അവയുടെ അടിയന്തിര അജണ്ടകളിൽ ഇവ ഉൾപ്പെടുത്തേണ്ടതുണ്ട്. കോർപ്പറേറ്റ് അധികാരകേന്ദ്രങ്ങൾക്കെതിരേയും അഴിമതിക്കെതിരേയും ബദലുകൾ ഉയർത്തിക്കൊണ്ട് വർഷങ്ങൾ നീണ്ടു നിൽക്കുന്ന തുടർച്ചയായ പോരാട്ടങ്ങൾ അനിവാര്യമാണെന്ന സത്യം ഇടതുപക്ഷം വിസ്മരിക്കാൻ പാടില്ല. വരാൻ പോകുന്ന സമരനാളുകളിൽ ബി ജെ പിക്കും കോൺഗ്രസ്സിനുമെതിരായ ഒരു ബദൽ നയത്തിന്റെയും മിനിമം പരിപാടിയുടെയും അടിസ്ഥാനത്തിൽ ഒരു വിശാല ഇടതുപക്ഷ പൊതു വേദിയെങ്കിലും രൂപീകരിച്ചുകൊണ്ട് അതിൽ ആഗോളവൽക്കരണത്തേയും വർഗ്ഗീയ ഫാഷിസത്തെയും എതിർക്കുന്ന മുഴുവൻ ജനാധിപത്യ ദേശാഭിമാന ശക്തികളെയും അണിനിരത്തുക എന്നതാണ് ഇടതു പക്ഷം നേരിടുന്ന വെല്ലുവിളിയും കടമയും. ●



# 'കടലോരത്തും കസ്തുരി മണക്കുമ്പോൾ' തീരദേശപരിപാലന നിയമം സൃഷ്ടിക്കുന്ന പ്രത്യാഘാതങ്ങൾ

ചാൾസ് ജോർജ്ജ്

**കേ**രളത്തിന്റെ തീരപ്രദേശങ്ങളിൽ താമസിക്കുന്ന മത്സ്യത്തൊഴിലാളികളുടെ ഭവനങ്ങളുടെ നിർമ്മാണത്തിന് നിരോധനം ഏർപ്പെടുത്തിയും, പുനർ നിർമ്മാണത്തിന് കർശന നിയന്ത്രണം പ്രഖ്യാപിച്ചും സംസ്ഥാന പ്രിൻസിപ്പൽ സെക്രട്ടറി ഉത്തറവിറക്കിയി രിക്കുകയാണ്. സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പ് ഇതു സംബന്ധമായി 2013 നവമ്പർ 16-നും തദ്ദേശ സ്വയം ഭരണവകുപ്പ് നവമ്പർ 26-നും രണ്ടു സർക്കുലറുകൾ ഇറക്കുകയുണ്ടായി. തീരപരിപാലന നിയമം നടപ്പാക്കാത്ത പഞ്ചായത്ത് സെക്രട്ടിമാർ അടക്കമുള്ളവരുടെ മേൽ നിയമനടപടിയുണ്ടാകുമെന്നു ഭയന്ന് തീരദേശ പഞ്ചായ ത്തുകൾ പുതിയ ഭവനങ്ങൾക്ക് അനുമതി നിഷേധിച്ചിരിക്കുകയാണ്. തീരദേശത്തു നിന്നും 500 മീറ്ററിനകത്ത് വീടുവെക്കണമെന്നുള്ളവർ ഇനിമേൽ തിരുവനന്തപുരത്തെ പട്ടത്ത് ഉള്ള സംസ്ഥാന തീരദേശ പരിപാലന അതോറിറ്റിക്ക് അപേക്ഷ സമർപ്പിച്ച് അനുമതി വാങ്ങേണ്ടതായി വന്നിരിക്കുകയാണ്. കേരളത്തിലെ ആയിരക്കണക്കായ മത്സ്യത്തൊഴിലാളികൾക്ക് ഈ തീരുമാനം ഒരു ഇടിത്തീയായി ഭവിച്ചിരിക്കുകയാണ്. തങ്ങളുടെ സ്വന്തം ഭൂമിയിൽ കിടപ്പാടം പണിതവർ അനുമതിക്കായി നെട്ടോട്ടം ഓടുകയാണ്. കുറച്ചുകാലം മുമ്പ്വരെ പണിത കെട്ടിടങ്ങൾക്ക് പഞ്ചായത്തു അധികാരികൾ അൺഓതറൈസ്ഡ് സർട്ടിഫിക്കറ്റ് നല്കിയിരുന്നു. അതുപയോഗിച്ച് വൈദ്യുതി കണക്ഷനും റേഷൻകാർഡും നേടാനും കഴിയുമായിരുന്നു. ഇപ്പോൾ അതും ലഭിക്കാത്ത അവസ്ഥയാണ്. 1991-ൽ തീരദേശ പരിപാലന നിയമം നടപ്പാക്കപ്പെട്ടപ്പോൾ ജനിച്ച കുഞ്ഞ് ഇന്ന് പ്രായപൂർത്തിയായി വിവാഹവും കഴിഞ്ഞിരിക്കുന്നു. തങ്ങൾക്കവകാശപ്പെട്ട സ്ഥലത്ത് അവർക്ക് പുതിയൊരു വീടുവെക്കുന്നതിന് നിലവിലെ നിയമം അനുവദിക്കുന്നുമില്ല. 2011-ൽ പുതുക്കിയ നിയമപ്രാകാരം രീരത്തോടു ചേർന്നുള്ള മത്സ്യത്തൊഴിലാളികൾക്ക് പുതിയ ഭവനങ്ങളുടെ നിർമ്മാണത്തിന് വിലക്കു വീണിരിക്കുന്നു. അതേ സമയം അവരുടെ കൺമുമ്പിൽ വമ്പൻ കെട്ടിട സമുചയങ്ങൾ വിലക്കുകളേതുമില്ലാതെ നിർമ്മിച്ചു കൊണ്ടിരിക്കുകയാണ്.

തീരദേശത്തുടനീളം ശക്തമായി ഉയർന്നു വന്ന പ്രതിഷേധത്തിന്റെ അലയടികൾ സംസ്ഥാന നിയമസഭയ്ക്കകത്തും പ്രതിഫലിക്കുകയുണ്ടായി. കഴിഞ്ഞ രണ്ടു അസംബ്ലി സെഷനുകളിലും ഈ വിഷയം ചർച്ച ചെയ്യപ്പെട്ടു. തുടർന്ന് കഴിഞ്ഞ ഫെബ്രുവരി മാസം 6-ാം തീയതി സംസ്ഥാന മുഖ്യമന്ത്രി ശ്രീ. ഉമ്മൻചാണ്ടി ഈ വിഷയം വിശദീകരിക്കാനായി ഒരു പത്ര സമ്മേളനം വിളിച്ചു ചേർത്തു. മത്സ്യത്തൊഴിലാളികളുടെ ഭവന നിർമ്മാണത്തിനുള്ള തടസ്സങ്ങൾ നീക്കം ചെയ്യുന്നതായി മുഖ്യമന്ത്രി പ്ര

ഖ്യാപിച്ചു. തദ്ദേശിക സ്വയം ഭരണ വകുപ്പിന്റേയും ശാസ്ത്ര സാങ്കേതിക വിഭാഗത്തിന്റേയും ഇതു സംബന്ധമായ ഉത്തരവുകൾ മരവിപ്പിച്ചതായി അദ്ദേഹം പറഞ്ഞു. മത്സ്യത്തൊഴിലാളികൾക്ക് നൂറു സ്ക്വയർ മീറ്ററിൽ കൂടാത്ത ഭവനങ്ങൾ നിർമ്മിക്കുന്നതിനുള്ള അനുവാദം തുടർന്നും നല്കുന്നതാണ്. ഈ ഇളവുകൾ മത്സ്യത്തൊഴിലാളികൾക്കും, തദ്ദേശ ജനവിഭാഗങ്ങൾക്കും മാത്രമാണെന്നും വൻകിട കെട്ടിട - ടൂറിസ്റ്റ് നിർമ്മാണ വിഭാഗങ്ങൾക്കല്ല എന്നും അദ്ദേഹം പറഞ്ഞു. എന്നാൽ ഇതിന്റെ അടിസ്ഥാനത്തിൽ നാളിതുവരെയായിട്ടും ഒരുത്തരവും പുറത്തിറങ്ങിയിട്ടില്ല. ഇത്തരമൊരു ഉത്തരവ് പുറത്തിറക്കുന്നത് നിയമ വിരുദ്ധവും സുപ്രീം കോടതി വിധിയുടെ ലംഘനവുമാകുമെന്ന് സംസ്ഥാന ചീഫ് സെക്രട്ടറി നല്കിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കാര്യങ്ങൾ കുഴഞ്ഞു മറിഞ്ഞിരിക്കുകയാണ്.

അതേ സമയം വൻകിട നിർമ്മിതികൾ നിർബാധം തുടരുകയാണ്. സോണിയാഗാന്ധിയുടെ മരുമകൻ റോബർട് വധേരയ്ക്കു പങ്കാളിത്തമുള്ള ഡി.എൽ. എഫിന്റേതടക്കം കൊച്ചിയിലെ ചിലവന്നൂർ കായലരികത്തുള്ള 23 കെട്ടിട സമുച്ചയങ്ങളുടെ നിർമ്മിതികൾ നിയമ വിരുദ്ധമാണെന്ന് ചീഫ് സെക്രട്ടറി തന്നെ ചൂണ്ടിക്കാട്ടിയിരിക്കുകയാണ്. ഇടക്കൊച്ചിയിലെ ചാക്കോളയുടെ ഫ്ളാറ്റുകൾ, കെന്റിന്റെ ഫ്ളാറ്റ്, ചോയ്സ് ഗ്രൂപ്പിന്റെ കെട്ടിടം തുടങ്ങിയവയുടെ നിർമ്മാണം ഇപ്പോഴും തുടരുകയാണ്. ചേരാനെല്ലൂരിൽ ആസ്റ്റർ മെഡിസിറ്റിയുടെ ഏഴ് വൻകിട കെട്ടിട സമുച്ചയങ്ങളുടെ പണി പൂർത്തിയായി വരുന്നു. നഗരത്തിനടുത്ത് താന്തോന്നി തുരുത്തിൽ കായലിനോട് ചേർന്ന് റിംഗ്റോഡ് നിർമ്മിക്കാൻ ഹരിത എം.എൽ.എ യുടെ നേതൃത്വത്തിൽ നീക്കം നടക്കുന്നു. റോഡ് പൂർത്തിയായാൽ ദ്വീപിനകത്ത് കെട്ടിട സമുച്ചയങ്ങൾ പണിതുയർത്തുന്നതിന് വ്യാപകമായ രീതിയിൽ പാടങ്ങൾ നികത്തപ്പെട്ടും കഴിഞ്ഞിരിക്കുന്നു. എറണാകുളം നഗരത്തിലെ ഹീരാവാട്ടേഴ്സ് അബാദ് ലോട്ടസ് ലേയ്ക്, റെയിൻ ട്രീ റിലംസഅമ്പാടി റിസോർട്ട്, ഗോൾഡൻ കായലോരം, ജൂവൽഹോം, പേൾ ഗാർഡൻവ്യൂ, വാട്ടർ ഫ്രണ്ട് എൻക്ലേവ്, മരടിലെ ക്രൗൺപ്ലാസ തുടങ്ങിയ മനോജ്ഞ സൗധങ്ങൾ നഗ്നമായ നിയമലംഘനങ്ങളുടെ പ്രതീകങ്ങളാണ്. തീരദേശ പരിപാലന അതോറിറ്റി ഈ നിയമ ലംഘനങ്ങൾചൂണ്ടിക്കാട്ടിയിട്ടും അവയെ തടയാൻ യാതൊരു നടപടിയുമെടുത്തിട്ടില്ല.

മറുഭാഗത്ത് ഇന്ദിര ആവാസ് യോജന പദ്ധതി പ്രകാരമുള്ള ഭവനങ്ങൾക്കും പുതിയ തിരുമാനം വഴി നിരോധനം വരികയാണ്. കടലും തീരവും തങ്ങൾക്ക് സ്വന്തമാണെന്ന് വിശ്വസിച്ചിരുന്ന മത്സ്യത്തൊഴിലാളികളുടെ അവകാശബോധത്തിനും അഭിമാനത്തിനും ഊനം തട്ടിയിരിക്കുന്നു. അവരുടെ അന്യതാബോധത്തെ മുൻ നിർത്തി തീരം കൈയ്യടക്കാൻ ശ്രമിക്കുന്ന ശക്തികൾ നിയമത്തിനെതിരേ തന്നെ ബഹുജനങ്ങളെ രംഗത്തിറക്കാനും ശ്രമിക്കുകയാണ്. ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളുടെ

പേരിൽ മലയോരത്ത് അരങ്ങേറിയ സമരപരമ്പരയുടെ അടുത്ത രംഗത്തിന് കടപ്പുറത്ത് തിരശ്ശീല ഉയർന്നിരിക്കുകയാണ്.

ലംഘനങ്ങളെ സംബന്ധിച്ചും, അവ തടയുന്നതിന് എന്തു നടപടി എടുത്തു എന്നും ആറ് ആഴ്ചക്കകം റിപ്പോർട്ടു ചെയ്യണമെന്നും ആഗസ്റ്റ് 2-ന്റെ വിധി ന്യായത്തിൽ സുപ്രീംകോടതി ആവശ്യപ്പെട്ടിരുന്നു. പുതിയ സർക്കുലറുകളും, തടസ്സങ്ങളും ഇറങ്ങിയത് ഈ പശ്ചാത്തലത്തിൽ കൂടി വേണം മനസ്സിലാക്കാൻ വൻകിട കൈയ്യേറ്റക്കാരനേയും കൂരവെയ്ക്കാനിടമില്ലാത്ത കടലിന്റെ മക്കളേയും ഓരേ തട്ടിൽ കാണുന്ന നിയമ വ്യവസ്ഥയുടെഅന്ധതയാണ് ഇവിടെ മത്സ്യത്തൊഴിലാളിക്കു വിനയായത്. രണ്ടാഴ്ച മുമ്പ് സംസ്ഥാന സർക്കാർ സുപ്രീം കോടതിയിൽ സമർപ്പിച്ച ലിസ്റ്റിൽ പ്രധാനപ്പെട്ട ചില വൻകിടക്കാരുടെ കൈയ്യേറ്റങ്ങൾ ഒഴിവാക്കിയാണ് സത്യവാങ്മൂലം നല്കിയിരിക്കുന്നതും.




ലുലുമാൾ

## നിയമവാഴ്ച എന്ന പ്രോക്രസ്റ്റസിന്റെകട്ടിൽ

വേമ്പനാട്ടു കായൽ കൈയ്യേറി നഗ്നമായ നിയമ ലംഘനം നടത്തി പെരുമ്പളത്തി നടുത്ത് നെടിയ തുരുത്തിൽ കാപ്പികോ കമ്പനി പണിത 54 കെട്ടിടങ്ങളും, വെറ്റില തുരുത്തിൽ ഗ്രീൻലഗൂൺ പണിത റിസോർട്ടുകളും മൂന്നുമാസത്തിനകം പൊളിച്ചു നീക്കാൻ കഴിഞ്ഞ വർഷം ജൂലൈ 25-ന് കേരളഹൈക്കോടതി ഉത്തരവിട്ടിരുന്നു. ഇതിനെതിരേ റിസോർട്ട് ഉടമകൾ സുപ്രീം കോടതിയിൽ സമർപ്പിച്ച ഹർജി ജസ്റ്റീസു മാരായ കെ. എസ്. രാധാകൃഷ്ണനനും, ഏ.കെ. സിക്രിയുമടങ്ങുന്ന ഡിവിഷൻ ബെഞ്ചും തള്ളിക്കളയുകയുണ്ടായി. ഇതോടൊപ്പം കേരളത്തിലെ കായൽ തീരത്തും, കടലോരത്തും നടന്നിട്ടുള്ള തീരപരിപാലന

## നിയമനിർമ്മാണത്തിന്റെ പശ്ചാത്തലം

ലോകമൊട്ടാകെ പരിസ്ഥിതി സംരക്ഷണ അവബോധം ശക്തമായി വരുന്ന ഒരു കാലഘട്ടമാണിത്. പരിസ്ഥിതിയെ കേവലമായി കാണുന്ന സംഘടനകളുടെ പ്രവർത്തനം കൊണ്ടുമാത്രം സംഭവിച്ചതല്ല അത്. അമേരിക്കയിൽ വൻ നാശനഷ്ടമുണ്ടാക്കിക്കൊ ണ്ടിരിക്കുന്ന ചുഴലിക്കൊടുങ്കാറ്റുകളും, ഉത്തരാഞ്ചലിലെ പ്രളയവും, ആഫ്രിക്കയിലെ കടുത്ത വരൾച്ചയും രണ്ടുലക്ഷം പേരുടെ മരണത്തിനിടയാക്കിയ ഇന്ത്യാസമുദ്രത്തിലെ സുനാമിയും അടക്കം മാനവരാശി ഗൗരവമേറിയ പാരിസ്ഥിതിക ദുരന്തങ്ങൾക്കു സാക്ഷ്യം വഹിക്കുകയാണ്. പ്രകൃതി സർവ്വം സഹയല്ലെന്നും നിരന്തരമായി നടക്കുന്ന കൈയ്യേറ്റങ്ങ

ളോടും മുറിപ്പെടുത്തലുകളോടും ആദ്യം ശാന്തമായും പിന്നീട് രൗദ്ര ഭാവത്തിലും അവൾ തിരിച്ചടിക്കുമെന്നും ഒന്നരനൂറ്റാണ്ടു മുമ്പ് പറഞ്ഞ ഏംഗത്സിന്റെ നിരീക്ഷണം ശ്രദ്ധേയമാണ്. നിലവിലുള്ള കൃഷി രീതി തുടരുകയാണെങ്കിൽ ഭാവിയിൽ കൃഷിനിലങ്ങൾ മരുഭൂമിയായി മാറും എന്ന കാൾമാർക്സിന്റെ പ്രസ്താവന ശരിവെക്ക പ്പെടുന്ന സാഹചര്യമാണിത്.

കാലാവസ്ഥ വ്യതിയാനവും, ഭൗമതാപനവും സൃഷ്ടിക്കുന്ന പുതിയ പ്രശ്നങ്ങളെ സംബന്ധിച്ച് കഴിഞ്ഞ നാലു പതിറ്റാണ്ടായി ലോകത്ത് പലതലങ്ങളിലും ചർച്ചകൾ നടന്നു വരികയാണ്. ഒരു ലക്ഷം വർഷം കൊണ്ട് ഭൂമിയുടെ ചൂട് ഒരു ഡിഗ്രിസെന്റിഗ്രേഡ് കൂടിയെങ്കിൽ കഴിഞ്ഞ ഒരു നൂറ്റാണ്ടിനകം തന്നെ



പെരുമ്പളം നെടിയം തുരുത്തിലെ മുത്തൂറ്റ് കാപികോ റിസോർട്ട്

ഒരു ഡിഗ്രി കൂടി ചൂട് വർധിച്ചിട്ടുണ്ട്. ഹിമാലയത്തിലേയും ധ്രുവ പ്രദേശങ്ങളിലെയും മഞ്ഞുരുകുന്നതു മൂലം സമുദ്ര നിരപ്പ് ഉയർന്നുകൊണ്ടിരിക്കുകയാണ്. ഐക്യരാഷ്ട്ര സഭയുടെ ശാസ്ത്ര സമിതി പറയുന്നതു പ്രകാരം 2100–ആകുമ്പോൾ 26 മുതൽ 82 സെന്റി മീറ്റർവരെ സമുദ്ര നിരപ്പ് ഉയരും. ചെറുദ്വീപുകൾ പലതും മുങ്ങിപ്പോകും. വിശ്വനാഗരികതയുടെ കളിത്തൊട്ടിലായിരുന്ന നഗരങ്ങൾ സമുദ്രത്തിലാണ്ടുപോകും. ലോകത്തെ 720 പൈതൃക സ്ഥലങ്ങളിൽ അഞ്ചിലൊന്നും കടലെടുത്തു പോകുമെന്ന് എൻവയേൺമെന്റ് റിസർച്ച് ലെറ്റേഴ്സ് ജേർണൽ പ്രസിദ്ധീകരിച്ച പുതിയ പഠനം പറയുന്നു.

ഇന്ത്യയിൽ ലക്ഷദ്വീപും, ആന്തമാൻ നിക്കോബാർ ദ്വീപ സമൂഹങ്ങളേയാണ് ആദ്യം കടലെടുക്കുക. വൻകിട തുറമുഖങ്ങളായ കൊച്ചി, ചെന്നൈ, മുബൈ, കൽക്കത്ത തുടങ്ങിയ നഗരങ്ങളെയാണ് അടുത്ത കടലാക്രമണം ബാധിക്കുന്നതെന്ന് വിലയിരുത്തപ്പെട്ടിട്ടുണ്ട്. ഭീതിജനകമായ ഈ അവസ്ഥയിലേക്ക് ശ്രദ്ധ ക്ഷണിക്കാൻ ഇന്ത്യാ സമുദ്രത്തിലെ ദ്വീപു രാഷ്ട്രമായ മാലിയിലെ അധികാരികൾ സമീപ കാലത്ത് കടലിനടിയിലെ ചില്ലു ക്യാബിനിൽ സമ്മേളനം വിളിച്ചു ചേർത്തത് ശ്രദ്ധേയമായിരുന്നു.

## കേരള തീരത്തിന്റെ സവിശേഷതകൾ

കേരളത്തിന്റെ ഭൂപ്രദേശം ഇന്നത്തെ രൂപത്തിൽ പ്രത്യക്ഷപ്പെട്ടിട്ട് ആറരക്കോടി വർഷങ്ങളായെന്ന് ചില പഠനങ്ങൾ പറയുന്നു. എന്നാൽ തീരക്കടലോരം ഇന്നത്തെ രൂപത്തിലായിട്ട് ഏതാനും സഹസ്രാബ്ദങ്ങളെ ആയിട്ടുള്ളൂ. കോവളം പോലെ മനോഹരമായ ധാരാളം ബീച്ചുകൾ ഒരു കാലത്ത് കേരള തീരത്തുണ്ടായിരുന്നു. കൊല്ലം മുതൽ കൊയിലാണ്ടി വരെയുള്ള തീരം തന്നെ മൂവ്വായിരം കൊല്ലത്തിലേറെ പഴക്കമില്ലാത്ത കടൽവെയ്പാണെന്നാണ് ഒരു അനുമാനം. കേരളത്തിൽ പടിഞ്ഞോട്ട് ഒഴുകുന്ന 41 നദികളുണ്ട്. വർഷകാലത്ത് ലഭിക്കുന്ന 3000–3200 മില്ലീമീറ്റർ മഴയിൽ നല്ലൊരു ഭാഗം കളിയും ചെളിയുമായി (എക്കൽ) കടലിലെത്തും. ധാരാളം സിലിക്കയും അലൂമിനിയവും അടങ്ങുന്ന ഈ ലാറ്ററൈറ്റ് ചെളി കടലിലെ ഉപ്പു (സോഡിയം, മഗ്നീഷ്യം)മായി കലർന്ന് രാസപ്രവർത്തനത്തിലൂടെ അർധദ്രാവക സ്വഭാവമുള്ള 'കൊളോയിഡ്' ആയി മാറുന്നു ആ പ്രദേശത്ത് ഒഴുക്കും മന്ദീഭവിക്കുന്നു. ചില പ്രത്യേക കേന്ദ്രങ്ങളിൽ ഈ പ്രതിഭാസം 'ചാകരയായി' പ്രത്യക്ഷപ്പെടുന്നു. മഴക്കാലം

കഴിയുമ്പോൾ ഈ കോളോയിഡ് ഊറി അടിഞ്ഞ് ചെളിയായിത്തീരും. ചെളി കൂടി ചെളിത്തിട്ടുകൾ രൂപപ്പെടുന്ന സ്ഥലത്ത് കടൽ കുറെ മണലും നിക്ഷേപിക്കും. ചെളി അടിഞ്ഞ് കരവെക്കുന്നതോടെ കടൽ കുറേശ്ശേ പിന്തള്ളപ്പെടും. ഇങ്ങനെ വ്യാപകമായി കടൽത്തീരം കേരളത്തിലുണ്ടായി.

1341–ലെ മഹാപ്രളയത്തെ തുടർന്ന് കേരളത്തിലെ കായലുകൾക്കും കടൽതീരത്തിനും ഗണ്യമായ മാറ്റങ്ങളുണ്ടായതായി പറയപ്പെടുന്നു. വേമ്പനാട്ടു കായലിൽ പുതിയ ദ്വീപുകൾ പ്രത്യക്ഷപ്പെട്ടു. പുതിയ ഒരു തുറസ്സ് കടലിലേക്ക് ഉണ്ടായി. കൊച്ചഴി എന്ന് അതിനെ വിളിച്ചു (ഇപ്പോഴത്തെ കൊച്ചി) കൊച്ചിയുടെ തെക്കു ഭാഗത്ത് ക്രമേണ കടലെടുക്കുകയും വടക്ക് പുതുവയ്പുണ്ടാവുകയും ചെയ്തു. കേരള തീരത്തിന്റെ ആദ്യത്തെ ഭൂപടം വരച്ചത് ജാൻതിൻ എന്ന ഡച്ചു നാവികനാണ്. 16–ാം നൂറ്റാണ്ടിന്റെ മധ്യത്തിലായിരുന്നു അത്. പിന്നീട് 1687–ൽ എച്ച്.ജി.ഫാറന്റ് എന്ന ഡച്ച് നാവിക എഞ്ചിനീയർ അതു പരിഷ്ക്കരിച്ചു. ആ മാപ്പ് പ്രകാരം കൊടുങ്ങല്ലൂർ മുതൽ കോവളം വരെ കേരളതീരം കടലിലേക്ക് തള്ളി–കോൺവെക്സ്–ആകൃതിയിലാണ് കാണുന്നത്. ഇപ്പോൾ ഉള്ളിലേക്ക് വലിഞ്ഞ് – കോൺകേവ്–ആകൃതിയിലാ യിരിക്കുകയാണ്. ഇന്ന് മാനാശ്ശേരി എന്നു സ്ഥലത്തുള്ള പള്ളി അഞ്ചാമത്തേതാണ്. അതിനും അഞ്ചു കിലോമീറ്റർ പടിഞ്ഞാറായിരുന്നു ആദ്യത്തെ ദേവമാതാപള്ളി. അതെല്ലാം കടലെടുത്തു പോയതായി പള്ളി രേഖകളിൽ കാണുന്നു.

590 കിലോമീറ്റർ ദൈർഘ്യമുള്ള കേരള തീരത്തിന്റെ പകുതിയിലധികവും കടലാക്രമണ സാധ്യതയുള്ള പ്രദേശങ്ങളാണെന്നാണ് സംസ്ഥാന ജലസേചന വകുപ്പ് കണ്ടെത്തിയിട്ടുള്ളത് കടലാക്രമണം ഉണ്ടാകുന്നതും, സാധ്യതയുള്ളതുമായ ഇരുപതു സ്ഥലങ്ങള കണ്ടെത്തി. 1986–ൽത്തന്നെ അവർ പ്രസിദ്ധീകരിച്ചിട്ടുമുണ്ട്. പാരിസ്ഥിതിക മായി ദുർബ്ബലമായ ഒട്ടനവധി കേന്ദ്രങ്ങൾ കേരളത്തിലുണ്ട് അതേ സമയം ഇതിനൊക്കെ മറുപുറമുണ്ട്. നദികളും കായലുകളും അവ ഒഴുക്കിക്കൊണ്ടു വരുന്ന ജൈവ അവശിഷ്ടങ്ങളും ഒക്കെ ചേർന്ന് ഇന്ത്യയിലെന്നല്ല, ലോകത്തു തന്നെയും ഏറ്റവും ഉല്പാദനക്ഷമമായ കടലായി അറബിക്കടലിൽ മാറിയിട്ടുണ്ട്. കഴിഞ്ഞ വർഷം കേരളം എട്ടേ കാൽ ലക്ഷം ടൺ

മത്സ്യം എന്ന റിക്കാർഡ് ഉല്പാദനമാണ് ഇവിടെ നിന്നു നേടിയത്. ഒരു ഉഷ്ണ മേഖല ജനിതക കലവറയാണ് കേരളത്തിന്റെ തീരക്കടൽ. ലക്ഷക്കണക്കിനാളുകളുടെ ആരോഗ്യ, തൊഴിൽ, സാമ്പത്തിക സുരക്ഷയ്ക്ക് ആധാരവും ഈ കടലാണ്. അതുകൊണ്ട് തന്നെ ഇന്ത്യയിലെ മറ്റു സംസ്ഥാനങ്ങളേക്കാളും തീരവാസികളുടെ എണ്ണം ഇവിടെ കൂടുതലാണ്. കേരളത്തിന്റെ തീര പരിപാലനം ചർച്ച ചെയ്യുമ്പോൾ ഈ ഘടകങ്ങളും കൂടി ചർച്ച ചെയ്യപ്പെടേണ്ടതാണ്.



കൊച്ചിയിൽ ബോൾഗാട്ടിയിലെ ഇന്റർ നാഷണൽ മറീന

## തീരദേശ സംരക്ഷണം ആഗോള അജണ്ടയാകുന്നു.

കാലാവസ്ഥ വ്യതിയാനത്തിന്റേയും ആഗോളതാപനത്തിന്റേയും വിഷയങ്ങൾ ലോകത്ത് ചർച്ചാവിഷയമായിട്ട് നാലുപതിറ്റാണ്ടെങ്കിലുമായി. 1972-ൽ സ്റ്റോക്ക് ഹോമിൽ വെച്ച് ഐക്യരാഷ്ട്ര സംഘടന മുൻകൈയ്യെടുത്തു വിളിച്ച കൺവെൻഷനെ തുടർന്ന് പല അംഗരാജ്യങ്ങളും പരിസ്ഥിതി സംരക്ഷണ നിയമങ്ങളുണ്ടാക്കാൻ തുടങ്ങി. 1976-ൽ ഇന്ത്യൻ ഭരണഘടനയിൽ പരിസ്ഥിതി സംരക്ഷണം ഉൾപ്പെടുത്തിക്കൊണ്ട് 42-ാം ഭരണഘടനാ ഭേദഗതികൊണ്ടു വന്നു. 1986-ൽ കേന്ദ്രസർക്കാർ പരിസ്ഥിതി സംരക്ഷണ നിയമം (EPA-86) പാസ്സാക്കി. പരിസ്ഥിതി സംരക്ഷണവും പരിപാലനവും നിയമപ്രകാരം സംസ്ഥാന സർക്കാരുകളുടെ പരിധിയിൽ വരുന്ന വിഷയമായി.

ലോകം മുഴുവൻ കടൽ തീരങ്ങൾ വ്യാപകമായ കൈയ്യേറ്റത്തിനും അതുമൂലം ശോഷണത്തിനും വിധേയമായ സാഹചര്യത്തിൽ വിവിധരാജ്യങ്ങളിൽ തീരസംരക്ഷണ വുമായി ബന്ധപ്പെട്ട് സമ്മേളനങ്ങൾ വിളിച്ചു ചേർക്കപ്പെട്ടു. ഇന്ത്യയിൽ 1981-ൽ തന്നെ അന്നത്തെ പ്രധാനമന്ത്രി തീരസംരക്ഷണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ വെക്കാൻ തീര സംസ്ഥാന സർക്കാരുകളോടവശ്യപ്പെട്ടെങ്കിലും ആരും പ്രതികരിക്കുകയുണ്ടായില്ല. തുടർന്നാണ് പല രാജ്യങ്ങളിലെയും അനുഭവങ്ങളും നിയമനിർമ്മാണങ്ങളും കണക്കിലെടുത്ത് കേന്ദ്രം വനം - പരിസ്ഥിതി മന്ത്രാലയം 1991-ൽ തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം പുറപ്പെടുവിച്ചത്.

## തീരദേശ നിയന്ത്രണ മേഖല വിജ്ഞാപനം -1991

1986-ൽ കേന്ദ്ര സർക്കാർ പരിസ്ഥിതി സംരക്ഷണ നിയമം പാസ്സാക്കി. തുടർന്ന് വനം - പരിസ്ഥിതി മന്ത്രാലയം വിവിധ മേഖലകൾക്കായി ഒട്ടനവധി വിജ്ഞാപനങ്ങൾ പുറപ്പെടുവിക്കുകയുണ്ടായി. ഇത്തരത്തിൽ 1991 ഫെബ്രുവരി 19-ന് പുറപ്പെടുവിച്ച വിജ്ഞാപനമാണ് തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം (Costal RegulationZone Notification). CRZ നോട്ടിഫിക്കേഷൻ എന്ന് ഇതിനെ ചുരുക്കപ്പേരിട്ടു വിളിച്ചു വരുന്നു ഇതിനു മുന്നോടിയായി പ്രസിദ്ധീകരിച്ച കരടു വിജ്ഞാപനത്തെ സംബന്ധിച്ച് കേരള സർക്കാർ അഭിപ്രായങ്ങളറിയിച്ചില്ല. ഇതിനെ സംബന്ധിച്ച് പ്രതികരിച്ച പരിസ്ഥിതി - സാമൂഹ്യ പ്രവർത്തകരുടെ അഭിപ്രായങ്ങൾ കണക്കിലെടുക്കപ്പെട്ടുമില്ല.

കടലിനോട് ചേർന്നു കിടക്കുന്ന 500 മീറ്റർ വരെയുള്ള തീരപ്രദേശത്തെയും വേലിയേറ്റ പ്രഭാവമുള്ള ഒാരു ജലാശയങ്ങളുടെ കരയുടെ നൂറു മിറ്റർവരേയുമുള്ള പ്രദേശങ്ങളിലെ നിർമ്മാണ - വികസന പ്രവർത്തനങ്ങൾക്ക് ഈ നിയമം മൂലം നിയന്ത്രണങ്ങൾ വന്നു. വിജ്ഞാപന പ്രകാരം ഇന്ത്യയിലെ 5500 കിലോമീറ്റർ വരുന്ന തീരദേശവും ആന്റമാൻ, നിക്കോബാർ, ലക്ഷദ്വീപ് സമൂഹങ്ങളുടെ 2000 കിലോമീറ്റർ

തീരവും നാലു മേഖലകളായി തരംതിരിക്കപ്പെട്ടു. CRZ-1 ൽ പരിസ്ഥിതി ദുർബ്ബല പ്രദേശങ്ങൾ, കണ്ടൽക്കാടുകൾ, പക്ഷി സങ്കേതങ്ങൾ, പൊക്കാളിപാടങ്ങൾ അടക്കമുള്ള മത്സ്യ പ്രജനന കേന്ദ്രങ്ങൾ എന്നിവ ഉൾപ്പെടുത്തപ്പെട്ടു. ഇവിടെ യാതൊരു നിർമ്മാണവും അനുവദനീയമല്ല. CRZ-II നഗര പ്രദേശങ്ങളാണ് ഇവിടെ കടൽത്തീരത്തുള്ള വീടുകൾ റിപ്പയർ ചെയ്യാനും, നിലവിലുള്ള വീടിന്റെ തറ വിസ്തൃതിയിൽ തന്നെ പുനർ നിർമ്മിക്കാനും അവകാശമുണ്ട്. നിലവിലുള്ള തീരദേശ റോഡുകളുടെ കരഭാഗത്തേക്ക് പുതിയ നിർമ്മിതികൾ അനുവദിക്കും. CRZ-III ഗ്രാമപ്രദേശങ്ങളാണ്. കരയിലേക്ക് കടലിൽ നിന്നും 200 മീറ്റർ വരെ പുതിയ നിർമ്മിതികൾക്ക് അനുവാദമില്ല. എന്നാൽ നിലവിലുള്ള കെട്ടിടങ്ങൾ അതേ തറവിസ്തൃതിയിൽ തന്നെ നിർമ്മിക്കുന്നതിന് തടസ്സമില്ല. CRZ-1V ആന്റമാൻ, ലക്ഷദ്വീപ്, ദ്വീപ് സമൂഹങ്ങളുടെ പരിപാലനത്തെ സംബന്ധിച്ചുള്ളതാണ്.

തീരസംരക്ഷണത്തിലെ സുപ്രധാന ചുവടുവെയ്പെന്ന നിലയിൽ മത്സ്യത്തൊഴിലാളി സമൂഹം പൊതുവിൽ നിയമത്തെ അംഗീകരിച്ചു എങ്കിലും ഭവന നിർമ്മാണത്തിലെ നിയന്ത്രണങ്ങളിലും, തടസ്സങ്ങളിലും മത്സ്യത്തൊഴി

**ചോദ്യോത്തര പംക്തി,**

**കോമ്രേഡ്,**
**ബഹുജനവിദ്യാകേന്ദ്രം,**
**പെരുമ്പാവൂർ,**
**എറണാകുളം ജില്ല,**
**പിൻ-683 542**

ലാളി സംഘടനകൾ '91 മുതൽ എതിർപ്പു രേഖപ്പെടുത്തിയിരുന്നു. കൈവശ ഭൂമിക്ക് പട്ടയം ലഭിക്കുന്നതിനും തടസ്സങ്ങളുണ്ടായി, പരിസ്ഥിതി സംബന്ധമായ വിഷയത്തിൽ സംസ്ഥാന സർക്കാരിന്റെ അധികാരം കവർന്നെടുത്ത പ്രശ്നത്തിലും അഭിപ്രായ വ്യത്യാസങ്ങൾ പ്രകടിപ്പിക്കപ്പെട്ടു. എന്നാൽ അവരുടെ ആവശ്യങ്ങളും അഭിപ്രായങ്ങളും അഗണ്യകോടിയിൽ തള്ളപ്പെട്ടു.

### തീരനിയമം : സിദ്ധാന്തവും പ്രയോഗവും

1991-ൽ നിലവിൽ വന്ന നിയമം ഒരു സംസ്ഥാനത്തും കാര്യക്ഷമമായി നടപ്പായില്ല. ഒടുവിൽ 1994-ൽ സുപ്രീം കോടതി ഉത്തരവിനെ തുടർന്നാണ് വിവിധ സംസ്ഥാനങ്ങളിൽ നിയമം നടപ്പാക്കാൻ സംസ്ഥാന തീരപരിപാലന കമ്മിറ്റികളുണ്ടാക്കാൻ തുടങ്ങിയത്. ഈ ദിശയിൽ ആദ്യം മുന്നൊട്ടു വന്നത് കേരളമാണ്. 1995 ൽ തിരുവനന്തപുരത്തെ ഭൗമപഠന കേന്ദ്രം കേരളത്തിന്റെ തീരപരിപാലന മേഖലയെ സംബന്ധിച്ച മാപ്പ് (ഭൂപടം) തയ്യാറാക്കി 1996-ൽ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് അതോറിറ്റിയും രൂപികൃതമായി

തീരദേശപരിപാലന നിയമം നടപ്പാക്കപ്പെട്ടതോടെ വ്യവസായ-ടൂറിസ്റ്റ്-റിയൽ എസ്റ്റേറ്റ് ലോബികൾ നിയമത്തിനെതിരേ രംഗത്തിറങ്ങി. ഇവരുടെ സമ്മർദ്ദത്തിനു വഴങ്ങി1994-മുതൽ 2004 വരെ 19 നോട്ടിഫിക്കേഷനുകളിലൂടെ 25 ഭേദഗതികൾ നിയമത്തിൽ വരുത്തുകയുണ്ടായി. അതിൽ പലതും നിയമത്തിന്റെ അന്തസ്സത്തക്കു തന്നെ വിരുദ്ധവുമായിരുന്നു. ഇതിനു പുറമെ അകാലികവും അശാസ്ത്രിയവുമെന്നു പറയാവുന്ന പല കോടതി വിധികളും ഈ ലോബികൾ നേടിയെടുത്തു. കേരളത്തിൽ ബേക്കൽ, ചെറായി, മാരാരി, വിഴിഞ്ഞം, കോവളം, ബീച്ചുകളിലെ നിർമ്മിതികൾ ഇതിന്റെ ഉദാഹരണമാണ്. എറണാകുളത്ത് മറൈൻഡ്രൈവിലെ മുഴുവൻ കെട്ടിടങ്ങളും നിയമത്തിന്റെ ലംഘനമാണ്. ഈ കെട്ടിടങ്ങൾക്കും കായലിനുമിടയിലുള്ള നടപ്പാതയെ റോഡ് എന്ന് വ്യാഖ്യാനിച്ച് നിർമ്മിക്ക് കോടതി അനുമതി നല്കുകയായിരുന്നു. ഇപ്പോഴും അത് റോഡല്ല. വടക്കേ അറ്റത്ത് ഗോശ്രീ പാലത്തിനോട് ചേർന്ന് പ്രസ്റ്റീജ് ഗ്രൂപ്പിന്റെ നെപ്റ്റ്യൂൺ എന്ന ഭീമൻ കെട്ടിട സമുച്ചയം സമീപകാലത്ത് പൂർത്തിയായി. ഉരലുവിഴങ്ങുമ്പോൾ വിരലുകൊണ്ടെങ്കിലും മറയ്ക്കുന്ന യുക്തി പോലും അതിനില്ല. കായലിനേയും പെരിയാറിനേയും വകഞ്ഞു മാറ്റിയാണ് ഈ കെട്ടിടം നിർമ്മിച്ചിരി ക്കുന്നത്. വെള്ളത്തിൽ CRZ നിയമം ബാധകമല്ല എന്ന വിചിത്ര യുക്തിയുടെ പിൻബലത്തിലാണ് ഹൈക്കോടതി വിധിയെതുടർന്ന് നികത്തിയെടുക്കപ്പെട്ട സ്ഥലത്ത് കെട്ടിടം വെച്ചിരിക്കുന്നത്. നിയമത്തിലെ ചില വിശേഷ ഇളവുകൾ മുതലെടുത്തു കൊച്ചി തുറമുഖം ഏക്കറു കണക്കിന് ഭൂമി നികത്തിയെടുത്തിട്ടുണ്ട്. തുറമുഖ-ഇതര ആവശ്യങ്ങൾക്ക് ലുലു കൺവെൻഷൻ സെന്ററിന് കൈമാറിയിരിക്കുകയാണ്. വൈപ്പിനിലെ എൽ.എൻ.ജി പ്രദേശത്ത് CRZ-I ൽ പ്പെടുന്ന ആയിരക്കണക്കിന് കണ്ടലുകൾ നിറഞ്ഞു നില്ക്കുന്ന കാട്ടിലേക്ക് നഗരമാലിന്യവും, അന്യായമായി കൈമാറിയ ഭൂമിയിൽ നിർമ്മാണത്തിന് കുഴിച്ചെടുക്കുന്ന ചെളിയും കൊണ്ട് മൂടിക്കൊണ്ടിരിക്കുകയാണ്. ഹെക്ടർ കണക്കിന് കണ്ടലുകൾ ചെളിമൂടി ഇതിനകം ഉണങ്ങിക്കരിഞ്ഞിരിക്കുന്നു. ലേഖകന്റെ പരാതിയെ തുടർന്ന് ജില്ലാ ഫോറസ്റ്റ് കൺസർവേറ്റർ സ്ഥലം സന്ദർശിച്ച് തുറമുഖ അധികൃതർക്കും, കോൺട്രാക്ടർക്കുമെതിരെ കേസെടുത്തെങ്കിലും ചെളി നിക്ഷേപം ഇപ്പോഴും തുടരുകയാണ്.

കേരളത്തിൽ നടന്ന കാര്യങ്ങൾ ഇന്ത്യയിലെ എല്ലാ തീര സംസ്ഥാനങ്ങളിലും ഇതിനകം നടന്നു കഴിഞ്ഞിട്ടുണ്ട്.

ങ്ങളും പരിശോധിക്കുവാൻ 2004-ൽ ഡോ.എം.എസ്. സ്വാമി നാഥൻ ചെയർമാനായി 14 അംഗകമ്മിറ്റിയെയും നിയമിച്ചു. ഒരു വർഷത്തിനകം കമ്മിറ്റി അതിന്റെ റിപ്പോർട്ട് സമർപ്പിച്ചു. നിയമത്തിന് തീരമേഖലയുടെ കരയിലേക്കുള്ള വ്യാപ്തി വർധിപ്പിച്ചു കൊണ്ടും തീരക്കടലും കായലും അടങ്ങുന്ന ജലഭാഗവും ഉൾപ്പെടുത്തിക്കൊണ്ടുമാണ് കമ്മിറ്റി റിപ്പോർട്ട് സമർപ്പിച്ചത്. തീരദേശ നിയന്ത്രണ (Regulation Zone) മേഖല എന്നതിനുപകരം തീരദേശ പരിപാലന മേഖല (Coastal Management Zone) എന്ന് നിയമം ഭേദഗതി ചെയ്യണമെന്നും സ്വാമിനാഥൻ കമ്മിറ്റി ശുപാർശ ചെയ്തു.

ഈ ശുപാർശകളിൽ പൊതു ജനാഭിപ്രായം രൂപികരിക്കാൻ CEE എന്ന ഒരു വേളണ്ടറി സംഘടനയെ സർക്കാർ ചുമതലപ്പെടുത്തി. വിദേശ ഫണ്ടു വാങ്ങി പ്രവർത്തിക്കുന്ന ഒരു എൻ.ജി.ഒ സംഘടനയെ ഇതിനു ചുമതലപ്പെടുത്തിയത് ഞങ്ങൾ ചോദ്യം ചെയ്തു. അവർ നടത്തിയ തെളിവെടുപ്പിൽ പങ്കെടുത്ത ഭൂരിപക്ഷം പേരും സ്വാമിനാഥൻ റിപ്പോർട്ട് തള്ളിക്കളയണമെന്നും, ബിൽഡിംഗ് മാഫിയയെ നിയന്ത്രിക്കണമെന്നും, മത്സ്യത്തൊഴിലാളി സൗഹൃദപരമാക്കി 1991-ലെ നിയമം തന്നെ നടപ്പിലാക്കണ



കൊല്ലം കായൽ

ഈ സാഹചര്യത്തിൽ നിയമത്തിന്റെ പ്രത്യാഘാതങ്ങൾ പഠിക്കാൻ നിയമഭേദഗതികൾക്കു പുറമേ 1992നും 2000 നും ഇടയിൽ ഏഴ് വിദഗ്ധ സമിതികളേയും സർക്കാർ നിയമിക്കുകയുണ്ടായി. ഈ നിയമ ഭേദഗതികളും, കമ്മിറ്റി നിഗമന

മെന്നുമാണ് ആവശ്യപ്പെട്ടത്. ജനങ്ങളുടെ എതിർപ്പുകൾ കണക്കിലെടുത്ത് പരിസ്ഥിതി മന്ത്രാലയം വീണ്ടും സ്വാമിനാഥൻ തന്നെ ചെയർമാനായി ഒരു നാലംഗ സമിതിയെ 2008-ൽ നിയമിച്ചു. ഒരു വർഷം കഴിഞ്ഞ് കമ്മറ്റി അതിന്റെ

റിപ്പോർട്ട് സമർപ്പിച്ചു. ഉദാരവല്ക്കരണ നയങ്ങൾ ശക്തമായും തീവ്ര വേഗത യിലും നടപ്പാക്കുന്ന സന്ദർഭത്തിലാണ് ഈ കമ്മറ്റികളെല്ലാം നിയോഗിക്കപ്പെടു ന്നത്. 2006–ൽ കേന്ദ്ര സർക്കാർ അതിന്റെ പുത്തൻ പരിസ്ഥിതി നയം പ്രഖ്യാപിച്ചു വിദേശ നിക്ഷേപങ്ങൾക്ക് അനുരോധമാ യിരിക്കണം പരിസ്ഥിതി നിയമങ്ങളും എന്ന ഗോവിന്ദരാജൻ കമ്മിറ്റിയുടെ സ്വാധീനമാണ് പുതിയ നയത്തിൽ അട ങ്ങിയിരുന്നതും. സ്വാമിനാഥൻ കമ്മിറ്റി ശുപാർശകളും ആ രീതിയിലായത് സ്വാഭാവികം മാത്രമാണ്.

രണ്ടാം സ്വാമിനാഥൻ കമ്മിറ്റി ശുപാർ ശകളിൽ ബഹുജനാഭിപ്രായം ആരാ യാൻ കേന്ദ്രപരിസ്ഥിതി മന്ത്രി ജയറാം രമേഷ് തന്നെ ബന്ധപ്പെട്ടവരുടെ യോ ഗങ്ങൾ വിവിധ മേഖലകളിൽ വിളിച്ചു ചേർത്തു. 2010 ഫെബ്രുവരി 8–ന് എറണാകുളത്ത് വിളിച്ചു ചേർത്ത യോഗത്തിൽ പുതിയ നിർദ്ദേശങ്ങൾ ഭരണഘടനാ വിരുദ്ധവും ജനാധിപത്യ വിരുദ്ധവുമാണെന്ന വിമർശനം ഞങ്ങൾ മുന്നോട്ടു വെച്ചു. “സംസ്ഥാനങ്ങളുടെ അവകാശങ്ങളും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ അധികാരവും തൊഴി ലാളികളുടെ ഉപജീവന അവകാശവും നിഷേധിക്കുന്ന'' നിർദേശങ്ങളാണ് സ്വാമിനാഥൻ കമ്മിറ്റിയുടെ കരട് വി ജ്ഞാപനവുമായി ബന്ധപ്പെട്ട നിർദ്ദേ



CRZ-3 (ഗ്രാമീണമേഖലാ)

ശത്തിലുള്ള തെന്ന് പ്രൊ.കെ.വി.തോ മസ് അധ്യക്ഷനായ കെ.പി.സി.സി. സബ്ബ് കമ്മിറ്റി ഉന്നയിച്ച വിമർശനവും ഞങ്ങൾ ചൂണ്ടിക്കാട്ടി. ഇതെല്ലാം പരിഹ രിച്ചായിരിക്കും പുതിയ വിജ്ഞാപനം ഇറക്കുക എന്ന് ജയറാം രമേഷ് ഞങ്ങ ൾക്ക് ഉറപ്പു നല്കി.

### തീരദേശ പരിപാലന വിജ്ഞാപനം – 2011

എന്നാൽ മന്ത്രി നല്കിയ ഉറപ്പുകൾ പാഴ്വാക്കായിയിരുന്നുവെന്ന് 2011–ൽ പുറത്തിറങ്ങിയ തീരമേഖലാ പരിപാലന വിജ്ഞാപനം തെളിയിച്ചു. വാണിജ്യ കാര്യമന്ത്രി യായിരുന്ന ഒരാൾ ഒരു വർഷത്തിനകം പരിസ്ഥിതി മന്ത്രിയായി മാറിയപ്പോൾ ഈ മേഖലയിലും വാണി ജ്യ താല്പര്യങ്ങൾ ഒരു പണതൂക്കം മുന്നിൽ വന്നതായതാണ് അനുഭവം തെളിയിച്ചത്.

2011–ലെ വിജ്ഞാപനത്തിൽ 1991 ലെ വിജ്ഞാപനത്തിലേപ്പോലെ CRZ-I (പരിസ്ഥിതി ദുർബ്ബല പ്രദേശം) CRZ-2 (നിർമ്മിത – നഗരപ്രദേശം) CRZ-3 (ഗ്രാ മീണമേഖലാ) എന്നിങ്ങനെയുള്ള മേഖ ലകൾ തുടരും 1991–ൽ CRZ-1V ആയിരു ന്ന ആൻമാൻ, ലക്ഷദ്വീപ് പ്രദേശങ്ങളെ ആ പട്ടികയിൽ നിന്നും മാറ്റി അവയെ



CRZ-2 (നിർമ്മിത – നഗരപ്രദേശം)

ദ്വീപ് സംരക്ഷണ മേഖല (Island Protection Zone) എന്ന പുതിയ വിജ്ഞാപനത്തിനു കിഴിൽ കൊണ്ടു വന്നു. പകരം പഴയ CRZ-1V ജലമേഖല എന്ന പുതിയ പട്ടികയിൽപ്പെടുത്തി. 22 കിലോമീറ്റർവരെ വരുന്ന തീരക്കടലും കായലുകളും ഈ പട്ടികയിൽ ഉൾപ്പെ ടെുത്തപ്പെടും.

### രോഗത്തേക്കാൾ ഭയാനകമായ ചികിത്സ

1991–ലെ നിയമം മത്സ്യത്തൊഴിലാളി സൗഹൃദപരവും കാലാനുസൃതവുമാ ക്കണ മെന്നായിരുന്നു മത്സ്യത്തൊഴിലാളി സംഘടനകൾ വാദിച്ചിരുന്നത്. അത് അംഗീകരിക്കപ്പെട്ടിട്ടില്ല. ഭവന നിർമ്മ ാണം സംബന്ധിച്ച് തൊഴിലാളികളുടെ ആശങ്കകൾ കൂടുതൽ വർധിച്ചിരി ക്കുകയാണ്. കേരളത്തിലെ യാഥാർത്ഥ്യ ങ്ങളും ഈ വിജ്ഞാപനം അഭിസം ബോധന ചെയ്യുന്നില്ല കേരളത്തിലെ ജന സാന്ദ്രത ചതുരശ്ര കിലോമിറ്ററിന് ശരാ ശരി 810 ആണ്. എന്നാൽ തീരദേശത്ത് ഇത് 2168 ആണ്. തിരുവനന്തപുരം ജില്ല യിലെ കരികുളം പോലുള്ള പഞ്ചായത്തു കളിലും ചില തീരമുനിസിപ്പാലിറ്റികളി ലും ഇത് പതിനായിരംവരും. തീരത്തോട് ചേർന്ന് മത്സ്യത്തൊഴിലാളികൾ വീടുവെ ച്ചത് തൊഴിൽ സൗകര്യവുമായി ബന്ധ പ്പെട്ട ചരിത്രപരമായ കാരണങ്ങളാലാണ്. കടലിലെ ഏറ്റിറക്കങ്ങളും, തിരകളും ഒ ക്കെ തൊഴിലിന്റെ ഭാഗമായി കരയിൽ നിന്നും നോക്കി തന്നെയാണ് ഇപ്പോഴും പലരും മത്സ്യബന്ധനത്തിനു പോകു ന്നത്. കടലോരത്തു നിന്നും അവരെ മാ റ്റുക എന്നത് അവരുടെ ഉപജീവന സുര ക്ഷയെ കൂടി ബാധിക്കുന്ന പ്രശ്നമാണ്.

### പ്രശ്ന സങ്കീർണ്ണമായ കേരള തീരങ്ങൾ

നൂറുകിലോമിറ്റർ വീതിയുള്ള കേരള ത്തിന്റെ അര കിലോമീറ്റർ പ്രദേശത്തു മാത്രമേ നിരോധനങ്ങളും നിയന്ത്രണ ങ്ങളും നടപ്പാക്കപ്പെടുന്നുള്ളൂ എന്ന് വാദി ക്കുന്നവരുണ്ട്. പക്ഷേ കേരളത്തിലെ 190 ഗ്രാമപഞ്ചായത്തുകളിലും, 19 മുനിസിപ്പാ ലിറ്റികളിലും 3 കോർപ്പറേഷനുകളിലും ഈ നിയന്ത്രണങ്ങൾ പാലിക്കാൻ ബാ ധ്യസ്ഥമാണ്. പത്ത് ലക്ഷത്തോളം പര മ്പരാഗത മത്സ്യത്തൊഴിലാളികളെയാണ് ഏറിയും കുറഞ്ഞും അളവിൽ ഇത് ബാധിക്കുക. കേരളത്തിലെ തീരഗ്രാമങ്ങ ളുടെ സവിശേഷത മൂലം ചില പഞ്ചാ യത്തുകളിൽ ഒറ്റ വീടുപോലും വെക്കാ നാകാത്ത സ്ഥിതിയാണുള്ളത്.

ആലപ്പുഴ ജില്ലയിലെ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ പഞ്ചായത്തുകളിലും കൊ ല്ലം ജില്ലയിലെ ആലപ്പാട്ടും പടിഞ്ഞാറു കടലിനും കിഴക്കു കായലിനുമിടയിൽ 300 മീറ്റർ പോലും ദൂരമില്ല. ഒരു പുതിയ



ഭവനം പോലും അവിടെ വെയ്ക്കാൻ സാധ്യമല്ല. കാസർകോട് ജില്ലയിലെ വലി യപറമ്പിലും സമാനമായ അവസ്ഥയാ ണുള്ളത്.

എറണാകുളം ജില്ലയിലെ ചെല്ലാനം പഞ്ചായത്തിൽ തീരദേശത്ത് 6000 മത്സ്യ ത്തൊഴിലാളി ഭവനങ്ങളുണ്ട്. കായലോ രത്തും, പാടശേഖരങ്ങൾക്കു നടുവിലു മായി 300 ഭവനങ്ങളും വൈപ്പിൻ ബ്ലോ ക്കിൽപ്പെട്ട 8 ഗ്രാമപഞ്ചായത്തുകളിലായി 28,395 തീരദേശ മത്സ്യത്തൊഴിലാളി ഭവ നങ്ങളുണ്ട്. 1390 ഉൾനാടൻ ഭവനങ്ങളു മുണ്ടെന്ന് 2011–ൽ ഫിഷറീസ് വകുപ്പ് പ്ര സിദ്ധീകരിച്ച പാൻഫിഷ് സർവ്വെ പറയു ന്നു. ലോകത്തെ ഏറ്റവും ജനസാന്ദ്രത യേറിയ ഈ ദ്വീപിൽ പുതിയ വീട് കെട്ടു ന്നതിന് സ്ഥലം ലഭ്യക്കുക വളരെ പ്രയാ സകരമായ ഒരു കാര്യമാണ്. പടിഞ്ഞാറ്

കടലും കിഴക്ക് വിസ്യതമായ പൊയിലും, പടശ്ശേഖരങ്ങളും കായലും 16 വലിയ കനാലുകളും ഒക്കെ ചേർന്നാണ് ഈ വിഷമാവസ്ഥ സൃഷ്ടിച്ചിരിക്കുന്നത്. ഇക്കഴിഞ്ഞ ജൂൺ 15,16 തീയതികളിലുണ്ടായ കടൽക്ഷോഭത്തിൽ നായരമ്പലം തീരത്തിനോടുചേർന്ന കരിങ്കൽ ഭിത്തിക്കരികിൽ താമസിച്ചിരുന്ന പത്ത് വീട്ടുകാരെ വെളത്താംപറമ്പിലെ സ്കൂളിലെ ദുരിതാശ്വാസ ക്യാമ്പലേക്ക് മാറ്റി പാർപ്പിച്ചു. കഴിഞ്ഞ പത്ത് വർഷമായി ഇവരെ പുനരധിവസിപ്പിക്കാനുള്ള സ്ഥലം അന്വേഷിച്ച് പഞ്ചായത്ത് റവന്യൂ അധികൃതർ നടക്കുകയാണ്. പറ്റിയ പുറമ്പോക്കു സ്ഥലമോ, വില കൊടുത്തു വാങ്ങാൻ സ്വകാര്യ വ്യക്തികളുടെ സ്ഥലമോ ഇനിയും ലഭിച്ചിട്ടില്ല. പതിവുപോലെ കളക്ടറും, ഉദ്യോഗസ്ഥരും ക്യാമ്പും സ്ഥലങ്ങളും സന്ദർശിച്ച് ആശ്വാസവാക്കുകളും പറഞ്ഞ് മടങ്ങി. ഒരാഴ്ച കഴിഞ്ഞ് ഈ ദുരിത ബാധിതർ ഭാഗികമായി തകർന്ന തങ്ങളുടെ വീടുകളിലേക്ക് തിരികെപ്പോയി.

ഭൂരഹിതപുനരധിവാസ (സീറോ ലാന്റ് ലെസ് പ്രോഗ്രാം) പദ്ധതി പ്രകാരം എറണാകുളം ജില്ലയിൽ 32,000 പേരാണ് അപേക്ഷ സമർപ്പിച്ചിരിക്കുന്നത്. ഇതിൽ ഭൂരിപക്ഷം പേരും ചെല്ലാനവും, വൈപ്പിനുമുൾപ്പെട്ട കൊച്ചി താലൂക്കിലാണ്. ഇത്രയും പേർക്കായി ആകെ കണ്ടെത്തനായത് കുഴുപ്പിള്ളി വില്ലേജിൽ കേവലം 50 സെന്റ് സ്ഥലം മാത്രമാണ്. 8 പേർക്ക് മാത്രമാണ് ഇതിൽ നിന്നും ഭൂമി ലഭിച്ചത്. തീരദേശത്തെ ഭൂ ലഭ്യതയുടെ ഒരു യഥാർത്ഥ്യം ഇതൽ നിന്നും വെളിവാകുന്നുണ്ട്. കേരളത്തിലെ 222 തീരദേശ മത്സ്യത്തൊഴിലാളി ഗ്രാമങ്ങളിലും 111 ഉൾനാടൻ മത്സ്യ ഗ്രാമങ്ങളിലുമായി പാർക്കുന്ന 71 ലക്ഷം മനുഷ്യരും ഏതെങ്കിലും രൂപത്തിൽ ഇതിന്റെ പ്രത്യാഘാതം അനുഭവിക്കാൻ ബാധ്യസ്ഥരാണ്. നമ്മുടെ സംസ്ഥാനത്തിന്റെ സങ്കീർണമായ അവസ്ഥയിലേക്കാണ് ഈ വിഷയങ്ങൾ വിരൽ ചൂണ്ടുന്നത്.

### ഭരണഘടന ഒരു നോക്കു കുത്തി

1986-ലെ പരിസ്ഥിതി സംരക്ഷണ നിയമ പ്രകാരം പരിസ്ഥിതി സംരക്ഷണം സംസ്ഥാനത്തിന്റെ അവകാശ-അധികാരങ്ങളിൽപ്പെടുന്ന (സ്റ്റേറ്റ് ലിസ്റ്റ്) വിഷയമാണ്. മറ്റു പല നിയമ നിർമ്മാണങ്ങളിലും നടന്നതുപോലെ കേന്ദ്ര സർക്കാർ ഒരു മാതൃകാ നിയമം (A Model enabling legislation) ഉണ്ടാക്കി അതതു സംസ്ഥാനങ്ങളിൽ നിയമമാക്കാനേ പാടുള്ളൂ. ഫെഡറലിസത്തിന്റെ ഈ മൗലികാവകാശത്തിനുമേലാണ് - പരിസ്ഥിതി മന്ത്രാലയം കോടാലി വീഴ്ത്തിയിരിക്കുന്നത്.

ഇത്രയും മൗലിക പ്രാധാന്യമുള്ള ഒരു വിഷയത്തിൽ ഒരു നിയമ നിർമ്മാണത്തിനു മുമ്പ് ഒരു നയരൂപികരണവും, പ്രഖ്യാപനവും ( Policy Statement) അവശ്യം വേണ്ട ഒരു മുന്നുപാധിയാണ് ഇവിടെ അതുണ്ടായിട്ടില്ല. കോടിക്കണക്കിനു വരുന്ന തീരദേശ ജനതയുടെ തൊഴിലും വാസവുമായി ബന്ധപ്പെട്ട ഒരു വിഷയം പാർലമെന്റിൽ ചർച്ച ചെയ്യുകയും അതിന്റെ അടിസ്ഥാനത്തിൽ നിയമ നിർമ്മാണം നടത്തുകയുമാണ് വേണ്ടത്. ആഗോളവല്ക്കരണ കാലത്ത് വിപണിയുടെ നിയമങ്ങൾക്ക് പ്രാമുഖ്യമേറി വരികയാണ്. പല അടിസ്ഥാന പ്രശ്നങ്ങളിലും പാർലമെന്റ് തീരുമാനമെടുക്കാതെ എക്സിക്യൂട്ടീവ് ഉത്തരവുകളിലൂടെ നടപ്പാക്കപ്പെടുന്ന സാഹചര്യമാണിന്നുള്ളത്. വനം - പരിസ്ഥിതി മന്ത്രാലയം ഒരു ഉപനിയമ (Subordinate legislatie order) പ്രകാരം ജനപ്രതിനിധി സഭകളുടെ അവകാശങ്ങൾ കവർന്നെടുത്തിരിക്കുകയാണ്.



CRZ-7

തീരദേശത്തും മത്സ്യമേഖലയിലും പല രാജ്യങ്ങളിലും പങ്കാളിത്ത വിഭവ പരിപാലന നടപടികൾ നടപ്പാക്കി വരികയാണ് എന്നാൽ തദ്ദേശീയ ജനവിഭാഗങ്ങളുടയും ജനപ്രതിനിധികളുടേയും പങ്കാളിത്തമില്ലാത്ത സ്ഥാപനങ്ങളാണ് സംസ്ഥാന തീരദേശ പരിപാലന അതോറിറ്റികൾ. കേരളത്തിലെ അതോറിറ്റിയെ ഒരു ഉത്തരവിലൂടെ കേന്ദ്രസർക്കാർ നിയമിക്കുകയാണ് ചെയ്യുന്നത്. ഇതിലെ 12 അംഗങ്ങളിൽ 9 പേരും വിവിധ ഡിപ്പാർട്ട്മെന്റ് സെക്രട്ടറിമാരടങ്ങുന്ന ഉദ്യോഗസ്ഥവൃന്ദമാണ്. 2 പേർ ജനങ്ങളുമായി ബന്ധമില്ലാത്ത അക്കാദമിക്ക് പണ്ഡിതരും. അവശേഷിക്കുന്ന ആൾ ഗവൺമെന്റിതര വോളണ്ടറി സംഘടനയുടെ നേതാവും. ജനങ്ങളോടെന്നതിനേക്കാൾ പണം നല്കുന്ന ഡോണറോടായിരിക്കും അയാളുടെ കൂറ്. കേന്ദ്ര സർക്കാർ എടുക്കുന്ന ഏതു തീരുമാനത്തിനും കീഴൊപ്പു ചാർത്തുന്ന ഉദ്യോഗസ്ഥ മേധാവികളായിരിക്കും ഇനി പരിസ്ഥിതി മേഖലയെയും നയിക്കുക.

ഭരണഘടനയുടെ 246-ാം അനുച്ഛേദം, ഷെഡ്യൂൾ 7, ലിസ്റ്റ് 21 പ്രകാരം തീരക്കടലും മത്സ്യവും സംസ്ഥാന സർക്കാരിന്റെ അവകാശ അധികാര പരിധിയിൽപ്പെടുന്നതാണ്. ഈ അധികാരം ഉപയോഗിച്ചാണ് ഓരോ വർഷവും 22



കിലോമീറ്റർവരെ വരുന്ന തീരക്കടലിൽ സംസ്ഥാന സർക്കാർ വർഷകാലത്ത് ട്രോളിംഗ് നിരോധിക്കുന്നത്. 2011-ലെ പുതിയ നോട്ടിഫിക്കേഷനിലൂടെ ഈ അധികാരം കേന്ദ്ര സർക്കാർ കവർന്നെടുത്തിരിക്കു കയാണ്. 22.കി.മീ വരെ വരുന്ന തീരക്കടലിന്റെ വെള്ളവും അടിത്തട്ടും അടങ്ങുന്ന മേഖലയുടെ പരിപാലനവും ഇനിമേൽ കേന്ദ്ര സർക്കാരിന്റെ കിഴിലേക്ക് പോവുകയാണ്. കേരളത്തിലെ തീരക്കടൽ ധാതു ഖനിജങ്ങളാൽ സമ്പന്നമാണെന്നത് ഒരു യഥാർത്ഥ്യമാണ്. കൊല്ലം ആലപ്പുഴ തീരക്കടലിലെ കരിമണൽ ശേഖരം തന്നെ ഇതിന് തെളിവാണ്. വിഭവ പരിപാലനത്തിന്റെ പേരിൽ വിഭവങ്ങള കവർന്നെടുക്കുകയും അവയെ കുത്തകകൾക്കു കൈമാറാനുമുള്ള ആസൂത്രിത നീക്കമാണ് ഇതുവഴി നടക്കുന്നത്.

### കൂരയില്ലാത്തവന് ജെയിൽ കുത്തകകൾക്ക് കൊട്ടാരം

മത്സ്യത്തൊഴിലാളിയുടെ കൂര വെയ്ക്കാനുള്ള അവകാശം നിർദ്ദാക്ഷിണ്യം കവർന്നെടുക്കുമ്പോൾ തന്നെ പുതിയ നിയമത്തിലൂടെ വർഷങ്ങളായി അവർ അനുഭവിച്ചുവന്ന പരമ്പരാഗത അവകാശങ്ങളേയും (Customary rights) തട്ടിപ്പറിച്ചെടു ക്കുന്നുമുണ്ട്. 20,000 സ്ക്വയർ മീറ്ററിലധികമുള്ള കെട്ടിടങ്ങൾ, ടൂറിസ്റ്റ് വ്യവസായം, പ്രത്യേക സാമ്പത്തിക മേഖലകൾ, ന്യൂക്ലിയർ പവർ പ്രൊജക്റ്റുകൾ തുടങ്ങിയവ വികസന രഹിത മേഖലയിൽ പ്രവർത്തിപ്പിക്കുന്നതിന് വിജ്ഞാപനം ഉറപ്പു വരുത്തിയിട്ടുണ്ട്.

ഇത് യാദൃഛികമല്ല. വിജ്ഞാപനത്തിന്റെ തൊഴിലാളി വിരുദ്ധ ഉള്ളടക്കം ചൂണ്ടിക്കാട്ടിയ ഞങ്ങളോട് "പരമ്പരാഗത മത്സ്യത്തൊഴിലാളി അവകാശ സംര

ക്ഷണ നിയമം" പാസ്സാക്കുമെന്ന് കേന്ദ്ര മന്ത്രി ജയറാം രമേഷ് അറിയിക്കുകയുണ്ടായി. ആ നിയമപ്രകാരം മൂന്നു തലമുറ (75വർഷം) തുടർച്ചയായി മത്സ്യബന്ധത്തിലേർപ്പെടുക യും, യന്ത്രം ഉപയോഗിക്കാതെ 5 കിലോമീറ്ററിനകത്ത് മത്സ്യബന്ധനം നടത്തുകയും ചെയ്യുന്നവരാണ് പരമ്പരാഗത മത്സ്യത്തൊഴിലാളി. ഈ നിർവ്വചന പ്രകാരം കേരളത്തിൽ കടലിൽ മീൻ പിടിക്കാൻ പോകുന്ന മൂന്നുലക്ഷം സജീവ മത്സ്യത്തൊഴിലാളികളിൽ രണ്ടേ മുക്കാൽ ലക്ഷവും പട്ടികയ്ക്കു വെളിയിലാകും.



കൊച്ചി - ചിലവനൂരിലെ ഡി എൽ എഫ് ഫ്ളാറ്റ്

കഴിഞ്ഞ വർഷം കേരളം 8.25 ലക്ഷം ടൺ മത്സ്യം പിടിച്ചതിൽ 8 ലക്ഷവും യന്ത്രം ഘടിപ്പിച്ച വള്ളങ്ങളിലും ബോട്ടുകളിലുമാണ് പിടിച്ചത്. അവരെ ഈ പട്ടികയിൽ പുറംതള്ളാനാണ് നീക്കം.

ഈ നിയമത്തോടൊപ്പം 2009-ൽ സമുദ്ര മത്സ്യ ബന്ധന നിയന്ത്രണ നിയമവും കേന്ദ്ര സർക്കാർ പ്രഖ്യാപിച്ചു. ആഴക്കടലിൽ വിദേശകുത്തകൾക്ക് ഇതുപ്രകാരം മത്സ്യബന്ധനത്തിന് ലൈസൻസ് നല്കും. ലൈസൻസില്ലാതെ പുറംകടലിൽ മീൻപിടിക്കുന്ന തൊഴിലാളിയെ മൂന്നുമാസം തടവിനും 9 ലക്ഷം രൂപ പിഴയും ശിക്ഷ വിധിക്കുന്നതാണ് ഈ നിയമം. പ്രതിഷേധത്തെ തുടർന്ന് നിയമം നടപ്പാക്കുന്നത് മരവിപ്പിച്ചു നിർത്തിയിരിക്കുകയാണ്. 2010-ലെ കേന്ദ്ര നീർത്തടസംരക്ഷണ നിയമത്തിലും സംസ്ഥാന സർക്കാരിന്റെ അവകാശങ്ങൾ കവർന്നെടുക്കുന്ന നടപടികളാണ് ഉള്ളടങ്ങിയിരിക്കുന്നത്.

## സമഗ്രമായ പരിഷ്ക്കരണം ആവശ്യം

പാരിസ്ഥിതികമായി ദുർബ്ബലമായ ഒട്ടനവധി മേഖലകളുള്ള കേരളം ഇത്തരമൊരു നിയമത്തെ പൂർണ്ണമായും എതിർക്കുന്നത് ശരിയാവുകയില്ല. നിയമത്തെ സമ്പുഷ്ടീകരി ക്കുകയാണ് വേണ്ടത്. കേരളത്തിന് ഗോവ, നവിമുംബെ, സുന്ദർബൻസ് പോലെ സവിശേഷവും സങ്കീർണ്ണവുമായ ഇക്കോസിസ്റ്റവും ജനസാന്ദ്രതയും കണക്കിലെടുത്ത് ഒരു പ്രത്യേക സ്ഥാനം വിജ്ഞാപനത്തിൽ നല്കിയിട്ടുണ്ട്. വേമ്പനാട്ടു കായലിനെ അതീവ ലോല പരിസ്ഥിതി മേഖല (Critcally Vulrerable Coastal Area) യായി പ്രഖ്യാപിച്ച് സവിശേഷ സ്ഥാനം നല്കിയിട്ടുണ്ട്. ഇതു പ്രകാരം കേരളത്തിന് പല ഇളവുകളും ലഭിക്കാനർഹതയുണ്ട്.

പുതിയ വിജ്ഞാപന പ്രകാരം കേരളം 5-ാം സോണിലാണ് (CRZ ñV) ഉൾപ്പെടുക. 2011 ജനുവരി 6-നാണ് പുതുക്കിയ വിജ്ഞാപനം പുറത്തു വന്നത്. രണ്ടു വർഷത്തിനുളളിൽ ഓരോ തീരദേശ സംസ്ഥാനവും ഒരു തീരപരിപാലന മാസ്റ്റർ പ്ലാൻ തയ്യാറാക്കണമെന്ന് വനം-പരിസ്ഥിതി മന്ത്രാലയം പറഞ്ഞിരുന്നു. ഓരോ തീരദേശ ഗ്രാമപഞ്ചായത്തും തങ്ങളുടെ പഞ്ചായത്തിലെ പ്ലാനും തയ്യാറാക്കേണ്ടതായിരുന്നു. വേലിയേറ്റ രേഖയിൽ നിന്നും നൂറുമീറ്ററിനും ഇരുനൂറു മീറ്ററിനുമിടയിൽ ഭവനങ്ങൾ നിർമ്മിക്കുന്നതിനും മത്സ്യത്തൊഴിലാളികളെ പുനരധിവസിപ്പിക്കുന്നതിനും പ്രത്യേക ആനുകൂല്യപ്രകാരമുള്ള പദ്ധതികളും ഈ പഞ്ചായത്തുകൾ സമർപ്പിക്കേണ്ടതായിരുന്നു. പക്ഷേ പ്രശ്ന സങ്കീർണ്ണമായ നമ്മുടെ സംസ്ഥാനത്ത് മൂന്നര വർഷം കഴിഞ്ഞിട്ടും ഇക്കാര്യങ്ങൾ ഒച്ചിഴയുന്ന വേഗതയിലാണ് പോകുന്നത്.

1995-ലാണ് തിരുവനന്തപുരത്തെ ഭൗമപഠന കേന്ദ്രം (സെസ്സ്) തീരപരിപാലനവുമായി ബന്ധപ്പെട്ട ഭൂപടം തയ്യാറാക്കിയത്. കഴിഞ്ഞ 19 വർഷത്തിനിടയിൽ തീരത്തിനുണ്ടായ മാറ്റങ്ങൾ കണിക്കിലെടുത്ത് ഭൂപടം പരിഷ്ക്കരിക്കേണ്ടതുണ്ട്. കൈയ്യേറ്റക്കാരെ കൃത്യമായി കണ്ടെത്തുന്നതിനും ഭാവി സാധ്യതകൾ വിശകലനം ചെയ്യുന്നതിനും ഇത് അത്യന്താപേക്ഷിതമാണ്. തിരുവനന്തപുരത്തുള്ള സെസ്സ് മഹാരാഷ്ട്ര അടക്കമുള്ള സംസ്ഥാനങ്ങളുടെ ഭൂപടം തയ്യാറാക്കുകയും മാസ്റ്റർ പ്ലാൻ തയ്യാറാക്കുകയും ചെയ്തിട്ടുണ്ട്. പക്ഷേ തങ്ങളുടെ ആസ്ഥാനമിരിക്കുന്ന സംസ്ഥാനത്തിന്റെ ഭൂപടം തയ്യാറാക്കാനോ മാസ്റ്റർ പ്ലാൻ തയ്യാറാക്കാനോ ആവശ്യമായ സാമ്പത്തികവും സാങ്കേതികവുമായ സഹായങ്ങൾ കേരള സർക്കാരിൽ നിന്നും അവർക്ക് ലഭിച്ചില്ല എന്നത് ഈ വിഷയത്തെ സങ്കീർണ്ണമാക്കിയിട്ടുണ്ട്.

സമീപദിവസങ്ങളിൽ കേരളത്തിലെ നാലു നഗരങ്ങളുടെ തീരപരിപാലന ഭൂപടം സെസ്സ് തയ്യാറാക്കിയിട്ടുണ്ട്. ഇതിന്മേൽ ബഹുജനാഭിപ്രായം രൂപീകരിക്കാനുള്ള യോഗങ്ങൾ വിവിധ സംഘടനകളുടെ പ്രതിഷേധങ്ങളാൽ മുഖരിതമായി. മത്സ്യമേഖലയുടെ ആശങ്കയാണ് അവിടെ പ്രതിഫലിച്ചത്.

ഭൂപടത്തിന്റെ അടിസ്ഥാനത്തിൽ സമഗ്രമായ ഒരു മാസ്റ്റർ പ്ലാൻ സർക്കാർ തയ്യാറാക്കേണ്ടതുണ്ട്. കേരള തീരത്തിന്റെ സവിശേഷതകൾ കണക്കിലെടുക്കുന്ന തീര പരിസ്ഥിതി നയവും ഭവന നിർമ്മാണ നയവും മത്സ്യമേഖലാ പരിപാലന നയവും പുനരധിവാസ നയവും കൂടി സർക്കാർ പ്രഖ്യാപിക്കേണ്ടതുണ്ട്. എല്ലാ വിഭാഗങ്ങളുടെയും പങ്കാളിത്തം ഇതിന് ആവശ്യമാണ്. ഇതിന്റെ അടിസ്ഥാനത്തിൽ മാത്രമേ ഈ നിയമം സമഗ്രമാവുകയുള്ളൂ.

കഴിഞ്ഞ ഓഗസ്റ്റ് 22-ന് കേരളം സന്ദർശിച്ച വനം- പരിസ്ഥിതി മന്ത്രാലയത്തിലെ ഉദ്യോഗസ്ഥർക്ക് മുന്നിൽ 13 തീര പ്രദേശങ്ങളും ഏഴ് നഗര പ്രദേശങ്ങളും അടങ്ങുന്ന 'നിർദ്ദിഷ്ട ടൂറിസ്റ്റ് കേന്ദ്രങ്ങൾ' എന്ന ആശയം സംസ്ഥാന സർക്കാർ അവതരിപ്പിച്ചിട്ടുണ്ട്. ഇളവുകൾ മത്സ്യത്തൊഴിലാളികൾക്കും തീരവാസികൾക്കും മാത്രമായിരിക്കും എന്ന ഫെബ്രുവരി 6-ന്റെ പത്ര സമ്മേളനത്തിന്റെ നിലപാടിൽ നിന്നുള്ള പിന്നോട്ട് പോക്കാണിത്.

തീരദേശ പരിപാലന നിയമത്തിലെ തൊഴലാളികൾക്ക് ഹാനികരമായ വ്യവസ്ഥകൾ തിരുത്തുന്നതിന് സംസ്ഥാനത്തെ സംഘടനകൾ ഒറ്റക്കെട്ടായി രംഗത്തിറങ്ങേണ്ടതുണ്ട്. സംസ്ഥാനത്തിന്റെ അവകാശങ്ങൾ പരിരക്ഷിക്കുന്നതിനും പാർലമെന്റിൽ ഈ വിഷയം ചർച്ച ചെയ്തുകൊണ്ട് സമഗ്രമായ പരിഷ്ക്കരണത്തിന് രാഷ്ട്രീയ പ്രസ്ഥാനങ്ങളും മുൻകൈയ്യെടുക്കണം. അതേ സമയം കൈയ്യേറ്റ - ടൂറിസ്റ്റ് മാഫിയ സംഘങ്ങളുടെ കടന്നുകയറ്റത്തിൽ നിന്ന് തീരത്തെ സംരക്ഷിക്കുന്നതിന് വിപുലമായ ബഹുജന പ്രസ്ഥാനം കെട്ടിപ്പടുക്കുന്നതിന് മത്സ്യത്തൊഴിലാളി സംഘടനകളും മുന്നിട്ടിറങ്ങേണ്ടതുണ്ട്. ●

# പിന്നോട്ട് നടക്കുന്ന കേരളവും നവോത്ഥാന മൂല്യങ്ങളുടെ പ്രസക്തിയും

പി. സി. ഉണ്ണിച്ചെക്കൻ

**‘ഓ**ർമ്മശക്തിയാണ് അറിവ്’ എന്ന് പ്ലേറ്റോ നൂറ്റാണ്ടുകൾക്കു മുമ്പാണ് എഴുതിയത്. ‘നരനു നരനശുദ്ധവസ്തു’വായ് കരുതിയിരുന്ന ഇരുണ്ട ഭൂതകാലത്തെ, പോരാട്ടങ്ങളിലൂടെ മറികടന്ന നവോത്ഥാനകാലത്തിന്റെ തിളക്കമുള്ള ചരിത്രത്തെ മലയാളി വിസ്മരിക്കുകയാണോ എന്ന് സംശയം തോന്നിപ്പിക്കുന്ന സാഹചര്യമാണ് വർത്തമാനകാലഘട്ടത്തിന്റേത്. ജന്മിത്വ ചൂഷണത്തിൽ നിന്നും ജാതി ചിന്തയുടെ ചങ്ങലക്കെട്ടുകളിൽ നിന്നും അന്ധവിശ്വാസങ്ങളുടെ നീരാളിപ്പിടുത്തത്തിൽ നിന്നും കുതറിമാറിയാണ് പുരോഗമന ആശയങ്ങളുടെ വിളനിലമായി കേരളം മാറിയത്. ഇരുണ്ട ഈ ഇന്നലെകളെ മാറ്റിമറിച്ച ഉജ്ജ്വല പോരാട്ടങ്ങളെ മറന്ന് മലയാളി പുറകോട്ടു നടക്കുകയാണോ? പ്ലേറ്റോ പറഞ്ഞ അറിവിന്റെ അടിസ്ഥാനമായ ഓർമ്മകളെ കയ്യൊഴിഞ്ഞ് അജ്ഞരും ദുർബ്ബലരുമായിക്കൊണ്ടിരിക്കുന്ന മലയാളികൾക്കിടയിൽ സിദ്ധന്മാരും ജ്യോതിഷികളും മന്ത്രവാദികളും ആൾദൈവങ്ങളും പെരുകുകയാണ്. പുരോഗമന ഇടതുപക്ഷ ആശയങ്ങൾ ആധിപത്യം ചെലുത്തിയിരുന്ന കേരളത്തിന്റെ സാമൂഹ്യ-സാംസ്കാരിക മണ്ഡലങ്ങളിൽ പിന്തിരിപ്പൻ പ്രതിലോമശക്തികളും അന്ധവിശ്വാസങ്ങളും കൂടുകൂട്ടാൻ തുടങ്ങിയിരിക്കുന്നു. ‘വിദ്യകൊണ്ട് പ്രബുദ്ധരാകുക’ എന്ന ആഹ്വാനം ജനി

അന്ധവീശ്വാസ ദുരാചാരങ്ങളിൽ നിന്ന് കേരളത്തെ രക്ഷിക്കുക എന്ന മുദ്രവാക്യമുയർത്തി യുവജനവേദി ഒക്ടോബർ 15 ന് സെക്രട്ടറിയറ്റിലേക്ക് നടത്തിയ മാർച്ച്



ച്ച മണ്ണിൽ ശാസ്ത്രീയബോധവും യുക്തിചിന്തയും പിൻതള്ളപ്പെടുന്നു. പൊതുബോധത്തിൽ നിന്നും സ്വകാര്യതയിലേക്ക് ചേക്കേറുന്ന മലയാളി സമൂഹം ഉജ്ജ്വലമായ പോരാട്ടപൈതൃകത്തെ തിരസ്ക്കരിക്കുന്ന സംഭവങ്ങളാണെങ്ങും. ഭാരതരത്ന പുരസ്ക്കാരജേതാവ് പ്രൊഫസർ CNR റാവുപറഞ്ഞത് 'ശാസ്ത്രം വളരുന്നതനുസരിച്ച് ശാസ്ത്രജ്ഞന്മാർ പോലും വളരുന്നില്ല' എന്നാണ്. പൊന്നനിലെ ഫർസാന, കൊല്ലം ജില്ലയിലെ തഴവ ഗ്രാമത്തിനടുത്ത് ദുർമന്ത്രവാദത്തിനിടയിൽ കൊല്ലപ്പെട്ട ഹസീന, പത്തനംതിട്ട ജില്ലയിലെ അതിര എന്നിവർ, പ്രബുദ്ധ കേരളം എങ്ങോട്ട് നീങ്ങുന്നുവെന്നതിന്റെ ഏറ്റവും ഒടുവിലത്തെ ഉദാഹരണങ്ങളാണ്.

## ഭ്രാന്താലയം മനുഷ്യാലയമാവുന്നു


മലബാറിൽ ഞാൻ കണ്ടതിനേക്കാൾ കവിഞ്ഞ ഒരു വിഡ്ഢിത്തം ഇതിനു മുൻപ് എവിടെയെങ്കിലും ഉണ്ടായിട്ടുണ്ടോ? സവർണർ നടക്കുന്ന തെരുവിലൂടെ പാവപ്പെട്ട പറയൻ നടന്നുകൂടാ. ഈ മലബാറുകാരെല്ലാം ഭ്രാന്തൻമാരാണ്. അവരുടെ വീടുകളത്രയും ഭ്രാന്താലയങ്ങളാണ്........ഇത്തരം നീചവും പൈശാ



സ്വാമി വിവേകാനന്ദൻ

ചികവുമായ ആചാരങ്ങൾ പുലർത്തുന്ന അക്കൂട്ടർക്ക് ലജ്ജയില്ലല്ലോ ? പ്രാചീന കേരളത്തെക്കുറിച്ച് സ്വാമി വിവേകാനന്ദൻ പറഞ്ഞ വാക്കുകളാണിവ. തൊട്ടുകൂടാത്തവർ തീണ്ടിക്കൂടാത്തവർ, ദൃഷ്ടിയിൽപെട്ടാലും ദോഷമുള്ളോർ എന്ന് കുമാരനാശാൻ വിവരിച്ച ദുരവസ്ഥയാണ് കേരളത്തിൽ നിലനിന്നിരുന്നത്. ഭാഷയിലും വേഷത്തിലും ഭക്ഷണത്തിലും വരെ ജാതിമുദ്രകൾ പതിഞ്ഞിരുന്നു. വിവിധ ജാതിശ്രേണിയിൽ പെട്ടവരുടെ സമ്പർക്കത്തിനുപോലും നിയമങ്ങളുണ്ടായിരുന്നു. തീണ്ടപ്പാട് എന്നാണ് ഇത് അറിയപ്പെട്ടിരുന്നത്. നായർ നമ്പൂതിരിയിൽ നിന്ന് 4 അടിയും, ഈഴവർ 28 അടിയും, പുലയർ 96 അടിയും അകലെ നിന്നു മാത്രമേ സംസാരിക്കുവാൻ പാടുണ്ടായിരുന്നുള്ളൂ. നായരും ഈഴവനും തമ്മിലുള്ള തീണ്ടപ്പാട് 12 അടിയായിരുന്നു.

അർണ്ണന് സവർണ്ണനുപയോഗിക്കുന്ന ഭാഷ ഉച്ചരിക്കുവാൻ അവകാശമുണ്ടായിരുന്നില്ല. കണ്ണിന് പഴങ്കണ്ണെന്നും, ചെവിക്ക് പഴഞ്ചെവിയെന്നും, ചോറിന് കരിക്കാടിയെന്നും, അരിക്ക് ഉമിയെന്നും പറയാനേ അവർണ്ണന് അവകാശമുണ്ടായിരുന്നുള്ളൂ. കുടുമ വയ്ക്കുന്നതിനും വ്യത്യസ്ഥതകളുണ്ടായിരുന്നു. മുട്ടിനുതാഴെ, മുട്ടുവരെ, കണംകാൽവരെ എന്നിങ്ങനെയായിരുന്നു മുണ്ടുടുക്കേണ്ട രീതികൾ. അവർണ്ണ സ്ത്രീകൾക്ക് മാറു മറിക്കാൻ അവകാശമുണ്ടായിരുന്നില്ല. അടിമവ്യവസ്ഥയും ചാതുർവർണ്യവും ജാതി ഉച്ചനീചത്വവും ജന്മിത്വവും ഇരുട്ടിൽ തളച്ച കേരളത്തിൽ നവോത്ഥാന നേതാക്കളുടെ ഉദയത്തോടെ എതിർശബ്ദങ്ങൾ ഉയരാൻ തുടങ്ങി.



ശ്രീ നാരായണ ഗുരുവും സഹോദരൻ അയ്യപ്പനും

## വെളിച്ചത്തിന്റെ തിരി തെളിയിച്ച നവോത്ഥാന നേതാക്കൾ

വൈകുണ്ഠസ്വാമികൾ, ശ്രീനാരായണ ഗുരു, ആറാട്ടുപുഴ വേലായുധപണിക്കർ, ഡോ.പൽപ്പു, സഹോദരൻ അയ്യപ്പൻ, ചട്ടമ്പി സ്വാമികൾ, പണ്ഡിറ്റ് കറുപ്പൻ, വി.ടി.ഭട്ടതിരിപ്പാട്, പൊയ്കയിൽ യോഹന്നാൻ, വാഗ്ഭടാനന്ദൻ, ബ്രാഹ്മാനന്ദ ശിവയോഗി, മക്തി തങ്ങൾ എന്നിങ്ങനെ ഒട്ടേറെ നവോത്ഥാന നേതാക്കളാണ് കേരളത്തെ ഭ്രാന്താലയത്തിൽ നിന്ന് മനുഷ്യാലയമാക്കുന്നതിന് നേതൃത്വം നൽകിയത്. ബ്രിട്ടീഷ് ഭരണത്തെ 'വെൺനീചഭരണ'മെന്നും തിരുവിതാംകൂർ ഭരണത്തെ 'അനന്തപുരത്തെ നീചന്റെ ഭരണ'മെന്നും വിമർശിക്കാൻ ധൈര്യം കാണിച്ച വ്യക്തിയാണ് വൈകുണ്ഠസ്വാമികൾ. അടിമത്ത വ്യവസ്ഥയെ വെല്ലുവിളിച്ച്, ജോലി ചെയ്താൽ കൂലി കിട്ടണമെന്ന മുദ്രാവാക്യം അദ്ദേഹം



അയ്യങ്കാളി


ഉയർത്തി. ക്ഷേത്രപ്രവേശനത്തിന് പ്രക്ഷോഭം നയിക്കുകയും പന്തിഭോജനം സംഘടിപ്പിക്കുകയും ചെയ്ത അദ്ദേഹം കണ്ണാടി പ്രതിഷ്ഠയും നടത്തി. 1836-ൽ സമത്വ സമാജം സംഘടിപ്പിച്ച വൈകുണ്ഠസ്വാമികളാണ് കേരളത്തിന്റെ ഈ ദിശയിലുള്ള പ്രവർത്തനങ്ങളുടെ ആദ്യ വഴികാട്ടി. സവർണ്ണർക്കുമാത്രം അഭ്യസിക്കുവാൻ അവകാശമുണ്ടായിരുന്ന കഥകളി, അവർണ്ണരെ പഠിപ്പിച്ച് അവതരിപ്പിക്കുവാൻ നേതൃത്വം നൽകിയ ആറാട്ടുപുഴ വേലായുധപണിക്കർക്ക് 1874 ജനുവരി 3 ന് രക്തസാക്ഷിയാകേണ്ടിവന്നു. കേരളീയ നവോത്ഥാന പ്രസ്ഥാനത്തിന്റെ ശക്തിസ്ത്രോതസ്സായ ശ്രീനാരായണഗുരു 1888-ൽ നടത്തിയ അരുവിപ്പുറം പ്രതിഷ്ഠ ചാതുർവർണ്യത്തിന്റെ കോട്ടക്കൊത്തളങ്ങളിൽ ഇടിമുഴക്കം സൃഷ്ടിച്ചു. സംഘടിച്ച് ശക്തനാകാനും വിദ്യകൊണ്ട് പ്രബുദ്ധരാകാനും മലയാളിയെ ഗുരു സന്നദ്ധരാക്കി.

1903 മെയ് 15 ന് ഡോ.പൽപ്പുവിന്റെയും കുമാരനാശാന്റെയും നേതൃത്വത്തിൽ എസ്.എൻ.ഡി.പി. എന്ന സംഘടനയ്ക്ക് ഗുരു രൂപം നൽകി. കേരളത്തിലെ വിവിധ വിഭാഗങ്ങളിൽ പെട്ടവരെ ഉൾപ്പെടുത്തിയാണ് ഗുരു സംഘടനയ്ക്ക് രൂപം നൽകിയത്. ഇതിൽനിന്നും പ്രചോ

ദനം ഉൾക്കൊണ്ടാണ് വിവിധ വിഭാഗങ്ങൾ സമൂഹ്യപരിഷ്ക്കരണത്തിനും അവശതാപരിഹാരത്തിനുമായി സംഘടനകൾ രൂപീകരിക്കാൻ തീരുമാനിച്ചത്. 1905 ൽ കത്തോലിക്ക മഹാജനസഭയും, ശ്രീ അയ്യങ്കാളിയുടെ നേതൃത്വത്തിൽ എല്ലാ അധഃസ്ഥിത വിഭാഗങ്ങളെയും ഉൾപ്പെടുത്തി 1907ൽ സാധുജന പരിപാലനസംഘവും, 1909 ൽ പൊയ്കയിൽ യോഹന്നാന്റെ നേതൃത്വത്തിൽ പ്രത്യക്ഷ രക്ഷാ ദൈവസഭയും 1910 ൽ വേല സമുദായ പരിഷ്കരണി സഭയും, യോഗക്ഷേമസഭയും, 1913-ൽ കൊച്ചി പുലയമഹാസഭയും, 1914-ൽ എൻ.എസ്.എസും, 1921-ൽ മലബാറിൽ ഹരിജൻ സമാജവും 1924-ൽ ചേരമർ സംഘവും രൂപം കൊണ്ടു. 1917-ൽ ചെറായിൽ സഹോദരൻ അയ്യപ്പന്റെ നേതൃത്വത്തിൽ പന്തിഭോജനവും നടന്നു. വൈക്കം, ഗുരുവായൂർ, പാലിയം, കുട്ടങ്കുളം, കല്പാത്തി, സുചീന്ദ്രം സമരങ്ങളും അയ്യങ്കാളിയുടെ വില്ലുവണ്ടിയാത്രയും വിദ്യാഭ്യാസ അവകാശ പോരാട്ടങ്ങളും കർഷകതൊഴിലാളി പണിമുടക്കും കല്ലുമാല ബഹിഷ്കരണവും നമ്പൂതിരിയെ മനുഷ്യനാക്കി മാറ്റാൻ വി.ടി. നടത്തിയ ശ്രമങ്ങളും, വിധവാ വിവാഹവും, മിശ്ര വിവാഹങ്ങളും കേരളീയ സമൂഹത്തിൽ തിരയിളക്കങ്ങൾ സൃഷ്ടിച്ചു.

### സൂര്യശോഭക്കെതിരെ പഴംമുറം പിടിച്ചവർ

ഈ നവോത്ഥാനകാല പ്രക്ഷോഭങ്ങൾ സുഗമമായും സർവ്വാംഗികാരത്തോടെയും സംഭവിച്ചവയായിരുന്നില്ല. പ്രതിലോമശക്തികളുടെ കടുത്ത വെല്ലുവിളികളെ നേരിട്ടുകൊണ്ടാണ് അവ മുന്നോട്ടുപോയത്. ഈ പ്രക്ഷോഭങ്ങൾ കേരളീയ സമൂഹത്തിൽ ഉയർത്തിവിട്ട വിപ്ലവജ്വാലകളെ കെടുത്താൻ പിന്തിരിപ്പൻ ശക്തികൾ സർവ്വസന്നാഹങ്ങളോടെയും കുതിച്ചിറങ്ങി. പാലിയം സത്യാഗ്രഹത്തിൽ സഖാവ് എ.ജി.വേലായുധൻ രക്തസാക്ഷിയായി. അടുക്കളയിൽനിന്ന് അരങ്ങത്തേക്ക് എന്ന നാടകത്തിനെതിരെ ടി. എസ്.ഭട്ടതിരിപ്പാട് സഖാവിന്റെ മാനസാന്തരം എന്ന നാടകവുമായി രംഗത്തിറങ്ങി. വി.ടി.യുടെ പിതാവിന്റെ ശവസംസ്കാരച്ചടങ്ങ് അദ്ദേഹത്തിന് തനിച്ച് നടത്തേണ്ടിവന്നു. പൊട്ടേരേഴിയം ചെറിയ രാമൻ ഇളയത് അയിത്തത്തെ മഹത്വവൽക്കരിച്ച് കവിത എഴുതി പ്രതിരോധത്തിനിറങ്ങി. പഞ്ചിമൻ നമ്പൂതിരിയുടെ നേതൃത്വത്തിൽ ചില ബ്രാഹ്മണ സംഘടനകൾ ഇംഗ്ലീഷ് വേണ്ട അയിത്തം മതി എന്ന് ഉദ്ഘോഷിച്ചു. പാലിയത്ത് കുഞ്ഞുണ്ണി അച്ഛന്റെ നേതൃത്വത്തിൽ സനാതനി സംഘം ഗുരുവായൂർ സത്യാഗ്രഹത്തെ എതിർക്കാൻ പുറപ്പെട്ടു. പതാക്കര നമ്പൂതിരിമാർ തൊഴിൽ കേന്ദ്രങ്ങളെ അസാന്മാർഗ്ഗിക കേന്ദ്രങ്ങളെന്ന് അധിക്ഷേപിച്ചു. പന്തിഭോജനം സംഘടിപ്പിച്ച സഹോദരൻ അയ്യപ്പനെ പുലയൻ അയ്യപ്പനെന്ന് പരിഹസിച്ച് കഴുത്തിൽ കടിത്തുമ്പ (ചൊറിയണ) മാലയിട്ട് അപമാനിച്ചു. അയ്യങ്കാളിയുടെ നേതൃത്വത്തിൽ അധസ്ഥിത കുട്ടികളെ വിദ്യാഭ്യാസത്തിന്



വി ടി ഭട്ടതിരിപ്പാട്

പ്രവേശിപ്പിച്ച വിദ്യാലയങ്ങൾ സവർണ്ണഗുണ്ടകൾ തീയിട്ട് നശിപ്പിച്ചു. റൗക്കയിട്ട സ്ത്രീകളുടെ മുലക്കണ്ണിൽ ചിരട്ടയിട്ട് അപമാനിച്ചു. മോചനസ്വപ്നം മനസ്സിൽ ഉദിച്ച പുതിയ മനുഷ്യന്റെ മുന്നേറ്റം തടയാൻ ശ്രമിച്ചവർ പരാജയപ്പെട്ടു.

### ഭൂമി കുലുങ്ങി വെളിച്ചം പരന്നു

ചാതുർവർണ്ണ്യത്തിന്റെ നെടുംകോട്ടകൾ പിളർത്തി കേരളീയ സമൂഹം പിച്ചവെക്കുവാൻ തുടങ്ങിയത് കണ്ട് പഴമക്കാർ പകച്ചുപോയി.

കാപ്പി നടപ്പിലായ്<br>
മാപ്പിള ജഡ്ജിയായ്<br>
ഉപ്പിന്റെ തൂക്കവും<br>
ചാക്കിലായ്

എന്ന പഴയപാട്ടിൽ ഈ മാറ്റം കണ്ട് പകച്ച ജനങ്ങളെ കാണാം. കാലം പോയ പോക്ക് എന്ന കവിതയിൽ വെൺമണി മഹൻ നമ്പൂതിരിപ്പാട്

വെട്ടുന്നു-ഹന്തമുടിമീശ<br>
വടിച്ചു വേഷംകെട്ടി ഭാര്യയോടുകൂടി<br>
നടന്നീടുന്നു

എന്ന് അത്ഭുതം കൂറി.

കുടുമകൾ മുറിച്ചും പൂണൂൽ പൊട്ടിച്ചും സവർണ്ണയുവത്വം സ്വാതന്ത്ര്യം ആഘോഷിച്ചു. ഘോഷയും മറക്കുടയും വലിച്ചെറിഞ്ഞ് അന്തർജനങ്ങൾ പുറത്തിറങ്ങി. മാറു മറച്ചും കല്ലുമാലകൾ തീയിലെരിച്ചും അധഃസ്ഥിത പിന്നോക്ക സ്ത്രീകൾ തങ്ങളും മനുഷ്യരാണെന്ന് പ്രഖ്യാപിച്ചു.

ജാതിഭേദം മതദ്വേഷ<br>
മേതുമില്ലാതെ സർവ്വരും<br>
സോദരത്വേന വാഴുന്ന<br>
മാതൃകാസ്ഥാനങ്ങൾ

കേരളത്തിൽ അങ്ങോളമിങ്ങോളം ഉയർന്നു. ബിംബങ്ങൾക്കു പകരം കണ്ണാടിയും കെടാവിളക്കും പ്രതിഷ്ഠകളായി. കേരളത്തിന്റെ ആകാശങ്ങളിൽ കാർമേഘങ്ങൾ പിളർന്ന് പുത്തൻ പുലരി പിറക്കാൻ തുടങ്ങി.

### ചരിത്രം നടന്ന വഴികൾ

നവീന ആശയങ്ങളാൽ പ്രചോദിതരായ മനുഷ്യർ സംഘം ചേർന്ന് അവകാശ പോരാട്ടങ്ങളിൽ അണിനിരന്നു. മാറു മറയ്ക്കാനും, വഴി നടക്കാനും, വിദ്യാലയങ്ങളിൽ പോകാനും, ഇഷ്ടമുള്ള വസ്ത്രം ധരിക്കാനും വേണ്ടിയുള്ള പോരാട്ടങ്ങൾ ഊർജിതങ്ങളായി. ഈ പ്രക്ഷോഭങ്ങളിൽ നാട് ഉരുകിത്തിളയ്ക്കുന്നത് കണ്ടുകൊണ്ടാണ് കുമാരനാശാൻ 'ഹേ, ലഹളേ നീയിന്നേറ്റവും നല്ല സാമൂഹ്യ പരിഷ്ക്കർത്താവ്' എന്ന് വിവേകോദയത്തിലെഴുതിയത്.

മാറ് മറച്ചാൽ, മുണ്ട് താഴ്ത്തിയുടുത്താൽ, തലേകെട്ട് കെട്ടിയാൽ, മുടി കൊണ്ട വെച്ചുകെട്ടിയാൽ, മീശവെച്ചാൽ,



പണ്ഡിറ്റ് കറുപ്പൻ

ചെരിപ്പിട്ടാൽ, കുടപിടിച്ചാൽ, കമ്മലിട്ടാൽ, മൂക്കുത്തിയിട്ടാൽ, പശുവിനെ കറന്നാൽ, മരണം കഴിഞ്ഞ് പതിനാറാം ദിവസമല്ലാതെ പുല കുളിച്ചാൽ, ആറ് കാലിൽ പന്തലിട്ടാൽ, സദ്യക്ക് പപ്പടം വിളമ്പി

യാൽ, സവർണർ അഭ്യസിക്കുന്ന കലകൾ പഠിച്ചാൽ, സ്കൂളിൽ പോയാൽ, എല്ലാത്തിനും ലഹളകളായിരുന്നു കേരളമെങ്ങും. പ്രാകൃത വിവേചനങ്ങൾക്കെതിരെ നടന്ന ഇത്തരം പ്രക്ഷോഭങ്ങളും സഖാവ് പി.കൃഷ്ണപിള്ളയുടെ നേതൃത്വത്തിൽ രൂപംകൊണ്ട കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രവർത്തനങ്ങളുമാണ് ആധുനിക കേരളം സൃഷ്ടിക്കുന്നതിന് മുഖ്യഹേതുവായി മാറിയത്.

## പിന്നോട്ട് നടക്കുന്ന കേരളം

വിത്തനാഥന്റെ ബേബിക്കുപാലും
നിർദ്ധന ചെറുക്കനുമിനീരും
ഇമ്മട്ടിലുള്ളതീശ്വരേച്ഛയെങ്കിൽ
അമ്മട്ടിലുള്ളൊരീശ്വരനെ
ചവിട്ടുക നമ്മൾ.
എന്ന് ഉച്ചൈസ്ഥരം പ്രഖ്യാപിക്കാനും
രണ്ടു തുട്ടേകിയാൽ ചുണ്ടിൽ ചിരി
വരും
തെണ്ടിയല്ലെ മതങ്ങളെ തീർത്ത
ദൈവം



കുമാരനാശാൻ

എന്ന് പരിഹസിക്കാനും കരുത്തുള്ള കവികൾ പിറന്നു. സാവിത്രി അന്തർജ്ജനത്തെ ചാത്തന്റെ ഭാര്യയാക്കിയും,

ജാതി ചോദിക്കുന്നില്ല ഞാൻ സോദരീ

എന്ന് ഉദ്ഘോഷിച്ചും കവികൾ പുതിയ കാലത്തിന്റെ വരവ് അറിയിച്ചു. ബഹുദൈവ വിശ്വാസങ്ങളിൽ വിശ്വസിച്ചിരുന്ന ജനങ്ങൾക്കിടയിൽ 'ഒരു ജാതി, ഒരു മതം, ഒരു ദൈവം മനുഷ്യന്' എന്ന ആപ്തവാക്യം പിറന്നു. പിന്നീട് സഹോദരൻ അയ്യപ്പൻ 'ജാതി വേണ്ട, മതം വേണ്ട, ദൈവം വേണ്ട മനുഷ്യന്', എന്ന് പ്രചരിപ്പിച്ചു. 1933 ഏപ്രിൽ 23 ന് ഉണ്ണി നമ്പൂതിരിയിൽ അമ്പലങ്ങൾക്ക് തീകൊടുക്കുക എന്ന ശീർഷകത്തിൽ വി.ടി.ഭട്ടതിരിപ്പാട് ഒരു ലേഖനം എഴുതി. 'കേരളത്തിലെവിടെ നോക്കിയാലും അഹംഭാവംകൊണ്ട് തലയുയർത്തി നിൽക്കുന്ന അമ്പലങ്ങളും പള്ളികളുമാണ് കാണുന്നത്. ഇത് കണ്ടുമടുത്തു. അസമത്വത്തിന്റെയും അന്ധവിശ്വാസത്തിന്റെയും ശവക്കല്ലറകളെ നമുക്ക് പൊളിച്ചുകളയാം. അമ്പലങ്ങളുടെ മോന്തായങ്ങൾക്കു തീവെക്കണം. എന്റെ സഹോദരീ സഹോദരന്മാരെ കരിങ്കല്ലിനെ കരിങ്കല്ലായി കാണുക. മനുഷ്യനെ മനുഷ്യനായ് കാണുക.' ഈ ലേഖനം എഴുതിയതിന് പത്രവും പ്രസ്സും കൊച്ചിരാജാവ് കണ്ട് കെട്ടുകയും കൊച്ചിയിലേക്കുള്ള വി.ടി. യുടെ പ്രവേശനം നിരോധിക്കുകയും ചെയ്തു. 1935–ൽ വി.ടി യുടെ വിധവയായ ഭാര്യ സഹോദരി ഉമയും എം.ആർ. ബിയും തമ്മിലുള്ള വിവാഹം നടത്തിയതിനു ശേഷം അദ്ദേഹം പ്രഖ്യാപിച്ചു. 'ഇനി യോഗക്ഷേമസഭ പിരിച്ചു വിടാം.' ഈ പ്രഖ്യാപനത്തിനു ശേഷം ദളിത് ജനങ്ങളുടെ ഉദ്ധാരണം ലക്ഷ്യം വച്ച് പട്ടമ്പിക്കടുത്ത് കൊടുമുണ്ടയിൽ ഒരു കോളനി സ്ഥാപിച്ച് അദ്ദേഹം കുടുംബസമ്മേതം അവിടെ താമസമാക്കി. 1975 –ൽ പാഞ്ഞാളിൽ അതിരാത്രം നടന്നപ്പോൾ പാഞ്ഞാൾ പാടത്തെ കശാപ്പുശാലയെന്നും വി.ടി. വിമർശിച്ചു. ശബരിമലക്ഷേത്രം കത്തിയപ്പോൾ തിരുകൊച്ചി മുഖ്യമന്ത്രിയായിരുന്ന സി.കേശവൻ ഒരു അമ്പലം കത്തിയാൽ അത്രയും അന്ധവിശ്വാസം നശിച്ചു എന്നാണ് പറഞ്ഞത്. ചാത്തനേറിന്റെ ശല്യം തീർക്കാൻ ശ്രീനാരായണഗുരുവിന്റെ അടുക്കലെത്തിയ പരാതിക്കാരൻവശം ഇനി ശല്യം ചെയ്യരുതെന്ന് കാണിച്ച് ചാത്തന് കത്ത് എഴുതികൊടുത്തയച്ച സ്വാമികൾ, മൃതശരീരം ചക്കിലിട്ടാട്ടി തെങ്ങിന് വളമാക്കിയാൽ നല്ല കാതൽ കിട്ടും എന്ന് പറഞ്ഞു. 1920 ൽ കൂർക്കഞ്ചേരിയിൽ വെച്ച് ഇനി ദേവാലയങ്ങൾ വേണ്ട എന്ന് ഗുരു പ്രഖ്യാപിച്ചു. 'ദേവാലയങ്ങൾ ജാതി വ്യത്യാസം ഇല്ലാതാക്കുമെന്നും നാം ധരിച്ചിരുന്നു. ദേവാലയങ്ങൾ ജാതി വ്യത്യാസം വർദ്ധിപ്പിക്കുന്നു. ഇനി ദേവാലയങ്ങൾ വേണ്ട' എന്ന് പറയിപ്പിക്കാൻ സ്വാമിയെ പ്രേരിപ്പിച്ച കാരണമിതാണ്.

കാണുന്നില്ലൊരക്ഷരവും
എന്റെ വംശത്തെപ്പറ്റി
കാണിന്നുണ്ടനേകം വംശത്തിൻ
ചരിത്രങ്ങൾ

എന്ന് നൊമ്പരപ്പെട്ട പൊയ്കയിൽ യോഹന്നാൻ, മാറിമാറി ചേക്കേറിയ ക്രിസ്തീയ സഭകൾ ഉപേക്ഷിച്ചും ബൈബിൾ ചുട്ടെരിച്ചും വിമോചനം പ്രഖ്യാപിച്ചു. ഒന്നാം ലോകയുദ്ധത്തിനെതിരെ അനുയായികൾ നടത്തിയ പ്രകടനത്തിന്റെ പേരിൽ അറസ്റ്റു ചെയ്യപ്പെട്ട അദ്ദേഹം കോടതിയിൽ വച്ച് തന്റെത് പ്രത്യക്ഷ രാക്ഷദൈവസഭയാണ്ന്ന് പ്രഖ്യാപിച്ചു.

അടുക്കളവിട്ടുപോയില്ല
അറിവുള്ളവരെ കണ്ടില്ല
അറിവുകളൊന്നും പഠിച്ചില്ല
ഫത്വ ക്കൊട്ടും മുട്ടില്ല.

എന്ന് വിലപിച്ച മക്തി തങ്ങൾ മുസ്ലിം യാഥാസ്ഥിതികത്വത്തെ വെല്ലുവിളിച്ച് നവോത്ഥാനത്തിന്റെ കൊടി പിടിച്ചവരിൽ പ്രമുഖനാണ്.

നാൽക്കാലിയേക്കാളും താഴെ
യാണോ
ഇക്കാണും മനുഷ്യ സോദരങ്ങൾ?

ജാതിക്കുമ്മിയിലൂടെ ഈ ചോദ്യശരം തൊടുത്തു പണ്ഡിറ്റ് കറുപ്പൻ.

തന്റെ സമുദായത്തിന് ലഭിച്ച പ്രജാസഭ അംഗത്വം തങ്ങളേക്കാൾ അധഃസ്ഥിതരായ പുലയർക്ക് നൽകണമെന്ന് കൊച്ചിരാജാവിനോട് അപേക്ഷിച്ച മഹാനാണ് പണ്ഡിറ്റ് കറുപ്പൻ. കറുപ്പന്റെ നിര്യാണത്തിൽ കൊച്ചിൻ മഹാസഭ പാസാക്കിയ പ്രമേയത്തെ മുൻനിർത്തി പുലയ പ്രതിനിധി കെ.പി.വള്ളോൻ പറഞ്ഞു 'പണ്ഡിറ്റ് കറുപ്പൻ അവശസമുദായങ്ങളുടെ പ്രത്യേകിച്ച് പുലയരുടെ




സഹോദരൻ അയ്യപ്പൻ

രാജാവാണ്.' സ്വന്തം സമുദായങ്ങൾക്കു വേണ്ടി കടിപിടികൂടുന്ന ഇന്നത്തെ സമുദായ നേതാക്കളെയും കറുപ്പനെയും താരതമ്യം ചെയ്യാൻപോലും നമുക്കാവില്ല. ഇത്തരം മഹാമനീഷികൾ ചേർന്ന് സൃഷ്ടിച്ച കേരളം ഇപ്പോൾ പിന്നോട്ട് നടക്കുകയാണ്.

ശ്രീനാരായണഗുരു സ്ഥാപിച്ച ക്ഷേത്രങ്ങളിൽപോലും പൂണൂലും ബ്രാഹ്മണ്യവും, താന്ത്രിക വിദ്യകളും ആധിപത്യത്തിൽ എത്തിക്കഴിഞ്ഞു. ജില്ല

കൾതോറും യാഗങ്ങൾ നടക്കുകയാണ്. 1975 ലെ പാഞ്ഞാളിലെ അതിരാത്രത്തിനുശേഷം യാഗങ്ങളുടെ ഘോഷയാത്രയാണുണ്ടായത്. കേരള ജനത നേടിയ ശാസ്ത്രചിന്തയും, യുക്തിബോധവും, പുരോഗമന ആശയങ്ങളും യാഗപുകപടലങ്ങളിൽ ബാഷ്പീകരിച്ച് പോകുന്നു. മുരിങ്ങൂരും, പോട്ടയും പോലുള്ള വചനഘോഷണകേന്ദ്രങ്ങൾ, ആനന്ദോത്സവേദികൾ, ആലിംഗന സന്യാസിനിയുടെ ആലിംഗനവും ഭജനഘോഷങ്ങളും, തിരുമുടി മുക്കിയ വെള്ളത്തിനായുള്ള കാത്തിരിപ്പുമെല്ലാം കേരളത്തിന്റെ പിൻനടത്തത്തെയാണ് സൂചിപ്പിക്കുന്നത്. മദ്യശാലകളിലെ നീണ്ട ക്യൂവിലെന്നപോലെ ആൾദൈവങ്ങളുടെ മഠങ്ങളിലും യാഗശാലകളിലും ചേക്കേറുന്ന മലയാളിയെ സംബന്ധിച്ചിടത്തോളം യുക്തി ഉറങ്ങുക തന്നെയാണ് .

**ചരിത്രം നടന്ന വഴികളെ പുതുക്കിപ്പണിയുക**

ഭ്രാന്താലയത്തെ മനുഷ്യാലയമാക്കി മാറ്റാൻ നടത്തിയ വീറുറ്റ പോരാട്ടങ്ങളെ തമസ്കരിച്ച്,, ഒരു തരം നവ ആത്മീയതയുടെ ചരക്കുകളെ ഇഷ്ടാനുസരണം തിരഞ്ഞെടുക്കാൻ സ്വാതന്ത്ര്യമുള്ള ആധ്യാത്മിക ഉപഭോഗ സമൂഹമായി മാറുകയാണ് കേരളം. കേരളത്തിലെ ഉയർന്ന മധ്യവർഗ്ഗമാണ് ഇതിലെ മുഖ്യ ഉപഭോക്താക്കൾ.

വയലാർ രാമവർമ്മ വർഷങ്ങൾക്കു
മുമ്പ്
കുരുതികുടിക്കും മതപിശാചിൻ
കുരവകൾ കേൾക്കാം അലർച്ച
പോലെ

എന്ന് എഴുതിയിരുന്നു. ഇപ്പോൾ യജ്ഞശാലകളിൽ നിന്നും ശോഭയാത്രകളിൽനിന്നുമെല്ലാം ഉയരുന്നത് ഇത്തരം അലർച്ചകളാണ്. ശാസ്ത്രീയ- യുക്തിചിന്തകളെയും പുരോഗമന ആശയങ്ങളേയും മതനിരപേക്ഷ ചിന്തകളേയും ഒരിക്കൽകൂടി കേരളീയരുടെ ചിന്തയുടെയും ജീവിതത്തിന്റെയും പൊതുമണ്ഡലത്തിലേയ്ക്ക് തിരികെ കൊണ്ടുവന്നുകൊണ്ടല്ലാതെ വർത്തമാനകാലത്തിന്റെ പ്രശ്നങ്ങളെ ശരിയായി നേരിടാൻ നമുക്കാവില്ല. അന്ധവിശ്വാസങ്ങൾക്കും അനാചാരങ്ങൾക്കും ഭൗതിക അടിത്തറയൊരുക്കുന്ന വ്യവസ്ഥയുടെ മൂലകല്ലിളക്കുന്ന പ്രക്ഷോഭങ്ങളുമായ് ഇവയെക്കൂട്ടിയിണക്കേണ്ടതുണ്ട്.

സിദ്ധന്മാരുടെ തട്ടിപ്പുകളിൽ ആൾദൈവങ്ങളുടെ മാർക്കറ്റിംങ്ങ് തന്ത്രങ്ങളിലും കേരളീയരിൽ ഒരു വിഭാഗം വീണുക്കഴിഞ്ഞിരിക്കുന്നു എന്നതാണ് യാഥാർത്ഥ്യം. ഏലസുകളുടേയും ശംഖുകളുടേയും മാന്ത്രിക ശക്തികൾ വിളംബരം ചെയ്യുന്ന പരസ്യങ്ങൾ ടി.വി.യിൽ നിരന്തരം വന്നുകൊണ്ടിരിക്കുകയാണ്. ഇത്തരം അന്ധവിശ്വാസ തട്ടിപ്പുകളെ തടയാൻ 1954-ൽ പാസ്സാക്കിയ ഡ്രഗ്സ് & മാജിക് റെമഡീസ് ഒബ്ജക്ഷ്ണബിൾ അഡ്വർടേയ്സ്മെന്റ് ആക്ട് കടലാസിലുറങ്ങുകയാണ്. ഭരണഘടനയിൽ മൗലിക അവകാശങ്ങളെക്കുറിച്ച് പറയുന്ന 51(A) എന്ന വകുപ്പിലെ (H) ഉപവകുപ്പിൽ പറയുന്നത്, ജനങ്ങളിൽ ശാസ്ത്രീയ കാഴ്ചപ്പാടും മാനവികതയും അന്വേഷണത്തിനും പരിഷ്കരണത്തിനുമുള്ള മനോഭാവവും വളർത്തണം എന്നാണ്. “നമ്മുടെ പ്രമുഖരായ രാഷ്ട്രീയ സാമൂഹ്യ നേതാക്കളെയും പൊതുപ്രവർത്തകരേയും കല-സാഹിത്യ നായകന്മാരെയും നിശിതമായി വിമർശിക്കാനും ചർച്ചക്ക് വിധേയരാക്കാനും നാം മടിക്കുന്നില്ല. എന്നാൽ മതനേതാക്കളെയും മതവിശ്വാസികളെയും അങ്ങനെയൊരു പരിശോധമക്ക് വിധേയരാക്കാൻ നാം മടിക്കുന്നു. മത വിശ്വാസം ഒരു വിശുദ്ധ പശുയായി മാറിയിരിക്കുന്നു.” റിച്ചാഡ് ഡാക്കിനിസിന്റെ ഗോഡ് ഡലൂഷ്യൻ എന്ന കൃതിയിലെ ഈ പ്രഖ്യാപനം നാം കാണതിരുന്നുകൂടാ. മീരാനന്ദയുടെ ദ ഗോഡ് മാർക്കറ്റ് എന്ന കൃതിയിൽ ഭരണകൂടം - ക്ഷേത്രം - കോർപ്പറേറ്റ് കൂട്ടുകെട്ടിനെക്കുറിച്ച്



പൊയ്കയിൽ യോഹന്നാൻ

വിവരിക്കുന്നുണ്ട്. ഇന്നത്തെ രാഷ്ട്രീയ സാമ്പത്തികശക്തി ഇവരാണെന്നാണ് അവർ പറഞ്ഞുവെക്കുന്നത്. എന്നാൽ ആൾദൈവങ്ങളുടെ പുതിയ സംരംഭങ്ങളെകൂടി ഉൾച്ചേർത്തെങ്കിൽ മാത്രമേ ഈ പട്ടിക പൂർത്തിയാകൂ. കേരളത്തെ സംബന്ധിച്ചേടത്തോളം ഏറ്റവും കൂടുതൽ വിദേശപണം എത്തുന്ന രണ്ട് സ്ഥാപനങ്ങളാണ് കെ.പി.യോഹന്നാന്റെ ബിലീവേഴ്സ് ചർച്ചും അമൃതാനന്ദമയി മഠവും. ഈ പണം എവിടെനിന്നു വരുന്നു? എന്തിനു ചിലവഴിക്കുന്നു? എന്നും കാര്യമായ അന്വേഷണങ്ങൾ ഒന്നും നടക്കുന്നില്ല. അമൃതാനന്ദമയി മഠത്തെക്കുറിച്ച് അവിടത്തെ അന്തേ വാസിയായിരുന്ന ഗെയിൽ ട്രെഡ് വെൽ എഴുതിയ വിശുദ്ധ നരകം എന്ന പുസ്തകത്തിലൂടെ പുറത്തുവന്ന ഞെട്ടിക്കുന്ന സംഭവങ്ങളെക്കുറിച്ചോ, സത്നാംസിംഗ് എന്ന ചെറുപ്പക്കാരന്റേതുൾപ്പടെ മഠത്തിന് പങ്കാളിത്തമുള്ള കൊലപാതകങ്ങളെക്കുറിച്ചോ അന്വേഷിക്കാൻ കേരള സർക്കാർ വൈമനസ്യം കാട്ടുകയാണ്. മുരിങ്ങൂരിലെ



ഡോക്ടർ പൽപ്പു

പോലീസ് റെയ്ഡിന് പിന്നെ തുടർ നടപടികളുണ്ടായില്ല. ചേകന്നൂർ മൗലവിയുടെ കൊലപാതകത്തെപ്പറ്റിയുള്ള അന്വേഷണവും എങ്ങുമെത്തിയില്ല. ഇത്തരം ശക്തികളും സർക്കാരും തമ്മിലുള്ള അവിശുദ്ധ കൂട്ടുകെട്ടിന്റെ ചില ഉദാഹരണങ്ങൾ മാത്രമാണിത്.

ആഗോളവൽക്കരണം മാധ്യമസഹായത്തോടെ സൃഷ്ടിച്ചെടുത്തിരിക്കുന്ന ഉപഭോഗാസക്തിയുടെ ഇരകളായവർ, തങ്ങളുടെ മത്സര ഓട്ടത്തിനിടയിൽ ആൾദൈവങ്ങളുടെ മടിയിൽ ആശ്വാസം കണ്ടെത്തുന്നു. ഫ്രഞ്ച് സൈദ്ധാന്തികനായ ലൂക്കാച്ച് ചൂണ്ടിക്കാണിച്ചതുപോലെയുള്ള യുക്തിയുടെ ഗ്രഹണകാലം മലയാളിയെ ബാധിച്ചിരിക്കുന്നു. നവോത്ഥാനനായകർ വെട്ടിതെളിച്ച വഴിയിലൂടെ നടന്ന് ചരിത്രം സൃഷ്ടിച്ച കേരളത്തിന്റെ പോരാട്ടപൈതൃകങ്ങളെ വീണ്ടെടുക്കേണ്ടതുണ്ട്. മിലൻ കുന്ദേര സൂചിപ്പിച്ചതുപോലെ മറവിക്കെതിരായ ഓർമ്മകളുടെ പോരാട്ടത്തിൽ കണ്ണിചേരുകയെന്നതാണ് അടിയന്തിര കടമ. ചരിത്രം നടന്ന വഴികളെ പുതുക്കിപണിയാനുള്ള യജ്ഞത്തിൽ നമുക്ക് കൈക്കോർക്കാം.

**അന്ധവിശ്വാസങ്ങളെ പ്രചരിപ്പിച്ചും അവക്കനുസൃതമായ പ്രയോഗരീതികൾ നടപ്പിലാക്കിയും ജനങ്ങളെ കബളിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും പലവിധത്തിൽ പീഡിപ്പിക്കുകയും ചൂഷണം ചെയ്യുകയും കൊള്ളയടിക്കുകയുമൊക്കെ ചെയ്യുന്ന വലിയ സ്ഥാപനങ്ങളും ആൾദൈവങ്ങളും 'വിശുദ്ധ'ന്മാരും രാജ്യത്ത് സുലഭമാണ്. അവർ നടത്തുന്ന കുറ്റകൃത്യങ്ങളെ തടയുന്നതിനുവേണ്ട സംവിധാനങ്ങളോ അവക്കെതിരെ നടപടി സ്വീകരിക്കാൻ സഹായകമായ നിയമങ്ങളോ ഇന്ന് രാജ്യത്തില്ല. ഉള്ള നിയമങ്ങൾപോലും ഫലപ്രദമായി നടപ്പാക്കുന്നതുമില്ല.**

# അന്ധവിശ്വാസങ്ങൾക്കും അനുബന്ധചൂഷണങ്ങൾക്കുമെതിരെ നിയമനിർമ്മാണം അനിവാര്യം

**പി.കെ. വേണുഗോപാലൻ**

**ഇ**ന്ത്യൻ ഭരണഘടനയുടെ 51എ(എച്ച്) അനുച്ഛേദമനുസരിച്ച് ശാസ്ത്രീയ മനോഭാവം വളർത്തുകയും അന്വേഷണ ത്വരയും പരിഷ്കരണോത്സുകതയും മാനവികബോധവും പ്രോത്സാഹിപ്പിക്കുകയും ചെയ്യേണ്ടത് ഓരോ പൗരന്റെയും മൗലികമായ കർത്തവ്യമാണ്. എങ്കിലും സ്വതന്ത്ര ഇന്ത്യയിലെ ഭരണാധികാരികളിൽ, ജവഹർലാൽ നെഹ്റുവിനെപ്പോലെ, വിരലിലെണ്ണാവുന്ന ചിലരെ മാറ്റിനിർത്തിയാൽ ബാക്കിയെല്ലാവരും ഈ ഭരണഘടനാവ്യവസ്ഥിതിക്കെതിരായ നിലപാടുകൾ കൈക്കൊണ്ടവരാണ്. ശാസ്ത്രചിന്തയും യുക്തിബോധവും വളർത്തുന്നതിനുപകരം അന്ധവിശ്വാസങ്ങളും അനാചാരങ്ങളും പ്രോത്സാഹിപ്പിക്കുകയും ആൾദൈവങ്ങളുടെയും അനുബന്ധസ്ഥാപനങ്ങളുടെയും ചൂഷണങ്ങളെ പിന്തുണയ്ക്കുകയും മത-വർഗ്ഗീയ

അന്ധവിശ്വാസങ്ങൾക്കെതിരെ ജനകീയ കഥാ സാഹിത്യ വേദിയുടെ ആഭിമുഖ്യത്തിൽ കോഴിക്കോട് സംഘടിപ്പിച്ച സാംസ്കാരിക കൂട്ടായ്മ



ശക്തികളെ പ്രീണിപ്പിക്കുകയും അവരുടെയൊക്കെ പിന്തുണയോടെ അധികാരം ഉറപ്പിക്കാൻ ശ്രമിക്കുകയും ചെയ്തവരാണവരിലേറെയും. ഇന്ത്യൻ ഭരണഘടന ഉയർത്തിപ്പിടിക്കുന്ന ജനാധിപത്യത്തിന്റെയും മതനിരപേക്ഷതയുടേയും സമത്വബോധത്തിന്റെയും മഹത്തായ മൂല്യങ്ങൾക്ക് ഇത്തരം നടപടികൾ വലിയ പരിക്കേല്പിച്ചിട്ടുണ്ട്.

വ്യക്തിയുടെ മാനസികവളർച്ചയും സ്വഭാവരൂപീകരണവും ഉറപ്പാക്കാനും യാഥാർത്ഥ്യങ്ങളെ ശരിയായി ഉൾക്കൊള്ളാനുള്ള ശേഷിയുണ്ടാവാനും അതിലൂടെ സാമൂഹിക പുരോഗതി ഉറപ്പുവരുത്താനും അന്ധവിശ്വാസങ്ങളിൽ നിന്ന് വിമുക്തി നേടുകയും ശാസ്ത്രീയവും യുക്തിപരവുമായ ചിന്താരീതി വികസിപ്പിക്കുകയും ചെയ്യേണ്ടതുണ്ട്. ഭരണഘടന വിഭാവനം ചെയ്യുന്ന ജനാധിപത്യ, മതനിരപേക്ഷ,സോഷ്യലിസ്റ്റ് റിപ്പബ്ലിക് യാഥാർത്ഥ്യമാവാൻ ഇതാവശ്യമാണ്. അന്ധവിശ്വാസങ്ങളുടെയും അതുമായി ബന്ധപ്പെട്ട വിവിധതരം പ്രയോഗങ്ങളും മാനവികതയുടെ മൂല്യങ്ങളെ നിഷേധിക്കുന്നവയും പലതരം വിവേചനങ്ങൾക്കു വഴിയൊരുക്കുന്നവയുമാണ്. ഇത്തരം നിരവധി കാരണങ്ങളാലാണ് ശാസ്ത്രബോധം വളർത്തുകയും അന്ധവിശ്വാസങ്ങളെ ചെറുക്കുകയും ചെയ്യേണ്ടത് പൗരന്റെ മൗലികകർത്തവ്യമാണെന്ന് ഭരണഘടനാശില്പികൾ കരുതിയത്.

ലോകത്തിൽ ഏറ്റവും കൂടുതൽ നിരക്ഷരരുള്ള ഇന്ത്യയിൽ ഏതാണ്ട് 31 കോടിയോളം ആളുകൾ അക്ഷരജ്ഞാനമില്ലാത്തവരാണ്. രാജ്യത്തെ ജനസംഖ്യയുടെ 26 ശതമാനം വരും അത്. അന്ധവിശ്വാസങ്ങളെ തൂത്തെറിയാനും യുക്തിബോധം വളർത്താനും അവശ്യം ആവശ്യമായ വിദ്യാഭ്യാസത്തിന്റെ വെളിച്ചമാണ് അവർക്ക് നിഷേധിക്കപ്പെട്ടിരിക്കുന്നത്. നാടുവാഴിത്തകാലഘട്ടത്തിന്റെയും അതിലും പഴക്കമുള്ള ഗോത്രകാലഘട്ടത്തിന്റെയും സംസ്കാരവും വർഗ്ഗബന്ധങ്ങളും നിലനിൽക്കുന്ന പ്രദേശങ്ങളും ഇന്ത്യയിലുണ്ട്. മന്ത്രവാദവും താന്ത്രികചര്യകളും പ്രാകൃതവിശ്വാസങ്ങളും പലയിടങ്ങളിലും ഇപ്പോഴും ആധിപത്യത്തിൽ തുടരുന്നു. സ്വാതന്ത്ര്യത്തിനു ശേഷം 68 വർഷം കഴിഞ്ഞിട്ടും രാജ്യത്തെ 30 ശതമാനം ആളുകൾക്കുമാത്രമേ ആധുനിക ചികിത്സാസൗകര്യങ്ങൾ ലഭ്യമാക്കാൻ ഭരണകൂടങ്ങൾക്ക് കഴിഞ്ഞിട്ടുള്ളൂ. ബാക്കി മഹാഭൂരിപക്ഷത്തിനും രോഗചികിത്സയ്ക്ക് സിദ്ധന്മാരുടെയും ബാബമാരുടേയും മാന്ത്രികവിധികളെ ആശ്രയിക്കേണ്ടിവരുകയോ ആരാധനാമൂർത്തികളെ അഭയംപ്രാപിക്കേണ്ടിവരികയോ ചെയ്യുന്നു. ആൾദൈവങ്ങൾക്കും അത്ഭുതപ്രവർത്തകർക്കും അവരുടെ അനുയായിവൃന്ദത്തിനും വലിയതോതിൽ ആദായമുണ്ടാക്കാൻ പോന്ന സാഹചര്യമാണിത്.

അന്ധവിശ്വാസങ്ങളെ പ്രചരിപ്പിച്ചും അവക്കനുസൃതമായ പ്രയോഗരീതികൾ നടപ്പിലാക്കിയും ജനങ്ങളെ കബളിപ്പിക്കുകയും തെറ്റിദ്ധരിപ്പിക്കുകയും പലവിധത്തിൽ പീഡിപ്പിക്കുകയും ചൂഷണം ചെയ്യുകയും കൊള്ളയടിക്കുകയുമൊക്കെ ചെയ്യുന്ന വലിയ സ്ഥാപനങ്ങളും ആൾദൈവങ്ങളും 'വിശുദ്ധ'ന്മാരും രാജ്യത്ത് സുലഭമാണ്. അവർ നടത്തുന്ന കുറ്റകൃത്യങ്ങളെ തടയുന്നതിനുവേണ്ട സംവിധാനങ്ങളോ അവക്കെതിരെ നടപടി സ്വീകരിക്കാൻ സഹായകമായ നിയമങ്ങളോ ഇന്ന് രാജ്യത്തില്ല. ഉള്ള നിയമങ്ങൾപോലും ഫലപ്രദമായി നടപ്പാക്കുന്നതുമില്ല. ഉദാഹരണത്തിന് ബീഹാറിലും ഛത്തീസ്ഗഢിലും ഝാർഖണ്ഡിലും 'മന്ത്രവാദ'ത്തേയും ഇതര 'മാന്ത്രികപ്രവർത്തന'ങ്ങളെയും തടയുന്ന നിയമമുണ്ടെങ്കിലും അവ നടപ്പാക്കുന്നതേയില്ല എന്നുതന്നെ പറയാം. ബീഹാറിലും ഛത്തീസ്ഗഢിലും ഝാർഖണ്ഡിലും ബംഗാളിലും ഉത്തർപ്രദേശിലുമൊക്കെ ഗ്രാമങ്ങളിൽ രോഗബാധയും ക്ഷാമവും പ്രകൃതിക്ഷോഭവുമുണ്ടാവാൻ കാരണക്കാരിയായ ദുർമന്ത്രവാദിനിയാമാനിക്കുകയായിരുന്നു. അങ്ങനെ 2013 ആഗസ്റ്റ് 21-ന് സർക്കാർ ഒരു ഓർഡിനൻസ് പുറപ്പെടുവിക്കുകയും 24-ന് ഗവർണ്ണർ ശങ്കരനാരായണൻ ഒപ്പു വച്ചതോടെ അത് പ്രാബല്യത്തിൽ വരികയും ചെയ്തു.

ഈ നിയമം നടപ്പാക്കണമെന്ന് ദീർഘകാലമായി ആവശ്യപ്പെട്ടുപോരികയും അതിന്റെ കരടു തയ്യാറാക്കുകയും ചെയ്തത് നരേന്ദ്ര ധാബോൽക്കർ നേതൃത്വം നൽകിയിരുന്ന മഹാരാഷ്ട്ര അന്ധശ്രദ്ധാ നിർമ്മൂലൻ സമിതി (MANS)യായിരുന്നു. 2003-ൽ ധാബോൽക്കർ സമർപ്പിച്ച കരടിനെ അടിസ്ഥാനപ്പെടുത്തിയുള്ള ഒരു നിയമം സുശീൽകുമാർ ഷിൻഡേയുടെ നേതൃത്വത്തിലുള്ള അന്നത്തെ മഹാരാഷ്ട്ര സർക്കാർ അംഗീകരിക്കുകയും കേന്ദ്ര സർക്കാരിന്റെ അംഗീകാരത്തിനായി അയക്കുകയും ചെയ്തിരുന്നതാണ്. എങ്കിലും നിയമസഭയിലവതരിപ്പിക്കുംമുമ്പ് ബില്ലിൽ ചില തിരുത്തലുകൾ വേണമെന്ന് അഭിപ്രായമുണ്ടാവുകയും തിരുത്തിയെഴുതിയ മഹാരാഷ്ട്ര ഇറാഡിക്കേഷൻ ഓഫ്



അന്ധവിശ്വാസ ദുരാചരണങ്ങളിൽ നിന്ന് കേരളത്തെ രക്ഷിക്കുക എന്ന മുദ്രാവാക്യമുയർത്തി യുവജനവേദി നടത്തിയ സെക്രട്ടറിയറ്റ് മാർച്ചിനെ ടി.വി. രാജേഷ് എം.എൽ എ അഭിവാദ്യം ചെയ്യുന്നു

ബ്ലാക്ക് മാജിക് ആന്റ് ഈവിൾ ആന്റ് അഘോരി പ്രാക്റ്റീസസ് ബിൽ 2005–ൽ നിയമസഭയിൽ അവതരിപ്പിക്കുകയും ചെയ്തു. 2006 ഡിസംബറിൽ മഹാരാഷ്ട്ര അസംബ്ലി ബിൽ അംഗീകരിച്ചുവെങ്കിലും ആർട്ട് ഓഫ് ലിവിംഗ് ഫൗണ്ടേഷൻ, ഹിന്ദുജനജാഗൃതി സമിതി, ഹാജിമലാംഗ് ദർഗ തുടങ്ങിയ ആത്മീയസ്ഥാപനങ്ങളുടെ എതിർപ്പിനേയും ചില കോൺഗ്രസ്സ് നേതാക്കളുടെ തന്നെ വിയോജിപ്പുകളെയും തുടർന്ന് മഹാരാഷ്ട്ര അസംബ്ലിയുടെ ഉപരിസഭയായ ലെജിസ്ലേറ്റീവ് കൗൺസിലിലേക്ക് ബിൽ പരിഗണനക്കയച്ചില്ല. പിന്നീട് ബിൽ നിയമമാക്കണമെന്നാവശ്യപ്പെട്ടുകൊണ്ട് പുരോഗമനവാദികളും യുക്തിവാദിസംഘടനകളും പ്രക്ഷോഭങ്ങൾ നടത്തിയെങ്കിലും പ്രതിലോമശക്തികളുടെ നിർബന്ധത്തിനുവഴങ്ങി സർക്കാർ ബിൽ പാസ്സാക്കാൻ വിസമ്മതിക്കുകയായിരുന്നു. ഒടുവിൽ ധാബോൾക്കറുടെ മരണത്തിനുശേഷം മാത്രമാണ് ബിൽ ആദ്യം ഒരു ഓർഡിനൻസായും പിന്നീട് അന്ധവിശ്വാസവിരുദ്ധനിയമമെന്നും മന്ത്രവാദവിരുദ്ധനിയമമെന്നുമൊക്കെ അറിയപ്പെടുന്ന (Maharashtra Prevention and Eradication of Human Sacrifice and other Inhuman, Evil and Aghori Practices and Black Magic bill 2013) നിയമമായും അത് നിലവിൽവന്നത്.

സുഗമമായി പാസ്സാക്കപ്പെട്ട ഒരു നിയമമായിരുന്നില്ല അതെന്നും വലിയ എതിർപ്പുകളെ അതിനു നേരിടേണ്ടിവന്നുവെന്നും മഹാരാഷ്ട്രയിലെ ഈ നിയമത്തിന്റെ ചരിത്രം വെളിപ്പെടുത്തുന്നുണ്ട്. ധാബോൽക്കറുടെ കരട് പലവട്ടം തിരുത്തുകയും ചില വ്യവസ്ഥകൾ ദുർബ്ബലപ്പെടുത്തുകയും ചെയ്തിട്ടുണ്ടെങ്കിലും മന്ത്രവാദവും നരബലിയും അന്ധവിശ്വാസങ്ങളുടെ വിവിധതരം പ്രയോഗങ്ങളും തടയുന്ന ഇത്തരമൊരു നിയമം ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിലൊന്നും നിലവിലില്ല. പോലീസിന് അമിതാധികാരം നൽകുന്നതും ആരാധനാലയങ്ങളിൽ അവയ്ക്ക് കടന്നുകയറാൻ അനുമതി നൽകുന്നതും മതവിരോധം പ്രചരിപ്പിക്കുന്നതും പാശ്ചാത്യചിന്തയുടെ സ്വാധീനത്തിൽ നിർമ്മിക്കപ്പെട്ടതാണെന്നുമൊക്കെയുള്ള വിമർശനങ്ങളാണ് ഈ നിയമത്തിനെതിരായി പൊതുവിൽ ഉയർത്തപ്പെട്ടിട്ടുള്ളത്. നിയമം പാസ്സാക്കപ്പെട്ട ശേഷം ചില നരബലിക്കേസുകൾ ഉൾപ്പെടെ കുറേ കേസുകൾ ഉണ്ടായിട്ടുണ്ടെങ്കിലും വേണ്ടത്ര ഗൗരവത്തോടെ അത് നടപ്പാക്കപ്പെട്ടു തുടങ്ങിയെന്നു പറയാനാവില്ല.

സാക്ഷരതയിലും ശാസ്ത്രബോധത്തിലും വിദ്യാഭ്യാസ നിലവാരത്തിലുമൊക്കെ മുമ്പന്തിയിൽ നില്ക്കുന്ന കേരളത്തിൽ അന്ധവിശ്വാസപ്രയോഗങ്ങളെ തടയുന്നതിനും അതുവഴി നടക്കുന്ന ചൂഷണങ്ങളെയും കുറ്റകൃത്യങ്ങളെയും കണ്ടെത്തി നിയമാനുസൃതം ശിക്ഷാവിധേയമാക്കുന്നതിനും പറ്റിയ ഒരു നിയമം ഇനിയും ഉണ്ടായിട്ടില്ല. കൊല്ലം ജില്ലയിലെ കരുനാഗപ്പള്ളിയിൽ വിഷാദരോഗം ബാധിച്ച ഹസീനയെന്ന യുവതിയെ മന്ത്രവാദചികിത്സ നടത്തി കൊലപ്പെടുത്തുകയും (2014 ജൂലൈ) ഗർഭിണിയായ




ഫർസാനയെ മന്ത്രവാദത്തെ തുടർന്ന് കൊലപ്പെടുത്തുകയും (പൊന്നാനി 2014 ആഗസ്റ്റ്) ചെയ്ത സംഭവങ്ങൾ അന്ധവിശ്വാസത്തിനും അതിന്റെ പ്രയോഗങ്ങൾക്കുമെതിരായി കേരളത്തിലും ഫലപ്രദമായ ഒരു നിയമം വേണമെന്ന ആവശ്യത്തെ ശക്തിപ്പെടുത്തിയിട്ടുണ്ട്. ഈ കൊലപാതകങ്ങൾ മാധ്യമങ്ങളിൽ വാർത്തയായപ്പോൾ മഹാരാഷ്ട്രയിലെ നിയമത്തിന്റെ മാതൃകയിൽ കേരളത്തിലും ഒരു അന്ധവിശ്വാസ വിരുദ്ധനിയമത്തിനു രൂപം നൽകുന്ന കാര്യം പരിഗണിക്കുമെന്ന് കേരളത്തിലെ ആഭ്യന്തരമന്ത്രി രമേശ് ചെന്നിത്തല പ്രഖ്യാപിക്കുകയുണ്ടായി.

വാസ്തവത്തിൽ, മന്ത്രവാദചികിത്സയും അത്ഭുതപ്രവർത്തകരായ സിദ്ധന്മാരും ജ്യോതിഷവും 'വാസ്തു'വും പോലുള്ള കപടശാസ്ത്ര പ്രയോക്താക്കളും ചെറുതും വലുതുമായ ആൾദൈവങ്ങളുമൊക്കെ ശരാശരി കേരളീയരുടെ ദൈനംദിന ജീവിതത്തെ വലിയ തോതിൽ സ്വാധീനിക്കാൻ തുടങ്ങിയിട്ട് കുറേക്കാലമായിട്ടുണ്ട്. ധനാകർഷണത്തിനും വശീകരണത്തിനും ശത്രുനാശത്തിനും പരീക്ഷാവിജയത്തിനും ഉതകുന്ന 'യന്ത്രങ്ങൾക്കും' ഐശ്വര്യവും സമൃദ്ധിയും പ്രദാനംചെയ്യുന്ന രുദ്രാക്ഷങ്ങൾക്കും അത്ഭുതമോതിരങ്ങൾക്കും ചാത്തൻസേവാമഠങ്ങൾക്കും മാരകരോഗങ്ങളും മാറാവ്യാധികളും സുഖപ്പെടുത്തുന്ന വചനപ്രഘോഷണങ്ങൾക്കും പ്രവാചകന്റെ തിരുശേഷിപ്പുകൾക്കുമൊക്കെ വലിയ സ്വീകാര്യത ഇന്നത്തെ കേരളത്തിലുണ്ട്. ഓരോ ദിവസവും വിവിധ പത്രങ്ങളിലും ദൃശ്യമാധ്യമങ്ങളിലുമായി പ്രത്യക്ഷപ്പെടുന്ന ഇവയുടെ പരസ്യങ്ങൾക്ക് എന്ത് തുക ചെലവിടുന്നു എന്നു കണക്കുകൂട്ടിയാൽ തന്നെ അന്ധവിശ്വാസങ്ങളെ ആധാരമാക്കി നിലനിൽക്കുന്ന വിപണിയുടെ വ്യാപ്തി നമുക്ക് ബോധ്യപ്പെടും.

19–ാം നൂറ്റാണ്ടിന്റെ അവസാനപാദം മുതൽ 20–ാം നൂറ്റാണ്ടിന്റെ ആദ്യപകുതി വരെ സജീവമായിരുന്ന ഒരു നവോത്ഥാന പ്രസ്ഥാനകാലം കേരളത്തിന്റെ ഭൂതകാലത്തിലുണ്ട്. സംഘടിക്കാനും ചോദ്യം ചെയ്യാനും അധികാരശക്തികളെ നേർക്കുനേർ അഭിമുഖീകരിക്കാനും ജനാധിപത്യമൂല്യങ്ങൾ ഉൾക്കൊള്ളാനും മതനിരപേക്ഷത പരിശീലിക്കാനും യാഥാർത്ഥ്യങ്ങളെ യുക്തിബോധത്തോടെ സമീപിക്കാനും സംസ്കാരത്തിന്റെയും ചിന്തയുടെയും സൗന്ദര്യശാസ്ത്രത്തിന്റെയും ഭാവുകത്വത്തിന്റെയുമൊക്കെ പുതിയ തുറസ്സുകളിലേക്ക് പ്രവേശിക്കാനും കേരളീയർ പഠിച്ചത് ഈ കാലയളവിലാണ്. മതമേതായാലും മനുഷ്യൻ നന്നായാൽ മതിയെന്നു പറഞ്ഞ ശ്രീനാരായണനും മനസ്സു നന്നായാൽ മനുഷ്യൻ നന്നായെന്നു പറഞ്ഞ ബ്രഹ്മാനന്ദ ശിവയോഗിയും ജാതി വേണ്ട മതം വേണ്ട ദൈവം വേണ്ട മനുഷ്യനെന്നു പ്രഖ്യാപിച്ച സഹോദരൻ അയ്യപ്പനും അധഃസ്ഥിതന്റെ വിമോചനം വിദ്യാഭ്യാസം നേടിക്കൊണ്ടാണെന്നു സ്ഥാപിച്ച അയ്യങ്കാളിയും വി.ടി.ഭട്ടതിരിപ്പാടും തുടങ്ങി എത്രയോ നവോത്ഥാനനായകർ കേരളീയന്റെ യുക്തിബോധത്തെ വളർത്തുകയും അന്ധവിശ്വാസങ്ങളിൽനിന്നുള്ള വിമുക്തിക്കുവേണ്ടി പൊരുതുകയും ചെയ്തു.

നവോത്ഥാനപ്രസ്ഥാനങ്ങളും അവയെ പിന്തുടർന്നുവന്ന ദേശീയപ്രസ്ഥാനവും സോഷ്യലിസ്റ്റ്–കമ്മ്യൂണിസ്റ്റ് പ്രസ്ഥാനങ്ങളുമാണ് കേരളത്തിൽ നടമാടിയിരുന്ന ഫ്യൂഡൽ–നാടുവാഴിത്ത–രാഷ്ട്രീയ, സാംസ്കാരികാധിപത്യത്തെ തകർത്തത്. അത്തരം അധികാരങ്ങളോടൊപ്പം ക്ഷേത്രങ്ങൾക്കും പൗരോഹിത്യത്തിനും അവരുടെ വിശുദ്ധ പശുക്കൾക്കും അവയൊക്കെയുമായി ബന്ധപ്പെട്ടുനിന്നി

രുന്ന അന്ധവും മനുഷ്യത്വരഹിതവുമായ വിശ്വാസങ്ങൾക്കും ക്ഷയം സംഭവിച്ചു. ഇന്ന് വീണ്ടും അത്തരം വിശ്വാസങ്ങളും അനുഷ്ഠാനങ്ങളും ആചാരങ്ങളുമൊക്കെ പുതിയ രൂപങ്ങളിൽ തിരികെ വരുന്ന പ്രതിഭാസത്തിനും നാം സാക്ഷികളാവുകയാണ്.

നിരക്ഷരരോ, വിദ്യാവിഹീനരായ പിന്നോക്കക്കാരോ അല്ല വിദ്യാസമ്പന്നരും പലപ്പോഴും പ്രൊഫഷണലുകളും സമ്പന്നരും പ്രമാണിമാരുമുൾപ്പെടെ വരേണ്യവർഗ്ഗം തന്നെ പ്രാകൃതമായ ഉള്ളടക്കത്തോടുകൂടിയ ആചാരങ്ങളെ നവീനമായ ഉടുപുടവകളണിയിച്ച് രംഗത്തെത്തിക്കുന്നതുകാണാം. ആൾ ദൈവങ്ങളുടെയും അവരുടെ ശതകോടി ആസ്തിയുള്ള സ്ഥാപനങ്ങളുടെയും നടത്തിപ്പുകാരായി അധികാരസ്ഥാനങ്ങളോടുള്ള അടുപ്പത്തെ ക്രമീകരിക്കുന്ന സംവിധാനങ്ങളായി പുതിയ മാർക്കറ്റിംഗ് തന്ത്രങ്ങൾ പ്രയോഗിച്ച് ആസ്തിയും അനുയായിവൃന്ദത്തെയും വർദ്ധിപ്പിക്കുന്ന ഉപദേഷ്ടാക്കളായി ഒക്കെ അവർ സജീവമാണ്. ആഗോളീകരണത്തിന്റെ കാലത്ത് മൂലധനത്തെ സംബന്ധിച്ചിടത്തോളം വിശ്വാസവും (അന്ധമാണെങ്കിലും അല്ലെങ്കിലും) ഗുരുപരമ്പരകളും അമ്മ ബിംബങ്ങളും ലഭാനിർമ്മിതിയുടെ ഉപാധികൾ മാത്രമാണ്. ഏറ്റവും ആധുനികമായ ശാസ്ത്രസിദ്ധാന്തങ്ങളെ ഏറ്റവും പ്രാകൃതമായ അനുഷ്ഠാനങ്ങൾക്കുവേണ്ടി അത് ഉപയോഗപ്പെടുത്തും. ഏറ്റവും പുതിയ ശാസ്ത്രപദ്ധതികൾക്കുമുകളിൽ ശാസ്ത്രാതീതമായ പിതൃബിംബമായി നിന്ന് അനുഗ്രഹവർഷം ചൊരിയും. അതായത് ആധുനികകാലത്തെ അന്ധവിശ്വാസങ്ങൾക്ക് വെറും വിശ്വാസങ്ങൾക്കപ്പുറത്തുള്ള അർത്ഥമുണ്ടെന്നാണ് സാരം.

ഇത്തരമൊരു വർത്തമാനസ്ഥിതിയിൽ വിശ്വാസം ഒരു ചൂഷണോപാധി കൂടിയാണ്. അന്ധവിശ്വാസങ്ങൾ നരബലിപോലുള്ള പ്രത്യക്ഷ ഹിംസകൾക്കും ലൈംഗികവും ശാരീരികവുമായ പീഡനങ്ങൾക്കും അപ്പുറത്ത് അധ്വാനവും സമ്പത്തും ചൂഷണം ചെയ്യുന്നതിനും സമൂഹത്തെ മൊത്തം കബളിപ്പിക്കുന്നതിനും കൂടി ഉപാധിയാവുന്നുണ്ട്. ഇതു തടയാൻ ബോധവത്ക്കരണത്തിനും തുറന്നുകാട്ടലിനുമൊപ്പം നിയമങ്ങൾകൂടി ആവശ്യമാകുന്നുണ്ട്. നിയമംകൊണ്ടുമാത്രം അന്ധവിശ്വാസങ്ങൾക്ക് അറുതിവരുത്താനാവുമോ എന്ന് ചോദിച്ചേക്കാം. പക്ഷേ നിയമം കൂടിയില്ലാതെ അന്ധവിശ്വാസങ്ങളെയും അവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചൂഷണത്തെയും പീഡനങ്ങളേയും നിർമ്മാർജ്ജനം ചെയ്യാനാവില്ല.

സമൂഹത്തിൽ ശാസ്ത്രാവബോധം വളർത്തേണ്ടത് പൗരന്റെ അടിസ്ഥാന കർത്തവ്യമായി കാണുന്ന ഒരു ഭരണഘടനയുടെ സംരക്ഷകരും പ്രയോക്താക്കളുമായ ഭരണകൂടം ഈ തത്വത്തെ നഗ്നമായി ലംഘിക്കുന്നതാണ് നാം കാണുന്നത്. ചൊവ്വാ പര്യവേഷണത്തിന് അയച്ച 'മംഗൾയാൻ' വിക്ഷേപിക്കുന്നതിനുമുമ്പ് തിരുപ്പതിയിൽപോയി അതിന്റെ മാതൃക പൂജിച്ച് അനുഗ്രഹം വാങ്ങിയതുപോലെ, സർക്കാർ ഓഫീസുകളിൽ പൂജയും ഹോമവും നടത്തുന്നതുപോലെ, ആൾദൈവങ്ങളുടെ കുറ്റകൃത്യങ്ങൾക്ക് അന്വേഷണം പോലുമില്ലാതെ നിരുപാധികം വിടുതൽ അനുവദിക്കുന്നതുപോലെ നിരവധി നിരവധി കാര്യങ്ങൾ.

നമ്മുടെ ദാർശനിക ചരിത്രം വെളിപ്പെടുത്തുന്നതുപോലെ യാഥാസ്ഥിതികത്വത്തെ ഗാഢമായി വിമർശിക്കുന്ന സാംഖ്യ, വൈശേഷിക, ചാർവ്വാക ദർശനങ്ങളുടെ സുദീർഘമായ ഒരു പാരമ്പര്യം ഇന്ത്യയ്ക്കുണ്ട്. ഇന്ത്യയിൽ അങ്ങോളമിങ്ങോളവും ഈ ഉപഭൂഖണ്ഡത്തിന് പുറത്ത് പൗരസ്ത്യദേശങ്ങളിലെങ്ങും സ്വാധീനമുണ്ടാക്കിയ ബുദ്ധന്റെ ദർശനം വിശ്വാസത്തിന്റെയും ജ്ഞാനത്തിന്റെയും അധികാരത്തിന്റെയും യാഥാസ്ഥിതിക



കേന്ദ്രങ്ങളെ ശക്തമായി ചോദ്യം ചെയ്തതാണ്. അംബേദ്കർ ചൂണ്ടിക്കാണിച്ചതുപോലെ "ഇത്രമേൽ ദൈവനിഷേധിയായും അത്രക്കുതന്നെ ദൈവസമാനനായും ജീവിച്ച മറ്റൊരാളില്ല". നാനാതരം അന്ധവിശ്വാസങ്ങൾക്കും കപടവിശ്വാസങ്ങൾക്കുമെതിരെ ശാസ്ത്രത്തിന്റെയും യുക്തിയുടെയും അടിസ്ഥാനത്തിൽ രൂപംകൊണ്ട എല്ലാ പ്രസ്ഥാനങ്ങളും ഇന്ത്യയുടെ ദാർശനിക ചരിത്രത്തിലെ ഈ യുക്തിദർശനത്തിന്റെ തുടർച്ചയാണ്. യുക്തിയുടെ പിൻബലമില്ലാത്ത എല്ലാ വിശ്വാസങ്ങളും ചോദ്യം ചെയ്യപ്പെടേണ്ടതാണെന്നിരിക്കെ അന്ധവിശ്വാസങ്ങളെയും അതിന്റെ പ്രയോക്താക്കളെയും അത്തരം പ്രചരണങ്ങളിലും പ്രയോഗങ്ങളിലും അവ ഉപയോഗപ്പെടുത്തിക്കൊണ്ടുള്ള ചൂഷണങ്ങളിലും പീഡനങ്ങളിലും നിന്നു തടയാൻ ഫലപ്രദവും പ്രയോഗക്ഷമവുമായ നിയമം ഉണ്ടാവുകതന്നെ വേണം.



# മോഡി സർക്കാർ ഔഷധ വില നിയന്ത്രണം അട്ടിമറിക്കുന്നു

**രമേശൻ**

**അ**വശ്യമരുന്നുകളുടെ ദേശീയ പട്ടിക (NLEM- National List of Essential Medicines)യിൽ ഉൾപ്പെടുത്തിയിട്ടില്ലാത്ത മരുന്നുകൾക്ക് വിലനിയന്ത്രണം എർപ്പെടുത്താനുള്ള ദേശീയ ഔഷധ വില നിർണ്ണയ അഥോറിറ്റി (NPPA- National Pharmaceutical Pricing Authority) യുടെ അധികാരം പിൻവലിച്ച നരേന്ദ്ര മോഡി സർക്കാരിന്റെ നടപടി രാജ്യത്തെങ്ങും വലിയ പ്രതിഷേധത്തിനു വഴി വച്ചിട്ടുണ്ട്. ഔഷധ വ്യവസായ രംഗത്തെ കുത്തകകളുടേയും വൈദേശിക സർക്കാരുകളുടേയും താല്പര്യങ്ങൾക്ക് ജനങ്ങളുടേതിനേക്കാൾ കൂടിയ പരിഗണന നൽകുന്ന നടപടിയാണ് കേന്ദ്രഗവണ്മെന്റിന്റേതെന്ന് ചൂണ്ടിക്കാണിക്കപ്പെട്ടിട്ടുണ്ട്.

2013 ലെ ഔഷധ വില നിയന്ത്രണ ഉത്തരവു പ്രകാരം (DPCO- Drug Price Control Order) NLEM-ൽ ഉൾപ്പെടുത്തിയ 348 മരുന്നുകൾക്കാണ് വില നിയന്ത്രണം എർപ്പെടുത്തിയിരുന്നത്. വാസ്തവത്തിൽ, ആഭ്യന്തര ഔഷധ വിപണിയിലെ 80,000 കോടി രൂപ വരുന്ന മൊത്തം ബിസിനസ്സിന്റെ 15 ശതമാനത്തിൽ താഴെ മാത്രമേ ഈ വില നിയന്ത്രണ ഉത്തരവിൽ ഉൾപ്പെടുന്നുള്ളു. NLEM ൽ ഉൾപ്പെടുന്നില്ല എന്ന ഒറ്റക്കാരണത്താൽ തന്നെ നിരവധി ജീവൻ രക്ഷാ ഔഷധങ്ങൾ ഈ വില നിയന്ത്രണത്തിനു വിധേയമാവാതെ പോയിട്ടുണ്ട്.

ഉദാഹരണത്തിന്, ഇന്ത്യൻ ജനസംഖ്യയിൽ 10 ശതമാനം പേർക്ക് വിവിധതരം ഹൃദ്രോഗബാധയുണ്ട്. 25–69 പ്രായ പരിധിക്കകത്തു വരുന്നവരുടെ മരണത്തിൽ 25 ശതമാനവും ഹൃദ്രോഗം മൂലമാണു സംഭിക്കുന്നത്. എങ്കിലും ഇന്ത്യൻ വിപണിയിൽ ലഭ്യമായ ഹൃദ്രോഗ ചികിത്സക്കുള്ള ഔഷധങ്ങളിൽ 61 ശതമാനവും വില നിയന്ത്രണത്തിനു പുറത്താണ്. ഇരുപതിൽ ഒരാൾക്കു വീതം പ്രമേഹം ബാധിച്ചിട്ടുണ്ട് ഇന്ത്യയിൽ. എങ്കിലും പ്രമേഹ മരുന്നുകളിൽ 85 ശതമാനത്തിനും വില നിയന്ത്രണം ബാധകമല്ല.

ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ കൈക്കൊള്ളാൻ 2013 ലെ ഔഷധ വില നിയന്ത്രണ ഉത്തരവ് സർക്കാരിന് അനുമതി നൽകിയിരുന്നു. 12 കോടി ഹൃദ്രോഗികളും 6 കോടി പ്രമേഹ രോഗികളുമുള്ള ഒരു രാജ്യത്ത് അവർക്ക് വേണ്ട ഔഷധങ്ങൾക്ക് വില നിയന്ത്രണമില്ലെന്നത് ഒരു ആരോഗ്യ പ്രതിസന്ധിക്കു തന്നെ വഴിവക്കുന്ന സാഹചര്യമാണ്. അത് പരിഗണിച്ചുകൊണ്ടു തന്നെ മുഖ്യമായും പ്രമേഹത്തിനും ഹൃദ്രോഗത്തിനും ചികിത്സിക്കാൻ വേണ്ട 108 മരുന്നുകൾക്കു കൂടി വില നിയന്ത്രണം കൊണ്ടുവരാൻ ഔഷധ വില നിർണ്ണയ അഥോറിറ്റി നിശ്ചയിച്ചതാണ്.

സ്വാഭാവികമായും ഔഷധ കമ്പനികളും അവർക്കു വേണ്ടി പ്രവർത്തിക്കുന്ന വിവിധ ലോബികളും വിദേശ സർക്കാരുകൾ പോലും ഈ വില നിയന്ത്രണം പിൻവലിക്കാൻ സമ്മർദ്ദം ചെലുത്തി. നിക്ഷേപ സൗഹൃദ രാജ്യമെന്ന ഇന്ത്യയുടെ പ്രതിച്ഛായ നഷ്ടമാവുമെന്നും വിദേശമൂലധനം കടന്നുവരാൻ തടസ്സമാവുമെന്നുമൊക്കെ വാദങ്ങളുയർന്നു. ദൽഹിയിലേയും ബോംബെയിലേയും ഹൈക്കോടതികളിൽ 108 മരുന്നുകളുടെ വില നിയന്ത്രണ ഉത്തരവു പിൻവലിപ്പിക്കാനായി കേസുകൾ വന്നു. എങ്കിലും ഉത്തരവു സ്റ്റേ ചെയ്യാൻ കോടതികളോ, പിൻവലിക്കാൻ ഔഷധ വകുപ്പോ തയ്യാറായില്ല.

ഈ പശ്ചാത്തലത്തിൽ "അവശ്യ മരുന്നുക" കളുടെ പട്ടികയിൽ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും ആസ്തമ, മലമ്പനി, ക്ഷയം, കൻസർ, എയ്ഡ്സ് രോഗികൾക്കാവശ്യമായ ചില ജീവൻ രക്ഷാ ഔഷധങ്ങൾക്കും ചില പ്രതിരോധ മരുന്നുകൾക്കും വില നിയന്ത്രണം എർപ്പെടുത്താനുള്ള ശ്രമങ്ങളുമായി വില നിർണ്ണയ അഥോറിറ്റി മുന്നോട്ടു പോകുമ്പോഴാണ് അതിനുള്ള അഥോറിറ്റിയുടെ അധികാരം എടുത്തുകള്ളുകൊണ്ട് മോഡി സർക്കാർ ഉത്തരവിറക്കിയിരിക്കുന്നത്.

ഔഷധ വ്യവസരംഗത്തെ പ്രമുഖരായ പല ബഹുരാഷ്ട്ര കുത്തകകളും അമേരിക്കയിൽ നിന്നുമുള്ളവരാണ്. പ്രധാനമന്ത്രി നരേന്ദ്ര മോഡിയുടെ അമേരിക്കൻ സന്ദർശനത്തിന്റെ തൊട്ടുപിന്നാലെയാണ് ഔഷധ നിർണ്ണയ അഥോറിറ്റിയുടെ അധികാരം എടുത്തുകളഞ്ഞുകൊണ്ട് ഉത്തരവായിരിക്കുന്നത്. ഈ മേഖലയിലെ ബഹുരാഷ്ട്ര ഭീമന്മാരും അമേരിക്കൻ പ്രസിഡന്റ് ഒബാമ തന്നെയും ഔഷധ കുത്തകകളുടെ താല്പര്യം സംരക്ഷിക്കാൻ ഇടപെട്ടിട്ടുണ്ടെന്നാണ് വാർത്തകൾ പറയുന്നത്. ജനങ്ങളുടെ താല്പര്യങ്ങളേക്കാൾ കോർപ്പറേറ്റുകളുടെ ലാഭതാല്പര്യങ്ങൾക്ക് പരിഗണന നൽകുന്ന മോഡി സർക്കാർ അതനുസരിച്ച് പ്രവർത്തിക്കുകയാണു ചെയ്തിട്ടുള്ളത്.

"അവശ്യ മരുന്നു"കളെന്നു പേരിട്ടു വിളിച്ച 348 മരുന്നുകൾക്കു മാത്രം വില നിയന്ത്രണം മതി എന്നാണ് NPPAയുടെ അധികാരം എടുത്തുകളഞ്ഞപ്പോൾ കേന്ദ്രസർക്കാർ പരോക്ഷമായി പ്രസ്താവിച്ചിരിക്കുന്നത്. പക്ഷേ, ഒട്ടേറെ ജീവൻ രക്ഷാ മരുന്നുകളെ ഒഴിവാക്കിക്കൊണ്ടു തയ്യാറാക്കിയ ''അവശ്യമരുന്നു പട്ടിക''യാണ് നിലവിലുള്ളതെന്ന വസ്തുത സർക്കാർ മറച്ചുവക്കുന്നു. ആ പട്ടികയിൽ മറ്റു ജീവൻ രക്ഷാമരുന്നുകളെ കൂടി ഉൾപ്പെടുത്തി വിപുലമാക്കാനും അവക്കൊക്കെ വില നിയന്ത്രണം എർപ്പെടുത്താനും അടിയന്തിര നടപടി സ്വീകരിക്കാൻ സർക്കാരിനു മേൽ വലിയ ബഹുജന സമ്മർദ്ദം വേണ്ടി വന്നേക്കും. 2003 ൽ യൂണിയൻ ഓഫ് ഇന്ത്യ X കെ. ഗോപിനാഥ് കേസിൽ വിധി പറയുമ്പോൾ ഈ പട്ടിക വിപുലികരിക്കണമെന്ന് സുപ്രീം കോടതി തന്നെ ആവശ്യപ്പെട്ടെങ്കിലും അന്നു ഭരിച്ചുകൊണ്ടിരുന്ന ബി.ജെ.പി. സർക്കാരോ തുടർന്നു വന്ന യു.പി.എ സർക്കാരുകളോ ഇക്കാര്യത്തിൽ നടപടി സ്വീകരിച്ചില്ല. ഇപ്പോഴിതാ ആ കോടതി വിധിയുടെ അന്തഃസത്തക്കെതിരായി ഔഷധ വില നിയന്ത്രണം നിഷ്ഫലമാക്കാൻ പോന്ന ഒരുത്തരവാണ് കേന്ദ്രസർക്കാരിൽ നിന്നുണ്ടായിരിക്കുന്നത്. ●

# ഡോ: ബി മിനകുമാരി റിപ്പോർട്ട്: മത്സ്യക്കപ്പലുകളുടെ പ്രവർത്തനം തദ്ദേശീയമത്സ്യബന്ധന മേഖലയെതകർക്കും

ഇന്ത്യയുടെആഴക്കടൽ മേഖലയെ വിദേശക്കപ്പലുകൾക്കും, കുത്തകകൾക്കു മായി തുറന്നിട്ടുകൊണ്ടും തദ്ദേശീയമത്സ്യബന്ധന സമൂഹത്തിന് കർശന നിയന്ത്രണങ്ങൾ അടിച്ചേല്പിച്ചുകൊണ്ടുമുള്ള നടപടികൾക്ക് കേന്ദ്രസർക്കാർ തയ്യാറെടുക്കുന്നു. ഇതുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ നിയമിച്ച വിദ്ഗദ്ധ സമിതി അതിന്റെ റിപ്പോർട്ട് ആഗസ്റ്റ് 20-ന് സമർപ്പിച്ചിരിക്കുകയാണ്. കൃഷിമന്ത്രാലയത്തിനു കീഴിലുള്ള മൃഗപരിപാലന-മത്സ്യബന്ധന വകുപ്പാണ് ഈ കമ്മിറ്റിയെ നിയമിച്ചത്. കേന്ദ്രഫിഷറീസ് ഡപ്യൂട്ടി ഡയറക്ടർ ജനറൽ ഡോ.ബി.മീനാകുമാരി അധ്യക്ഷയായ ഏഴംഗ കമ്മിറ്റിയിൽ കൊച്ചിയിലെ സിഫ്റ്റിലെ ഡോ: ലീല എഡ്വിൻ, എം.പി.ഇ.ഡി.എയിലെ ഡോ: കെ.ജെ.ആന്റണി, സി.എം.എഫ്. ആർ.ഐയിലെ ഡോ. പ്രതിഭാരോഹിത് എന്നിവരും അംഗങ്ങളാണ്. 2004-ൽ കേന്ദ്രം പ്രഖ്യാപിച്ച മത്സ്യബന്ധന നയം പുനരവലോകനം ചെയ്യുന്നതിനും,'ആഴക്കടൽ മത്സ്യബന്ധന നയംസമഗ്രമായിവിലയിരുത്തുന്നതിനും മാർഗ്ഗനിർദ്ദേശങ്ങൾ നല്കുന്നതിനു'മായാണ് കമ്മിറ്റിയെ സർക്കാർ നിയമിച്ചത്.

ഇരുനൂറു നോട്ടിക്കൽ മൈൽ വരേയുള്ള ഇന്ത്യയുടെ ആഴക്കടലിൽ വിദേശക്കപ്പലുകളടക്കം 1178 യാനങ്ങൾ പ്രവർത്തിപ്പിക്കാനനുവദിക്കണമെന്നതാണ് കമ്മറ്റിയുടെ പ്രധാന നിർദ്ദേശം. സംയുക്ത സംരംഭങ്ങൾക്ക് അനുമതി നല്കണം. വിദേശ രാജ്യങ്ങളിലെ ജീവനക്കാരെ പ്രതിവർഷം ചുരുങ്ങിയത് 25,000 ഡോളറെങ്കിലും ശമ്പളത്തിൽ ഈ യാനങ്ങളിൽ നിയോഗിക്കണം. ഇന്ത്യൻ യാനങ്ങളിൽ ചുരുങ്ങിയത് രണ്ടു വിദേശികളയെങ്കിലും നിയമിക്കണം. ഇവരെ നിയമിക്കുന്നതിനു തടസ്സമായി നില്ക്കുന്ന കേന്ദ്ര ആഭ്യന്തരമന്ത്രാലയത്തിന്റെ നിയന്ത്രണങ്ങൾ മാറ്റണം. മൺസൂൺകാല മത്സ്യബന്ധന നിരോധനത്തിൽ നിന്നും ഈ യാനങ്ങളെഒഴിവാക്കാനും കമ്മിറ്റി ശുപാർശചെയ്തിട്ടുണ്ട്.

തീരത്തിനടുത്ത് 200 മുതൽ 500 വരെ ആഴത്തിൽ പ്രവർത്തിക്കുന്ന യാനങ്ങളെ നിയന്ത്രിച്ചു കൊണ്ട് ഈ മേഖലയെ ഒരു ബഫർ സോണായി പ്രഖ്യാപിക്കണമെന്നും കമ്മിറ്റി ശുപാർശ ചെയ്തിട്ടുണ്ട്. 22 കിലോമീറ്ററിനു വെളിയിൽ പ്രവർത്തിക്കുന്ന യാനങ്ങൾക്കു കർശനമായ നിയന്ത്രണം ഏർപ്പെടുത്തുന്ന നിയമ നിർമ്മാണം നടത്താനും കമ്മിറ്റി നിർദ്ദേശിച്ചിട്ടുണ്ട്. ഇന്ത്യയിലെ എഴുപത്തിഅഞ്ചുലക്ഷത്തോളം വരുന്ന മത്സ്യബന്ധന സമൂഹത്തെ നിത്യദുരിതത്തിലേക്ക് തളളിവിടുകയും രാജ്യത്തിന്റെ വിലപ്പെട്ട മത്സ്യ സമ്പത്ത് വിദേശ - നാടൻ കുത്തകകൾക്ക് തീറെഴുതുകയും ചെയ്യുന്ന നടപടികളാണ് കമ്മിറ്റി നിർദ്ദേശങ്ങളിലുള്ളത്. വിനാശകരമായ ഈ നയത്തിനെതിരേ മത്സ്യബന്ധന മേഖല യോജിച്ച പ്രക്ഷോഭത്തിനൊരുങ്ങുകയാണ്.

കമ്മിറ്റിയുടെ ശുപാർശകൾ ഏറെ പ്രതികൂലമായി ബാധിക്കുന്നത് കേരളത്തെയാണ്. കേരളത്തിൽ 3500 ട്രോൾ ബോട്ടുകളുണ്ട്. അവയിൽ വലിയൊരു വിഭാഗവും ഇരുപതുമീറ്ററിൽ താഴെ നീളമുള്ളവയും 200 മുതൽ 500 വരെ ആഴത്തിൽ പ്രവർത്തിക്കുന്നവയുമാണ്. ഈ ഭാഗമാണ് ബഫർ സോണായി പ്രഖ്യാപിക്കപ്പെടുക. 22 കിലോമിറ്ററിന് വെളിയിൽ ഇവ പ്രവർത്തിക്കുന്നതിന് നിലവിൽത്തന്നെ വിലക്കുകളുമുണ്ട്. ഫലത്തിൽ ഇവയുടെ പ്രവർത്തനത്തിന് പൂർണ്ണമായ നിരോധനമാണ് നടപ്പിലാവുക. കടലിലെ ആഴം നിർണ്ണയിച്ച് അടയാളപ്പെടുത്തുന്നതിന് നിലവിൽയാതൊരു സംവിധാനവുമില്ലാത്തത് പ്രശ്നങ്ങളെകൂടുതൽ സങ്കീർണ്ണവുമാക്കും. പരമ്പരാഗത യാനങ്ങളടക്കം കേരളത്തിലെ ഭൂരിപക്ഷം യാനങ്ങളും കേന്ദ്ര സർക്കാർ നിഷ്കർഷിച്ചിരിക്കുന്ന മാനദണ്ഡങ്ങളെ അനുസരിച്ചല്ല നിർമ്മിച്ചതെന്ന വിഷമാവസഥയുമുണ്ട്. ചുരുക്കത്തിൽ ഇന്ത്യയിൽ ഏറ്റവും കൂടുതൽ തൊഴിലാളികൾ മത്സ്യബന്ധനത്തിലേർപ്പെടുകയും, മത്സ്യം കയറ്റുമതി ചെയ്യുകയും ചെയ്യുന്ന നമ്മുടെ സംസ്ഥാനത്തെ മത്സ്യബന്ധന മേഖലയെ തകർക്കുന്ന നിർദ്ദേശങ്ങളാണ് കമ്മിറ്റി സമർപ്പിച്ചിരിക്കുന്നത്.

1991-ൽ റാവുസർക്കാർ പ്രഖ്യാപിച്ച പുത്തൻ സാമ്പത്തിക നയത്തിന്റെ ഭാഗമായിട്ടാണ് വിദേശ മത്സ്യക്കപ്പലുകൾക്ക് ഇന്ത്യയുടെ കടലുകൾ തുറന്നിട്ടുകൊടുത്തത്. 'പുത്തൻ ആഴക്കടൽ മത്സ്യബന്ധന നയം' പ്രഖ്യാപിച്ചതിനേ തുടർന്ന് ഇന്ത്യയിലെ 9 കമ്പനികൾ വിദേശരാജ്യങ്ങളുമായി സംയുക്ത സംരംഭത്തിലേർപ്പെട്ടു. റഷ്യ, ഡൻമാർക്ക്, ജപ്പാൻ, കൊറിയ, തായ്‌ലണ്ട് തുടങ്ങിയ രാജ്യങ്ങളിൽ നിന്നും 21 വൻ കപ്പലുകൾ ഇന്ത്യൻ കടലുകളിൽ പ്രവർത്തനമാരംഭിച്ചു. ഈ നടപടിക്കെതിരേ ഇന്ത്യയിലെ മത്സ്യത്തൊഴിലാളി സമൂഹം ഒറ്റക്കെട്ടായി സമരരംഗത്തിറങ്ങി. 2004 ഫെബ്രുവരിയിലും, സെപ്തംബറിലും രണ്ട് അഖിലേന്ത്യാ പണിമുടക്കങ്ങളും മത്സ്യബന്ദും നടത്തപ്പെട്ടു. തുടർന്ന് കേന്ദ്ര സർക്കാർ നിയോഗിച്ച പി.മുരാരി കമ്മിറ്റി കപ്പലുകളുടെ ലൈസൻസുകൾ റദ്ദു ചെയ്യാൻ ശുപാർശ ചെയ്തു. 1997-ൽ ദേവഗൗഡ സർക്കാർ ശുപാർശ അംഗീകരിച്ചതോടെ കപ്പലുകളുടെ പ്രവർത്തനം തടയപ്പെട്ടു.


വിദേശക്കപ്പലുകളുടെ പ്രവർത്തനം തടഞ്ഞതിനു ശേഷവും ഇന്ത്യയിലെ കുത്തക ഗ്രൂപ്പുകൾ സർക്കാരിർ പലവിധ സമ്മർദ്ദങ്ങളും ചെലുത്തുകയുണ്ടായി. 2000 ആണ്ടിലെ എക്സിം പോളിസിയെ തുടർന്ന് അന്നത്തെ ബി.ജെ.പി സർക്കാർ വീണ്ടും വിദേശക്കപ്പലുകൾ തിരികെ കൊണ്ടുവരാൻ ശ്രമം ആരംഭിച്ചു. 2002 -ൽ 32 വിദേശക്കപ്പലുകൾ ഇറക്കുതി ചെയ്യപ്പെട്ടു. 2004-ൽ യു.പി.എ സർക്കാർ 725 ലെറ്റർ ഓഫ് പെർമിറ്റ് അനുവദിച്ചെങ്കിലും നൂറോളം യാനങ്ങൾ മാത്രമാണ് പ്രവർത്തിച്ചത്. വിദേശത്തു നിന്നും കൊണ്ടു വന്ന 40 കപ്പലുകൾ പിടിച്ച മത്സ്യങ്ങളിൽ ഭൂരിപക്ഷവും പുറം കടലിൽവെച്ചു തന്നെ കൈമാറ്റം ചെയ്യപ്പെട്ടു. നിയമംലംഘിച്ച് തീരക്കടലിൽ നിന്നും ഇവ മത്സ്യം പിടിച്ചു. ഫിഷറി സർവ്വെ ഓഫ് ഇന്ത്യക്ക് കണക്കുകൾ നല്കിയില്ല. ഭൂരിപക്ഷം സമയത്തും വിദേശതുറമുഖങ്ങളിൽ അവ കേന്ദ്രീകരിച്ചു. ഈ അനുഭവങ്ങളുടെ പഞ്ചാത്തലത്തിൽ വിദേശക്കപ്പലുകളെ പൂർണ്ണമായും നിരോധിക്കണമെന്ന് മത്സ്യബന്ധന സമൂഹം ആവശ്യപ്പെട്ടുവരികയാണ്.

ഇന്ത്യയിലെ മൊത്തം മത്സ്യ സമ്പത്ത് 44 ലക്ഷം ടണ്ണാണെന്ന് നിജപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ 95 ശതമാനവും തീരക്കടലിലും അതിനോട് ചേർന്നുള്ള പുറംകടലിലുമാണുള്ളത്. വിശാലമായ ആഴക്കടലിൽ കേവലം 2,16,500 ടൺ (അഞ്ച്ശതമാനം) മത്സ്യമാണുള്ളത്. പശ്ചിമ തീരത്തെ കുളച്ചൽ, മാർത്താണ്ഡം, തുത്തൂർ ഭാഗത്തെ തൊഴിലാളികൾ ദൂരെ ഒമാൻ വരെ പോയി സമീപ ദിവസങ്ങളിൽ മീൻ പടിക്കുന്നുണ്ട് ഇവരെ ആധുനീകരിക്കുകയും, തദ്ദേശീയ സമൂഹത്തെ ആഴക്കടൽ മത്സ്യബന്ധനത്തിനു പരിശീലിപ്പിക്കുകയും ചെയ്യുന്നതിനു പകരം ഈ മേഖലയെ കുത്തകകൾക്ക് തീറഴുതുന്ന നടപടി അംഗീകരിക്കാനാവില്ല. ●

# സാർവ്വദേശീയ പ്രമേയം

**(2013 ഓഗസ്റ്റ് 30,31 സെപ്തംബർ 1 തീയതികളിൽ മുംബൈയിൽ നടന്ന സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് 8ാം അഖിലേന്ത്യാ കോൺഫറസ് അംഗീകരിച്ചത്**

## മൂന്നാം സാമ്പത്തിക മാന്ദ്യം: ആഴമേറുന്ന സാമ്രാജ്യത്വ പ്രതിസന്ധി



1

മാന്ദ്യത്തിന്റേയും ബാങ്കുകളുടേയും സാമ്പത്തിക സ്ഥാപനങ്ങളുടേയും തകർച്ചയുടേയും രൂപത്തിൽ 2008 ൽ അമേരിക്കയെ ബാധിച്ച സാമ്പത്തിക പ്രതിസന്ധി ഇനിയും ലഘൂകരിക്കപ്പെടുകയോ പരിഹരിക്കപ്പെടാനുള്ള സാഹചര്യം ഒരുങ്ങുകയോ ചെയ്തിട്ടില്ല. താല്ക്കാലികമായി പ്രകടമാവുന്ന ഉണർവ്വുകൾ പ്രതീക്ഷിച്ചതു പോലെ കാര്യങ്ങൾ പ്രവർത്തനക്ഷമമായിക്കഴിഞ്ഞതിന്റെ തെളിവായി കണക്കാക്കാനാവില്ല. എന്തുകൊണ്ടെന്നാൽ, തൊഴിൽ സാധ്യതകളുടെ സൃഷ്ടി ആവശ്യമായതിനേക്കാൾ എത്രയോ താഴ്ന്ന നിലവാരത്തിലാണ്. അതായത്, പല സാമ്പത്തിക വിദഗ്ധരും പ്രവചിച്ചതു പോലെ അതിവേഗത്തിലുള്ള ഒരു പ്രശ്നപരിഹാരം സംഭവിച്ചില്ലെന്നു മാത്രമല്ല; പ്രതിസന്ധി അത്‌ലാന്റിക് സമുദ്രത്തിന്റെ കിഴക്കൻ കരയിലേയ്ക്കു കൂടി വ്യാപിക്കുകയും യൂറോപ്പിലേക്കും മദ്ധ്യപൂർവ്വ രാജ്യങ്ങളിലേക്കും പടരുകയുമാണുണ്ടായത്. ഇതിന്റെ ഫലമായി ഏറ്റവുമൊടുവിൽ, യൂറോ മേഖലയുടെ അതിർത്തി പ്രദേശങ്ങളിലെ രാജ്യങ്ങൾ കടപ്രതിസന്ധിക്കും അടിച്ചേൽപ്പിക്കപ്പെട്ട ചെലവു ചുരുക്കൽ നടപടികളുടെ ദുരിതങ്ങൾക്കുമിടയിൽ പെട്ട് ഞെരുങ്ങുകയാണ്. ഇന്ന്, ഏറെ വഷളായിക്കഴിഞ്ഞ ഈ സാഹചര്യത്തിന്റെ ഏറ്റവും മോശമായ മാതൃകയാണ് സൈപ്രസ്സ്. ദുരിതത്തിലേക്കും പതനത്തിലേക്കുമുള്ള യാത്രയിൽ ഒട്ടേറെ രാജ്യങ്ങൾ ഈ ചെറു രാഷ്ട്രത്തിന്റെ അതേ പാത പിന്തുടരുന്നുണ്ട്. ഫ്രാൻസിനേയും ജർമ്മനിയേയും പോലെ ശക്തരായ യൂറോപ്യൻ രാജ്യങ്ങളിലെ സ്ഥിതി സൈപ്രസ്സിന്റേതിനേക്കാൾ മെച്ചപ്പെട്ടതാണെന്നു തോന്നിച്ചേക്കാമെങ്കിലും അവർക്കും സംതൃപ്തരായിരിക്കാനുള്ള സാഹചര്യങ്ങളില്ല. വരാനിരിക്കുന്ന ഒരു വലിയ പതനത്തിൽ നിന്നും യൂറോപ്പിലെ ബാക്കി രാജ്യങ്ങളെ വലിച്ചു പുറത്തു കടത്താൻ വേണ്ട വളർച്ചയോ ഉയർച്ചയോ അവർക്കും ഇല്ല.

–2–

സാമ്പത്തിക രംഗത്തെ ഈ അശുഭ സാഹചര്യമൊന്നും സാമ്രാജ്യത്വ വ്യവസ്ഥയുടെ രാഷ്ട്രീയ നേതൃത്വങ്ങളെ പുനരാലോചനക്കു പ്രേരിപ്പിച്ചിട്ടില്ല. അവർക്കു ഏറ്റവും നന്നായി ചിന്തിക്കാനാവുന്നത്, അധികലാഭമുണ്ടാക്കാനായി മൂലധന പ്രവർത്തനം നടത്താനും പ്രകൃതി വിഭവങ്ങൾ, പ്രത്യേകിച്ചും എണ്ണ കൊള്ളയടിക്കാനും വിപണിയെ വികസിപ്പിക്കാനും വേണ്ടി പുതിയ പുതിയ പ്രദേശങ്ങൾ എങ്ങനെ കണ്ടെത്താം

എന്നതിനെക്കുറിച്ചാണ്. ആഭ്യന്തര തലത്തിൽ നടത്തുന്ന പുനഃക്രമീകരണങ്ങൾ കൊണ്ടോ, പുതിയ പരിപാലനമുറകൾ കൊണ്ടോ സ്വന്തം സമ്പദ്ഘടനകളെ രക്ഷിക്കാനാവില്ലെന്ന് മുതലാളിത്ത, സാമ്രാജ്യത്വ രാജ്യങ്ങളിലെ ഭരണാധികാരികൾക്ക് നന്നായറിയാം. അതുകൊണ്ടു തന്നെ, യൂറോ മേഖലയുടെ രൂപീകരണമോ അതിന്റെ നിലനില്പോ രോഗാതുരമായിക്കഴിഞ്ഞ യൂറോപ്യൻ സമ്പദ്ഘടനകൾക്ക് സഹായകരമാവില്ല. അമേരിക്കയിലായാലും യൂറോപ്പിലായാലും സാമ്പത്തിക പാക്കേജുകൾ തൊഴിലില്ലായ്മയും ദാരിദ്ര്യവും പോലുള്ള സാമൂഹ്യദുരവസ്ഥകളെ പരിഹരിക്കാൻ വേണ്ടി തയ്യാറാക്കപ്പെട്ടവയല്ല. ഫൈനാൻസ് പ്രഭുത്വത്തെ രക്ഷിക്കാൻ വേണ്ടിയാണ് അവ ആവിഷ്ക്കരിക്കപ്പെടുന്നത്. ഇത്തരം ധനകാര്യ പാക്കേജുകളിൽ നിന്നുള്ള പണമുപയോഗിച്ച് ഇൻഷുറൻസ്, ബാങ്കിംഗ് രംഗത്തെ ഭീമന്മാർ അവരുടെ മുതിർന്ന ഉദ്യോഗസ്ഥർക്കും എക്സിക്യൂട്ടീവുകൾക്കും ലാഭവിഹിതം (ഡിവിഡന്റ്) നൽകുകയാണു ചെയ്തതെന്ന് അമേരിക്കൻ പ്രസിഡന്റ് ബരാക്ക് ഒബാമ വിലപിച്ചത് വെറുമൊരു തട്ടിപ്പു മാത്രമായിരുന്നു. ഒബാമയുടെ ആദ്യത്തെ പ്രസിഡന്റ് പദവിക്കാലത്തു മുഴുവൻ അദ്ദേഹം പിന്തുടർന്നത് ധനകാര്യഭീമന്മാർക്ക് സാമ്പത്തിക സഹായവും ജനങ്ങൾക്ക് ചെലവു ചുരുക്കലും എന്ന നയമായിരുന്നു. ഈ നയങ്ങൾക്കെതിരായി ഉയർന്നുവന്ന അസംതൃപ്തിയാണ് ജനപ്രതിനിധിസഭകളായ സെനറ്റിലും അമേരിക്കൻ കോൺഗ്രസ്സിലും ഡെമോക്രാറ്റ് പാർട്ടിക്കുണ്ടായിരുന്ന ഭൂരിപക്ഷം നഷ്ടമാക്കിയത്. വ്യത്യസ്തമായ ഒരേയൊരു ചുവടുവയ്പ്പ് ആരോഗ്യ ഇൻഷ്വറൻസിനെ സംബന്ധിച്ച നിയമനിർമ്മാണമായിരുന്നു. എന്നാൽ തൊഴിൽ സാധ്യകൾ സൃഷ്ടിക്കുന്നതിൽ ഉണർവ്വുണ്ടാക്കിക്കൊണ്ട് സമ്പദ്ഘടനയെ ഒരു വീണ്ടെടുപ്പിലേയ്ക്ക് തട്ടിയുണർത്തുന്നതിന് യാതൊന്നും ചെയ്യാൻ അവർക്കായില്ല. അതിനു വേണ്ടി ഗൗരവമുള്ള ഒരു പദ്ധതി മുന്നോട്ടു വയ്ക്കാൻ പോലും ഈ രാജ്യങ്ങളിലെ ഭരണാധികാരികൾക്കു സാധിച്ചില്ല.

–3–

അമേരിക്കയിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും നഗരങ്ങളിൽ പടർന്നു പിടിച്ച വാൾസ്ട്രീറ്റ് സമരം അദ്ധ്വാന ശക്തികൾക്കും മൂലധനശക്തികൾക്കും ഇടയിലുള്ള വർഗ്ഗ വൈരുദ്ധ്യത്തെ അഭൂതപൂർവ്വമായ അളവിലും രൂക്ഷതയിലും പ്രകടമാക്കി. ഒരു ശതമാനത്തിനെതിരെ 99 ശതമാനം എന്ന മുദ്രാവാക്യം ചിക്കാഗോ സമരകാലത്തെ, അതിനേക്കാൾ ഉയർന്ന വിതാനത്തിൽ സ്പഷ്ടമായി ഓർമ്മിപ്പിക്കുന്നതായിരുന്നു. സോഷ്യലിസ്റ്റ് തിരിച്ചടിക്കു ശേഷം കഷ്ടി മൂന്നു ദശകങ്ങളെത്തും മുമ്പു തന്നെ, വികസിത മുതലാളിത്ത രാജ്യങ്ങളിലെ തൊഴിലാളിവർഗ്ഗം, ഫിനാൻസ് മൂലധനത്തിന്റേയും അതു നടത്തുന്ന ഭീകരമായ കൊള്ളയുടേയും രാഷ്ട്രീയ സമ്പദ്ശാസ്ത്രം മനസ്സിലാക്കിയെന്നത് തികച്ചും ശ്രദ്ധേയമാണ്. ഫിനാൻസ് മൂലധനം കുന്നുകൂടുന്നതിനും തൊഴിലിനു സംഭവിച്ച തകർച്ചക്കും സമൂഹത്തിന്റെ സാമ്പത്തിക പുരോഗതിക്കു തടസ്സം നേരിട്ടതിനും പുറകിൽ ഈ കൊടിയ ചൂഷണമായിരുന്നുവെന്ന് അവർ മനസ്സിലാക്കിയിരിക്കുന്നു. ഒരു പോർവിളി പോലെ നവലിബറൽ നയങ്ങൾ പിന്തുടരുന്ന ഭരണാധികാരികൾ മുഴക്കുന്ന "പകരം വേറെയൊന്നുമില്ലെന്ന" (There is No Alternative - TINA) ആക്രോശത്തിനും പോരാട്ടങ്ങളെ വഴിതിരിച്ചുവിടാൻ ശ്രമിക്കുന്നവരുടെ "നിരവധി ബദലുകളുണ്ടെന്ന" (There are Many Alternatives -TAMA) മുദ്രാവാക്യത്തിനും മുകളിൽ, അവയെ നിഷ്പ്രഭമാക്കിക്കൊണ്ടാണ് ഫിനാൻസ് മൂലധനത്തിനെതിരായ വ്യക്തവും ഉറച്ചതുമായ സമരകാഹളം മുഴങ്ങുന്നത്. ബൊളിവേറിയൻ റിപ്പബ്ലിക് ഓഫ് വെനസ്വേലയുടെ പ്രസിഡന്റായി സ. ഹ്യൂഗോ ഷാവേസ് വീണ്ടും തെരഞ്ഞെടുക്കപ്പെട്ടതും അദ്ദേഹത്തിന്റെ മരണത്തിനു ശേഷം പ്രസിഡന്റ് സ്ഥാനത്തേക്ക് നടന്ന തെരഞ്ഞെടുപ്പിൽ ഷാവേസ് നിർദ്ദേശിച്ച സ്ഥാനാർത്ഥി വിജയം നേടിയതും ഈ ദക്ഷിണ അമേരിക്കൻ രാജ്യം പുരോഗതിയുടെ പാതയിൽ തന്നെ അചഞ്ചലമായി തുടരുകയാണെന്ന് ഉറപ്പിച്ചു പ്രഖ്യാപിക്കുകയാണ്.

–4–

നേരെ മറിച്ച്, അമേരിക്ക മാറിയിരിക്കുന്നു എന്ന് കാണിക്കാൻ പുതിയ പ്രസിഡന്റ് തത്രപ്പെടുമ്പോഴും അവിടത്തെ ബുദ്ധിരാക്ഷസന്മാർ നടപ്പാക്കിക്കൊണ്ടിരിക്കുന്നത് യുദ്ധ പരിപാടികളും ഹിംസാത്മകമായ ഭരണമാറ്റങ്ങളും പീഡനതന്ത്രങ്ങളും നയതന്ത്രമാർഗ്ഗങ്ങളിലൂടെയുള്ള ഭീഷണികളും സാമ്പത്തിക ഉപരോധങ്ങളും തന്നെയാണ്. റഷ്യയിൽ പുടിൻ പ്രസിഡന്റ് സ്ഥാനത്തെത്തിയതോടെ നയതന്ത്രരംഗത്തെ അമേരിക്ക – റഷ്യ വിരോധം കുറച്ചുകൂടി വർദ്ധിതമായ വിധത്തിൽ തിരിച്ചുവന്നിരിക്കുന്നു. ബുഷിനു പകരം ഒബാമ അമേരിക്കൻ പ്രസിഡന്റു പദവിയിലെത്തിയതു കൊണ്ടു മാത്രം ഈ വിരോധം മയപ്പെട്ടില്ല. എണ്ണയുല്പാദന മേഖലയെ സംബന്ധിച്ച അമേരിക്കൻ സാമ്രാജ്യത്വത്തിന്റെ അഭിലാഷങ്ങളും ഇറാനിലെ പ്രകൃതിവാതക നിക്ഷേപത്തിനു മേൽ അവർക്കുള്ള താല്പര്യങ്ങളും തന്നെയാണ് ഇന്നത്തെ സിറിയൻ സംഘർഷത്തിലെ ഒരു പ്രധാന ഘടകം. എന്തുകൊണ്ടെന്നാൽ, ഒരു വശത്ത് ഇറാന്റേയും ഇസ്രയേലിന്റേയും ഇടയിലാണ് സിറിയയുടെ കിടപ്പ്; മറുവശത്താകട്ടെ മെഡിറ്ററേനിയൻ സമുദ്രത്തിനും ഇറാനും മദ്ധ്യത്തിലാണ് സിറിയ. സിറിയക്കു മേൽ നടത്തപ്പെടുന്ന ഏതൊരു ശ്രമവും ഇറാനെതിരായി നടത്താനിരിക്കുന്ന ഒരു സൈനിക നടപടിയുടെ തുടക്കമായിരിക്കും. അത് ഈ മേഖലയിലെ റഷ്യൻ സ്വാധീനത്തിന് മാരകമായ അടിയേല്പിക്കുകയും യൂറോപ്പിലെ ശാക്തിക സമതുലനത്തെ തകിടം മറിക്കുകയും ചെയ്യും. അതുകൊണ്ട്, 1960 കളുടെ അവസാനം മുതൽ രൂപപ്പെടാൻ തുടങ്ങിയ സാമ്രാജ്യത്വ പ്രതിസന്ധിയുടെ സഹജഭാഗവും വളർച്ച നേടിയ രൂപവുമായ ഇന്നത്തെ പ്രതിസന്ധി മുതലാളിത്തഗ്രൂപ്പുകളും മുതലാളിത്ത രാഷ്ട്രങ്ങളും തമ്മിലുള്ള സംഘർഷങ്ങളെ കൂടുതൽ വ്യക്തമായ രൂപങ്ങളിൽ പ്രതിഫലിപ്പിക്കാൻ തുടങ്ങിയിട്ടുണ്ട്. ചെക്ക് റിപ്പബ്ലിക്കിലും പോളണ്ടിലും മിസൈലുകൾ സ്ഥാപിക്കാനുദ്ദേശിക്കുന്ന പദ്ധതികൾ ഉൾപ്പെടെയുള്ള നാറ്റോ (NATO) പ്രവർത്തനങ്ങൾ റഷ്യയുടെ ഭാഗത്തു നിന്നും ശക്തമായ പ്രതികരണങ്ങൾക്കു കാരണമായിട്ടുണ്ട്. പദ്ധതിയുടെ ആദ്യരൂപത്തിലുള്ള നടപ്പാക്കൽ നിർത്തി വക്കപ്പെട്ടിട്ടുണ്ടെങ്കിലും അതിനു പകരമായി അമേരിക്കൻ നാവികസേനാകപ്പലുകളിൽ മിസൈൽ സംവിധാനം വിന്യസിച്ചുകൊണ്ടിരിക്കുകയാണ്.

–5–

സുന്നി കേന്ദ്രങ്ങളും സിറിയൻ സർക്കാരും തമ്മിലുള്ള ശത്രുത ആഭ്യന്തരയുദ്ധത്തിന്റെ കനത്ത പോരാട്ടമായി ശക്തിപ്പെടാൻ തുടങ്ങിയപ്പോൾ തന്നെ അമേരിക്കൻ പ്രസിഡന്റ് തിരക്കിട്ട് ഇസ്രയേൽ സന്ദർശിച്ചു. ഇസ്രയേലും തുർക്കിയും തമ്മിലുള്ള അഭിപ്രായഭിന്നതകൾ പറഞ്ഞുതീർത്ത് രമ്യതയിലെത്തിക്കുക എന്നതായിരുന്നു സന്ദർശന ലക്ഷ്യം. സിറിയയിൽ നടത്തേണ്ടിയിരിക്കുന്ന പ്രവർത്തനങ്ങൾക്ക് ഈ രണ്ടു രാജ്യങ്ങളുടേയും ഒത്തൊരുമിച്ചുള്ള പ്രവർത്തനം ആവശ്യമായതുകൊണ്ടാണ് അമേരിക്ക അതു ചെയ്തത്. തീർച്ചയായും മദ്ധ്യധര

ണ്യാഴിക്കും പശ്ചിമേഷ്യയുടെ വടക്കേ ആകാശത്തിനും മീതെ യുദ്ധത്തിന്റെ മേഘങ്ങൾക്കു കട്ടി കൂടുകയാണ്. പ്രത്യക്ഷത്തിൽ സംശയിച്ചു നില്ക്കുന്ന യൂറോപ്യൻ മുതലാളിത്തരാജ്യങ്ങളെക്കൂടി അങ്ങേയറ്റം ഹീനമായ ഒരു സൈനിക സംഘർഷത്തിന്റെ ചുഴലിക്കൊടുങ്കാറ്റിനകത്തേയ്ക്ക് വലിച്ചടുപ്പിക്കാനുള്ള ശ്രമങ്ങളാണ് ഉറപ്പായും നടന്നുകൊണ്ടിരിക്കുന്നത്. ചരിത്രത്തിൽ, ഇത്തരം സംഘർഷങ്ങൾ രൂപപ്പെടുത്തിയെടുക്കുന്നതിൽ പരിചയസമ്പന്നയായ അമേരിക്കയെന്ന മുത്തശ്ശി തന്നെയാണ് ഈ യുദ്ധമേഘങ്ങളെ നെയ്തെടുക്കുന്നതിനും നേതൃത്വം നൽകുന്നത്. അപ്പോഴും അവർ പരമാവധി ശ്രമിക്കുന്നത് പ്രതിപുരുഷന്മാരെ വച്ചുകൊണ്ട് നടത്തപ്പെടുന്ന ഒരു പ്രദേശിക യുദ്ധമായി മാറ്റിക്കൊണ്ട്, സൂക്ഷ്മമായി നടത്തപ്പെടുന്ന ശസ്ത്രക്രിയ പോലെ കൃത്യമായി നിർവ്വചിക്കപ്പെട്ട പരിധികൾക്കകത്ത് ഈ യുദ്ധത്തെ ഒതുക്കി നിർത്താനാണ്. സാമ്രാജ്യത്വ ചേരിയിലെ വൻകിട ഭീമന്മാർ നേരിട്ടുള്ള ഒരു സായുധ സംഘർഷത്തിൽ മുഖാമുഖം വരികയോ അങ്ങനെ വന്നേക്കാമെന്നു ഭാവിക്കുക പോലുമോ ചെയ്തിട്ടില്ലെന്നത് സത്യമാണ്. “ശീതയുദ്ധം അവസാനിച്ചതിനും” വാഴ്സാ സഖ്യം പിരിച്ചുവിടപ്പെട്ടതിനും ശേഷമുള്ള കാലത്തെ, പരസ്പര സംഘർഷത്തിൽ ഏർപ്പെടാതിരിക്കുക എന്ന നിലപാടാണിത്. എങ്കിലും, യു.എസ്.എസ്. ആറിന്റെ ശിഥിലീകരണത്തിനും കിഴക്കൻ യൂറോപ്പിലെ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടെ പതനത്തിനും ശേഷം രൂപപ്പെട്ട പുതിയ ഭരണകൂടങ്ങളുടെ വർഗ്ഗതാല്പര്യങ്ങൾ വ്യത്യസ്തങ്ങളായതുകൊണ്ടു തന്നെ, ഈ മേഖലയിൽ പുതിയ സംഘർഷങ്ങൾക്ക് കാരണങ്ങളുണ്ടായിട്ടുണ്ടെന്നത് പ്രകടമായ വസ്തുതയാണ്. 2008 ആഗസ്റ്റിലുണ്ടായ റഷ്യ - ജോർജ്ജിയൻ യുദ്ധം ഇതിനൊരു നല്ല ഉദാഹരണമാണ്. ഇന്ന് മധ്യധരണ്യാഴിയിലും സിറിയൻ തുറമുഖങ്ങളിലുമുള്ള റഷ്യൻ നാവികസേന കൂടുതൽ സൈനികരെ കൊണ്ടുവന്ന് സാന്നിദ്ധ്യം ശക്തിപ്പെടുത്തുകയാണ്. സമാനമായ അമേരിക്കൻ നടപടികളോടുള്ള തിരിച്ചടിയെന്ന നിലയിൽ ഒട്ടേറെ അമേരിക്കൻ ഉദ്യോഗസ്ഥരെ റഷ്യയുടെ പ്രദേശത്തു പ്രവേശിക്കുന്നതിൽ നിന്നും റഷ്യ വിലക്കിയിരിക്കുന്നു.

–6–

മേൽ പറഞ്ഞ വസ്തുതകൾ തെളിയിക്കുന്നത് സോഷ്യലിസ്റ്റ് തിരിച്ചടിക്കും യു.എസ്.എസ്. ആറിന്റെ ശിഥിലീകരണത്തിനും ശേഷം സാമ്രാജ്യത്വ ശക്തികൾ തമ്മിൽ തമ്മിലുള്ള വൈരുദ്ധ്യങ്ങൾ പുതിയ തരത്തിൽ പ്രകടമാവുന്നുണ്ട് എന്നാണ്. വാഴ്സാ സഖ്യം അപ്രത്യക്ഷമായെങ്കിലും നാറ്റോ (NATO) സഖ്യം കൂടുതൽ അംഗങ്ങളെ ചേർത്ത് വലുതാക്കിയിരിക്കുന്നു. അഫ്ഘാനിസ്ഥാൻ യുദ്ധവും ഇറാക്കിൽ നടന്ന രണ്ടു യുദ്ധങ്ങളും തെളിയിച്ചത്, സാമ്രാജ്യത്വത്തിന്റെ താല്പര്യം, വിനാശകരമായ യുദ്ധങ്ങൾക്കും ശ്വാസം മുട്ടിച്ചുകൊല്ലുന്ന ഉപരോധങ്ങൾക്കും ജന്മം നൽകുന്നു എന്നാണ്. രണ്ടാം ലോക യുദ്ധത്തേയും വെല്ലുന്ന വിനാശമാണ് മേൽ പറഞ്ഞ യുദ്ധങ്ങളിലുണ്ടായത്. ആണവായുധങ്ങൾ കുന്നുകൂട്ടിയിട്ടുണ്ട് എന്നത് ഈ യുദ്ധങ്ങൾക്ക് ഒരു തടസ്സമേ ആയില്ല. നേരെ മറിച്ച്, അധീശത്വത്തിന്റെ അടയാളം ആർക്കാണെന്നു നിശ്ചയിക്കുന്ന, തങ്ങളുടെ പ്രവർത്തന രംഗത്തിന്റെ ഔപചാരിക അതിർത്തി രേഖകൾക്കുമപ്പുറത്തുള്ള പുതിയ സ്വാധീന മണ്ഡലങ്ങളിലേക്കു തുറക്കുന്ന വാതിലുകളായി ഈ യുദ്ധങ്ങളെ അവശ്യം ആവശ്യമാക്കുകയായിരുന്നു. എന്നു മാത്രവുമല്ല, ആഫ്രിക്കയിലെ സൈനിക ഇടപെടലുകളിലും കൊറിയൻ ഉപദ്വീപിലെ ശത്രുതാപരമായ സൈനിക കേന്ദ്രീകരണത്തിലും സാമ്രാജ്യത്വത്തിന്റെ വിഷപ്പല്ലുകൾ അനാവൃതമാകുന്നത് കാണാമായിരുന്നു. സ്വന്തം താല്പര്യങ്ങൾ നേടാനായി സൈനിക നടപടികൾ സ്വീകരിക്കാനും യുദ്ധം ചെയ്യാനും തയ്യാറാണെന്ന സാമ്രാജ്യത്വത്തിന്റെ യുദ്ധ പ്രഖ്യാപനം കൂടിയായിരുന്നു അത്. ഇപ്പോഴത്തെ പ്രതിസന്ധി ആ യുദ്ധസന്നദ്ധതയെ കൂടുതൽ രൂക്ഷമാക്കിയിരിക്കുന്നു. സാമ്രാജ്യത്വ ശക്തികൾ തമ്മിൽ തമ്മിലുള്ള വൈരുദ്ധ്യങ്ങളെ പരിഹരിക്കാനോ, താല്ക്കാലികമായ സ്ഥിരതയെങ്കിലും കൈവരിക്കാനോ ഈ യുദ്ധങ്ങളിലൂടെ കഴിയുകയുണ്ടായില്ല. അധീശത്വത്തെ സംബന്ധിച്ച തർക്കത്തിന് താല്ക്കാലികമായെങ്കിലും പരിഹാരമുണ്ടാക്കാൻ ഈ സംഘർഷങ്ങൾക്കായില്ലെന്ന് അഫ്ഘാനിസ്ഥാനിലേയും ഇറാക്കിലേയും യുദ്ധങ്ങൾ തെളിയിച്ചു. വരും കാലത്തെ ഏറ്റുമുട്ടലുകളിൽ പരിഹാരമുണ്ടാക്കാനായി ആ തർക്കത്തെ ബാക്കി വക്കുകയായിരുന്നു. അതുകൊണ്ട് ഇന്ന് സിറിയയിലെ സംഘർഷങ്ങളെ കൈകാര്യം ചെയ്തുകൊണ്ട് ഇറാനെതിരായ സൈനിക നടപടി പ്രായോഗികമാക്കാനുള്ള പരിപാടിയാണ് ചുരുൾ നിവരുന്നത്. മുൻകാലത്ത് ഈ ശ്രമം നടന്നിരുന്നത് ലെബനണിലേയും ഗാസയിലേയും ഇസ്രയേലി സൈനിക നടപടികൾ വഴിയായിരുന്നു.



–7–

ഏറെ കൊട്ടിഘോഷിക്കപ്പെട്ട ‘ചരിത്രത്തിന്റെ അന്ത്യ’ത്തെപ്പറ്റിയുള്ള സിദ്ധാന്തം ഈ സംഭവവികാസങ്ങൾക്കിടയിൽ തന്നെ തകർന്നടിയുകയും വർഗ്ഗസമരത്തിന്റെ ചരിത്രം തൊഴിലാളിവർഗ്ഗത്തിന്റെ ബോധത്തെ കൂടുതൽ മൂർച്ചയുള്ളതാക്കുവാൻ തുടങ്ങുകയും ചെയ്തു. തീർച്ചയായും അത് വർഗ്ഗസമരത്തെ കൂടുതൽ മൂർച്ചയുള്ളതാക്കും. ഒരു ശതമാനം പേർ നേതൃത്വം നൽകുന്ന ധനകാര്യ പ്രഭുത്വത്തെ 99 ശതമാനം വരുന്ന ബഹുജന വിഭാഗങ്ങൾ ചേർന്ന് തകർത്തെറിയുമ്പോൾ മാത്രമാണ് എല്ലാ പ്രധാന വൈരുദ്ധ്യങ്ങളും പരിഹരിക്കപ്പെടാൻ പോകുന്നത്. സ്വന്തം വളർച്ചക്കൊപ്പം പുരോഗതി കൊണ്ടുവരികയും അതിൽ നിന്നുണ്ടാകുന്ന നേട്ടങ്ങൾക്ക് താഴെ തട്ടിലേയ്ക്ക് ഊർന്നിറങ്ങാനും അതുവഴി പുനഃചംക്രമണം നടത്താനും അവസരമൊരുക്കുകയും ചെയ്യുന്ന സ്വതന്ത്ര മൂലധനത്തേയും സ്വതന്ത്ര വിപണിയേയും സംബന്ധിച്ച കെട്ടിയേല്പിക്കപ്പെട്ട സ്വപ്നം പരാജയപ്പെട്ടിരിക്കുന്നു. ആഗോളീകരണ നയങ്ങൾ ദശകങ്ങളായി പ്രയോഗിക്കപ്പെട്ടിട്ടും ഇപ്പോഴും നിലനില്ക്കുന്നത് ഭൂരിപക്ഷവും പഴയ കുത്തകകൾ തന്നെയാണെന്നും നിയന്ത്രണങ്ങൾ എടുത്തുകളയുന്നതിന്റെ സുവിശേഷം പ്രയോഗത്തിൽ വരുത്തിയ സ്ഥലങ്ങളിലെല്ലാം പൊതു

ഉടമസ്ഥതയിലും പൊതു നിയന്ത്രണത്തിലും ഉണ്ടായിരുന്ന സമ്പത്തും വ്യാവസായിക പ്രവർത്തനങ്ങളുമെല്ലാം ഈ കുത്തകകളുടെ വായിലെത്തിയിരിക്കുന്നുവെന്നും ലോകം കണ്ടുകൊണ്ടിരിക്കുകയാണ്. തൊഴിൽ സാധ്യതകൾ സൃഷ്ടിച്ചുകൊണ്ട് വ്യവസായങ്ങളുടെ പുതിയ ഉറവകളൊന്നും ഉയർന്നു വന്നിട്ടില്ല. ദീർഘകാലമായി മനുഷ്യവംശം നേരിട്ടുകൊണ്ടിരിക്കുന്ന പട്ടിണിയും ശോഷണവും രോഗദുരിതങ്ങളും പോലുള്ള ശാപങ്ങളിൽ നിന്നും അവരെ മോചിപ്പിച്ച് മനുഷ്യജീവിതം കൂടുതൽ മെച്ചപ്പെടുത്താൻ പോന്ന അത്ഭുത പ്രവർത്തനങ്ങളൊന്നും സാങ്കേതിക വിദ്യയുടെ മേഖലയിൽ സംഭവിച്ചിട്ടില്ല. പ്രകൃതി സമ്പത്തിന്റെ കൊള്ള ശക്തിപ്പെടുകയും പാരിസ്ഥിതിക തുലനനില ആപത്കരമാംവിധം തകരുകയും ചെയ്തു. മനുഷ്യവംശത്തിന്റെ ഏറ്റവും മെച്ചപ്പെട്ട ആശയവും പ്രയോഗവുമാണ് സോഷ്യലിസവും അതിന്റെ പ്രയോഗവുമെന്ന് ഒരിക്കൽ കൂടി അംഗീകരിക്കപ്പെടുന്നു. മനുഷ്യവംശത്തിന്റെ മോചനത്തിന്റെ കേന്ദ്രസ്ഥാനത്ത് സോഷ്യലിസവും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യമാണ് നിലകൊള്ളുന്നത്. അതുകൊണ്ട്, വ്യവസ്ഥയുടെ പരിവർത്തനം അനിവാര്യമായിരിക്കുന്നു; അതിനാവശ്യമായ മാർഗ്ഗം സോഷ്യലിസത്തിന്റേതാണ്.

–8–

വ്യവസായ കുത്തക മൂലധനവും ബാങ്ക് മൂലധനവും പരസ്പരം തുളച്ചുകടക്കുകയും ഫിനാൻസ് മൂലധനമെന്ന ഭീമാകാരനായ പരോപജീവിക്ക് രൂപം നൽകുകയും ചെയ്യുന്ന പ്രാതിഭാസികമായ ഒരു ഘട്ടമാണ് സാമ്രാജ്യത്വമെന്ന ലെനിനിസ്റ്റ് ബോധ്യത്തെ ആഗോളതലത്തിലുള്ള സംഭവഗതികൾ ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ്. ഈ ഫിനാൻസ് മൂലധനം ജീർണ്ണവും പ്രാകൃതവും മത- വംശീയ - ജാതീയ സങ്കുചിതത്വം ഉൾപ്പെടെയുള്ള ഗോത്രാധിപത്യ, പുരുഷാധിപത്യ സ്വഭാവമുള്ള ശക്തികളുമായി സഖ്യത്തിലേർപ്പെട്ടിരിക്കുന്നതും ഏറെക്കുറെ മൃതപ്രായ സ്വഭാവവിശേഷങ്ങളുള്ളതുമാണ്. ഭൂപ്രദേശങ്ങളും സ്വാധീനമേഖലകളും വിഭജിച്ചെടുക്കാനും വീണ്ടും പുനർവിഭജിച്ചെടുക്കാനും വേണ്ടി വിഭ്രാന്തവും കടന്നാക്രമണ സ്വഭാവമുള്ളതുമായ നീക്കങ്ങൾ നടത്തുകയും തൽഫലമായി വിനാശകരമായ യുദ്ധങ്ങൾ സൃഷ്ടിക്കുകയും ചെയ്യും അത്. എല്ലാറ്റിനുമുപരി, കൗട്സ്കിയും രണ്ടാം ഇന്റർനാഷണലും അവകാശപ്പെട്ടിരുന്നതു പോലെ, സാമ്രാജ്യത്വമെന്നത് നയപരമായ ഒരു പ്രതിഭാസമല്ലെന്നും നേരെ മറിച്ച്, അത് വർത്തമാനകാലത്തിന്റെ വ്യവസ്ഥാപരമായ സ്വഭാവമാണെന്നും മുതലാളിത്തത്തിന്റെ ഏറ്റവുമുയർന്ന ഘട്ടമാണെന്നും തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. അതുകൊണ്ട്, അതിന്റെ ബുദ്ധിശൂന്യതകൾ സാമ്രാജ്യത്വ വ്യവസ്ഥയുടെ തലപ്പത്തിരിക്കുന്ന യജമാനന്മാരുടെ നയപരമായ തെറ്റുകളായി കണക്കാക്കിക്കൂടാ. അതുകൊണ്ടുതന്നെ, മാനേജർമാരോ, ഭരണാധികാരികളോ മാറുന്നതുകൊണ്ട് രോഗം പരിഹരിക്കപ്പെടുന്നില്ല. മൊത്തം ഘടനയെ; സാമ്രാജ്യത്വ വ്യവസ്ഥയെ മൊത്തത്തിൽ തകിടം മറിക്കുന്നതിലൂടെ മാത്രമേ അതിനു പരിഹാരമാവൂ. അങ്ങനെ വീണ്ടുമൊരിക്കൽ വർത്തമാനയുഗത്തെ സംബന്ധിച്ച സാമ്രാജ്യത്വ സങ്കല്പനത്തേയും മനുഷ്യവംശത്തിന്റെ വികാസത്തിനും വിമോചനത്തിനും വേണ്ടി അതു തയ്യാറാക്കിയിട്ടുള്ള പദ്ധതികളേയും വെല്ലുവിളിക്കുന്ന സോഷ്യലിസ്റ്റ് ബദൽ മാറ്റത്തിന്റെ അഗ്രബിന്ദുവായിരിക്കുന്നു.

–9–

**സാമ്രാജ്യത്വ പ്രതിസന്ധിയും സോഷ്യലിസത്തിനു മുന്നിലുള്ള വെല്ലുവിളികളും**

ഇപ്പോഴത്തെ സാമ്രാജ്യത്വ പ്രതിസന്ധി അതിന്റെ മാരകമായ ചുഴിക്കുത്തിൽ പെടുത്തിയിരിക്കുന്നത് മുതലാളിത്ത, സാമ്രാജ്യത്വ രാജ്യങ്ങളെ മാത്രമല്ല. വ്യത്യസ്ത സാമ്പത്തിക മാർഗ്ഗങ്ങൾ പിന്തുടരുന്ന എല്ലാ രാഷ്ട്രങ്ങളും ഈ ചുഴിയിലേയ്ക്ക് വലിച്ചടുപ്പിക്കപ്പെട്ടിരിക്കുന്നു. യു.എസ്.എസ്.ആറിന്റേയും മുൻ സോഷ്യലിസ്റ്റ് റിപ്പബ്ലിക്കുകളുടേയും പതനത്തെ തുടർന്ന് ശാക്തിക സന്തുലനത്തിൽ സാമ്രാജ്യത്വചേരിക്ക് അനുകൂലമായ മാറ്റങ്ങൾ ഉണ്ടായതിനു ശേഷം സംഭവിച്ച ഗുണകരമായ ഒരു മാറ്റമാണിത്. ലോകബാങ്കും ഐ.എം.എഫും.ഡബ്ല്യൂ.ടി.ഒയും പോലുള്ള വിവിധ സ്ഥാപനങ്ങളും നാണയസംയോജന നയങ്ങളും (Amalgamative Currency Policy) ബഹുരാഷ്ട്ര ബാങ്കുകളുടേയും ധനകാര്യസ്ഥാപനങ്ങളുടേയും തടിച്ചുകൊഴുക്കലുമൊക്കെ ഉൾപ്പെട്ടിരിക്കുന്ന നവകൊളോണിയൽ ലോകക്രമവുമായി വിവിധ ദേശീയ സമ്പദ് ക്രമങ്ങൾ കൂടുതൽ കൂടുതലായി ഉദ്ഗ്രഥിക്കപ്പെട്ടതിന്റെ ഫലമാണ് ഈ പ്രതിഭാസം. ഇത്തരമൊരു സാഹചര്യത്തിൽ നിലനില്ക്കുക എന്നതു പോലും സ്വതന്ത്ര, സോഷ്യലിസ്റ്റ് സമ്പദ് ഘടനകളെ സംബന്ധിച്ചിടത്തോളം ഒരു വെല്ലുവിളിയാണ്. അതുകൊണ്ടാണ് എല്ലാ സാമ്പത്തിക പ്രവർത്തനങ്ങളേയും സാർവ്വദേശീയ തലത്തിൽ കൂടുതൽ കൂടുതൽ ഉദ്ഗ്രഥിതമാക്കി മാറ്റാൻ സാമ്രാജ്യത്വ ലോകക്രമം ശ്രമിച്ചുകൊണ്ടിരിക്കുന്നത്. വൻകിട ഉല്പാദനമോ വാണിജ്യമോ, വിഭവശേഖരണമോ, ബാങ്കിംഗോ, നാണയവ്യവസ്ഥകളോ ഒന്നും മറച്ചുവക്കപ്പെടുന്നില്ല; ഇനിമേൽ മറച്ചുവക്കാൻ സാധ്യവുമല്ല. അതുകൊണ്ട്, വർത്തമാനലോകത്തെ സോഷ്യലിസത്തിന്റെ നിലനില്പ് പ്രതിസന്ധി ഗ്രസ്തമായ സാമ്രാജ്യത്വ വ്യവസ്ഥയുമായുള്ള നീരാളി സമാനമായ ഉദ്ഗ്രഥന പ്രക്രിയയുടെ അഗ്നിപരീക്ഷണങ്ങളെ എങ്ങനെ അതിജീവിക്കാമെന്നതിനെ ആശ്രയിച്ചാണ് നിലകൊള്ളുന്നത്; ഭൂഗോളത്തിന്റെ വിവിധ ഭാഗങ്ങളുമായി അനിവാര്യമായ വിധം ബന്ധിപ്പിക്കപ്പെട്ടിരിക്കുന്ന വൻകിട ഉല്പാദനപ്രക്രിയ എങ്ങനെ സ്വന്തമായി നിർവ്വഹിക്കാമെന്നതിനെ ആശ്രയിച്ചാണ് ; നവകൊളോണിയലിസത്തിന്റെ പരുക്കൻ കുതന്ത്രങ്ങളെ ഒഴിവാക്കിക്കൊണ്ട് അന്താരാഷ്ട്ര വാണിജ്യത്തിൽ എങ്ങനെ ഏർപ്പെടാം എന്നതിനെ ആശ്രയിച്ചാണ്; ഉപരോധങ്ങളേയും വിലക്കുകളേയും പ്രതികൂലതന്ത്രങ്ങളേയും മറികടന്ന് ബന്ധപ്പെട്ട സ്രോതസ്സിൽ നിന്നും സൂക്ഷ്മമായ സാങ്കേതിക നൈപുണ്യം എങ്ങനെ കൈവശപ്പെടുത്താം എന്നതിനെ ആശ്രയിച്ചാണ്. ഇതുപോലെ വേറെയും നിരവധി ഘടകങ്ങളുണ്ട്. സോഷ്യലിസ്റ്റ് ശക്തികളും കമ്മ്യൂണിസ്റ്റ് പാർട്ടികളും ഇത് നിർബ്ബന്ധമായും വിലയിരുത്തേണ്ടതുണ്ട്. അങ്ങനെ മാത്രമേ വേണ്ടത്ര കൃത്യതയോടെ ഈ വെല്ലുവിളികളെ നേരിടാനാവൂ. ഇക്കാര്യങ്ങളിൽ ശരിയായ പോംവഴി കണ്ടെത്താനുള്ള അന്വേഷണവഴിയിൽ ദശകങ്ങളായി ഉരുവിട്ടുപോന്നിരുന്ന സിദ്ധാന്തശാഠ്യങ്ങളുടെ നിഴൽ വീണിട്ടുണ്ട്. അതുകൊണ്ട്, വസ്തുനിഷ്ഠ സാഹചര്യങ്ങളുടെ വസ്തുനിഷ്ഠ വിശകലനത്തിന് സമഗ്രമായ ഒരു ആത്മപരിശോധനയും സ്വയം വിമർശനവും ആവശ്യമാണ്.

–10–

2009 ലെ നമ്മുടെ രാഷ്ട്രീയ പ്രമേയം ഇങ്ങനെ പറയുന്നു: "........... ഈ സാമ്പത്തിക പ്രതിസന്ധി, മാർക്സിസം ഒരു വർഗ്ഗന്യൂനീകരണത്തിന്റെ സിദ്ധാന്തമാണെന്നും പ്രശ്നങ്ങളുടെ ബഹുതലങ്ങളെ കാണാൻ അതിനു കഴിയുമായിരുന്നില്ലെന്നും അതുകൊണ്ടുതന്നെ പ്രശ്ന പരിഹാരത്തിന്റെ ബഹുവിധ മാർഗ്ഗങ്ങളെപ്പറ്റി സങ്കല്പിക്കാനും അതിനാവുമായിരുന്നില്ലെന്നും വാദിക്കുന്നവരെ, ഒരിക്കൽ കൂടി നിശ്ശബ്ദരാക്കുന്നുണ്ട്.

യു.എസ്.എസ്. ആറിന്റേയും കിഴക്കൻ യൂറോപ്യൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും പതനം സോഷ്യലിസത്തിന്റെ തന്നെ പതനമാണെന്നും അവശേഷിക്കുന്ന സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് സോഷ്യലിസ്റ്റ് പാതയിലൂടെ മുന്നേറാൻ കഴിയില്ലെന്നും ആഗോളീകരണത്തിന്റെ സാഹചര്യത്തിൽ ബൂർഷ്വാ വിപണിയുമായി സഹകരിക്കുന്നതിലൂടെ മാത്രമേ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്ക് മുന്നേറാനാവൂ എന്നും ചൈന മുന്നോട്ടു വക്കുന്ന വിപണി സോഷ്യലിസം വർത്തമാന യഥാർത്ഥ്യത്തെ തിരിച്ചറിഞ്ഞുകൊണ്ട് കൈവരിച്ച ഒരു ഉയർന്ന രൂപമാണെന്നും മേൽ പറഞ്ഞ വിഭാഗക്കാർ ഗാഢമായി വിശ്വസിച്ചു.

എന്നാൽ 'യാഥാർത്ഥ്യത്തെ സംബന്ധിച്ച ഈ തിരിച്ചറിവി'ന്റെ പാതയിലൂടെയല്ല ചരിത്രം മുന്നേറിയത്. 'കുതിച്ചു ചാടുന്ന ഏഷ്യൻ കടുവകൾ' എന്നു വിശേഷിപ്പിക്കപ്പെട്ടിരുന്ന കിഴക്കനേഷ്യൻ രാജ്യങ്ങൾ 1990 കളുടെ മദ്ധ്യത്തിൽ തകർന്നടിഞ്ഞു. ഇന്തോനേഷ്യ 1997ലും അർജന്റീന പുതിയ സഹസ്രാബ്ദത്തിന്റെ തുടക്കത്തിലും നിലം പതിച്ചു. യുഗോസ്ലാവിയയിലും പശ്ചിമേഷ്യയിലും അഫ്ഘാനിസ്ഥാനിലും രക്തച്ചൊരിച്ചിലും ദുരിതങ്ങളും വർഷിച്ചു കൊണ്ട് യുദ്ധങ്ങൾ കെട്ടഴിച്ചുവിടപ്പെട്ടു. 1990 കളിൽ അമേരിക്കയിലും ഫ്രാൻസിലും വമ്പിച്ച സമരങ്ങളുണ്ടായി. ഇന്ത്യയെപ്പോലുള്ള നിരവധി രാജ്യങ്ങളിൽ പൊതുപണിമുടക്കുകളും കർഷക സമരങ്ങളും മുന്നേറ്റങ്ങളുമുണ്ടായി. ഇതോടൊപ്പം സാമ്പത്തിക പരിഷ്ക്കാരങ്ങളുടെ ഫലമായി ഉല്പാദന, വിതരണ, സേവന മേഖലകൾ മുരടിക്കാൻ തുടങ്ങി. ആഗോളവത്ക്കരണം പ്രതിസന്ധിയുടെ പിടിയിലമരുന്നുവെന്നതിന്റെ സൂചനകളായിരുന്നു അവ. വിവര സാങ്കേതിക വിദ്യയും ജൈവസാങ്കേതികവിദ്യയും (IT and BT) പോലുള്ള സാങ്കേതിക വിദ്യാരംഗങ്ങളിലുണ്ടായ മുന്നേറ്റത്തിന് പ്രതിസന്ധിയിൽ നിന്നും കര കയറുന്നതിൽ സാമ്രാജ്യത്വത്തെ തെല്ലും സഹായിക്കാനായില്ല.

പരാജയവാദികളിൽ നിന്നും വ്യത്യസ്തമായി, സോഷ്യലിസ്റ്റ് ക്യൂബ ശാസ്ത്രീയ സോഷ്യലിസം ഉയർത്തിപ്പിടിക്കുകയും അമേരിക്കൻ ഉപരോധത്തേയും മറ്റു വെല്ലുവിളികളേയും അതിജീവിക്കുകയും മറ്റു ലാറ്റിൻ അമേരിക്കൻ രാജ്യങ്ങളിലെ ജനങ്ങൾക്കും ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗത്തിന്റെ പോരാടുന്ന വിഭാഗങ്ങൾക്കും വിവിധ രാഷ്ട്രങ്ങളിലെ ജനങ്ങൾക്കും തിളക്കമുറ്റ പ്രചോദകശക്തിയായി നിലകൊള്ളുകയും ചെയ്തു." വർത്തമാന സാഹചര്യത്തിൽ, പ്രത്യേകിച്ചും പ്രതികൂലമായ ശാക്തിക തുലനനിലയുടേയും ഫിനാൻസ് മൂലധനത്തിന്റെ ഗുരുത്വാകർഷണവലയത്തിൽപ്പെട്ട് അങ്ങേയറ്റം ഉദ്ഗ്രഥിക്കപ്പെട്ട ലോക രാഷ്ട്രീയ, സാമ്പത്തിക സ്ഥിതിയുടേയും സാഹചര്യത്തിൽ, സോഷ്യലിസം നിലനില്ക്കുന്നത് എങ്ങനെയാണെന്നതു സംബന്ധിച്ച വളരെ പ്രധാനപ്പെട്ട ഒരു ഘടകത്തെ ഒരു പരിധി വരെ ഇതു വ്യക്തമാക്കുന്നുണ്ട്. സോഷ്യലിസത്തെ കൂടുതൽ മുന്നോട്ടുകൊണ്ടുപോകാൻ, ലോകമെമ്പാടുമുള്ള തൊഴിലാളിവർഗ്ഗ മുന്നണിപ്പട ഈ പ്രത്യേക സാഹചര്യത്തെപ്പറ്റി സമഗ്രമായ പഠനം നടത്തേണ്ടതും അതിനനുസൃതമായ തന്ത്രവും അടവുകളും കൈക്കൊള്ളേണ്ടതും വളരെ പ്രധാനമാണ്. അത്തരം ശാസ്ത്രീയ നടപടികളിലൂടെ മാത്രമേ സാമ്രാജ്യത്വത്തിനു മേലുള്ള വിജയം സാദ്ധ്യമാവൂ.

–11–

ഏഴാം കോൺഫറൻസിനു ശേഷം കടന്നുപോയ നാലു വർഷക്കാലത്തേയ്ക്കു തിരിഞ്ഞു നോക്കുമ്പോൾ, ആ കോൺഫറൻസ് അംഗീകരിച്ച രാഷ്ട്രീയ പ്രമേയത്തിൽ പ്രസ്താവിച്ച കണ്ടെത്തലുകൾ ശരി വക്കപ്പെട്ടതായി കാണാം. അതുകൊണ്ട് ആ കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ നിന്നുകൊണ്ട് അവയെ കൂടുതൽ മുന്നേറിയ നിലപാടുകളായി മാറ്റുന്നതിനു വേണ്ടി കൂടുതൽ വികസിപ്പിക്കുകയും വിശദീകരിക്കുകയും ചെയ്യേണ്ടത് ആവശ്യമായിരിക്കുന്നു. 1990 കൾ വരെ ലോകത്തെമ്പാടുമുള്ള എം.എൽ. പാർട്ടികളും ഗ്രൂപ്പുകളും കൈക്കൊണ്ടിരുന്നത് ക്യൂബ സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വത്തിന്റെ വെറുമൊരു ഉപഗ്രഹം മാത്രമാണെന്ന നിലപാടായിരുന്നു. അതുകൊണ്ടു തന്നെ, ഗുരുത്വാകർഷണ കേന്ദ്രമായ സോവിയറ്റ് യൂണിയൻ നിലം പതിച്ചതോടെ ഉപഗ്രഹവും നിലം പൊത്തുമെന്ന് അവർ കരുതി. എന്നാൽ ഇതുവരേയ്ക്കും ആ ഇരുണ്ട പ്രവചനങ്ങൾ ശരി വക്കപ്പെടുകയുണ്ടായില്ലെന്ന ആഹ്ലാദകരമായ യാഥാർത്ഥ്യമുണ്ട്. അതുകൊണ്ടു തന്നെ, കമ്മ്യൂണിസ്റ്റ് വിപ്ലവകാരികൾക്കിടയിൽ അത്തരമൊരു പ്രതീക്ഷ വളർന്നു വന്നത് എന്തുകൊണ്ടാണെന്നും അവ എങ്ങനെയാണ് തെറ്റായിപ്പോയതെന്നും അന്വേഷിക്കുന്ന ഒരു സ്വയം പരിശോധനയും സ്വയം വിമർശനവും ആവശ്യമുണ്ട്. ചരിത്രപരമായ ഭൗതികവാദത്തിന്റെ സ്വയം സിദ്ധമായ പ്രമാണങ്ങളെ സംബന്ധിച്ച അത്തരം പിശകുകളെ മൂടിവക്കുന്നത് തൊഴിലാളി വർഗ്ഗത്തിന്റെ വർഗ്ഗതാല്പര്യങ്ങൾക്ക് ഹാനികരമാവുകയും മാർക്സിസത്തിന്റെ നിലപാടുകളെ തകിടം മറിക്കുകയും ചെയ്യും. ഫലത്തിൽ അത്തരം മൂടിവക്കലുകൾ അറിഞ്ഞുകൊണ്ടല്ലെങ്കിൽ പോലും സാമ്രാജ്യത്വത്തിനു സഹായകരമാവും. അതുകൊണ്ട് ഈ പിശകിനെ നാം ശരിയായി ത്തന്നെ പരിശോധനാവിധേയമാക്കേണ്ടതുണ്ട്. 1997 ൽ നമ്മുടെ 4–ാം കോൺഫറൻസിൽ തന്നെ, സാർവ്വദേശീയതലത്തിലെ മുഖ്യ വൈരുദ്ധ്യങ്ങളെ സംബന്ധിച്ച തെറ്റായ വീക്ഷണം നാം തിരുത്തുകയുണ്ടായി. ഈ വൈരുദ്ധ്യങ്ങൾക്കിടയിലുള്ള ബന്ധത്തെ സംബന്ധിച്ച് മുൻപ് നമുക്കുണ്ടായിരുന്ന തെറ്റായ ബോധ്യങ്ങൾ തിരുത്തുകയും പ്രധാന വൈരുദ്ധ്യങ്ങൾക്കിടയിൽ തന്നെ സോഷ്യലിസവും സാമ്രാജ്യത്വവും തമ്മിലുള്ള വൈരുദ്ധ്യത്തിന് കേന്ദ്രസ്ഥാനമുണ്ടെന്ന കാര്യത്തെപ്പറ്റി നമുക്കുണ്ടായിരുന്ന അബദ്ധ ധാരണകൾ കൈയൊഴിയുകയും ചെയ്തു. പ്രത്യക്ഷത്തിൽ യു.എസ്.എസ്. ആറിന്റെ രൂപത്തിൽ അവതരിപ്പിക്കപ്പെടുന്ന സോഷ്യൽ സാമ്രാജ്യത്വത്തെപ്പറ്റിയുള്ള പഴയ വീക്ഷണം അങ്ങേയറ്റം തെറ്റായിരുന്നുവെന്ന് നാം സ്പഷ്ടമായിത്തന്നെ കണ്ടെത്തി. ഈ തമോഗർത്തത്തിലൂടെയാണ് മൂന്നു ലോക സിദ്ധാന്തത്തിന്റെ മാപ്പുസാക്ഷികളായവർ (സാമ്രാജ്യത്വവുമായി) സന്ധിചെയ്യൽ നിലപാടിലേക്കു പതിച്ചതെന്നും നാം കണ്ടെത്തി. സമ്രാജ്യത്വത്തിനെതിരെ സോഷ്യലിസത്തിനു വേണ്ടിയുള്ള പോരാട്ടത്തിൽ പക്ഷം പിടിക്കേണ്ടിവരുന്ന സന്ദർഭങ്ങളിലൊക്കെ ശരിയായ തീരുമാനങ്ങളിലെത്തുന്നതിൽ നിന്നും നമ്മുടെ പ്രസ്ഥാനത്തെയും കൂടി വഴി തെറ്റിക്കുന്നത് ഈ നിലപാടാണെന്നും നാം മനസ്സിലാക്കി.

–12–

ചുരുക്കിപ്പറഞ്ഞാൽ, 'സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വ'ത്തെ സംബന്ധിച്ച തെറ്റായ പരികല്പന, 1990 കളിൽ, യു.എസ്.എസ്.ആറിന്റെ ശിഥിലീകരണത്തോടും (സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വത്തെ ശക്തമായി തള്ളിപ്പറഞ്ഞിരുന്ന) അൽബേനിയ ഉൾപ്പെടെയുള്ള കിഴക്കൻ യൂറോപ്പിലെ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾ സാമ്രാജ്യത്വ വ്യവസ്ഥയിലേയ്ക്ക് ഉദ്ഗ്രഥിക്കപ്പെടുന്നതോടും ഒപ്പം സംഭവിച്ച മുതലാളിത്ത പുനഃസ്ഥാപനത്തെ ശരിയായി മനസ്സിലാക്കുന്നതിന് "എം. എൽ" വിഭാഗങ്ങളേയും ഗ്രൂപ്പുകളേയും അപ്രാപ്തരാക്കി. സ. സ്റ്റാലിന്റെ മരണത്തിനും സി.പി.എസ്.യു വിന്റെ 20–ാം പാർട്ടി കോൺഗ്രസ്സിനും ശേഷം സോവിയറ്റ് യൂണിയനിലെ കമ്മ്യൂണിസ്റ്റ് പാർട്ടിയും (CPSU) കിഴക്കൻ യൂറോപ്പിലെ മുൻ

സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ കമ്മ്യൂണിസ്റ്റ് / വർക്കേഴ്സ് പാർട്ടികളും വരുത്തിയ വ്യതിയാനങ്ങളുടെ ഫലമായി സ്വാഭാവികമായി, ഏറെക്കുറെ അവയുടെ വിധിയെന്ന പോലെ സ്വാഭാവികമായി സംഭവിച്ച കാര്യങ്ങളാണിവയെന്ന് ഈ "എം. എൽ" ഗ്രൂപ്പുകൾ കരുതി. യു.എസ്.എസ്.ആറിൽ മുതലാളിത്ത പുനഃസ്ഥാപനം സംഭവിച്ചുവെന്നും അതൊരു സോഷ്യൽ സാമ്രാജ്യത്വമായി മാറിയെന്നും ഇപ്പോൾ അത് ആട്ടിൻ തോൽ ധരിച്ച ചെന്നായയാണെന്നും അതിനെ സാമ്രാജ്യത്വ ശക്തികൾക്കൊപ്പമാണ് പരിഗണിക്കേണ്ടതെന്നും ലോകമെമ്പാടുമുള്ള "എം.എൽ." പാർട്ടികൾ 1968-69ൽ തന്നെ പ്രഖ്യാപിച്ചു. അതുകൊണ്ട്, അവരെ സംബന്ധിച്ചിടത്തോളം, യു.എസ്.എസ്.ആറിന്റെ ശിഥിലീകരണം ശരിയായി പറഞ്ഞാൽ സോഷ്യലിസത്തിനേറ്റ തിരിച്ചടിയായിരുന്നില്ല. അവർ അതിനെ കണ്ടത് 'സോവിയറ്റ് സോഷ്യൽ സാമ്രാജ്യത്വ'ത്തെ പ്പറ്റിയുള്ള തങ്ങളുടെ ഇരുണ്ട പ്രവചനങ്ങൾ ശരിയായെന്ന് തെളിയിക്കപ്പെട്ടിരിക്കുന്നു എന്ന നിലയിലായിരുന്നു. സ: മാവോ സെതുങ്ങിന്റെ മരണത്തിനും ഹാ ക്വോ ഫെങ് കൂട്ടുകെട്ട് അട്ടിമറി നടത്തിയതിനും ശേഷം ചൈനയിലുണ്ടായ സംഭവവികാസങ്ങളോട് ചില "എം. എൽ." ഗ്രൂപ്പുകൾ സ്വീകരിച്ച മനോഭാവവും സമാനമായിരുന്നു. ആ ദിവസം മുതൽ ജനകീയ ചൈനയെ മുതലാളിത്തചൈനയെന്ന് വർഗ്ഗീകരിക്കാൻ ഉപയോഗപ്പെടുന്ന തെളിവുകൾ ശേഖരിക്കുക എന്നതായി "എം. എൽ." പ്രവണത. അതോടൊപ്പം തന്നെ 'വർഗ്ഗവഞ്ചകന്റെ' അനിവാര്യമായ സ്വാഭാവിക പതനത്തെ സംബന്ധിച്ച 'പ്രതീക്ഷകളും' അവരിൽ വളർന്നുവന്നു. എന്നാൽ യു. എസ്. എസ്.ആറിന്റേയും കിഴക്കൻ യൂറോപ്പിലെ മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും പതനവും ആഗോളതലത്തിൽ തന്നെ അതു സൃഷ്ടിച്ച പ്രാതിഭാസികമായ പ്രത്യാഘാതങ്ങളും നൽകിയ പാഠങ്ങൾ ഉൾക്കൊള്ളാൻ "എം. എൽ." വിഭാഗങ്ങൾക്കു കഴിഞ്ഞില്ല എന്നതാണ് ശ്രദ്ധേയമായ ഒരു കാര്യം. സംഭവങ്ങളുടെ ചരിത്രഗതിയും അതിന്റെ സങ്കീർണ്ണതകളും മനസ്സിലാക്കാനും ചരിത്ര പ്രവാഹത്തിന്റെ ഓരോ വളവുതിരിവുകളിലും കുത്തൊഴുക്കിലും വർഗ്ഗനിലപാടിൽ ഉറച്ചു നിൽക്കാനും അവർക്കായില്ല. അതുകൊണ്ട് ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകത്തിലെ നാടകീയമായ സംഭവവികാസങ്ങൾക്ക് ഈ "എം. എൽ." ശക്തികൾക്കു മുന്നിൽ ഒരു നിഷേധാത്മക അദ്ധ്യാപകനെപ്പോലെ പ്രവർത്തിക്കാനും സോഷ്യലിസ്റ്റ് തിരിച്ചടിയെ സംബന്ധിച്ച ആത്മനിഷ്ഠമായ ആശയവാദനിലപാടുകളെ തിരുത്തിയെടുക്കാനും സാധിച്ചില്ല. നേരെ മറിച്ച്, യു. എസ്. എസ്.ആറിന്റെ പതനം സോഷ്യലിസ്റ്റ് രാജ്യങ്ങളിലെ മുതലാളിത്ത പുന:സ്ഥാപനത്തെ സംബന്ധിച്ച തങ്ങളുടെ നിലപാടുകളുടെ വാചാലമായ ഉദാഹരണമായും സാധൂകരണമായും അംഗീകരിക്കപ്പെട്ടുവെന്ന് ആഹ്ലാദിക്കുകയായിരുന്നു അവർ. അങ്ങേയറ്റം തെറ്റും വികലവുമായ ആത്മനിഷ്ഠ ആശയവാദ നിലപാടുകളെ ആവർത്തിച്ച് ഊന്നിയുറപ്പിക്കുകയായിരുന്നു അവർ.

–13–

ഇന്ന്, വർത്തമാനകാല ലോകസാഹചര്യത്തെ മനസ്സിലാക്കുകയും സാമ്രാജ്യത്വത്തിനും അതിന്റെ നവകൊളോണിയൽ ലോകക്രമത്തിനുമെതിരായി വിവിധ രാഷ്ട്രങ്ങളും രാഷ്ട്രസമൂഹങ്ങളും നടത്തുന്ന ഗുണപരവും സംഖ്യാപരവുമായ സമരങ്ങളെ വിലയിരുത്തുകയും ചെയ്യുമ്പോൾ, നമ്മുടെ തന്നെ മുൻകാല മൗഢ്യങ്ങളേയും അവയുടെ പ്രതികൂല ഫലങ്ങളേയും പറ്റി വ്യക്തമായ ബോധ്യം നമുക്ക് ഉണ്ടാവേണ്ടതാണ്. ഇത്തരമൊരു ബോധ്യമില്ലാതെ, മേൽ പറഞ്ഞ സമരങ്ങളുടെ രാഷ്ട്രീയവും സമ്പദ്ശാസ്ത്രപരവുമായ അന്തഃസത്ത നമുക്കു മനസ്സിലാക്കാനാവില്ല; സോഷ്യലിസവും സാമ്രാജ്യത്വവും തമ്മിലുള്ള കേന്ദ്രവൈരുദ്ധ്യത്തെ ആധാരമാക്കി വർത്തിക്കുന്ന പ്രധാന വൈരുദ്ധ്യങ്ങളെ സംബന്ധിച്ച വീക്ഷണത്തിന്റെ വെളിച്ചത്തിൽ ഈ സമരങ്ങളുടെ സ്ഥാനം നിർണ്ണയിക്കാനും നമുക്കാവില്ല. അമേരിക്കൻ നേതൃത്വത്തിലുള്ള സാമ്രാജ്യത്വചേരി കടന്നാക്രമണങ്ങളിലൂടെ അധീശത്വം കൈവരിക്കാൻ നടത്തുന്ന ശ്രമങ്ങൾ മുഖ്യമായും പ്രകടമായിക്കൊണ്ടിരിക്കുന്ന ലാറ്റിൻ അമേരിക്കൻ, ആഫ്രിക്കൻ, ഏഷ്യൻ ഭൂഖണ്ഡങ്ങളിലൊക്കെ അവർക്ക് കടുത്ത ചെറുത്തുനിൽപ് നേരിടേണ്ടിവരുന്നുണ്ട്.

–14–

ലാറ്റിൻ അമേരിക്കയിൽ ക്യൂബയെ കീഴ്പ്പെടുത്താനും അതിനെ സാമ്രാജ്യത്വ വ്യവസ്ഥയിലേക്ക് ഉദ്ഗ്രഥിക്കാനും അമേരിക്ക പിന്നെയും ശ്രമിച്ചുകൊണ്ടിരിക്കുകയാണ്. സാമ്പത്തികവും രാഷ്ട്രീയവും സൈനികവുമായ ഉപരോധങ്ങളും ഇടപെടലുകളും നുഴഞ്ഞുകയറ്റങ്ങളും ഗൂഢപ്രവർത്തനങ്ങളും വഴി വെനസ്വേലയും ബൊളീവിയയും നിക്കരാഗ്വയും ഇക്വഡോറും പോലുള്ള പല രാജ്യങ്ങളിലേയും ജനാധിപത്യ, ഇടതുപക്ഷ വിജയങ്ങൾക്ക് തുരങ്കം വയ്ക്കാനും അവർ ശ്രമിക്കുന്നു. ഇടതുപക്ഷക്കാരായ ഭരണാധികാരികളെ വീണ്ടും വീണ്ടും തെരഞ്ഞെടുത്തുകൊണ്ടും പിന്തുണച്ചുകൊണ്ടും ഈ രാജ്യങ്ങളിലെ ജനങ്ങൾ പ്രകടമാക്കുന്ന രാഷ്ട്രീയബോധം സാമ്രാജ്യത്വത്തിനെതിരായ ദേശീയതാല്പര്യത്തെ മാത്രം പ്രതിനിധീകരിക്കുന്ന ഒന്നല്ല. ഈ രാജ്യങ്ങളിലെ ജനങ്ങൾ, അമേരിക്കയുടെ സാമ്രാജ്യത്വപദ്ധതികൾക്കെതിരായി സോഷ്യലിസ്റ്റ് ക്യൂബ നടത്തിക്കൊണ്ടിരിക്കുന്ന വ്യവസ്ഥാപരമായ ചെറുത്തുനില്പിൽ ആകൃഷ്ടരാണ്. ലാറ്റിനേമരിക്കൻ ചെറുത്തുനിൽപ്പിൽ സോഷ്യലിസ്റ്റ് പ്രചോദകഘടകത്തിന്റെ പങ്ക് വളരെ പ്രധാനമാണ്. ദക്ഷിണലോകത്തിനു വേണ്ടി ഒരു ബാങ്ക് (Bank of South) രൂപീകരിച്ചതിലും ഡോളർ വ്യവസ്ഥയിൽ നിന്നും തങ്ങളുടെ എണ്ണ വാണിജ്യത്തെ വിടർത്തിയെടുത്തതിലും സുഹൃദ്രാഷ്ട്രങ്ങളുമായി തുറന്ന മനസ്സോടെ സ്വതന്ത്ര വിനിമയം നടപ്പാക്കിയതിലും അമേരിക്കൻ സാമ്രാജ്യത്വത്തിനെതിരെ തുറന്നതും സുദൃഢവുമായ പ്രഖ്യാപനങ്ങൾ നടത്തിയതിലും ആഗോളവേദികളിൽ വിമർശനമുയർത്തിയതിലുമൊക്കെ ഈ പ്രത്യയശാസ്ത്ര സ്വാധീനത്തിന്റെ പ്രചോദനവും പ്രോത്സാഹനവുമുണ്ടായിരുന്നു.

–15–

ആഫ്രിക്കയിൽ സിംബാബ്വേയിൽ ഇടപെടുന്നതിന് സാമ്രാജ്യത്വ ചേരി നത്തിയ ശ്രമം ഐക്യരാഷ്ട്രസഭയുടെ രക്ഷാസമിതിയിൽ റഷ്യയും ജനകീയ ചൈനയും നടത്തിയ വീറ്റോ പ്രയോഗവും ആ രാജ്യത്തെ പോരാടുന്ന ജനത നടത്തിയ ചെറുത്തുനിൽപ്പും മൂലം പരാജയപ്പെട്ടു. വടക്കൻ ആഫ്രിക്കയിലേക്കും പല അറേബ്യൻ രാജ്യങ്ങളിലേക്കും പടർന്ന മുല്ലപ്പൂ വിപ്ലവം അമേരിക്കൻ പദ്ധതികളെ തകിടം മറിച്ചു. അമേരിക്കൻ ആജ്ഞാനുവർത്തികളായ ഭരണാധികാരികളെ അധികാരത്തിന്റെ സിംഹാസനങ്ങളിൽ നിന്നും താഴെയിറക്കുകയും ആ രാഷ്ട്രങ്ങൾ ദീർഘകാലമമായി കാത്തിരുന്ന ജനാധിപത്യത്തിന്റെ ശുദ്ധവായു ലഭ്യമാവുകയും ചെയ്തതാണ് അമേരിക്കൻ പദ്ധതികളെ തകർത്തത്. മുല്ലപ്പൂ വിപ്ലവങ്ങൾ ആ രാജ്യങ്ങളിലെ അധികാരസ്ഥാനങ്ങളിൽ പുതിയ ഭരണാധികാരികളെ അവരോധിക്കുകയും അവിടങ്ങളിലെ സ്ത്രീജനങ്ങളെ പോലും ജനാധിപത്യ അവകാശങ്ങൾക്കു വേണ്ടിയുള്ള സമരങ്ങളിലേക്കു കെട്ടഴിച്ചുവിടുകയും ചെയ്തു. സൗദി അറേബ്യക്കു പോലും അവരുടെ ഷരീ അത്ത് ആഭിമുഖ്യമുള്ള നിയമ

ത്തിൽ ഇളവുകൾ വരുത്തേണ്ടിവരികയും കായികവിനോദങ്ങളിൽ പങ്കെടുക്കാൻ പെൺകുട്ടികളെ അനുവദിക്കേണ്ടിവരികയും ചെയ്തു. ഈ മുന്നേറ്റത്തിന് ഉജ്ജ്വലമായ ഒരു സാമ്രാജ്യത്വവിരുദ്ധ പ്രസ്ഥാനമായി പരിവർത്തിപ്പിക്കപ്പെടാനുള്ള എല്ലാ കരുത്തുമുണ്ടായിരുന്നു. ലിബിയയിൽ ഭരണകൂടത്തിനെതിരായ വികാരങ്ങളെ ജ്വലിപ്പിക്കുകയും ഗദ്ദാഫിയെ ഉന്മൂലനം ചെയ്യുകയും ചെയ്തപ്പോൾ ജനകീയരോഷത്തെ ഒരു പരിധി വരെ കൃത്രിമമായി ദു:സ്വാധീനിക്കുകയും വഴിതിരിച്ചു വിടുകയുമായിരുന്നു അമേരിക്ക. സിറിയയിലേക്ക് കൂലിക്കെടുത്ത അക്രമികളെ അയച്ചുകൊണ്ട് അവിടെ അക്രമവും സംഘർഷവും സൃഷ്ടിക്കുകയും അതിനുതകുന്ന ഒരു സുന്നി കേന്ദ്രത്തിന്റെ പ്രേരണയോടെ സംഘർഷസാധ്യത വർദ്ധിപ്പിക്കുകയുമാണ് അവർ. മധ്യധരണ്യാഴിയുടെ തെക്കൻ തീരത്തും കിഴക്കൻ തീരത്തും നടപ്പാക്കാൻ അമേരിക്ക തയ്യാറാക്കിയ പദ്ധതികൾക്ക് മാലിയിലെ ഫ്രഞ്ച് ഇടപെടലിനൊപ്പം വമ്പിച്ച പ്രാധാന്യമാണുള്ളത്. ലിബിയയിൽ സാമ്രാജ്യത്വശക്തികൾക്ക് രൂപപ്പെടുത്തിയെടുക്കാൻ കഴിഞ്ഞ തുറസ്സിലൂടെ ആഫ്രിക്കയിൽ അവർ നടത്തുന്ന പ്രവർത്തനങ്ങൾക്ക് രണ്ടു ലക്ഷ്യങ്ങളാണുള്ളത്. ആ ഭൂഖണ്ഡത്തിലെ പ്രകൃതിവിഭവങ്ങൾ കൊള്ളയടിക്കുകയും ചൈനീസ് സ്വാധീനമേഖലയുടെ വികാസത്തെ നിയന്ത്രിക്കുകയും ചെയ്യുക. അതുകൊണ്ട്, ദക്ഷിണാഫ്രിക്ക ബ്രിക്സിന്റെ (BRICS) ഘടകമാവുകയും നല്ലൊരു സംഖ്യ ആഫ്രിക്കൻ രാജ്യങ്ങൾ ജനകീയ ചൈനയുമായുള്ള തങ്ങളുടെ വാണിജ്യവും മറ്റ് ബന്ധങ്ങളും പുതിയ തലങ്ങളിലേയ്ക്ക് ഉയർത്തുകയും ചെയ്യുന്നത് ഏറെ ശ്രദ്ധേയമായ കാര്യങ്ങളാണ്.

–16–

സിറിയയിലെ ആഭ്യന്തര സംഘർഷങ്ങൾ കൃത്രിമമായ ഇടപെടലുകളും നിഗൂഢമായ പ്രവർത്തനങ്ങളും വഴി തീവ്രമാക്കിക്കൊണ്ടിരിക്കുകയാണ്. അതേ സമയം തന്നെ എല്ലാ നയതന്ത്ര വൃത്തങ്ങളിലും ആ രാജ്യത്തെ ഒരു മർദ്ദക, ഭീകര രാഷ്ട്രമായി ചിത്രീകരിക്കാൻ ഈ ആഭ്യന്തര സംഘർഷത്തെ ഉപയോഗപ്പെടുത്തുന്നുമുണ്ട്. പശ്ചിമേഷ്യയിലേയും ഇറാനിലേയും എണ്ണമേഖലകളിൽ അധീശത്വവും പരമാധികാരവും നേടിയെടുക്കാൻ അമേരിക്ക തയ്യാറാക്കിയ വമ്പിച്ച പദ്ധതിയുടെ ഭാഗമാണ് ഇതെല്ലാം. അധീശത്വം നേടിയെടുക്കാനായി അമേരിക്ക തുടങ്ങിവച്ച കടിഞ്ഞാണില്ലാത്ത കാമ്പയിൻ പ്രവർത്തനങ്ങൾ, അത്തരം നീക്കങ്ങളെ വിഫലമാക്കുക എന്ന തങ്ങളുടെ ലക്ഷ്യം പൂർത്തീകരിക്കാനായി ജനകീയ ചൈന രംഗപ്രവേശം ചെയ്തതോടെ അമേരിക്കക്ക് നിർത്തിവക്കേണ്ടി വന്നു. ദക്ഷിണ ചൈന കടലിലെ പൂർവ്വേഷ്യൻ സമുദ്രജലത്തിന് നാവികസേനയുടെ പ്രവർത്തനഫലമായി ചൂടുപിടിച്ചിരിക്കുന്നു. ദക്ഷിണകൊറിയയുമായി ചേർന്നു നടത്തുന്ന ആക്രമണോത്സുകമായ സൈനിക അഭ്യാസത്തിലൂടെ അമേരിക്ക കൊറിയൻ ജനകീയ ജനാധിപത്യ റിപ്പബ്ലിക്കിനെതിരെ (DPRK) ഇടങ്കോലിടൽ നടത്തുകയാണ്. സ്വയരക്ഷക്കു വേണ്ടിയാണെങ്കിൽ പോലും ആദ്യത്തെ ആക്രമണം തങ്ങളുടെ ഭാഗത്ത് നിന്നും ഉണ്ടാകില്ലെന്ന് ഉത്തരകൊറിയ ആവർത്തിച്ച് വ്യക്തമാക്കിയിട്ടുണ്ടെങ്കിലും ആ രാജ്യത്തെ യുദ്ധക്കൊതിയന്മാരായി ചിത്രീകരിക്കാനും അവരെ നയതന്ത്രപരമായി ഒറ്റപ്പെടുത്താനുമുള്ള ശ്രമങ്ങൾ തുടരുകയാണ്. ചൈനയെ ഒറ്റപ്പെടുത്താനുള്ള ഒരു ശ്രമം കൂടി ഇതിനു പിന്നിലുണ്ടെന്ന് സ്പഷ്ടമാണ്. കിഴക്കനേഷ്യൻ മേഖലയിലെ അമേരിക്കൻ നീക്കങ്ങൾ കൃത്യമായ പദ്ധതിയുടെ അടിസ്ഥാനത്തിലാണു നടക്കുന്നത്. വിവിധ മണ്ഡലങ്ങളിൽ ചൈന നടത്തിക്കൊണ്ടിരിക്കുന്ന മുന്നേറ്റങ്ങളെ തടയുകയും ഒതുക്കി നിർത്തുകയും ചെയ്യുക എന്ന

തരതമ്യേന താഴ്ന്നതായതുകൊണ്ട് അവരുടെ നാവിക സേനാശേഷിയെ തങ്ങൾ ഇകഴ്ത്തിക്കാണുകയായിരുന്നവെന്ന് പെന്റഗൺ വിലയിരുത്തിയിട്ടുണ്ട്. ഏഷ്യൻ ഭൂഖണ്ഡത്തിന്റെ കിഴക്കും പടിഞ്ഞാറും അഗ്രങ്ങളിൽ പെൻഗണുള്ള പദ്ധതികൾ ഇപ്പോൾ വെളിപ്പെടുന്നതു പോലെ അതിമോഹം നിറഞ്ഞ പരിപാടികളാണ്. അനുദിനം ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന ചൈന – റഷ്യാ യോജിപ്പിനെ എങ്ങനെ ദുർബ്ബലപ്പെടുത്താമെന്നും അവർ അന്വേഷിക്കുന്നുണ്ട്. അടുത്ത കാലത്ത് രൂപീകൃതമായ ബ്രിക്സ് (BRICS) സഖ്യം അമേരിക്കയെ തികച്ചും അലസോരപ്പെടുത്തുന്നുണ്ട്. ഇന്ത്യയെ ചൈനക്കെതിരെ തിരിക്കാനുള്ള അമേരിക്കൻ കുതന്ത്രങ്ങളെ ഈ ചുറ്റുപാടിൽ ഗൗരവപൂർവ്വം കാണേണ്ടതാണ്. ഈ വസ്തുതകളും സംഭവവികാസങ്ങളും കാണിക്കുന്നത് അറ്റ്ലാന്റിക്കിലും ശാന്തസമുദ്രപ്രദേശത്തും സോഷ്യലിസ്റ്റ് ക്യൂബയും ജനകീയ ചൈനയും തങ്ങളുടെ പദ്ധതികൾക്ക് തടസ്സം നിൽക്കുന്നുവെന്ന് അമേരിക്ക കാണുന്നു എന്നാണ്.

–17–

മേൽ പറഞ്ഞ വൈരുദ്ധ്യങ്ങൾ നമുക്കു മുന്നിൽ വെളിപ്പെടുത്തുന്ന വിശദമായ ദൃശ്യത്തിനകത്ത് ഒരു കാര്യം തൊട്ടറിയാവുന്ന പോലെ വ്യക്തമാണ്. അധീശത്വത്തിനും അതിക്രമങ്ങൾക്കും വേണ്ടി സാമ്രാജ്യത്വം തയ്യാറാക്കുന്ന പദ്ധതികൾക്കെതിരായ പ്രതിരോധം സൃഷ്ടിക്കുന്നതിൽ കാതലായ പങ്ക് സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കാണ്. ഈ സോഷ്യലിസ്റ്റ് രാജ്യങ്ങൾ മുതലാളിത്ത – സാമ്രാജ്യത്വ വ്യവസ്ഥയിലേക്ക് ഉദ്ഗ്രഥിക്കപ്പെടാൻ സന്നദ്ധരല്ല. അതുകൊണ്ടാണ് അവരെ മെരുക്കിയെടുക്കാൻ വമ്പിച്ച സമ്മർദ്ദം ചെലുത്തപ്പെടുന്നത്. ഇതു കാണാതെ പോവുകയോ വികൃതമായ പഴയ കണ്ണാടിയിലെ വക്രീകരിച്ച പ്രതിബിംബങ്ങളിലൂടെ വസ്തുതകളെ നോക്കിക്കാണുകയോ ചെയ്താൽ നമ്മുടെ പ്രതികരണങ്ങളും വക്രീകരിക്കപ്പെട്ടതാവും. അനന്തരഫലം ആപത്ക്കരമാം വിധം രോഗബാധിതമായിരിക്കും. ലോക തൊഴിലാളിവർഗ്ഗത്തിന്റെ മുഖ്യലക്ഷ്യമെന്ന നിലയിൽ, സാമ്രാജ്യത്വത്തിനെതിരെ അത്യാവശ്യമായി രൂപപ്പെടേണ്ടിയിരിക്കുന്ന, രൂപപ്പെടാൻ എല്ലാ സാധ്യതകളുമുള്ള മഹാസഖ്യത്തിന് അതു തീർച്ചയായും പരുക്കേല്പിക്കും.

ഫിനാൻസ് പ്രഭുത്വത്തിന്റെ സുരക്ഷിതത്വത്തിനു വേണ്ടി, ബഹുജനങ്ങളുടെ ജീവിതാവശ്യങ്ങളെ ഭ്രാന്തമായി വെട്ടിക്കുറക്കുന്ന, ഉദാരീകരണ സാമ്പത്തിക നടപടികൾക്കും അവയുടെ ശ്വാസം മുട്ടിക്കുന്ന പ്രയോഗങ്ങൾക്കുമെതിരായി നടക്കുന്ന ധീരമായ സമരങ്ങൾ കൊണ്ട് സമുജ്ജ്വലമാണ് ഇന്നത്തെ ലോകത്തിലെ സംഭവഗതികൾ. കഴിഞ്ഞ അഞ്ചു ദശകക്കാലത്ത് ഒരിക്കലും ദൃശ്യമായിട്ടില്ലാത്തത്രയും തീവ്രതയോടെ വിഭിന്ന മേഖലകളിൽ ജനാധിപത്യത്തിനു വേണ്ടിയുള്ള മുന്നേറ്റങ്ങൾ നടക്കുന്നതിന് ലോകം സാക്ഷ്യം വഹിക്കുകയാണ്. ഏറെ പറയപ്പെടുന്ന സാമ്പത്തിക സ്വാസ്ഥ്യം വീണ്ടെടുക്കുന്നതിൽ മുതലാളിത്ത ലോകം പരാജയപ്പെട്ടിരിക്കുന്നു. അതേ സമയം കൂടുതൽ ദൃഢീകൃതമായ രൂപങ്ങളിൽ സോഷ്യലിസ്റ്റ് ആശയങ്ങൾ സക്രിയമാവുകയാണ്. സാമ്രാജ്യത്വ നവകൊളോണിയൽ ക്രമത്തിനെതിരെ വിശാലമായ ഐക്യത്തിനും വിപുലമായ പ്രവർത്തനങ്ങൾക്കും ആവശ്യമായ വസ്തുനിഷ്ഠസാഹചര്യങ്ങൾ കൂടുതൽ മെച്ചപ്പെട്ടിരിക്കുന്നു. സാമ്രാജ്യത്വത്തിനു മേൽ സോഷ്യലിസത്തിന്റെ വിജയം നേടിയെടുക്കുകയും കമ്യൂണിസ്റ്റ് ലോകത്തിലേക്ക് ദൃഢമായ കാൽവയ്പുകളോടെ മുന്നേറുകയും ചെയ്യുക എന്ന കടമ തികഞ്ഞ ഉത്തരവാദിത്തത്തോടെ ഏറ്റെടുക്കുമെന്ന് നമുക്ക് ദൃഢപ്രതിജ്ഞയെടുക്കാം. ●

# രാഷ്ട്രീയ പ്രമേയം

**(2013 ഓഗസ്റ്റ് 30,31 സെപ്തംബർ 1 തീയതികളിൽ മുംബൈയിൽ നടന്ന സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് 8ാം അഖിലേന്ത്യാ കോൺഫറസ് അംഗീകരിച്ചത്)**

## സാർവ്വദേശീയ സാഹചര്യം




1

**2008 ൽ** അമേരിക്കൻ ധനകാര്യസ്ഥാപനങ്ങളെ രൂക്ഷമായി ബാധിച്ച പ്രതിസന്ധി ചരിത്രത്തിൽ മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധത്തിലുള്ള സാമ്പത്തിക മാന്ദ്യത്തിനു തുടക്കമാവുകയായിരുന്നു. പ്രതിസന്ധി പരിഹരിക്കാനുള്ള നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും സമ്പദ്ഘടന ആരോഗ്യം വീണ്ടെടുത്തുകൊണ്ടിരിക്കുയാണെന്നും ഫൈനാൻസ് മൂലധനത്തിന്റെ നേതൃശക്തികൾ അവകാശപ്പെടുന്നുണ്ടെങ്കിലും മാന്ദ്യവും അതിന്റെ അനന്തര ഫലങ്ങളും തെല്ലും ലഘൂകരിക്കപ്പെട്ടിട്ടില്ല. നേരെ മറിച്ച്, അറ്റ്ലാന്റിക് സമുദ്രത്തിന്റെ പശ്ചിമതീരത്തു നിന്നും രൂപം കൊണ്ട പ്രതിലോമ തരംഗം കിഴക്കൻ തീരത്തേക്കു സഞ്ചരിക്കുകയും ഗ്രീസ്, പോർച്ചുഗൽ, സ്പെയിൻ തുടങ്ങി ഒട്ടേറെ യൂറോപ്യൻ രാജ്യങ്ങളെക്കൂടി ബാധിക്കുകയും ചെയ്തു. ഇന്ന് അത് സൈപ്രസ്സിൽ വിനാശം വിതച്ചിരിക്കുന്നു. ലക്സംബർഗ്ഗിലും അതുതന്നെ സംഭവിക്കുമെന്ന യുക്തിപൂർവ്വമായ ഭയം നിലനില്ക്കുന്നു. യഥാർത്ഥത്തിൽ യൂറോയുടെ നിലനില്പിനെപ്പറ്റിത്തന്നെ ലോകമെമ്പാടുമുള്ള സമ്പദ് ശാസ്ത്രവിദഗ്ധർ ഗൗരവപൂർവ്വം ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. ചുരുക്കത്തിൽ, അമേരിക്കൻ സാമ്പത്തിക പ്രതിസന്ധിയിലൂടെ കൂടുതൽ തീവ്രത കൈവരിച്ചുകഴിഞ്ഞ സാമ്രാജ്യത്വ പ്രതിസന്ധി ഒരു കാര്യം തെളിയിച്ചു കഴിഞ്ഞു; അപാരമായ ഈ പ്രതിസന്ധിയെ അധികകാലമൊന്നും മാറ്റി വക്കാനാവില്ല. സമ്പദ്ക്രമത്തിന്റെ കുഴപ്പങ്ങൾ പരിഹരിച്ച് ശരിപ്പെടുത്താൻ വേണ്ടി നിർദ്ദേശിക്കപ്പെട്ട ഓരോ പരിഹാര പദ്ധതിയും യഥാർത്ഥത്തിൽ പ്രതിസന്ധിയെ പുതിയ തരത്തിൽ രൂക്ഷമാക്കുകയാണു ചെയ്തത്. ധനകാര്യ പ്രതിസന്ധിയെ ലഘൂകരിക്കാനായി മുന്നോട്ടു വക്കപ്പെട്ട ഓരോ പരിഹാര നട

പടിയും മാന്ദ്യത്തെ കൂടുതൽ തീവ്രമാക്കാനും ഒരു മൂന്നാം സാമ്പത്തിക കുഴപ്പമായി അതിനെ പരിവർത്തിപ്പിക്കാനും മാത്രമേ സഹായകമായുള്ളൂ.

2

പ്രമുഖ മുതലാളിത്ത രാജ്യങ്ങളുടെ സമ്പദ് ഘടനകളെയെല്ലാം തൊഴിലവസരങ്ങളുടെ എണ്ണത്തിൽ സംഭവിച്ചുകൊണ്ടേയിരിക്കുന്ന കുറവും അതുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും ഗുരുതരമായി ബാധിച്ചിരിക്കുന്നു എന്നു വെളിപ്പെടുത്തുന്നതായിരുന്നു അടുത്ത കാലത്ത് അമേരിക്കൻ പ്രസിഡന്റ് പുറപ്പെടുവിച്ച സെക്വസ്റ്റർ കട്സ് (Sequester cuts) ഉത്തരവ്. തൊഴിലവസരങ്ങളിൽ വന്നിരിക്കുന്ന വമ്പിച്ച ഇടിവ് തൊഴിലില്ലായ്മയെ കൂടുതൽ വഷളാക്കിയിരിക്കുന്നു. മുമ്പേ തന്നെ ദുർബ്ബലമായിക്കഴിഞ്ഞ സമ്പദ് ഘടനകളെ ഇത് തികച്ചും രോഗബാധിതമാക്കിയിരിക്കുന്നു. ഇവയിൽ മിക്കവാറും എല്ലാ രാജ്യങ്ങളിലേയും ഭരണാധികാരികളും പ്രമുഖ രാഷ്ട്രീയ പാർട്ടികളും സംഘടനകളുമൊക്കെ ഈ സത്യത്തിനു നേരെ കണ്ണടക്കാൻ പഠിച്ചുകഴിഞ്ഞിരിക്കുന്നു. ധനകാര്യ നിയന്ത്രണത്തിനും ചെലവു ചുരുക്കലിനുമുള്ള നടപടികൾ നിയോലിബറൽ ഭരണാധികാരികളുടെ മതം തന്നെയായിരിക്കുന്നു. ഒബാമ പോലും (തന്റെ പ്രതിവാര റേഡിയോ പരിപാടിയിൽ) പറയുന്നത്, "........................ വാഷിംഗ് ടൺ ഒന്നിനു പുറകിലൊന്നായി വരുന്ന കൃത്രിമ പ്രതിസന്ധികളിലൂടെ കടന്നു പോകുന്നത് കണ്ട് അമേരിക്കക്കാർ മുഷിഞ്ഞുപോയിരിക്കുന്നു" എന്നാണ്. സാമ്രാജ്യത്വയുഗത്തിൽ മുതലാളിത്തം നേരിടേണ്ടി വരുന്ന പ്രതിസന്ധികളുടെ അനിവാര്യത തന്നെയാണ് ഈ വാക്കുകളിൽ നിന്നും വെളിപ്പെടുന്നത്.

3

സാമ്പത്തികത്തകർച്ചയെ തുടർന്നുണ്ടായിട്ടുള്ള ദയനീയ സ്ഥിതിയെ ജനങ്ങൾ ഒരിക്കലും നിർമ്മമായി നോക്കി നില്ക്കുകയല്ല. സാമ്പത്തിക പ്രതിസന്ധി ഒരു സമൂഹിക പ്രതിസന്ധിക്കും കാരണമായിട്ടുണ്ട്. ചടുലമായ രാഷ്ട്രീയ പ്രക്ഷുബ്ധതക്ക് അതു വഴിയൊരുക്കിയിരിക്കുന്നു. "ഞങ്ങളാണ് 99 ശതമാനം" എന്ന മുദ്രാവാക്യവുമായി അമേരിക്കയിൽ തുടക്കം കുറിച്ച വാൾസ്ട്രീറ്റ് പ്രസ്ഥാനം ഈ പ്രക്ഷോഭങ്ങളുടെ പ്രതീകമായിരിക്കുന്നു. 1999 ലെ സിയാറ്റിൽ പ്രക്ഷോഭത്തെ അപേക്ഷിച്ച് ഗുണപരമായി തികച്ചും വ്യത്യസ്തമായ ഒന്നായിരുന്നു ഇത്. വ്യവസ്ഥ തന്നെ മാറേണ്ടതുണ്ട് എന്ന ആവശ്യം വ്യക്തമായിത്തന്നെ ഉയർത്തിയ പ്രക്ഷോഭമായിരുന്നു വാൾ സ്ട്രീറ്റിലേത്. വാൾ സ്ട്രീറ്റ് പ്രസ്ഥാനത്തിന്റെ അനുരണനമെന്ന നിലയിൽ അമേരിക്കയിലേയും യൂറോപ്യൻ രാജ്യങ്ങളിലേയും ആയിരത്തിലധികം നഗരങ്ങളിൽ പൊട്ടിപ്പുറപ്പെട്ട സമരപ്രക്ഷോഭങ്ങൾ ഉദാരീകരണ മുതലാളിത്തം അജയ്യമാണെന്ന അഹംഭാവ പൂർണ്ണമായ വാദഗതി തികച്ചും ദുർബ്ബലമായിരിക്കുന്നുവെന്ന സത്യത്തെ വെളിപ്പെടുത്തുന്നുണ്ട്. സോഷ്യലിസത്തിന് താല്ക്കാലികമായി സംഭവിച്ച തിരിച്ചടിയെ വലിയ തോതിൽ ലഘൂകരിക്കാൻ, സോഷ്യലിസത്തോട് ആഭിമുഖ്യമുള്ള, ലോകത്തെമ്പാടുമുള്ള വിവിധ വിഭാഗം തൊഴിലാളികൾക്കും മറ്റു ബഹുജന വിഭാഗങ്ങൾക്കും സാധ്യമായിട്ടുണ്ടെന്നുകൂടി ഇതു വെളിപ്പെടുത്തുന്നുണ്ട്.

4

ഇപ്പോൾ രൂപപ്പെട്ടിരിക്കുന്ന സാമ്രാജ്യത്വ പ്രതിസന്ധിയും ലോകമെങ്ങുമുള്ള തൊഴിലാളിവർഗ്ഗവും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളും ശക്തമായ സമരങ്ങളിലൂടെ പ്രകടമാക്കുന്ന അതിനോടുള്ള പ്രതികരണങ്ങളും രണ്ടു കാര്യങ്ങൾ തെറ്റാണെന്നു തെളിയിച്ചിരിക്കുന്നു. (എ) ലോകം, പ്രത്യേകിച്ചും ഇരുപതാം നൂറ്റാണ്ടിന്റെ അവസാനദശകത്തിൽ യു.എസ്.എസ്. ആറിനും കിഴക്കൻ യൂറോപ്പിലെ മറ്റു മുൻ സോഷ്യലിസ്റ്റ് രാജ്യങ്ങൾക്കും പതനം സംഭവിച്ചതിനു ശേഷമുള്ള കാലത്ത്, ചരിത്രത്തിന്റെ അന്ത്യത്തിനു സാക്ഷ്യം വഹിക്കുകയാണെന്നും മുതലാളിത്ത, സാമ്രാജ്യത്വ വ്യവസ്ഥ മാത്രമാണ് നിലനില്ക്കാൻ യോഗ്യമായ ഒരേയൊരു വ്യവസ്ഥയെന്നുമുള്ള സാമ്രാജ്യത്വ ആഗോളീകരണത്തിന്റെ വക്താക്കൾ മുന്നോട്ടു വച്ച വാദം തെറ്റാണെന്നു തെളിഞ്ഞു കഴിഞ്ഞിരിക്കുന്നു. (ബി) മുതലാളിത്തത്തിൽ കീഴിലെ ആഗോള ഉല്പാദന വ്യവസ്ഥയുടെ തടസ്സമൊന്നുമില്ലാത്ത പതനമാണ് സാമ്രാജ്യത്വ ആഗോളവത്ക്കരണമെന്നും ഏതൊരു വീണ്ടെടുപ്പിനും മുമ്പ് അനിവാര്യമായിത്തന്നെ സംഭവിക്കേണ്ടിയിരിക്കുന്ന, ആഗോള സമ്പദ്ഘടനയുടെ ദുരന്തപൂർണ്ണമായ സർവ്വനാശമാണ് സംഭവിച്ചുകൊണ്ടിരിക്കുന്നതെന്നുമുള്ള അരാജകവാദികളുടെ വാദവും തെറ്റാണെന്നു തെളിഞ്ഞിരിക്കുന്നു. മേൽ പറഞ്ഞ രണ്ടു വിഭാഗങ്ങളുടേയും വാദമുഖങ്ങളുടെ കപടന്യായങ്ങൾ, മാറ്റത്തിന്റെ പ്രേരകശക്തിയും അതിനെ മുന്നോട്ടു നയിക്കുന്ന സത്തയും വർഗ്ഗസമരമാണെന്ന യാഥാർത്ഥ്യത്തെ തിരിച്ചറിയാൻ അവരെ അപ്രാപ്തരാക്കുന്നു. തൊഴിലാളിവർഗ്ഗത്തിന്റേയും അദ്ധ്വാനിക്കുന്ന ബഹുജനങ്ങളുടേയും ശക്തമായിക്കൊണ്ടിരിക്കുന്ന സമരങ്ങളും അനുദിനം ദൃഢമായിക്കൊണ്ടിരിക്കുന്ന അവരുടെ ഐക്യവും വർഗ്ഗബോധത്തിന്റെ വികാസത്തോടൊപ്പം അവർ കൈവരിക്കുന്ന ദിശാബോധവുമൊക്കെ വ്യവസ്ഥയെ മാറ്റിത്തീർക്കുന്നതിൽ ഒരു പ്രമുഖ പങ്കു വഹിക്കുന്നുണ്ടെന്നു അവർ കാണുന്നില്ല. ആദ്യത്തെ വാദത്തിന് യാന്ത്രിക ഭൗതികവാദത്തിന്റെ സ്വഭാവമാണുള്ളതെങ്കിൽ രണ്ടാമത്തേതിന് ആത്മനിഷ്ഠ ആശയവാദത്തിന്റെ സ്വഭാവമാണുള്ളത്. എന്നാൽ ഈ രണ്ടു വാദങ്ങൾക്കും ഒരേ വർഗ്ഗാടിത്തറയാണുള്ളത്. അവ രണ്ടും തൊഴിലാളിവർഗ്ഗ ലോകവീക്ഷണത്തെ നിരാകരിക്കുകയും അന്യവത്ക്കരിക്കുകയും ചെയ്യുന്നു.

5

അങ്ങനെ, ഇത് സാമ്രാജ്യത്വത്തിന്റേയും തൊഴിലാളിവർഗ്ഗ വിപ്ലവങ്ങളുടേയും യുഗമാണെന്ന ലെനിനിസ്റ്റ് യുഗസങ്കല്പം ശരിയാണെന്ന് ഒരിക്കൽ കൂടി തെളിയിച്ചിരിക്കുകയാണ് സാമ്രാജ്യത്വ പ്രതിസന്ധി. വികസിത മുതലാളിത്ത രാജ്യങ്ങളിലെ മൂലധനവും അദ്ധ്വാനവും തമ്മിലുള്ള വൈരുദ്ധ്യം കൂടുതൽ രൂക്ഷമായിരിക്കുന്നതും ലോകമെമ്പാടും സാമ്രാജ്യത്വത്തിനെതിരായി സമരം ചെയ്യുന്ന ജനങ്ങൾക്കിടയിൽ ശക്തിപ്പെട്ടുകൊണ്ടിരിക്കുന്ന സോഷ്യലിസ്റ്റ് അഭിലാഷങ്ങളും ഇതിന്റെ പ്രകാശനമാണ്.

6

യു.എസ്.എസ്.ആറിന്റേയും കിഴക്കൻ യൂറോപ്പിലെ മുൻസോഷ്യലിസ്റ്റ് രാജ്യങ്ങളുടേയും പതനത്തിനു ശേഷം ഏഷ്യൻ, ആഫ്രിക്കൻ ലാറ്റിനമേരിക്കൻ രാജ്യങ്ങൾക്കു മേൽ അധീശത്വവും നിയന്ത്രണവും നേടിയെടുക്കാനുള്ള സാമ്രാജ്യത്വശ്രമങ്ങൾ കൂടുതൽ ആപല്ക്കരമായ വിതാനത്തിലെത്തിയിരിക്കുന്നു. സാമ്പത്തിക ഉപരോധങ്ങളും നയതന്ത്രതലത്തിൽ നടത്തുന്ന അസ്ഥിരീകരണ പ്രവർത്തനങ്ങളും സൈനിക കടന്നാക്രമണങ്ങളും വഴി ആ രാജ്യങ്ങളുടെ പരമാധികാരത്തെ ധ്വംസിക്കുന്നതു വരെ എത്തിയിരിക്കുന്നു ഈ അധീശത്വശ്രമങ്ങൾ. ഈ വക ചെയ്തികൾ സാമ്രാജ്യത്വ ആഗോളീകരണത്തിന്റേയും നവ കൊളോണിയൽ നയങ്ങളുടേയും മുഖമുദ്രയായിക്കഴിഞ്ഞിട്ടുണ്ട്. സാമ്രാജ്യത്വവും മർദ്ദിത ജനതകളും രാഷ്ട്രങ്ങളും തമ്മിലുള്ള വൈരുദ്ധ്യത്തെ അഭൂതപൂർവ്വമായ വിധത്തിൽ രൂക്ഷമാക്കാൻ ഇതു കാരണമായിട്ടുണ്ട്.

7

അറ്റകുറ്റപ്പണികളും പഴുതടയ്ക്കലും പോലുള്ള നടപടികൾ കൊണ്ട് പ്രതിസന്ധിയെ ലഘൂകരിക്കാൻ പോലും മൂതലാളിത്തത്തിനു സാധിച്ചിട്ടില്ല. സാമ്പത്തിക രംഗത്തെ ഇത്തരം ചികിത്സകൾ സമ്പദ്ഘടനയെ ബാധിച്ച രോഗങ്ങളെ കൂടുതൽ വഷളാക്കിയിട്ടേയുള്ളു. തൊഴിൽ സാധ്യതകൾ വർദ്ധിപ്പിക്കാനും ലാഭത്തിന്റെ സാക്ഷാത്ക്കാരത്തിനും അതു പ്രയാസപ്പെടുന്നു. ഫൈനാൻസ് മൂലധനത്തിന്റെ അനാരോഗ്യകരമായ കുന്നുകൂടൽ വ്യവസ്ഥയെ വൃഥാസ്ഥൂലമാക്കുകയാണ്. നിക്ഷേപങ്ങളേയും പ്രകൃതിവിഭവങ്ങളേയും വിപണികളേയും തൊഴിൽ ശക്തിയേയുമൊക്കെ ദേശാതിർത്തികൾ പരിഗണിക്കാതെ കൊന്നുതിന്നുന്ന ഒരു നരഭോജിയാകാനാണ് ഇത് മൂലധനത്തെ നിർബ്ബന്ധിതമാക്കുന്നത്. മൂലധനത്തിന്റെ പ്രാഥമിക സമാഹരണത്തെപ്പോലും ഭ്രാന്തമായ അത്യാർത്തിയോടെ ആഹരിച്ചു കളയുന്നു ഈ സ്വഭാവം സാമ്രാജ്യത്വരാജ്യങ്ങളും കുത്തക മുതലാളിത്തവും തമ്മിലുള്ള നൈസർഗ്ഗികമായ ശണ്ഠകൾക്ക് അവസരമൊരുക്കുന്നുണ്ട്.

രാഷ്ട്രീയ പ്രമേയം

(2013 ആഗസ്റ്റ് 30, 31, സെപ്തംബർ 1 തീയതികളിൽ മുംബൈയിൽ നടന്ന സി. പി. ഐ (എം. എൻ) റെഡ്ഫ്ളാഗ് VIII -ാം അകിലേന്ത്യ കോൺഫറൻസിൽ അംഗീകരിച്ചത്)

8

പ്രതിസന്ധി കൂടുതൽ മൂർച്ഛിക്കുന്നതോടെ ഈ വൈരുദ്ധ്യങ്ങളും കൂടുതൽ മൂർച്ഛിക്കുന്നു. പരസ്പര ബന്ധങ്ങൾ കൂടുതൽ കൂടുതൽ ഇളകിമറിയാനും അതു കാരണമാവുന്നു. മദ്ധ്യപൂർവ്വദേശത്തും പശ്ചിമാഫ്രിക്കയിലും അടുത്ത കാലത്തുണ്ടായ സംഘർഷങ്ങൾ ഇതിനുദാഹരണങ്ങളാണ്. മദ്ധ്യപൂർവ്വദേശത്ത് സയണിസ്റ്റ് ഇസ്രയേൽ ഒരിക്കൽ കൂടി ഫലസ്റ്റീനു മേൽ സൈനിക ദംഷ്ട്രകളാഴ്ത്തുകയും അവിടത്തെ ജനങ്ങൾക്കു മേൽ പാതകങ്ങൾ വർഷിക്കുകയും ചെയ്തു. എങ്കിലും അമേരിക്കൻ അടവുകൾ വിഫലമാവുകയും ലെബനനിൽ നടത്തിയ ഏറ്റവും ഒടുവിലത്തെ കന്നാക്രമണത്തിന്റെ കാര്യത്തിലെന്ന പോലെ ഐക്യരാഷ്ട്ര സഭ ഉൾപ്പെടെയുള്ള അന്താരാഷ്ട്ര വേദികളിൽ ഇസ്രയേൽ തിരിച്ചടി നേരിടുകയും ചെയ്തു. റഷ്യ കർക്കശമായി എതിർക്കുകയും ഫ്രാൻസും ജർമ്മനിയും പോലും ഇസ്രേയലിനു പിന്തുണ നൽകാതിരിക്കുകയും ചെയ്തു. അവസാനം നാം കണ്ടത് ഫലസ്റ്റീൻ ഐക്യരാഷ്ട്ര സഭയിൽ ഒരു നിരീക്ഷക രാജ്യമെന്ന പദവി നേടുന്നതാണ്. സിറിയയിലെ സംഘർഷാവസ്ഥയുടെ കാര്യത്തിൽ അമേരിക്കൻ ചേരിയെ റഷ്യ പരസ്യമായി വിമർശിക്കുകയും അവരുടെ അസ്ഥിരീകരണ നടപടികളെ തങ്ങൾ സ്വാഗതം ചെയ്യുകയോ അതിനോട് നിഷ്ക്രിയ സമീപനം സ്വീകരിക്കുകയോ ചെയ്യില്ലെന്ന് വ്യക്തമാക്കുകയും ചെയ്തു. വാസ്തവത്തിൽ, ഏറെക്കുറെ പഴയ ശീതയുദ്ധകാലത്തെ ഓർമ്മിപ്പിക്കുന്ന വിധത്തിൽ, റഷ്യ, അവരുടെ യുദ്ധക്കപ്പലുകളെ പരസ്യമായിത്തന്നെ സിറിയൻ തുറമുഖങ്ങളിലേക്കയച്ചു. സിറിയൻ സർക്കാരിനെതിരെ ശത്രുത വളർത്തുന്നതും അതിനു സഹായം നൽകുന്നതും ഭീകരവാദത്തിനു പ്രോത്സാഹനവും സഹായവും നൽകുന്നതിൽ നിന്നും ഒട്ടും താഴ്ന്ന നടപടിയല്ലെന്ന് റഷ്യ അർത്ഥശങ്കക്കിടയില്ലാതെ പ്രസ്താവിച്ചു. എതിർപ്പിന്റെ സ്വഭാവമുള്ള ഈ അഭിപ്രായ പ്രകടനങ്ങൾ പ്രാദേശിക താല്പര്യത്തിനു വേണ്ടി നടത്തപ്പെട്ട ചില്ലറ ശണ്ഠകളായിരുന്നില്ല. ഇറാനെതിരായി യുദ്ധം നടത്താനുള്ള പദ്ധതി കുറേക്കൂടി വലിയൊരു സന്ദർഭമായിരുന്നു. തുർക്കിയും ഇസ്രയേലും തമ്മിലുള്ള അഭിപ്രായഭിന്നതകൾ പറഞ്ഞൊതുക്കുന്നതിന് ഒബാമ നടത്തിയ തിരക്കിട്ട ശ്രമം അമേരിക്കൻ ശ്രമങ്ങളുടെ വാചാലമായ തെളിവായിരുന്നു. എണ്ണ സമ്പന്നമായ മേഖലയിൽ തങ്ങളുടെ അധീശത്വം വിപുലപ്പെടുത്താനുള്ള പുതിയ പദ്ധതിയെന്ന നിലയിൽ സിറിയക്കെതിരെ യുദ്ധ താല്പരരായ എല്ലാ ശക്തികളേയും ഒരുമിച്ച് ചേർക്കുകയും ഇറാനെതിരെ യുദ്ധം ചെയ്യാൻ സുന്നികളുടെ ഒരു കൂട്ടായ്മ രൂപപ്പെടുത്തുകയും അതോടൊപ്പം റഷ്യയുടെ പിന്നാമ്പുറത്ത് അവർക്കുള്ള സ്വാധീന മേഖലയെ ചെറുതാക്കി കാണിക്കുകയും ചെയ്യുക എന്നതായിരുന്നു അമേരിക്കൻ നടപടിയുടെ ലക്ഷ്യം. ഫലസ്റ്റീനിന് നിരീക്ഷക രാജ്യമെന്ന പദവി നൽകുന്നതു സംബന്ധിച്ച വിഷയത്തിൽ ഐക്യരാഷ്ട്രസഭയിൽ വോട്ടെടുപ്പ് വന്നപ്പോൾ യുറോപ്പിലെ എല്ലാ  പ്രമുഖ രാഷ്ട്രങ്ങളും സ്വതന്ത്രമായാണ് തീരുമാനമെടുത്തതെന്നത് ശ്രദ്ധേയമായ കാര്യമായിരുന്നു. ബിട്ടനും ജർമ്മനിയും വിട്ടുനിന്നപ്പോൾ ഫ്രാൻസ് ഫലസ്റ്റീന് അനുകൂലമായി വോട്ടു ചെയ്തു. അമേരിക്കക്കും ഇസ്രയേലിനും ഒപ്പം നില്ക്കാൻ ചെക്ക് റിപ്പബ്ലിക് മാത്രമേ ഉണ്ടായിരുന്നുള്ളൂ.

9

സാമ്രാജ്യത്വശക്തികൾ തമ്മിൽ തമ്മിലുള്ള വൈരുദ്ധ്യങ്ങളും തെല്ലും കുറഞ്ഞിട്ടില്ല. മറിച്ച്, സാമ്പത്തിക ശോഷണത്തിന്റേയും യുദ്ധങ്ങളുടേയും മറ്റു തരം വിവേചനങ്ങളുടേയും ശത്രുതാപരമായ വിവിധ രൂപങ്ങളിൽ ലോകത്തെങ്ങുമുള്ള ജനതകൾക്കും രാഷ്ട്രങ്ങൾക്കും പ്രതികൂല ഫലങ്ങൾ നൽകിക്കൊണ്ട് ഈ വൈരുദ്ധ്യം പുതിയ രീതികളിൽ പ്രകടമായിക്കൊണ്ടിരിക്കുകയാണ്. ഈ വൈരുദ്ധ്യത്തിന്റെ ഫലമായി പൂർണ്ണ അർത്ഥത്തിലുള്ള ഒരു ലോകയുദ്ധം ഇനിയും ഉണ്ടായിട്ടില്ലാത്തതിനാൽ ഈ വൈരുദ്ധ്യം ലഘൂകരിക്കപ്പെട്ടിട്ടുണ്ട് എന്നൊരു വാദമുണ്ട്. കൂടുതൽ ബഹുസ്വരമായ ലോകത്തിൽ ഈ ശക്തികൾ ജനാധിപത്യത്തോട് ചായ്‌വു കാണിക്കുന്നവരാണെന്നും പുരോഗാമികളാണെന്നും ധനാത്മക സമീപനമുള്ളവയാണെന്നും സൗകര്യപൂർവ്വം ന്യായീകരിച്ചുകൊണ്ട് അവയിൽ ഏതിനേയെങ്കിലും പിന്തുണക്കാനുള്ള വാദം മാത്രമാണത്.

10

എല്ലാ രാജ്യങ്ങളിലേയും സാമ്രാജ്യത്വവിരുദ്ധ ശക്തികൾ കൂടുതൽ ഉയർന്ന പ്രവർത്തന ഐക്യം കെട്ടിപ്പടുക്കുന്നതിനായി സാധ്യമായ എല്ലാ രൂപങ്ങളും സജീവ വേദികളും കണ്ടെത്തണം എന്തുകൊണ്ടെന്നാൽ, ആഗോളതലത്തിൽ നടക്കുന്ന എല്ലാത്തരം സാമ്രാജ്യത്വ കുതന്ത്രങ്ങൾക്കും യുദ്ധങ്ങൾക്കും കടന്നാക്രമണങ്ങൾക്കും ചൂഷണങ്ങൾക്കുമെതിരെ വിജയകരമായ പ്രചരണ പ്രക്ഷോഭങ്ങളും സമരങ്ങളും സംഘടിപ്പിക്കുക എന്നതാണ് വർത്തമാനകാലത്തിന്റെ ആവശ്യം. പോരാടുന്ന തൊഴിലാളിവർഗ്ഗത്തിന്റെ സോഷ്യലിസ്റ്റ് അഭിലാഷങ്ങളെ പുതിയ തലങ്ങളിലേയ്ക്ക് ഉയർത്തുകയും ദേശീയവും ഭാഷാപരവും ഭൂഖണ്ഡാടിസ്ഥാനത്തിലുമുള്ള അവരുടെ വിഭിന്ന വിഭാഗങ്ങളെ സൈദ്ധാന്തികമായും പ്രായോഗികമായും ഐക്യപ്പെടുത്തുകയും സാർവ്വദേശീയമായി തിരശ്ചീന തലത്തിൽ തന്നെ കൂടുതലുയർന്ന സംഘടനാപരമായ ഏകീഭാവം അവർക്കിടയിൽ സൃഷ്ടിക്കുകയും ചെയ്യുക കമ്മ്യൂണിസ്റ്റ്, സോഷ്യലിസ്റ്റ് ശക്തികളുടെ സുപ്രധാനമായ ചുമതലയാണ്. ഒരു കമ്മ്യൂണിസ്റ്റ് ഇന്റർനാഷണൽ നിലനിൽക്കുന്നില്ല എന്ന യാഥാർത്ഥ്യം ഈ ചുമതലയുടെ ഗൗരവസ്വഭാവം വർദ്ധിപ്പിക്കുന്നുണ്ട്. അത്തരം ദൃഢമായ ഒരു സംഘടനാസ്ഥിതി ഇതിലൂടെ മാത്രമേ കൈവരിക്കാനാകുമായിരുന്നുള്ളൂ.

11

## ഇന്ത്യൻ സാഹചര്യം

സ്വാതന്ത്ര്യത്തിനും റിപ്പബ്ലിക്കിന്റെ രൂപീകരണത്തിനും ശേഷം സ്വന്തം സുദൃഢീകരണത്തിനും യുദ്ധാനന്തര ലോകത്തിലെ സ്വന്തം വിധി നിർണ്ണയിക്കുന്നതിനും ഇന്ത്യ സ്വീകരിച്ചത് ചേരി ചേരായ്മയുടേയും പഞ്ചവത്സര പദ്ധതികളുടേയും മാർഗ്ഗമായിരുന്നു. സുസ്ഥിര സ്വഭാവമുള്ള പരമാധികാരവും സ്വാശ്രിതത്വവും സാക്ഷാത്ക്കരിക്കുക എന്ന വീക്ഷണത്തോടെയാണ് ഈ കാര്യങ്ങൾ ആരംഭിച്ചത്. 1947 നു ശേഷം കഴിഞ്ഞുപോയ 65 വർഷങ്ങളെ വിലയിരുത്തുമ്പോൾ, ഇന്ന് തികച്ചും നിരാശാജനകമായ അനന്തരഫലം നൽകിയ പുരോഗതിയുടെ അസ്ഥിരത നിറഞ്ഞ ഒരു ഗ്രാഫ് ചിത്രമാണ് നമുക്കു ലഭിക്കുക. സമ്പൂർണ്ണ സാക്ഷരത ലക്ഷ്യമായി പ്രഖ്യാപിച്ച രാഷ്ട്രം ഇപ്പോഴും ആ ലക്ഷ്യത്തിലേയ്ക്ക് പിച്ച വച്ചു നടക്കുകയാണെന്നു കാണാം. ജനങ്ങളിൽ 80 ശതമാനം പേരുടേയും പ്രതിദിന ശരാശരി വരുമാനം 20 രൂപയിൽ താഴെ മാത്രമാണ്. പ്രതിശീർഷ ഭക്ഷ്യ ഉപഭോഗം കുറഞ്ഞുവന്നു കൊണ്ടിരിക്കുന്നു. പോഷകാഹാര ലഭ്യതയുടേയും ശിശുമരണത്തിന്റേയും നിരക്കുകൾ ചില ആഫ്രിക്കൻ ദരിദ്ര രാജ്യങ്ങളുടേതുമായി താരതമ്യപ്പെടുത്താവുന്ന വിധം ശോചനീയമാണ്. വിദേശ കടത്തിന്റെ കണക്ക് തല ചുറ്റലുണ്ടാക്കാനാവും വിധം ഉയർന്ന തലത്തിലാണ്. ആരോഗ്യരക്ഷയുടേയും ഭക്ഷ്യസുരക്ഷയുടേയും വിദ്യാഭ്യാസത്തിന്റേയും തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന്റേയും സ്ത്രീ ശാക്തീകരണത്തിന്റേയും മനുഷ്യാവകാശ സംരക്ഷണത്തിന്റേയും സാമൂഹ്യനീതിയുടേയും മറ്റും നിലവാരം ദയനീയമാം വിധം താണുകൊണ്ടിരിക്കുന്നു. രാജ്യത്തിന്റെ സമ്പത്ത് ഏറ്റവുമധികം ചെലവിടുന്നത് പ്രതിരോധ കാര്യങ്ങൾക്കു വേണ്ടിയാണ്. നിർമ്മാണ വ്യവസായത്തിന്റേയും കൃഷിയുടേയും രംഗങ്ങളിലെ ഉല്പാദന സൂചികകൾ പരിഹാസ്യമാം വിധം താണിരിക്കുന്നു. സാമൂഹ്യ വളർച്ചാ സൂചികകയുടെ ഏതെങ്കിലും പ്രഭവത്തിൽ നിന്നും റിപ്പബ്ലിക്കിന്റെ അർത്ഥം വായിച്ചെടുക്കാൻ പ്രയാസമായിരിക്കുന്നു. അതിനു പകരം, മൊത്തം ആഭ്യന്തര ഉല്പാദന (ജി.ഡി.പി) സൂചികയുടെ മാത്രം അടിസ്ഥാനത്തിൽ ഭരണാധികാരികൾ വ്യാഖ്യാനിക്കുന്നത് രാജ്യത്തിന്റെ നിലവാരം ഉയർന്നതാണെന്നാണ്.

12

അവസാന വിവരങ്ങൾ കാണിക്കുന്നതുപോലെ സാമ്പത്തിക, സാമൂഹിക, രാഷ്ട്രീയ, ചരിത്ര ഗതിയിലുണ്ടായ പതനം ക്രമികവും ഏകീകൃതവുമായ നിരക്കിലല്ല സംഭവിച്ചത്. നമ്മുടെ രാഷ്ട്രത്തിന്റെ ഗതി നിർണ്ണയിക്കപ്പെട്ടത് ആഭ്യന്തര വർഗ്ഗസന്തുലനത്തിന്റേയും കാലാകാലങ്ങളിലുണ്ടാവുന്ന സാർവ്വദേശീയ ശാക്തിക തുലനനിലയുടേയും സ്വാധീനത്തിനും ധനാത്മകവും ഋണാത്മകവുമായ ദിശാവ്യതിയാനങ്ങൾക്കും വിധേയമായിട്ടായിരുന്നു. രണ്ടാം ലോകയുദ്ധത്തിനും ഫാസിസത്തിനെതിരായ വിജയത്തിനും തൊട്ടു പിന്നാലെ, ലോകം സാക്ഷ്യം വഹിച്ചത് സോഷ്യലിസ്റ്റ് ചേരിയുടെ ഗണ്യമായ വികാസത്തിനും സുദൃഢീകരണത്തിനുമായിരുന്നു. ആ കൊടിക്കീഴിൽ ലോകജനസംഖ്യയുടെ മൂന്നിലൊരു ഭാഗത്തിന്റെ ജീവിത നിലവാരവും ആത്മാഭിമാനവും ഗുണപരമായിത്തന്നെ വളർച്ച നേടി. അതോടൊപ്പം തന്നെ ഉയർന്നു വന്നുകൊണ്ടിരുന്ന സ്വതന്ത്രരാഷ്ട്രങ്ങൾക്കനുകൂലമായ വിധത്തിൽ ശാക്തിക സന്തുലനത്തെ മാറ്റിത്തീർക്കാനും ഈ ചരിത്രഗതി വഴിയൊരുക്കി. ആ രാജ്യങ്ങൾ പരമാധികാരം കൈക്കൊള്ളുകയും സമാധാനത്തോടൊപ്പം നിലയുറപ്പിക്കുകയും ചെയ്തു. ഭൗതിക ഉല്പാദന രംഗത്തെ മുന്നേറ്റവും സാഹോദര്യ പൂർണ്ണമായ സഹായങ്ങളും സ്വന്തം രാഷ്ട്ര നിർമ്മാണത്തിൽ വിശ്വാസ പൂർവ്വം ഏർപ്പെടാൻ ഈ രാജ്യങ്ങളെ സഹായിക്കുന്ന ഒരു വസ്തുനിഷ്ഠസാഹചര്യം സൃഷ്ടിക്കപ്പെട്ടു.

13

സ്വന്തം വർഗ്ഗ താല്പര്യങ്ങൾക്ക് യോജിക്കും വിധം ഇന്ത്യൻ വൻകിട ബൂർഷ്വാസി ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തി. കൊറിയൻ വിമോചനത്തിനെതിരായി അമേരിക്കൻ താല്പര്യാനുസരണം നടത്തപ്പെട്ട സൈനിക നീക്കങ്ങളോട് അവർ കൈകോർത്തു. 1950 കളുടെ തുടക്കത്തിൽ, ഐക്യരാഷ്ട്ര സേനയെന്ന മറവിൽ, സാമ്രാജ്യത്വസൈന്യം കൊറിയൻ ഉപഭൂഖണ്ഡത്തിൽ നടത്തിയ സൈനിക പ്രവർത്തനത്തിൽ അവർ സജീവമായ പങ്കു വഹിച്ചു. 1955 ഓടെ ഇന്ത്യൻ വൻകിട ബൂർഷ്വാസി ഈ അമേരിക്കൻ അനുകൂല നിലപാടിൽ നിന്നും പിന്തിരിഞ്ഞു. ബന്ദൂങ് സമ്മേളനത്തിൽ പരസ്പരം ഇടപെടുകയില്ലെന്ന പഞ്ചശീലതത്വങ്ങൾ കൈക്കൊണ്ട നെഹ്റു, സാമ്രാജ്യത്വ അധീശത്വത്തിനെതിരായ ആഫ്രോ - ഏഷ്യൻ ഐക്യശ്രമത്തെ വ്യതിചലിപ്പിക്കാനുള്ള അമേരിക്കൻ അനുകൂല ശ്രമങ്ങളെ തള്ളിക്കളയാൻ ചൈനീസ് പ്രധാനമന്ത്രി ചൌ എൻ ലായിയെ പിന്തുണക്കുകയും ചെയ്തു. എങ്കിലും ഈ നടപടികളുടെ പ്രാഥമികമായ ഉള്ളടക്കം ഇന്ത്യൻ വൻകിട ബൂർഷ്വാസിയുടെ ലാഭതാല്പര്യങ്ങൾ നിലനിർത്തുക എന്നതും സോഷ്യലിസ്റ്റ് ചേരിക്കും സാമ്രാജ്യത്വചേരിക്കും ഇടയിലുള്ള ശാക്തിക സന്തുലനത്തെ ഈ ആവശ്യത്തിനു വേണ്ടി ഉപയോഗപ്പെടുത്തുക എന്നതുമായിരുന്നു. ഈ സാഹചര്യത്തെ ഉപയോഗപ്പെടുത്തിക്കൊണ്ട് ഉരുക്ക്, ഘന വ്യവസായങ്ങൾ സ്ഥാപിച്ചതും അണക്കെട്ടുകളും റോഡുകളും നിർമ്മിച്ചതും ബഹിരാകാശ, ആണവ ശാസ്ത്രങ്ങളുടെ അടിസ്ഥാന സൗകര്യങ്ങൾ സൃഷ്ടിച്ചതും ഉൾപ്പെടെയുള്ള 1950 കളിലേയും 60 കളിലേയും 70 കളിലേയും വികാസഗതിയിൽ നിന്നും ഇത് സ്പഷ്ടമായി കാണാൻ കഴിയും. എങ്കിലും അമേരിക്കൻ, സാമ്രാജ്യത്വ ചേരികളിൽ നിന്നുമുള്ള നുഴഞ്ഞുകയറ്റങ്ങളും ദുഃസ്വാധീനങ്ങളും ചേരിചേരാ പ്രസ്ഥാനത്തോടുള്ള ഇന്ത്യയുടെ പ്രതിജ്ഞാബദ്ധതക്ക് പല സന്ദർഭങ്ങളിലും കോട്ടം വരുത്തിയിരുന്നു. ഇന്ത്യാ - ചൈന സംഘർഷവും ടിബറ്റൻ പ്രശ്നവും വിയത്നാം യുദ്ധത്തിന്റെ ആദ്യഘട്ടവുമൊക്കെ ഇതിനുദാഹരണങ്ങളാണ്. ഇന്ത്യൻ വൻകിട ബൂർഷ്വാസിയുടേയും ഭൂപ്രഭു വർഗ്ഗവുമായി കൈകോർത്തുകൊണ്ട് അവർ നേതൃത്വം നൽകുന്ന ഭരണകൂടത്തിന്റേയും സഹജമായ വർഗ്ഗസ്വഭാവത്തെ പ്രതിഫലിപ്പിക്കുന്ന കാര്യങ്ങളായിരുന്നു ഇവ.

14

ആഭ്യന്തരനയങ്ങളുടെ കാര്യത്തിൽ, ബാങ്കുകളുടേയും ഇൻഷ്വറൻസ് കമ്പനികളുടേയും ദേശസാത്ക്കരണം, കുത്തകകളെ നിയന്ത്രിക്കുന്ന എം.ആർ.ടി.പി (MRTP - Monopoly Restrictive Trade Policy) നയം, വിദേശ നാണയ വിനിമയ ക്രമീകരണ നിയമം (FERA - Foreign Exchange Regulation Act), നികുതിഘടനയും മറ്റുമായി ബന്ധപ്പെട്ട നിയമ നിർമ്മാണങ്ങൾ തുടങ്ങിയ നടപടികളുമായി 'നെഹ്റുവിയൻ സോഷ്യലിസം' കൂടുതൽ മുന്നോട്ടു പോയി. എങ്കിലും ഈ നടപടികളുടെയൊക്കെ ആകെത്തുകയും സമഗ്രഫലങ്ങളും ഇന്ത്യൻ വൻകിട ബൂർഷ്വാ വർഗ്ഗത്തിന് അനുകൂലമായിരുന്നു. മാത്രവുമല്ല, ഫ്യൂഡൽ (ജന്മിത്ത) ശക്തികളുടെ മരണപ്പിടുത്തത്തിൽ നിന്നും കർഷക ജനസാമാന്യത്തെ വിമുക്തരാക്കി വ്യവസ്ഥയെ ശുദ്ധമാക്കാനുള്ള ആത്മാർത്ഥ ശ്രമങ്ങൾ നടത്താതി

രുന്നതുകൊണ്ട്, ഉല്പാദന ഉപാധികളുടേയും ഉല്പാദനബന്ധങ്ങളുടേയും കാര്യത്തിൽ ഉണ്ടാവേണ്ടിയിരുന്ന കാർഷിക മേഖലയിലെ വിപ്ലവകരമായ പരിവർത്തനം മുന്നോട്ടു പോകാതെ മുരടിക്കുകയും വ്യതിചലിപ്പിക്കപ്പെടുകയും ചെയ്തു. ഹരിത വിപ്ലവം, ധവള വിപ്ലവം തുടങ്ങി മുകളിൽ നിന്നും തീരുമാനിച്ച് നടപ്പാക്കിയ പദ്ധതികൾക്ക് താഴെ നിന്നുള്ള ജൈവപരമായ പങ്കാളിത്തം ഉണ്ടായിരുന്നില്ല. ഇതിന്റെയൊക്കെ ഫലമായി ഫ്യൂഡൽ ബന്ധങ്ങളുടേയും മറ്റു പ്രാകൃത ബന്ധങ്ങളുടേയും വിപ്ലവപരമായ നിർമ്മാർജന പ്രക്രിയ അലസിപ്പോവുകയും കർഷക വിരുദ്ധമായ ബൂർഷ്വാ ഉപാധികൾ മേൽ കൈ നേടുകയും ചെയ്തു. അതായത്, കാർഷിക മേഖലയെ ആധുനിക ഉപാധികളിലേക്കോ, വ്യവസായിക സ്വഭാവമുള്ള ആധുനിക ബന്ധങ്ങളിലേക്കോ പരിവർത്തിപ്പിക്കുക എന്നത് ഇന്ത്യൻ വൻകിട ബൂർഷ്വാവർഗ്ഗത്തിന്റെ ഉദ്ദേശമോ, ലക്ഷ്യമോ ആയിരുന്നില്ല. അത് ഇത്തിൾക്കണ്ണിസ്വഭാവം പ്രകടിപ്പിക്കുയും കർഷകലോകത്തിന്റെ ജീർണ്ണതയിൽ നിന്നും സ്വന്തം നിലനില്പിപ്പിനു വേണ്ട ആഹാരം കണ്ടെത്തുന്ന പ്രവണത തുടർന്നു കൊണ്ടേയിരിക്കുകയും ചെയ്തു.

15

കൊളോണിയൽ സ്വഭാവമുള്ളതും സാമ്രാജ്യ ആഗോളവത്ക്കരണത്തോടു കൈകോർത്തു കൊണ്ടു പ്രവർത്തിക്കുന്നതുമായ വർഗ്ഗീയഫാസിസത്തിന്റെ വികാസത്തിനു വഴിയൊരുക്കിയത് ഈ സാമൂഹിക ജീർണ്ണതയാണ്. ഹിന്ദുത്വഫാസിസത്തിന്റേയും മറ്റു വർഗ്ഗീയ ഭ്രാന്തിന്റേയും ശക്തികൾക്ക്, ഭിന്നിപ്പിച്ചു ഭരിക്കലിന്റെ നികൃഷ്ടനയം നടപ്പാക്കിപ്പോന്ന കൊളോണിയൽ ശക്തികളുമായി സഹകരിച്ചു പ്രവർത്തിച്ചതിന്റെ ചരിത്രമാണുള്ളത്. ബാബറി മസ്ജിദ് തകർത്ത സന്ദർഭത്തിൽ വെളിപ്പെട്ടതുപോലെ, നവ ഉദാരീകരണ നയങ്ങൾക്കെതിരായ സമരത്തിൽ ജനങ്ങൾക്കിടയിൽ രൂപപ്പെട്ടുവരുന്ന ഐക്യദാർഢ്യത്തെ തുരങ്കം വക്കാനും അവരെ ഭിന്നിപ്പിക്കാനുമായി, പരസ്പരം പോഷിപ്പിക്കുകയോ ശക്തിപ്പെടുത്തുകയോ ചെയ്യുന്ന ഈ ശക്തികൾ പിന്നെയും പിന്നെയും ശ്രമിച്ചുകൊണ്ടിരിക്കുന്നു. വിവിധ പ്രദേശങ്ങളിൽ കൃത്രിമമായി വളർത്തിയെടുക്കുന്ന വർഗ്ഗീയ സംഘർഷത്തിന്റെ ഗുരുതരമായ ഭീഷണിയെ നേരിടുകയാണ് രാജ്യം. അതിനു പുറകിൽ ബോധപൂർവ്വമായ ഗൂഢാലോചനകളുണ്ടെന്ന് ഉറപ്പിച്ചു പറയാൻ പറ്റുന്ന സൂചനകളും പ്രകടമാണ്. സാമ്രാജ്യത്വ പ്രേരണയോടെ സംഭവിക്കുന്ന സാംസ്ക്കാരിക ജീർണ്ണതയും മതത്തിന്റെ പേരിൽ പ്രചരിപ്പിക്കപ്പെടുന്ന അന്ധവിശ്വാസജടിലമായ ആശയങ്ങളും നിരാശാജനകമാം വിധം പെരുകുന്ന തൊഴിലില്ലായ്മയുമൊക്കെ ചെലുത്തുന്ന സ്വാധീനങ്ങൾ അപമാനകരമായ ഈ സംഭവവികാസങ്ങൾക്കു പിന്നിലുണ്ട്. ജനാധിപത്യ, മതനിരപേക്ഷ ശക്തികളുമായി കൈ കോർത്തു കൊണ്ട് മാത്രമേ തൊഴിലാളി വർഗ്ഗത്തിനും അദ്ധ്വാനിക്കുന്ന ബഹുജനങ്ങൾക്കും ഈ പ്രതിലോമ പ്രവണതകളെ പരാജയപ്പെടുത്താനാവൂ.

16.

ഭരണസംവിധാനത്തിന്റെ അടിവേരുകളെ വരെ അഴിമതി ബാധിക്കുകയും എല്ലാ മേഖലകളുടേയും മുകൾത്തട്ടു വരെ അതു വ്യാപിക്കുകയും പ്രധാനമന്ത്രിയേയും ധനകാര്യമന്ത്രിയേയും മുൻ ചീഫ് ജസ്റ്റിസിനേയും വരെ വെള്ള പൂശിക്കാണിക്കാനുള്ള ശ്രമങ്ങൾ ഭരണവർഗ്ഗങ്ങളുടെ നികൃഷ്ടസ്വഭാവങ്ങളെ വെളിപ്പെടുത്തുകയും ചെയ്തപ്പോൾ, ജനങ്ങളുടെ രോഷം മുമ്പെങ്ങുമുണ്ടായിട്ടില്ലാത്ത വിധം തിളച്ചു മറിയുക തന്നെ ചെയ്തു. ഏറെ കൊട്ടിഘോഷങ്ങളോടെ അവതരിപ്പിക്കപ്പെട്ട ലോക്പാൽ ബിൽ, അഴിമതിക്കറ പുരണ്ട പ്രധാനമന്ത്രിയെ രക്ഷിക്കാൻ വേണ്ടി വെട്ടിച്ചുരുക്കിയ ശേഷമാണ്, സാമൂഹിക പ്രതിഷേധത്തെ ശമിപ്പിക്കാൻ വേണ്ടി നടപ്പിലാക്കിയത്. ഇവിടെയും വീണ്ടും വെളിപ്പെടുന്ന സത്യം, അഴിമതിക്കെതിരായും പ്രകൃതി വിഭവങ്ങളോ പൊതുമേഖല സ്ഥാപനങ്ങളോ ഒക്കെ വിറ്റഴിക്കുന്നതിനെതിരായും നടക്കുന്ന സമരം എൽ പി ജി (ഉദാരീകരണം-സ്വകാര്യവത്ക്കരണം- ആഗോളീകരണം) നയങ്ങൾക്കെതിരായ വലിയ സമരത്തിന്റെ അവിഭാജ്യമായ ഭാഗവും ഘടകവുമാണ് എന്നതാണ്.

17

## സാമ്രാജ്യത്വ ആഗോളവത്ക്കരണത്തിന്റെ പ്രത്യാഘാതങ്ങളും പുത്തൻ സാമ്പത്തിക നയത്തിന്റെ ഫലങ്ങളും

ഒരു വശത്ത് യു.എസ്.എസ്സാറിന്റെ പതനവും സോഷ്യലിസ്റ്റ് ചേരിയുടെ തിരിച്ചടിയും സംഭവിക്കുകും മറു വശത്ത്, അമേരിക്കയും ബ്രിട്ടനും ഉൾപ്പെടെയുള്ള മുതലാളിത്ത രാജ്യങ്ങളിൽ സംഭവിച്ച മാറ്റത്തോടൊപ്പം സാമ്പത്തിക നയങ്ങൾ കെയ്നീഷ്യനിസത്തിന്റെ പരിധികൾ ലംഘിച്ച് നവ ക്ലാസിക്കലിസത്തിലേയ്ക്ക് പ്രവേശിക്കുകയും ചെയ്തതോടെ, 1980 കളുടെ അവസാന വർഷങ്ങളിലും 1990 കളുടെ ആദ്യത്തിലുമായി സാമ്രാജ്യത്വ ആഗോളീകരണത്തിന്റെ പ്രളയവാതിലുകൾ തുറക്കുകയാണുണ്ടായത്. ഇരുപതാം നൂറ്റാണ്ടിന്റെ അവസാന ദശകങ്ങളിൽ സംഭവിച്ച പ്രക്ഷുബ്ധമായ ഈ മാറ്റങ്ങൾ മുതലാളിത്ത, സോഷ്യലിസ്റ്റ് ചേരികൾ നില നിന്നിരുന്ന ഒരു ലോകത്തിന്റെ ശാക്തിക തുലനനിലയിൽ ഒരു തരത്തിലുള്ള കൗശല പ്രയോഗത്തിനും ഇടം കൊടുക്കാത്ത വിധത്തിൽ ഏഷ്യൻ, ആഫ്രിക്കൻ, ലാറ്റിനമേരിക്കൻ രാജ്യങ്ങളിൽ ഗുരുതരമായ തിരിച്ചുപോക്കുകൾക്കു കാരണമായി.

18

ഈ സംഭവവികാസങ്ങൾ, ഉല്പാദനത്തിന്റെ ഘടനക്കും മേഖലകൾക്കും ഉൾപ്പെടെ ഇന്ത്യയിലെ സാമ്പത്തിക പ്രവർത്തനത്തിന്റെ വിവിധ മണ്ഡലങ്ങളിൽ ഗുരുതരവും ആപത്ക്കരവുമായ മാറ്റങ്ങൾക്കു കാരണമായി. കുത്തക മൂലധനത്തിന്റെ താല്പര്യങ്ങൾക്കനുസരിച്ച് വ്യവസായവും കൃഷിയും ഉൾപ്പെടെയുള്ള ഉല്പാദന മേഖലയ്ക്ക് വലിയ പരിക്കുകളേല്പിച്ച ഈ മാറ്റങ്ങൾ സ്വഭാവത്തിൽ ദോഷകരവും ഇന്ത്യൻ റിപ്പബ്ലിനെ സംബന്ധിച്ചിടത്തോളം വിനാശകരവുമായിരുന്നു. പുതിയ വ്യവസായനയം, പൊതുമേഖലയ്ക്കുണ്ടായിരുന്ന പ്രമുഖ സ്ഥാനത്തെ നിശ്ശബ്ദമായി, കുത്തകകൾക്കു കൈമാറി. കുത്തക നിക്ഷേപത്തിന് ഉത്തേജനം നൽകാനായി ചെറുകിട സംരംഭകർക്കു നൽകിപ്പോന്നിരുന്ന പ്രോത്സാഹന നടപടികൾ വെട്ടിച്ചുരുക്കുകയോ അവസാനിപ്പിക്കുകയോ ചെയ്തു. ലോകത്തെ ഖനനമേഖലയിലെ ഭീമൻമാർക്കനുകൂലമായി ധാതുനയവും ഭൂനയവും മാറ്റിയെഴുതി. വിനാശകരമായ നിർവ്യവസായവത്ക്കരണവും വിപുലമായ ബഹുജനവിഭാഗങ്ങൾക്കു നേരിടേണ്ടിവന്ന ഗുരുതരമായ അസ്ഥിരീകരണവുമായിരുന്നു ഇവയുടെ അനന്തരഫലം. നീർമറി പ്രദേശങ്ങൾ ഉൾപ്പെടെ എല്ലാ പ്രകൃതി വിഭവങ്ങളും അമിതലാഭം ലക്ഷ്യമാക്കി പ്രവർത്തിക്കുന്ന കുത്തക ബിസിനസ്സുകാർക്ക് കൈമാറാൻ പോലും അത് ഉദ്ദേശിക്കുന്നു. ദേശീയ ആസൂത്രണത്തിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതു സംബന്ധിച്ച കണക്കുകൾ അർഹമായ പ്രാധാന്യത്തോടെ ഉൾപ്പെടുത്താൻ ഉദ്ദേശിക്കപ്പെട്ടിട്ടില്ല. മറിച്ച്, കുത്തകകളുടെ നേതൃത്വത്തിൽ നടക്കുന്ന ഈ ഇളക്കി മറിക്കൽ അത്തരം പ്രശ്നങ്ങളെ എങ്ങനെയെങ്കിലും പരിഹരിച്ചുകൊള്ളും എന്നാണവർ കരുതുന്നത്.

കാർഷിക രംഗം കുത്തകകൾക്കു കൈമാറാൻ ഉദ്ദേശിച്ചു കൊണ്ട് ചെറുകിട, ഇടത്തരം കർഷകർക്കു മേൽ കടുത്ത സമ്മർദ്ദങ്ങൾ സൃഷ്ടിക്കുന്നു. അവർക്കു ലഭിക്കേണ്ടിയിരുന്ന സബ്സിഡികളും ഇളവുകളും സഹായങ്ങളും വെട്ടിച്ചുരുക്കി. ചെറുകിട – ഇടത്തം കർഷകരുടെ ഉല്പന്നങ്ങളുടെ വിപണി അന്താരാഷ്ട്ര വിപണിയെന്ന നിർദ്ദയ സമുദ്രവുമായി കൂട്ടിയിണക്കപ്പെട്ടു. അവർക്ക് ഫലപ്രദമായ സാമ്പത്തിക സഹായങ്ങളും വായ്പകളും ലഭ്യമാക്കാൻ ഉദ്ദേശിക്കപ്പെട്ടുകൊണ്ട് നിലനിർത്തിയിരുന്ന ബാങ്ക് പദ്ധതികൾ അവസാനിപ്പിച്ചു. പൊതുവിതരണ സമ്പ്രദായം ഒരു പ്രഹസനമായി മാറിക്കഴിഞ്ഞു. കാർഷിക മേഖലയിലെ തൊഴിൽ സേനയുടെ നിലനില്പ് തികച്ചും അസാധ്യമായിക്കഴിഞ്ഞു. ഇതിന്റെ ഫലമായി കർഷകത്തൊഴിലാളികൾ വൻ നഗരങ്ങളിലേക്കും പട്ടണങ്ങളിലേക്കും കുടിയേറുകയാണ്. അവർ വ്യവസായ മേഖലയിലെ പിന്നാമ്പുറത്തൊഴിലാളികളായും കെട്ടിട നിർമ്മാണ രംഗത്തെ തൊഴിലാളികളായും സ്വയം പരിവർത്തനപ്പെട്ടുകൊണ്ടിരിക്കുന്നു. അനാഥത്വത്തിന്റേയും ദാരിദ്ര്യത്തിന്റേയും ഈ സ്ഥിതി കൃത്രിമമായി സൃഷ്ടിക്കപ്പെട്ട ഒന്നാണ്. കാർഷിക മേഖലയെ കുത്തകകൾ ഏറ്റെടുക്കാൻ പാകത്തിൽ പരിവർത്തനപ്പെടുത്തുന്ന എൽ.പി.ജി നയങ്ങ ( Liberalisation Privatisation Globalisation - ഉദാരവത്ക്കരണം സ്വകാര്യവത്ക്കരണം ആഗോളീകരണം) ളാണ് അതിനു കാരണം. കാർഷിക ബിസിനസ്സ് മേഖലയിലെ വൻകിട ശക്തികൾ ആ പ്രക്രിയ പൂർത്തീകരിച്ചു കൊണ്ടിരിക്കുകയാണ്.

19

അതിശക്തമായ ഈ മാറ്റങ്ങൾ സാമൂഹിക രംഗത്തും അതിന്റെ അനന്തരഫലങ്ങൾ സൃഷ്ടിച്ചിട്ടുണ്ട്. അതിന്റെ സ്വാധീനങ്ങൾ രാഷ്ട്രീയ രംഗത്തും പ്രകടമായിട്ടുണ്ട്. വൻകിട ബൂർഷ്വാസിയാൽ നയിക്കപ്പെടുന്ന ഭരണകൂടവും അടിസ്ഥാനപരമായ മാറ്റങ്ങളിലൂടെ കടന്നുപോവുകയാണ്. ഭരണകൂടത്തിന്റെ കേന്ദ്രീകരണം പുതിയ മാനങ്ങളിലേയ്ക്ക് പ്രാതിഭാസികമായി ഉയരുകയാണ്. പാർലമെന്റ് ഉൾപ്പെടെ എല്ലാ പ്രാതിനിധ്യ, ജനാധിപത്യ സ്ഥാപനങ്ങളും കുത്തകമൂലധനത്തിന്റെ താല്പര്യസംരക്ഷണത്തിനായി രൂപാന്തരപ്പെടുത്തപ്പെട്ടിരിക്കുന്നു. കുത്തകകകൾക്കും സാമ്രാജ്യത്വത്തിനും അനുകൂലമായ തീരുമാനങ്ങൾ വിജയിപ്പിക്കാനായി പാർലമെന്റിലെ വോട്ടുകൾ പലപ്പോഴും വിറ്റഴിക്കപ്പെടുന്നു. ഒന്നാം യു.പി.എ. സർക്കാരിനെതിരായ അവിശ്വാസപ്രമേയ ചർച്ചയുടെ സന്ദർഭത്തിൽ ഇതിന്റെ അശ്ലീലം വെളിപ്പെട്ടതാണ്. ഭരണ നിർവ്വഹണ സംവിധാനം അടി മുതൽ മുടി വരെ അഴിമതി ഗ്രസ്തമാണെന്ന് തെളിയിക്കപ്പെട്ടു കഴിഞ്ഞിരിക്കുന്നു. പൊതുജനങ്ങൾക്ക് കേട്ടാൽ മടുപ്പും മുഷിച്ചിലുമുണ്ടാകും വിധം ഭീമമായ തുകകൾ ഉൾപ്പെട്ട വമ്പൻ അഴിമതിക്കേസുകൾ ഒന്നിനു പുറകിലൊന്നായി പുറത്തു വന്നുകൊണ്ടിരിക്കുന്നു. നീതിന്യായ സംവിധാനമായ ജുഡീഷ്യറി പോലും ഈ ദൂഷിത വലയത്തിനു പുറത്തല്ല. സായുധസേനയാകട്ടെ അഴിമതിയുടെ വിളനിലമായിരിക്കുന്നു. ദുഃസ്വാധീനത്തിന്റേതും അഴിമതിയുടേതും സ്വജനപക്ഷപാതിത്വത്തിന്റേതും രാജ്യദ്രോഹത്തിന്റേതുമായ പ്രഭുത്വാധിപത്യത്തിന്റെ വിഷം രാഷ്ട്ര വ്യവസ്ഥയുടെ മുഖ്യശരീരത്തിൽ നിറക്കാൻ ഫിനാൻസ് കുത്തക മൂലധനത്തിനു സാധിച്ചിരിക്കുന്നു എന്നതാണ് അതിനർത്ഥം.



സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് 8-ാം സംസ്ഥാന സമ്മേളനം

**20**

വിശാലമായ ഈ രാജ്യത്തെ ഏറ്റവും സംഘടിതമായ ശക്തിക്കും അതിന്റെ ഏറ്റവും സംഘടിതമായ പ്രവർത്തന രൂപങ്ങൾക്കും മാത്രമേ ജീർണ്ണമായിക്കൊണ്ടിരിക്കുന്ന ഈ രാഷ്ട്രീയ ഗതിയെ നേരിടാനും ദൃഢവും ശാസ്ത്രീയവുമായ ഒരു ബദൽ മുന്നോട്ടു വക്കാനും സാധിക്കൂ. തൊഴിലാളി വർഗ്ഗത്തിന്റെ വളർന്നുകൊണ്ടിരിക്കുന്ന വിഭാഗങ്ങളാണ് ഇന്നു രാജ്യത്തു നടന്നുകൊണ്ടിരിക്കുന്ന പരിവർത്തനത്തിന്റെ നിഷേധാത്മകഫലങ്ങളിലേറെയും നേരിടേണ്ടി വരുന്നത്. പ്രധാനപ്പെട്ട ഉല്പാദന മേഖലകളായ വ്യവസായവും കൃഷിയും കുത്തക ഫിനാൻസ് മൂലധനത്തിന്റെ ദയാദാക്ഷിണ്യങ്ങൾക്കു വിധേയമാകേണ്ടിവന്നിരിക്കുന്ന സ്ഥിതിയാണ്. ഭരണകൂടം അതിന്റെ ആജ്ഞാനുവർത്തി മാത്രമായിരിക്കുന്നു. ചെറുകിട, ഇടത്തരം കർഷകർക്ക് ലഭ്യമായിരുന്ന സർക്കാർ സഹായ പദ്ധതികളും സബ്സിഡികളും നാമമാത്ര സംഖ്യ മാത്രമായി വെട്ടിച്ചുരുക്കി അവരെ കൊള്ളയടിക്കുന്നതും താങ്ങുവിലകൾ നൽകി കാർഷികോല്പന്നങ്ങൾ സംഭരിക്കുന്ന പരിപാടി അവസാനിപ്പിച്ചുകൊണ്ട് വിപണിയെ സാർവ്വദേശീയവത്ക്കരിക്കുന്നതും ആപത്ക്കരമായ പുതിയ പ്രവണതയായിരിക്കുന്നു. നമ്മുടെ പാർട്ടി പരിപാടി ഇതു മുൻകൂട്ടി കാണുകയും അതിന്റെ 5.4 ഖണ്ഡികയിൽ ഈ മാറ്റത്തെ സംബന്ധിച്ച പരിപാടിപരമായ വീക്ഷണം താഴെപ്പറയും വിധം പ്രസ്താവിക്കുകയും ചെയ്തിരുന്നു. "5-4 ഇന്ത്യൻ തൊഴിലാളിവർഗ്ഗത്തിനു മാത്രമേ എല്ലാ വിപ്ലവ വർഗ്ഗങ്ങളേയും വിഭാഗങ്ങളേയും ബഹുജനങ്ങളേയും അണിനിരത്താനും ഭരണ വ്യവസ്ഥയെ വെല്ലുവിളിക്കാനും നമ്മുടെ രാജ്യത്തിന്റെ ചരിത്രത്തിലെ ഈ നിർണ്ണായക സന്ധിയിൽ ഇടതുപക്ഷ ബദലിന് രൂപം നൽകാനും സാധിക്കൂ. ഇന്ത്യൻ തൊഴിലാളിവർഗ്ഗവും അതിന്റെ മുന്നടിപ്പടയായ പാർട്ടിയും സാമ്രാജ്യത്വത്തോടും ദല്ലാൾ വർഗ്ഗങ്ങളോടും നാടുവാഴിത്തത്തിന്റെ ജീർണ്ണബന്ധങ്ങൾ ഉൾപ്പെടെയുള്ള മുതലാളിത്ത പൂർവ്വ ബന്ധങ്ങളോടും കണക്കു തീർക്കാനായി, എല്ലാ സാമ്രാജ്യത്വവിരുദ്ധ, നാടുവാഴിത്ത വിരുദ്ധ ശക്തികളേയും അണിനിരത്തിക്കൊണ്ട്, ദീർഘകാലമായി നിറവേറ്റപ്പെടാതെ കിടക്കുന്ന ജനാധിപത്യവിപ്ലവത്തിന്റേയും ദേശീയ സ്വാതന്ത്ര്യത്തിന്റേയും കടമകൾ പൂർത്തീകരിക്കുക എന്ന ഉത്തരവാദിത്വം ഏറ്റെടുക്കേണ്ടതുണ്ട്. തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പടയെന്ന നിലയിൽ, കമ്യൂണിസ്റ്റ് പാർട്ടി, പുത്തൻ ജനാധിപത്യവിപ്ലവത്തിന്റെ ഈ കടമകൾ പൂർത്തീകരിക്കുകയും ജനങ്ങളെ സോഷ്യലിസത്തിലേക്കു നയിക്കുകയും ചെയ്യേണ്ടതുണ്ട്."

**21**

1991-ൽ റാവു ഗവൺമെന്റ് ഉദ്ഘാടനം ചെയ് എൽ. പി. ജി. നയങ്ങളുടെ അനന്തരഫലമായാണ് ഇത്തരമൊരു ദയനീയ സാഹചര്യം സൃഷ്ടിക്കപ്പെട്ടത്. ചെറുകിട, ഇടത്തരം കൃഷിക്കാരുടെ ജീവധാരയെന്നു തന്നെ വിളിക്കാവുന്ന ഭൂപരിഷ്ക്കരണത്തിന്റേയും അതിനനുരോധമായി ആവിഷ്ക്കരിക്കപ്പെട്ട ഭൂപരിധി നിയമങ്ങൾ, കാർഷികോല്പന്നങ്ങൾക്ക് താങ്ങുവില നൽകൽ, കാർഷികോല്പന്നങ്ങൾ സർക്കാർ തന്നെ സംഭരിക്കൽ തുടങ്ങിയ ജനോപകാരപ്രദമായ നയപരിപാടികളുടെ കടയ്ക്കൽ കത്തി വയ്ക്കുകയാണു എൽ. പി. ജി. നയങ്ങൾ ചെയ്തത്. 'ജന്മിക്കു വേണ്ടി ഉല്പാദനം നടത്തുക' എന്ന നാടുവാഴിത്ത ലോകത്തിന്റെ നിയമങ്ങളെ തുടച്ചു നീക്കുക എന്നതായിരുന്നു ഭൂപരിഷ്ക്കരണ നടപടികളുടെ അന്തഃസത്ത. 'ജന്മി'ക്കു മാത്രം സാദ്ധ്യമായിരുന്ന കാർഷികോല്പന്നങ്ങളുടെ ക്രയവിക്രയം അത്തരമൊരു ഭയം കൂടാതെ കർഷകർക്ക് തന്നെ ചെയ്യാനാവുന്ന സ്ഥിതി സൃഷ്ടിക്കുകയും ഭൂമി സ്വന്തമാക്കിവക്കാനുള്ള അവകാശം ലഭ്യമാക്കുകയും അഴുവഴി വിപണി നിയമങ്ങളെ കർഷകർക്ക് ആദായകരമായവിധം നടപ്പാക്കുകയും ചെയ്യുക എന്നതും അതിൽ ഉൾപ്പെടുന്നു. എങ്കിലും 1957-ലെ കേരളത്തിലെ കമ്മ്യൂണിസ്റ്റ് നേതൃത്വത്തിലുള്ള സർക്കാർ, കുടിയാന്മാർക്കു ലഭിച്ച ഭൂമി കച്ചവടക്കാർ തട്ടിയെടുക്കാൻ സാധ്യതയുണ്ടെന്ന് മുൻകൂട്ടി കാണുകയുണ്ടായി. കരിഞ്ചന്തക്കാരും നാട്ടിൻപുറത്തെ സമ്പന്നരും ഊഹക്കച്ചവടക്കാരും ചേർന്ന് വിത്തും വളങ്ങളും കീടനാശിനികളുമൊക്കെ ഉയർന്ന വിലക്കു വിറ്റും കാർഷികോലപ്ന്നങ്ങൾ തുച്ഛമായ വിലക്കു വാങ്ങിയും അസമമായ കച്ചവടത്തിലൂടെ ലാഭമുണ്ടാക്കുന്നതും അവർ കണ്ടു. അതുകൊണ്ട് ഭൂപരിധി നിയമം നടപ്പാക്കിയും സഹകരണ പ്രസ്ഥാനത്തെ വികസിപ്പിച്ചും കാർഷിക നിവേശങ്ങൾ ന്യായവലിക്കു നൽകാൻ നടപടി സ്വീകരിച്ചും കാർഷികോല്പന്നങ്ങൾക്ക് തറവില നിശ്ചയിച്ചുമൊക്കെ വിപണി നിയമങ്ങൾക്ക് അവർ ക്രമീകരണമുണ്ടാക്കി. ഇപ്പോഴാകട്ടെ, കുത്തകകൾക്ക് ഈ മേഖലയിലേക്കു കടന്നുവരാൻ തടസ്സമായി നിന്നിരുന്ന എല്ലാ വ്യവസ്ഥകളും എടുത്തുമാറ്റിക്കൊണ്ടും കർഷകർക്ക് അനുകൂലമായി നിലനിന്നിരുന്ന സബ്സിഡി വ്യവസ്ഥകൾ നിർത്തലാക്കിക്കൊണ്ടും സഹകരണ ബാങ്കുകൾക്ക് കുരുക്കിട്ടുകൊണ്ടും മറ്റും കേന്ദ്ര സർക്കാർ കാർഷികവൃത്തി അസാധ്യമാക്കിയിരിക്കുന്നു. സംസ്ഥാന സർക്കാരുകൾക്ക് ഫലപ്രദമായി ഇടപെടാനുള്ള എല്ലാ സാധ്യതകളേയും ഇല്ലായ്മ ചെയ്യുന്ന ഒരു ഘാതകനയമായി മാറിക്കഴിഞ്ഞിരിക്കുന്നു ഇത്.

**22**

ഈ കൊലപാതക നയമാണ് കർഷകരെ ആത്മഹത്യയിലേയ്ക്കു നയിക്കുന്നത്. നാട്ടിൻപുറങ്ങളിൽ കർഷകവിഭാഗങ്ങളുടെ മുഖ്യമർദ്ദകശക്തി തെല്ലും കരുണയില്ലാത്ത വിപണി നിയമങ്ങളാണ്. ക്രൂരമായ വിപണിനിയമങ്ങളെ പിന്തുണയ്ക്കുന്ന കേന്ദ്രസർക്കാർ നയം സാമ്പത്തിക പ്രവർത്തനങ്ങളിലെ മുൻഗണനാക്രമങ്ങളെ മൊത്തത്തിൽ തന്നെ തലതിരിച്ചിട്ടുകൊണ്ട് ജനങ്ങൾക്കു മേൽ നടപ്പാക്കപ്പെടുന്ന കൊള്ളയ്ക്ക് ആക്കം കൂട്ടുന്നു. യഥാർത്ഥത്തിൽ, ഭരണകൂടനയത്തെ തലതിരിച്ചിടുന്നതിനു കാരണമാകുന്നത് നിയോക്ലാസ്സിക്കൽ സാമ്പത്തിക വീക്ഷണമാണ്. വളർച്ചാനിരക്ക് ഉയർത്തി നിർത്താൻ വേണ്ടി വ്യവസായത്തിന് അനുകൂലമായി കാർഷികരംഗത്തെ ബലി കൊടുക്കണമെന്ന് അതു കരുതുന്നു. ഫിനാൻസ് കുത്തക മൂലധനം വമിക്കുന്ന വിഷമാണ് ഈ തിന്മാപ്രഭാഷണം. കടന്നെത്തുന്ന എല്ലാ രാജ്യങ്ങളിലും ഈ നരകത്തെ അതു പടർത്തുക തന്നെ ചെയ്യും. കുത്തകമൂലധനത്തിന്റെ ഈ വീക്ഷണം ഇടതുപക്ഷക്കാരുടെ കാഴ്ചപ്പാടുകളിലേക്കു പോലും തുളച്ചുകടന്നുകഴിഞ്ഞിട്ടുണ്ട്. തൽഫലമായി വർഗ്ഗസഖ്യത്തിന്റെ സുപ്രധാന കാതലായ തൊഴിലാളി - കർഷക സഖ്യത്തിൽ അത് ഗുരുതരമായ വിടവുകൾ സൃഷ്ടിച്ചിട്ടുണ്ട്. സാമ്പത്തിക പ്രവർത്തനങ്ങളിലും അത് ഗുരുതരമായ വീഴ്ചകൾക്കു കാരണമായിട്ടുണ്ട്. അതു തീർച്ചയായും വ്യവസായ രംഗത്ത് നിഷേധാത്മകമായ ഇടിവുകളുണ്ടാക്കും. മൊത്തത്തിലുള്ള വളർച്ചയുടെ മൂലക്കല്ല് കാർഷികോല്പാദനത്തിലെ വളർച്ചയാണെന്ന അടിസ്ഥാന തത്വത്തെ തള്ളിക്കളയുന്ന വീക്ഷണമാണിത്. അതിനു പുറമെ, നൂറു കോടിയിലേറെ ജനസംഖ്യയുള്ള ഒരു രാജ്യം ഈ പൊള്ളത്തരം പ്രയോഗിക്കാൻ തുടങ്ങിയാൽ അതിന്റെ ധാന്യക്കലവറകൾ വരണ്ടുപോവുകയും തൊഴിലവസരങ്ങൾ കെട്ടുപോവുകയും ചെയ്യും. അതുകൊണ്ട് ദേശീയ ഉല്പാദനത്തെ ശരിയായ മാർഗ്ഗത്തിൽ സ്ഥാപിക്കാനായി, തലതിരിക്കപ്പെട്ട ഇന്നത്തെ നയങ്ങളെ നേരെ നിർത്തേണ്ടതുണ്ട്.

**23**

ഭരണകൂടത്തിന്റെ നയം തിരുത്തപ്പെടുന്നില്ലെങ്കിൽ ഈ പ്രവർത്തനവും തിരുത്തപ്പെടുകയില്ല. ദുഷ്ടലക്ഷ്യത്തോടെയുള്ള ഈ ഭരണകൂട നയങ്ങൾ തിരുത്തുന്നതിനു വേണ്ടിയുള്ള സമരങ്ങൾ ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെപ്പോലെയുള്ള തൊഴിലാളിവർഗ്ഗ ഐക്യവേദികൾ ആരംഭിച്ചുകഴിഞ്ഞു. അത്തരം ആവശ്യങ്ങൾ മുന്നോട്ടു വച്ചുകൊണ്ട് 2013-ൽ 48 മണിക്കൂർ പണിമുടക്കു നടത്തിയ തൊഴിലാളിവർഗ്ഗം തലേ വർഷം 24 മണിക്കൂർ പണിമുടക്കി സമരം ചെയ്തിരുന്നു. എങ്കിലും ഒരു ബദൽ പാത വെട്ടിത്തുറക്കുന്നതിന്, പരിപാടിയുടേയും ആവശ്യങ്ങളുടേയും രൂപത്തിലുള്ള പദ്ധതീകൃതവും ബോധപൂർവ്വവുമായ ഇടപെടലുകളും ആവശ്യങ്ങൾ നേടുന്നതിനു വേണ്ടിയുള്ള പാർലമെന്ററി, പാർലമെന്റേതര സമരങ്ങളും സാധ്യമായിടത്തൊക്കെ ഭരണസംവിധാനത്തിന്റെ സൃഷ്ടിപരമായ ഇടപെടലുകളും ആവശ്യമാണ്. കൃഷിയെന്ന പ്രാഥമിക ഉല്പാദനമേഖല ചെറുകിട ഉടമസ്ഥതയുടേയും ചെറുകിട കാർഷികവൃത്തിയുടേയും ഘട്ടത്തെ അനിവാര്യമായും മറികടന്നു കഴിഞ്ഞിരിക്കുന്നു എന്ന് വർത്തമാനകാല അനുഭവത്തിൽ നിന്നും മനസ്സിലാക്കിക്കൊണ്ട് കാർഷികോല്പാദനത്തിന്റെ സംഘാടനത്തിനും നിയന്ത്രണത്തിനും പരിപാലനത്തിനും പുതിയ രൂപങ്ങൾ ആവിഷ്ക്കരിക്കേണ്ടിയിരിക്കുന്നു. ഈ മേഖലയിലെയും സമരം 'ഒന്നുകിൽ കുത്തക ഫിനാൻസ് മൂലധനമോ അല്ലെങ്കിൽ തൊഴിലാളി വർഗ്ഗമോ'എന്ന നിലയിൽ തന്നെയാണ്. അതേ സമയം കാർഷികോല്പാദന പ്രവർത്തനങ്ങളെ ശരിക്കും വൻകിടയും കൂട്ടുടമസ്ഥതക്കു കീഴിലുള്ളതും ആസൂത്രിതവുമായ രൂപങ്ങളിലേയ്ക്കു മുന്നേറാൻ സഹായിക്കുന്ന കൂടുതൽ ശ്രേഷ്ഠമായ ഉടമാരൂപങ്ങൾ പ്രയോഗിക്കുകയും വേണം. കർഷകരുടെ ഉല്പാദനസഹകരണ സംഘങ്ങൾ, മറ്റുതരം കൂട്ടുടമസ്ഥതാരൂപങ്ങൾ, പൊതുമേഖലാ കാർഷിക സമ്പ്രദായങ്ങൾ തുടങ്ങിയ ഈ ആവശ്യത്തിന് ഉപയോഗപ്പെടുത്താവുന്നതാണ്. ചുരുക്കിപ്പറഞ്ഞാൽ, വ്യാവസായിക മേഖലയിൽ ഒരു വിപ്ലവ പരിപാടിയുടെ ഭഗമായി നടപ്പാക്കാൻ നേരത്തെ നിശ്ചയിച്ചുകഴിഞ്ഞ, സോഷ്യലിസ്റ്റ് ലക്ഷ്യം തന്നെയാണ് അതിന്റെ കൊടിക്കൂറയാൽ ഈ ഉല്പാദന മേഖലയിലെ മാറ്റങ്ങളേയും നയിക്കേണ്ടത്.

**24**

ഈ വിഷയത്തെ സംബന്ധിച്ച് നമ്മുടെ ഏഴാം കോൺഫറൻസിന് ദീർഘവീക്ഷണത്തോടെയുള്ള ഒരു കാഴ്ചപ്പാടാണ് ഉണ്ടായിരുന്നതെന്നത് ശ്രദ്ധിക്കേണ്ടതാണ്. അതിൽ ഇങ്ങനെ പറഞ്ഞിരുന്നു : "ഭക്ഷ്യസുരക്ഷിതത്വം കൈവരിക്കാനും നിലനിർത്താനും നമുക്കു സാധിച്ചാൽ മാത്രമേ ഇന്ത്യ ഇന്ന് അഭിമുഖീകരിക്കുന്ന അടിസ്ഥാന പ്രതിസന്ധികൾ പരിഹരിക്കാനുള്ള നടപടികൾ നമുക്ക് ആരംഭിക്കാനാവൂ. നമ്മുടെ രാജ്യത്തെ ജനങ്ങളിൽ 830 ദശലക്ഷം പേർക്ക് ഒരു ദിവസം ലഭിക്കുന്നത് വെറും 20 രൂപ മാത്രമാണ്. മേൽ പ്രസ്താവിച്ച വസ്തുതകളുടെ പശ്ചാത്തലത്തിലാണ് പൊതുവിതരണ സമ്പ്രദായത്തെ (PDS) നശിപ്പിച്ച് പകരം ലക്ഷ്യാധിഷ്ഠിത പൊതുവിതരണ സമ്പ്രദായം (TPDS - Targeted Public Distribution System) നടപ്പാക്കാൻ യു. പി. എ. സർക്കാർ ശ്രമിക്കുന്നതെന്ന കാര്യം ശ്രദ്ധിക്കേണ്ടതാണ്. ഭക്ഷ്യസുരക്ഷക്കു വേണ്ടി കൈക്കൊള്ളേണ്ട ആദ്യനടപടി പൊതുവിതരണ സമ്പ്രദായം അടിയന്തിരമായി പുനഃസ്ഥാപിക്കുക എന്നതാണ്. ഭക്ഷ്യോല്പാദനത്തിന് ഊന്നൽ നൽകിക്കൊണ്ട് കാർഷികമേഖലക്ക് പുതിയ പ്രോത്സാഹനം നൽകുക എന്നതാണ് മറ്റൊരു നടപടി. ഭക്ഷ്യസുരക്ഷ കൈവരിക്കുന്നതിനൊപ്പം ഗ്രാമീണ തൊഴിലില്ലായ്മ പരിഹരിക്കുന്നതിനുള്ള ഒരു സുപ്രധാന നടപടി കൂടിയായിരിക്കും ഇത്. ഇതിന്റെ കേന്ദ്രബിന്ദു സമ്പൂർണ്ണമായ ഭൂപരിഷ്ക്കരണമാണ്. നിലവിലുള്ള ഫ്യൂഡൽ - അർദ്ധഫ്യൂഡൽ ഭൂബന്ധങ്ങളിൽ നിന്നും കർഷകരെ സ്വതന്ത്രരാക്കാൻ ഭൂമിയുടെ ഉടമസ്ഥത അവർക്ക് നൽകേണ്ടതുണ്ട്. അതേ സമയം തന്നെ, ആഗോളീകരണത്തെ തുടർന്ന് പാപ്പരീകരിക്കപ്പെട്ട ചെറുകിട കർഷകരുടെ ഭൂമി രാജ്യത്തിനകത്തും പുറത്തുമുള്ള കാർഷിക ബിസിനസ്സ് കുത്തകകളും റിയൽ എസ്റ്റേറ്റ് ലോബികളും തട്ടിയെടുക്കുന്നതു തടയാൻ ആവശ്യമായ നയങ്ങളും നിയമങ്ങളും നാം നടപ്പാക്കുകയും വേണം." ഇടതുപക്ഷ ബദലിനു മാത്രമേ ഈ വെല്ലുവിളി ഏറ്റെടുക്കാനാവൂ. എന്നാൽ മറികടക്കേണ്ടുന്ന നിരവധി പ്രശ്നങ്ങളെ അത് അഭിമുഖീകരിക്കുന്നുണ്ട്.

**25**

**ഇടതുപക്ഷ ബദലിന്റെ പ്രശ്നങ്ങൾ**

പരിപാടികൾ നടപ്പാക്കുന്ന കാര്യത്തിൽ സംഭവിക്കുന്ന മാന്ദ്യം ഇന്ന് എം. എൽ സംഘടനകൾ മാത്രം നേരിടുന്ന ഒരു കാര്യമല്ല. സി. പി. ഐ (എം) ന്റെ 1964 ലെ പരിപാടി നവകോളണീകരണത്തിന്റെ ഭീഷണിയെപ്പറ്റി മുന്നറിയിപ്പു നൽകുന്നുണ്ടെങ്കിലും കഴിഞ്ഞ കുറച്ചു നാളുകളായി സി. പി. ഐ (എം) പുനർകോളണീകരണത്തെക്കുറിച്ചാണ് പറഞ്ഞുകൊണ്ടിരിക്കുന്നതെന്ന് നാം കണ്ടു. ഇത് ആശയക്കുഴപ്പത്തിന് അവസരമൊരുക്കുന്ന കാര്യമായിരുന്നു. സാമ്രാജ്യത്വ ആഗോളവത്ക്കരണത്തെ നേരിടാൻ സ്വീകരിക്കേണ്ട അടവുകളുടെ കാര്യത്തിൽ പരസ്പരം തർക്കിക്കാൻ മുഖ്യ ഇടതുപക്ഷ പാർട്ടികൾ കൂടുതൽ സമയം ചെലവഴിക്കുന്നതാണ് പിന്നീടു കണ്ടത്. തൊഴിലാളിവർഗ്ഗം സാമ്രാജ്യത്വ ആഗോളീകരണത്തിനെതിരെ നിവർന്നു നിന്നുകൊണ്ട് തങ്ങളുടെ സമരങ്ങൾ ശക്തിപ്പെടുത്തുകയും അവരുടെ ഐക്യം വിശാലമാക്കുകയും ചെയ്തപ്പോഴും ഈ തൊഴിലാളിവർഗ്ഗപ്രസ്ഥാനത്തിന് ചരിത്രപരമായ നേതൃത്വം നൽകാനുള്ള പക്വതയാർജ്ജിക്കാൻ ഇടതുപക്ഷ പാർട്ടികൾക്കായില്ല . ഇടതുപക്ഷ രാഷ്ട്രീയ സുദൃഢീകരണത്തെപ്പറ്റി ഇങ്ങനെയൊരു വിലയിരുത്തലിൽ എത്തുമ്പോൾ, ഇടതുപാർട്ടികൾ വഹിച്ച നിർണ്ണായകമായ പങ്ക് കുറച്ചുകാണണമെന്ന് അർത്ഥമില്ല; ഒരിക്കലും അങ്ങനെയാകാനും പാടില്ല. യഥാർത്ഥത്തിൽ ഇടതുപക്ഷ രാഷ്ട്രീയ നേതൃത്വങ്ങളാണ് അതിനു തുടക്കം കുറിക്കുകയും നേതൃത്വം നൽകുകയും ചെയ്തത്. എങ്കിലും പകുതി മാത്രം പൂർത്തിയായ ഒരു ജോലിയാണത്. ഈ സംയുക്ത ട്രേഡ് യൂണിയൻ പ്രസ്ഥാനത്തെ അദ്ധ്വാനിക്കുന്ന മറ്റു വിഭാഗങ്ങളും ജനാധിപത്യശക്തികളുമായി വിളക്കിച്ചേർക്കുന്ന ചുമതലയാണ് ഈ ജോലിയുടെ നിർണ്ണായകഭാഗം. അത്തരമൊരു സഖ്യത്തിന്റെ കാതലായിരിക്കേണ്ടത് തൊഴിലാളി-കർഷക സഖ്യമാണ്. സാമ്രാജ്യത്വ ആഗോളീകരണത്തിനെതിരായ ഒരു ദേശീയ ചെറുത്തുനില്പു പ്രസ്ഥാനം കെട്ടിപ്പടുക്കാൻ, പ്രത്യേകിച്ചും വിറ്റഴിച്ചുകഴിഞ്ഞ വ്യവസായങ്ങളുടേയും പ്രകൃതി വിഭവങ്ങളുടേയും ദേശസാത്ക്കരണം ആവശ്യപ്പെട്ടുകൊണ്ടുള്ള ഒരു പ്രസ്ഥാനത്തിനും തുടക്കം കുറിക്കാൻ ഇതിനായേക്കും. എൽ. പി. ജി നയങ്ങൾക്കെതിരായ സമരങ്ങളുടെ കുന്തമുനയാകാനും ഇടതുപക്ഷ ബദലിന്റെ സുദൃഢമായ പരിപാടി രൂപപ്പെടുത്താനും ഇതിനു കഴിയും. ഇടതുപക്ഷ ബദൽ എന്നത് സാഹചര്യത്തിനനുസരിച്ച് രൂപപ്പെടുന്ന, എൽ.പി. ജി നയങ്ങൾക്കെതിരെ 'അല്ല, അല്ല' എന്നു വോട്ടു ചെയ്യാനുള്ള ഒരു വെറും പ്രതിപക്ഷക്കൂട്ടായ്മ മാത്രമല്ല എന്നതുകൊണ്ടാണ് ഈ കാര്യങ്ങൾ അതിനു സാധിക്കുക.

**26**

പാർലമെന്റേതരസമരങ്ങൾക്ക് ഇതു വലിയ തോതിൽ ആക്കം നൽകും; തീർച്ചയായും അതിന്റെ സർഗ്ഗാത്മകസത്ത കൂടുതൽ മികച്ചതാകും. ആദ്യത്തെ മുന്നേറ്റഘട്ടത്തിൽ നിന്നും, പ്രത്യേകിച്ചും ഇടതുപക്ഷ പാർട്ടികൾക്ക് പാർലമെന്റിൽ മെച്ചപ്പെട്ട പ്രാതിനിധ്യമുണ്ടായിരുന്ന സാഹചര്യത്തിൽ നിന്നും വ്യത്യസ്തമായി, പാർലമെന്റേതരസമരങ്ങളിൽ കൂടുതൽ വിശ്വാസമർപ്പിക്കുന്നതിലും അതുവഴി തങ്ങളുടെ പിന്തുണയും അടിത്തറയും വിപുലീകരിക്കുന്നതിലുമുള്ള കഴിവുകേട് ഇടതുപക്ഷം പ്രകടമാക്കിക്കഴിഞ്ഞിരിക്കുന്നു. തങ്ങളുടെ ഒരു ദൗർബ്ബല്യം കൂടി അവർ വെളിപ്പെടുത്തിയിട്ടുണ്ട്. ആഗോളീകരണ നയങ്ങളെ തുടർന്ന് ഗുരുതരമായ സാമൂഹിക വ്രണങ്ങൾ പ്രത്യക്ഷപ്പെട്ടിട്ടുള്ള മേഖലകളിൽ പൊരുതാനുള്ള ഇടം കണ്ടെത്താൻ അവർക്കാവുന്നില്ല. മദ്ധ്യ ഇന്ത്യ അപ്പാടെ തന്നെ, ഖനനനിർമ്മാണ ഭീമന്മാർ ഉഴുതുമറിച്ചതിനൊപ്പം സാമൂഹികമായും രാഷ്ട്രീയമായും മലയിടുക്കുകൾ പോലെയായിത്തീർന്നിരിക്കുകയാണ്. കർണ്ണാടകം, ആന്ധ്രാപ്രദേശ് എന്നീ സംസ്ഥാനങ്ങളും സമാനമായ സാമൂഹിക-രാഷ്ട്രീയ പ്രതിസന്ധി നേരിടുന്നുണ്ട്. ഈ പ്രദേശങ്ങളിലെ പാർലമെന്ററിയും അല്ലാത്തതുമായ പ്രവർത്തനങ്ങളിൽ ഇടതുപക്ഷത്തിന്റെ നില വളരെ ദുർബ്ബലമാണെന്നത് തികച്ചും ഉത്ക്കണ്ഠാജനകമാണ്. ആഗോളീകരണത്തിന്റെ പ്രശ്നങ്ങൾ കൈകാര്യം ചെയ്യുന്നതിൽ ഇടതുപക്ഷം കൈക്കൊണ്ടിട്ടുള്ള അടവുകളുടെ ശരിമയും സ്വീകാര്യതയും പരിശോധിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു.

**27**

ഇടതുപക്ഷ ബദലിന്റെ ശക്തികൾ തൊഴിലാളികൾക്കും കർഷകർക്കുമിടയിൽ നിന്നും കണ്ടെത്തപ്പെടേണ്ടവരാകയാൽ, ഇടതുപക്ഷബദലിന്റെ രൂപീകരണത്തെ സംബന്ധിച്ചിടത്തോളം ഇത് അതിപ്രധാനമായ കാര്യമാണ്. ഇടതുപക്ഷ ബദൽ ഉറപ്പാക്കാൻ കഴിയുന്ന ഏതൊരു സാമൂഹിക, രാഷ്ട്രീയ രൂപീകരണത്തിന്റേയും കാതലായി പ്രവർത്തിക്കേണ്ടത് തൊഴിലാളി കർഷകസഖ്യമാണ്. തൊഴിലാളികളേയും കർഷകരേയും സജീവമായി അണിനിരത്താനും കുത്തകമൂലധനത്തോടുള്ള അവരുടെ വൈരുദ്ധ്യത്തെ കൂടുതൽ രൂക്ഷമാക്കുന്നതിനുവേണ്ടി, അവർക്കിടയിലുള്ള പരസ്പര വൈരുദ്ധ്യത്തെ പരിഹരിക്കാനുള്ള പ്രായോഗികമാർഗ്ഗങ്ങൾ കണ്ടെത്താനും ഇടതുപക്ഷ പാർട്ടികളും ഇടതുപക്ഷ ശക്തികളും മുന്നോട്ടു വരുമ്പോൾ മാത്രമേ തൊഴിലാളി കർഷക സഖ്യത്തിന് അതിന്റെ സ്വാഭാവിക വികാസഗതി കണ്ടെത്താവൂ. മേൽ പറഞ്ഞ ഐക്യം അനുദിനം വളർച്ച നേടുകയാണെങ്കിൽ ഇടതു പക്ഷ ബദലിനു വേണ്ടിയുള്ള പ്രസ്ഥാനത്തിന്റെ പാർലമെന്ററിയോ പാർലമെന്റേതരമോ ആയ വളർച്ച ഊർജ്ജസ്വലമായും സാരവത്തായും ഏറ്റെടുക്കാനാവും.

**28**

ഈ സുപ്രധാന വിഷയങ്ങൾ മനസ്സിലാക്കുന്നതിനും പകരം ഇടതുപക്ഷ ശക്തികൾ അധികാരത്തിലെത്തുമ്പോഴൊക്കെ ഒരു തെറ്റായ അടവാണ്. അവർ പിന്തുടർന്നു പോരുന്നതായി കണ്ടിട്ടുള്ളത്. കേന്ദ്ര സർക്കാരിന്റെ ഉദാരവത്ക്കരണ നയങ്ങൾ അവർ നടപ്പാക്കുകയും ഭരണതലത്തിൽ ചെറുത്തുനില്പിന് യാതൊരു സാധ്യതയുമില്ലെന്ന ന്യായീകരണം മുന്നോട്ടു വയ്ക്കുകയും ചെയ്യുന്നു. പശ്ചിമബംഗാളിലെ പഴയ ഇടതുമുന്നണി സർക്കാരും കേരളത്തിലെ പഴയ ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരും നടപ്പാക്കിയ നിരവധി നയങ്ങളേയും ആ സംസ്ഥാനങ്ങളിൽ ഇപ്പോൾ ഭരണം നടത്തിക്കൊണ്ടിരിക്കുന്ന വലതുപക്ഷ സർക്കാരുകൾ പിന്തുടരുന്ന അത്തരം നയങ്ങളോട് അവിടങ്ങളിലെ പ്രതിപക്ഷത്തിരിക്കുന്ന ഇടതുപക്ഷം ഇപ്പോഴും സ്വീകരിച്ചു പോരുന്ന നയങ്ങളേയും പരിഗണിച്ചാൽ ഇതിലെ അബദ്ധങ്ങൾ വ്യക്തമായി മനസ്സിലാവും. ആ സംസ്ഥാനങ്ങളിൽ ഭരണം നടത്തിയിരുന്ന ഇടതുപക്ഷ സർക്കാരുകൾ കേന്ദ്ര സർക്കാരിന്റെ ഒട്ടേറെ ജനവിരുദ്ധനയങ്ങളോട് പോരാടുകയും ഒരു പരിധിവരെ ജനങ്ങളുടെ കൈയിലെ ആയുധമായി പ്രവർത്തിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും അവർ പിന്തുടർന്ന ചില തെറ്റായ നയങ്ങൾ അവരുടെ രാഷ്ട്രീയ ശോഭ കെടുത്തുകയും അവരും യു. പി. എ. സർക്കാരിനെപ്പോലെ തന്നെ ജനവിരുദ്ധരാണെന്നു ചിത്രീകരിക്കാൻ എല്ലാത്തരം വലതുകാർക്കും അവസരം നൽകുകയും ചെയ്തു. ഇതു സൃഷ്ടിച്ച ആശയക്കുഴപ്പം കർഷകർക്കിടയിലെ പ്രായോഗിക പ്രവർത്തനം കൂടുതൽ പ്രയാസകരമാക്കി. ഇത് വലതുപക്ഷ ശക്തികൾക്ക് പ്രയോജനകരമാവുകയും കർഷകരെ ഇടതുപക്ഷ ശക്തികൾക്കെതിരായി തങ്ങളോടൊപ്പം നിർത്താൻ സഹായകരമാവുകയും ചെയ്തു. അതേ സമയം തന്നെ മൂലധനത്തിന്റെ പ്രാഥമിക സമാഹരണത്തിനു വേണ്ടി ഒരു വർഗ്ഗമെന്ന നിലയിൽ കർഷക വർഗ്ഗത്തെ ഉന്മൂലനം ചെയ്യാനുള്ള തികച്ചും വഞ്ചനാപരമായ ഒരു പദ്ധതിയിൽ അവരെത്തന്നെ ഭാഗഭാക്കുകളാക്കുവാനും കൂടി ഇതു വലതുപക്ഷക്കാർക്കു സഹായകരമായി. ചുരുക്കിപ്പറഞ്ഞാൽ, ഇടതുപക്ഷത്തിന്റെ പിശകുകളേയും കർഷകരുടെ ബോധനിലവാരത്തിലും അവർക്കിടയിൽ നടക്കേണ്ട ബോധവത്ക്കരണ പ്രവർത്തനങ്ങളിലുള്ള പോരായ്മകളേയും ഉപയോഗപ്പെടുത്തിക്കൊണ്ട് ഒരു വർഗ്ഗമെന്നനിലയിൽ തന്നെ കർഷകരെ തുടച്ചു നീക്കാനും അങ്ങനെ കൈയ്യൊഴിയപ്പെടുന്നതോ, കുടിയൊഴിക്കപ്പെടുന്നതോ ആയ കുത്തക ബൂർഷാസിയ്ക്ക് കൈവശപ്പെടുത്താനുള്ള അവസരം ഉണ്ടാക്കുകയാണ് വലതുപക്ഷക്കാർ.

**29**

അത്യാപത്ക്കരമായ ഈ പരിതോവസ്ഥയെ എങ്ങനെയാണ് അതിജീവിക്കുക? ഭരണാധികാരത്തിന്റെ ഉത്തരവാദിത്വങ്ങൾ ഏറ്റെടുക്കാനും വർഗ്ഗസമരത്തിന്റെ കൊടിക്കൂറ ഉയരത്തിൽ പറത്താനുമുള്ള ചുമതലകൾ വഹിക്കാൻ നാം എങ്ങനെയാണു തയ്യാറെടുക്കുക? ആഗോളീകരണ നയങ്ങൾക്കെതിരായ അതിശക്തമായ ഒരു തൊഴിലാളി-കർഷക വർഗ്ഗസഖ്യം രൂപീകരിക്കുന്നതിലേക്ക് തൊഴിലാളികളേയും കർഷകരേയും എങ്ങനെയാണ് ഉണർത്തിയെടുക്കുക? ചെറുത്തുനില്പിന്റെ ഘട്ടത്തിലേക്ക് പ്രസ്ഥാനത്തെ നയിക്കുന്നത് എങ്ങനെയാണ് ആ ദിശയിലേക്കുള്ള ഏതൊരു ചലവും യാഥാർത്ഥ്യമാവുക സാമ്രാജ്യത്വ വിരുദ്ധതയെ ശരിയായി മനസ്സിലാക്കുന്നതിലൂടെ മാത്രമാണ് എന്നതാണ് ഉത്തരം. കുട്ടക മൂലധന വിരുദ്ധതയുടെ ഉള്ളടക്കമില്ലാത്ത സാമ്രാജ്യവിരുദ്ധത ഒരു ഒഴിഞ്ഞ പാത്രം മാത്രമാണ്. കുത്തക മൂലധനം ഒരു പേപ്പട്ടിയെപ്പോലെ കെട്ടഴിച്ചുവിട്ടിരിക്കുന്ന ചൂഷണ പരിപാടികൾ അനുദിനം ശക്തിപ്പെട്ടുകൊണ്ടിരിക്കേ നവകോളണീകരണത്തിന്റെ വിപത്ത് കൂടുതൽ രൂക്ഷതരമാവുകയാണ്. സാർവ്വദേശീയ ഫിനാൻസ് മൂലധനത്തിന്റെ നഖമുള്ള പാദമാണത്. ഉല്പാദനത്തിന്റേയും വിപണനത്തിന്റേയും മണ്ഡലങ്ങളെ ആദ്യ അവസരത്തിൽ തന്നെ കൈപ്പിടിയിലാക്കുന്ന കുത്തക മൂലധനത്തിനെതിരെ മുഖ്യമായ പോരാട്ടം നടത്താത്ത ആർക്കും സാമ്രാജ്യത്വത്തിനെതിരെ ഗൗരവപൂർവ്വമായ പോരാട്ടം നടത്താവനാവില്ല; സാധുതയുള്ള ഒരു ധനാത്മക ബദൽ മുന്നോട്ട് വയ്ക്കാനുമാവില്ല ഉല്പാദകവർഗ്ഗങ്ങളുടേയും രാഷ്ട്രത്തിന്റേയും വികസനത്തിന് ഗുണകരമായ ഒരു ബദൽ മുന്നോട്ടു വയ്ക്കാത്ത പക്ഷം വിപ്ലവത്തിന് വേണ്ടി നടത്തുന്ന

വാദങ്ങൾ വെറും അധരസേവനം മാത്രമായി കലാശിക്കും. കാർഷികോല്പാദനത്തിന്റേയും വിപണനത്തിന്റേയും പഴയ സമ്പ്രദായങ്ങൾ കുത്തക ബൂർഷാസിയുടെ താല്പര്യാനുസരണം മാറ്റിക്കൊണ്ടിരിക്കുമ്പോൾ കുത്തകമൂലധനത്തിനെതിരായ പോരാട്ടം കൂടുതൽ തൊഴിലാഴി വർഗ്ഗവത്ക്കരിക്കപ്പെടുകയാണ്. അതുകൊണ്ട്, തൊഴിലാളി വർഗ്ഗം കർഷകർക്ക് ശക്തമായ ഒരു സന്ദേശം നൽകേണ്ടതുണ്ട്. വംശവിച്ഛേദനത്തിൽ നിന്നും രക്ഷപ്രാപിപ്പാൻ ഒരൊറ്റ മാർഗ്ഗം മാത്രമേയുള്ളൂ; കൂടുതൽ സാമൂഹിക വത്ക്കരിക്കപ്പെട്ട ഒരു നിലനില്പാണത്. എന്ന സന്ദേശമാണത്. അത് സാധ്യമാകുന്നതാവട്ടെ, തൊഴിലാളി കർഷകസഖ്യത്തിലൂടേയും കുത്തകകൾക്കെതിരായ പോരാട്ടത്തിൽ ആ സംഖ്യം മുന്നോട്ട് വയ്ക്കുന്ന ബദലുകളിലൂടേയുമാണ്. അതിനിടയ്ക്ക് മറ്റൊരു മധ്യമാർഗ്ഗമില്ല. ഈ സന്ദേശം കൊണ്ടുപോകുന്ന മുന്നണിപ്പടയാളി ആരാണെന്നതാണ് ചോദ്യം. ഇടതുപക്ഷം, വളെര ഗുണപരമായി ഉത്തരം പറയേണ്ട ചോദ്യമാണത്. ഈ ഉത്തരവാദിത്വം നിർവ്വഹിക്കാൻ ഇപ്പോൾ വേണ്ടത് ഉറച്ചനിലപാടുകളുള്ള ചില അടവുകളാണ്. സിംഗൂർ- നന്ദിഗ്രാം കുത്തകകൾക്കനുകൂലമായ മൂലധന നിക്ഷേപയഞ്ഞങ്ങൾ ബി. ഒ. ടി ടോൾ വ്യവസ്ഥകൾ തുടങ്ങിയ അനുഭവങ്ങൾ ഇക്കാര്യത്തിൽ നിഷേധാത്മത അദ്ധ്യാപകരാണ്. ഈ പാഠങ്ങൾ ഉൾക്കൊള്ളാതെ ഇടതുപക്ഷ ശക്തികൾക്ക് മുന്നോട്ടു പോകാനാവില്ല.



സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് 8-ാം അഖിലേന്ത്യാ കോൺഫറസ്

**30**

## ഇടതുപക്ഷ ബദലും ജനാധിപത്യ വിപ്ലവത്തിന്റെ കടമകളും

നമ്മുടെ രാജ്യത്ത് ജനാധിപത്യ വിപ്ലവത്തിന്റെ ലക്ഷ്യങ്ങൾ നേടിയെടുക്കാൻ ആവശ്യമായ അടവുപരമായ ചുവടുവയ്പ്പാണ് ഇടതുപക്ഷ ബദൽ. ജനാധിപത്യവിപ്ലവത്തിന്റെ പരിപാടിപരമായ പരിസരം ഗണ്യമായ അളവിൽ സോഷ്യലിസ്റ്റ് ഉള്ളടക്കം കൈവന്നിട്ടുള്ള ഒന്നായി വളർന്നിട്ടുണ്ട്. ഗ്രാമപ്രദേശങ്ങളിലെ പോലും ഉല്പാദക വർഗ്ഗങ്ങളെ പിഴിഞ്ഞെടുക്കുന്നതിൽ കുത്തക മൂലധനത്തിനുള്ള പങ്ക് വർദ്ധിച്ചിരിക്കുന്നതുകൊണ്ട് അത് അങ്ങിനെയായേ പറ്റൂ. പ്രവചനാതീതമാംവിധം അസ്ഥിരീകരിക്കപ്പെട്ട വിപണിയും മുൻകാലങ്ങളിൽ ഉല്പാദത്തിനാവശ്യമായ സാധനസാമഗ്രികൾ മിതമായ നിരക്കിൽ ലഭ്യമാക്കിയിരുന്ന സർക്കാരിന്റെ ചെലവുകൾ വെട്ടിച്ചുരുക്കിയതും ചേർന്ന് സൃഷ്ടിച്ച അരാജതസ്വഭാവമുള്ള ചുഴലിക്കാറ്റിലേക്ക് എടുത്തെറിയപ്പെട്ടിരിക്കുകയാണ് വ്യാവസായിക, കാർഷിക ഉല്പാദനം ആസൂത്രിതനിക്ഷേപത്തിന്റെ പിന്തുണ നഷ്ടമാവുകയും ക്ഷേമപദ്ധതികൾ അതിവേഗം അപ്രത്യക്ഷമാവുകയും ചെയ്തതോടെ കാർഷികോല്പാദനവും കാർഷികോല്പാദന വർഗ്ഗവും പാപ്പരാവുകയും തകർന്നടിയുകയും ചെയ്യുന്നതാണ്. ഈ തകർച്ച അവരുടെ അവരുടെ വിമോചന സാധ്യതകളെ പിന്നെയും ചുരുക്കുന്നു. മുമ്പുകാലത്ത് ഫ്യൂഡൽ പ്രഭുത്വമാണ് അവരെ പാപ്പരീകരിക്കുകയും കൊള്ളയടിക്കുകയും അവരുടെ എല്ലാത്തരം സാമൂഹിക വികാസത്തേയും തടയുകയും ജാതീയത പോലുള്ള ജീർണ്ണമായ സാമൂഹിക സ്ഥാപനങ്ങളെ ഉപയോഗപ്പെടുത്തുകയും ചെയ്തിരുന്നെങ്കിൽ, ഇന്ന് അത് ചെയ്യുന്നത് കുത്തക മൂലധനവും അതിന്റെ പിണിയാളുകളുമാണ്. ഏതു നിലയ്ക്കും പഴയ ജീർണ്ണ സമൂഹത്തിന്റെ ദൂഷ്യങ്ങളോടൊപ്പം അതിന്റെ അരാജകസ്വഭാവവും ഇല്ലായ്മ ചെയ്യപ്പെട്ടിട്ടില്ല. നേരെ മറിച്ച്, അതിന്റെ ദൂഷ്യങ്ങലും സ്വഭാവത്തിലുള്ള സങ്കീർണ്ണതയും പെരുകുകയാണ് ചെയ്തിട്ടുള്ളത്. അതുകൊണ്ട്, കൂനുബാധിച്ച പഴയ വ്യവസ്ഥയെ പിഴെതെറിയുക എന്ന കടമ കൂടുതൽ ഊർജ്ജസ്വലതയോടും തൊഴിലാളികളുടേയും കർഷകരുടേയും കൂടുതലുയർന്ന വർഗ്ഗഐക്യത്തോടും കൂടി ഏറ്റെടുക്കുകയും പൂർത്തിയാക്കുകയും ചെയ്യേണ്ടതുണ്ട്. കൂത്തകമൂലധനത്തിന്റെ പങ്കാളിത്തവും ഇടപെടലും വർദ്ധിച്ചിരിക്കുന്ന ഈ സന്ദർഭത്തിൽ ഗ്രാമീണമേഖലകളിലും തൊഴിലാളി വർഗ്ഗത്തിന്റെ പങ്കാളിത്തവും ഇടപെടലും വർദ്ധിക്കേണ്ടതായിട്ടുണ്ട്. കാർഷിക വിപ്ലവത്തിന്റെ ഉള്ളടക്കത്തിലും സമാനമായ വർദ്ധനവ് ആവശ്യമുണ്ട്. ഈ പ്രശ്നത്തിനുപരിഹാരമായി ഭൂ ഉടമസ്ഥതയുടെ പുനർവിതരണം മാത്രം പോരാതെ വന്നിരിക്കുന്നു. എല്ലാ സബ്സിഡികളും കൂട്ടിച്ചേർന്നാൽ മൊത്തം ആഭ്യന്തര ഉല്പാദന GDP -Gross Domestic Project) ത്തിന്റെ 2 ശതമാനത്തിൽ താഴെ മാത്രമേ ആകാവൂ എന്നു പരിമിതപ്പെടുത്തിയിരിക്കുന്നതിനാൽ കാർഷിക ഉല്പാദനത്തിനാവശ്യമായ എല്ലാ അടിസ്ഥാനവസ്തുക്കളേയും സർക്കാർ സഹായം അവസാനിച്ചിരിക്കുന്നു. താങ്ങുവില സമ്പ്രദായം കൈയൊഴിഞ്ഞിരിക്കുന്നു. അതിനുപകരം ഊഹക്കച്ചവട വിപണിയാണ് നിലവിൽ വന്നിരിക്കുന്നത്. കർഷകർക്ക് അനുകൂലമായ ബാങ്കിംഗ് സംവിധാനം അപ്രത്യക്ഷമായി. സ്റ്റേറ്റ് ബാങ്കിനെ സ്വകാര്യവത്ക്കരിക്കാനുള്ള പരിപാടി പുരോഗമിച്ചുകൊണ്ടിരിക്കുമ്പോൾ ചെറുകിട, ഇടത്തരം കർഷകരുടെ സാധ്യതകൾ പിന്നേയും മങ്ങുകയാണ്. അതുകൊണ്ട്, ചെറുകിട ഉല്പാദനം ആദായകരമല്ലാതാവുകയും താങ്ങുവില നൽകി കാർഷിക ഉല്പന്നങ്ങൾ സംഭരിക്കുന്ന പിരപാടി ഒരു പഴങ്കഥയാവുകയും ചെയ്തിരിക്കുന്നു. കുത്തകകൾ നിയന്ത്രിക്കുന്ന വിപണിയ്ക്കുമുന്നിൽ കാർഷിക മേഖല വെറുമൊരു ഇര മാത്രമായി മാറ്റപ്പെട്ടു കഴിഞ്ഞുവെന്നത് വ്യക്തമായിക്കഴിഞ്ഞിരിക്കേ, ആ മേഖലയിലെ യഥാർത്ഥ

ഉല്പാദനപ്രവർത്തനം കുത്തകകൾ ഏറ്റെടുക്കാൻ പോകുന്നത് എപ്പോഴാണെന്ന ചോദ്യവും വെറും സമയത്തിന്റെ പ്രശ്നം മാത്രമായിക്കഴിഞ്ഞിരിക്കുന്നു.

31

അപ്പോൾ എന്താണൊരു പരിഹാരം? അത്തരമൊരു പരിഹാരനിർദ്ദേശം ഒരു ഇടതു പക്ഷ ബദലിന്റെ പരിപാടിയിൽ ഉൾപ്പെടുന്നതെങ്ങനെ? അത് വികസനപാതയെ സംബന്ധിച്ച് പ്രശ്നമാണ്, കുത്തകകളുടെ മേധാവിത്ത സ്ഥാപനത്തിനെതിരായ ചെറുത്തുനില്പിന്റെ മാത്രം പ്രശ്നമല്ല. ഇടതുപക്ഷത്തിന്റെ പരിപാടിക്കകത്ത് ഉൾപ്പെടുന്ന തരത്തിലുള്ള വികസനത്തെ സംബന്ധിച്ച ചോദ്യങ്ങൾക്ക് ധനാത്മകമായ ഉറച്ച ഉത്തരങ്ങൾ നൽകേണ്ടതുണ്ട്. ഇതിന് (1) നവലിബറൻ നയങ്ങൾ നടപ്പാക്കുന്ന യു. പി. എ നേതൃത്വത്തിലുള്ള സർക്കാർ പേ പിടിച്ചതുപോലെ നടപ്പാക്കിക്കൊണ്ടിരിക്കുന്ന അക്രമാസക്തമായ സ്വകാര്യവത്ക്കരണ ശ്രമങ്ങളിൽ നിന്നും ദേശസാത്കൃത വ്യവസായങ്ങളേയും ബാങ്കുകളേയും ധനകാര്യസ്ഥാപനങ്ങളേയും സംരക്ഷിക്കുകയും കാത്തുസൂക്ഷിക്കുകയും വേണം. (2) പുതിയ വ്യവസായങ്ങളും ഉല്പാദന മേഖലകളും ആരംഭിക്കുകയും പ്രവർത്തിപ്പിക്കുകയും ചെയ്യേണ്ടതുള്ളപ്പോൾ തന്നെ, അങ്ങനെ ചെയ്യേണ്ടത് അവയിൽ നിന്നുള്ള ഉല്പന്നങ്ങളും സേവനങ്ങളും അവ സൃഷ്ടിക്കാനിരിക്കുന്ന തൊഴിലവസരങ്ങളും ജനങ്ങളുടെ ആവശ്യങ്ങൾ നിറവേറ്റുന്നതാണോ എന്ന കർശ പരിശോധനയ്ക്കു ശേഷമായിരിക്കണം. (3) നടന്നുകൊണ്ടിരിക്കുന്ന സ്വകാര്യവത്ക്കരണ യജ്ഞത്തിനെതിരായി എണ്ണ, പ്രകൃതിവിഭവങ്ങളുടെ ഖനനം, ഭക്ഷ്യ വസ്തുക്കളുടെ വിതരണം, കുടിവെള്ളം, ഊർജ്ജം, ഗതാഗതം തുടങ്ങിയ സുപ്രധാന മേഖലകളുടെ ദേശസാത്ക്കരണം ആവശ്യപ്പെട്ടുകൊണ്ട് തുടർച്ചയായ സുപ്രധാന മേഖലകളുടെ ദേശസാത്ക്കരണം ആവശ്യപ്പെട്ടുകൊണ്ട് തുടർച്ചയായ പ്രവർത്തനങ്ങൾ നടത്തണം. (4) ഇന്ന വിഭജിതവും ശിഥിലവും ചെറുകിട ഉല്പാദനത്തിന്റെ ഒറ്റപ്പെട്ട സ്ഥിതിയിലുമായി നിലനിൽക്കുന്ന ഉല്പാദക വർഗ്ഗങ്ങളുടെ കൂടുതൽ സാമൂഹ്യവത്കൃതമായ നിലനില്പിനും വളർച്ചക്കും വേണ്ടി അക്ഷീണമായ പ്രവർത്തനങ്ങൾ നടത്തണം. ആകാശത്തുനിന്നും വീണുകിടക്കുന്ന മൂലധനനിക്ഷേപം കൊണ്ട് മേൽപ്പറഞ്ഞ ആവശ്യങ്ങൾ നിവേറ്റാൻ കഴിഞ്ഞേക്കാമെന്ന ജനപ്രിയ വിശ്വാസത്തെ അതേ പടി വിഴുങ്ങാൻ ഒരു ഇടതുപക്ഷ ബദലിനു കഴിയുകയില്ല. അതിനുപകരം, കുത്തകമൂലധനവുമായി അഭേദ്യമായി ബന്ധപ്പെട്ടിരിക്കുന്ന അരാജകവാദപരമായ നിക്ഷേപ പ്രവർത്തനങ്ങൾക്ക് കുഴപ്പങ്ങൾ മാത്രമേ സൃഷ്ടിക്കാനാവൂ എന്ന് ഇടതുപക്ഷ ബദൽ അറിഞ്ഞിരിക്കുകയും അതുപ്രകാരമുള്ള പ്രചരണങ്ങൾ നടത്തുകയും വേണം. ഇത്തരം മൂലധനനിക്ഷേപം ഒരിക്കലും സുസ്ഥിരവികസനം കൊണ്ടു വരികയില്ല; മറിച്ച് ഏറ്റവും കൂടിയാൽ കപടമായ ഒരു താല്ക്കാലിക വളർച്ച മാത്രമേ അതിനു സൃഷ്ടിക്കാൻ കഴിയൂ. അതോടൊപ്പം വന്യമായ അത്തരം മൂലധനനിക്ഷേപം നിലവിലുള്ള തൊഴിലവസങ്ങളേയും പാർപ്പിട ലഭ്യതയേയും ജീവിത സാഹചര്യങ്ങളേയും മറ്റും ഞെരുക്കി തകർത്തുകളയുകയും തൊഴിൽ അവസരങ്ങളെ ചുരുക്കുകയും പാർപ്പിട സൗകര്യങ്ങൾ കുറച്ച് ഉള്ളതിന്റെ വില വർദ്ധിപ്പിക്കുകയും ജീവിത സാഹചര്യങ്ങൾ വെട്ടിച്ചുരുക്കുകയും ചെയ്യും. എല്ലാറ്റിനുമപ്പുറം, പാരിസ്ഥിതിക സംതുലനത്തിനും ജനങ്ങൾക്കിടയിലുള്ള സാമൂഹിക സൗഹൃദത്തിനും അവ ഏല്പിക്കാനിരിക്കുന്ന മാരകമായ തകരാറെന്താണെന്ന് അതുതെല്ലും ഉത്ക്കണ്ഠപ്പെടുന്നതേയില്ല. ഈ പ്രശ്നങ്ങളെ അതേ പടി തുടരാൻ അനുവദിക്കുന്ന ഒരു ഇടതു പക്ഷരൂപീകരണം മേൽപ്പറഞ്ഞ ഇടതുപക്ഷ ബദൽ നേടിയെടുക്കുന്നതിനുള്ള ഏറ്റവും ദുർബ്ബലമായ ശക്തിയായിരിക്കും. ജനാധിപത്യവിപ്ലവപരിപാടിയുടെ അടവുപരമായ രൂപ കല്പനയിൽ ഇടതു പക്ഷ ബദലിനെപ്പറ്റി വിഭാവനം ചെയ്യുമ്പോൾ നേരിടേണ്ടിവരുന്ന ഏറ്റവും വലിയ വെല്ലുവിളിയാണിത്.

32

മതനിരപേക്ഷ സാമൂഹിക മൂല്യങ്ങളെ പോഷിപ്പിക്കുക, ജാതിരഹിത സമൂഹം സ്ഥാപിക്കുക, വിമോചനാത്മകമായ സ്ത്രീ ശാക്തീകരണം കൈവരിക്കുക, പാരിസ്ഥിതിക അവബോധം കൂടുതൽ സംവേദനക്ഷമമാക്കുക, നഗര-ഗ്രാമസംതുലത്തനെപ്പറ്റി കൂടുതൽ യുക്തിപൂർവ്വമായ ധാരണയുണ്ടാക്കുക, ഗോത്ര ജനതക്ക് ജനാധിപത്യപരമായ ഒരു വികസനപാത നേടിയെടുക്കാനുതകും വിധം സാമൂഹികവും രാഷ്ട്രീയവും സാമ്പത്തികവുമായ സൗകര്യങ്ങളൊരുക്കുക തുടങ്ങിയ കാര്യങ്ങൾ കൂടി ഉൾകൊള്ളുന്ന ജനാധിപത്യ വിപ്ലവത്തിന്റെ ലക്ഷ്യങ്ങളെ സംബന്ധിച്ച പ്രതിഭാസിക പ്രവർത്തനങ്ങളെ ഗ്രഹിക്കുന്നതിൽ, അടവുപരമായ ധാരണയെ സംബന്ധിച്ച മേൽപ്പറഞ്ഞ വിലയിരുത്തൽ, അതായത് ഇടതുപക്ഷ ബദൽ മാനകപ്രാധാന്യം തന്നെ കൈവരിച്ചിട്ടുണ്ട്. ഇത് പ്രവർത്തനമേഖലയിലെ, പ്രത്യേകിച്ച് സാംസ്ക്കാരിക സംഘടനയുടെ പ്രവർത്തനങ്ങളിൽ പ്രതിഫലിക്കേണ്ടതുണ്ട്.

33

"വികസന"ത്തിനു വേണ്ടിയുള്ള ഭ്രാന്തമായ മുറവിളിയെ സാമ്രാജ്യത്വ ആഗോളീകരണം തട്ടിയുണർത്തിയിട്ടുണ്ട്. ലോകമെമ്പാടുമുള്ള സസ്യ ജന്തുജാലങ്ങളും ഭൗമനിക്ഷേപങ്ങളും ഉൾപ്പെടെ എല്ലാ പ്രകൃതി സമ്പത്തുകളും ഊറ്റിയെടുക്കാനുള്ള ആർത്തി നിറഞ്ഞതും വിഭ്രാന്തവുമായ ലക്ഷ്യമാണതിനുള്ളത്. ഓസോൺ പാളിക്കു ക്ഷതമേല്പിക്കാവുന്നവിധത്തിൽ അന്തരീക്ഷത്തിന്റെ സ്വച്ഛതക്ക് അതു പരിക്കേല്പിക്കുന്നു. പാരിസ്ഥിതിക തകർച്ചയുടേയും അതിന്റെ ഫലമായുണ്ടായ ആഗോളതാപനത്തിന്റേയും പേരിൽ മുതലക്കണ്ണീരൊഴുക്കുന്ന സാമ്രാജ്യത്വ രാജ്യങ്ങളും കുത്തകകളും തന്നെ സ്വന്തം കാർബൺ കാല്പാടുകൾ മായ്ച്ചുകളയാനും ഹരിത ജീവിതം നയിക്കേണ്ടതിന്റെ ആവശ്യകതയെപ്പറ്റി ഏഷ്യയിലേയും ആഫ്രിക്കയിലേയും ലാറ്റിനമേരിക്കയിലേയും മർദ്ദിത രാഷ്ട്രങ്ങൾക്കും മർദ്ദിത ജനതകൾക്കും സാരോപദേശ പ്രസംഗം നടത്താനും ഏറെ അദ്ധ്വാനിക്കുന്നുണ്ട്. സാമ്രാജ്യത്വ രാജ്യങ്ങളും കുത്തകകളും തങ്ങളുടെ ആണവ മാലിന്യങ്ങളും കാലഹരണപ്പെട്ട ആണവ സാങ്കേതിക വിദ്യയും മർദ്ദിതരാഷ്ട്രങ്ങൾക്കു മേൽ കെട്ടിയേല്പിക്കാൻ ശ്രമം നടത്തിക്കൊണ്ടിരിക്കുകയാണ്. നവകൊളോണിയൻ ചൂഷണവും അധീശത്വമേധാവിത്തവും തടസ്സമൊന്നും കൂടാതെ തുടർന്നുകൊണ്ടുപോകാൻ സൗകര്യമൊരുക്കുന്നതിനായി മർദ്ദിത രാജ്യങ്ങൾക്കുമേൽ അവരുടെ താല്പര്യങ്ങൾക്കെതിരും മർദ്ധകസ്വഭാവമുള്ളതുമായ ഉടമ്പടികളും കരാറുകളും അവർ അടിച്ചേല്പിക്കുന്നുണ്ട്.

34

നമ്മുടെ രാജ്യത്ത് പാരിസ്ഥിതിക തുലനനിലയ്ക്കുമേൽ നടത്തപ്പെടുന്ന മുമ്പറഞ്ഞ തരത്തിലുള്ള സാമ്രാജ്യത്വ അത്രിക്രമങ്ങൾ ചൂഷണ ലക്ഷ്യത്തോടെ നടപ്പാക്കപ്പെടുന്ന പുണ്ണുപിടിച്ച ആഗോളീകരണ നയങ്ങളോടൊപ്പം രൂപമായിക്കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ ഭരണ വർഗ്ഗങ്ങളാവട്ടെ ആ രോഗത്തെ അവസാനത്തെ ഗ്രാമങ്ങളിലേക്കും ഏറ്റവും വിദൂരസ്ഥമായ ഗോത്ര വർഗ്ഗക്കാരുടെ ആവാസ സ്ഥലങ്ങളുടെ ഹൃദയത്തിലേക്കും വരെ പകർത്തിയിരിക്കുന്നു. ഫിനാൻസ് മൂലധനത്തിന്റെ അത്യാർത്തി നിറഞ്ഞ ഈ കുത്തിക്കവർച്ചയെ ജനങ്ങൾ ശരിക്കും ചെറുക്കുന്നുണ്ട്. ഈ ചെറുത്തു നില്പിനെ അടിച്ച

മർത്താനായി ഭരണകൂടയന്ത്രം അതിന്റെ സൈനികശേഷിയെ കെട്ടഴിച്ചുവിടുകയാണ്. ഈ പ്രദേശങ്ങളിൽ ജനകീയ ചെറുത്തുനില്പിന്റെ കുന്തമുനയാകുവാനും അതിനെ നയിക്കുവാനും വേണ്ട തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പട ഇല്ല തന്നെ. അതേ സമയം, വ്യാജസമരഹ്ങളിലൂടെ ഈ ചെറുത്തുനില്പു ലക്ഷ്യത്തെ അപഹരിക്കാനും ഒഴിഞ്ഞു കിടക്കുന്ന സ്ഥാനങ്ങൾ സ്വന്തം വിപത്ക്കര സാന്നിദ്ധ്യം കൊണ്ടു നിറക്കാനും സാമ്രാജ്യത്വ നിർദ്ദേശമനുസരിക്കുന്ന ഏജൻസികളും ഇവിടങ്ങളിൽ എത്തിയിട്ടുണ്ട്.

നാം കാണുന്നത്. നവ ഉദാരീകരണത്തിന് ഫ്യൂഡൻ മർദ്ദനോപകരണങ്ങളുടെ വായ്ത്തല മടക്കാൻ കഴിയില്ലെന്ന് ഖാപ് പഞ്ചായത്തുകൾ കാട്ടിത്തരുന്നുണ്ട്. നവ ഉദാരീകരണത്തിന്റെ അധീശത്വത്തിൻ കീഴിൽ വിപണിയിലെ പാവകളെപ്പോലെയാണ് സ്ത്രീകൾ കൈകാര്യം ചെയ്യപ്പെടുന്നത്. ജനാധിപത്യ വിപ്ലവം സ്ത്രീകളുടെ വിമോചനമെന്ന വിഷയത്തെ പ്രത്യേകമായി അഭിസംബോധന ചെയ്യേണ്ടതുണ്ടെന്ന ആവശ്യകതയും അതിന്റെ പ്രാധാന്യവും ഈ സാഹചര്യത്തിൽ പല മടങ്ങായി വർദ്ധിക്കുന്നുണ്ട്. ഈ ലക്ഷ്യത്തോടുകൂടി ഉയർന്ന




സി.പി.ഐ (എം.എൽ) റെഡ് ഫ്ളാഗ് 8-ാം സംസ്ഥാന സമ്മേളനം

അടിയന്തിര ആവശ്യം സംസ്ഥാന നിയമസഭകളിലും പാർലമെന്റ് സഭകളിലും സ്ത്രീകൾക്ക് 33 ശതമാനം സംവരണം ഉറപ്പാക്കണം എന്നതാണ്.

**35**

ഇന്ത്യയ്ക്ക് നാണക്കേടുണ്ടാക്കുന്ന ഒരു വിളിപ്പേരുണ്ട് ഇന്ന്; 'ബലാത്സംഗ രാജ്യം' ഇക്കാര്യത്തിൽ ഇന്ത്യയെ വെല്ലുവിളിക്കാൻ ഒരു രാജ്യമേയുള്ളൂ: ആഫ്രിക്കൻ രാജ്യമായ കോംഗോ; ആ രാജ്യത്തിന്റെ തലസ്ഥാനം സ്ത്രീഹത്യകൾക്കും പക്ഷപാതം നിറഞ്ഞ പോലീസ് നടപടികൾക്കും കുപ്രസിദ്ധമാണ്. ലൈംഗിക അതിക്രമങ്ങൾ സർവ്വസാധാരണമായ തൊഴിലിടങ്ങളിൽ സ്ത്രീകളുടെ അവകാശങ്ങൾ തെല്ലും പരിഗണിക്കപ്പെടുന്നില്ല. എല്ലാ പുത്തൻ-തലമുറ ബിസിനസ്സുകളും ഈ അനാശാസ്യപ്രവണതയെ തെറ്റാതെ പിന്തുടരുകയാണ്. വലതുപക്ഷക്കാരായ അക്രമികൾ പബ്ബുകളിലും മറ്റും അതിക്രമിച്ചു കടക്കുകയും സ്ത്രീകളെ അപമാനിക്കുകയും ചെയ്യുന്നു. പദസംസ്ക്കാരം ബലപ്രയോഗത്തിലൂടെ നടപ്പാക്കാൻ ലക്ഷ്യം വച്ചുകൊണ്ടു നടത്തപ്പെടുന്ന അതിക്രമങ്ങളാണിവ. ബാലവേശ്യവൃത്തിയും ശിശുക്കൾക്കു നേരെയുള്ള ലൈഗിക പീഡനവും മനുഷ്യക്കടത്തുമൊക്കെ അധികാരസ്ഥാനത്തുള്ളവരുടേയും അന്ധതബാധിച്ച നീതിപീഠങ്ങളുടേയും സഹായത്തോടെ തഴച്ചുവളരുകയാണ്. എ. എഫ്. എസ്. പി. എ. (ആംഡ് ഫോഴ്സ് സ്പെഷ്യൽ പവേഴ്സ് ആക്ട് – സായുധ സേന പ്രത്യേക അധികാര നിയമം) യുടെ മദ്ധ്യേന്ത്യയിലും കാഷ്മീരിലും നടത്തിക്കൊണ്ടിരിക്കുന്ന ബലാത്സംഗ- കൊലപാതക പരിപാടി ഭീതിഭമായ തലത്തിലേക്കു വളരുന്നതാണ്.

**36.**

ദളിത്, ഗോത്രവർഗ്ഗജനതകൾ മർദ്ദനവും കുടിയൊഴിക്കലും വംശീയ ശുദ്ധീകരണവും ജാതീയ അതിക്രമങ്ങളും നിരന്തരം അനുഭവിക്കേണ്ടിവരുന്ന നിർദ്ദയമായ ഒരു സാഹചര്യത്തിലേക്ക് പിന്നേയും തള്ളിവീഴ്ത്തപ്പെടുകയാണ്. ഒറീസ്സയിലും ഛത്തീസ്ഗഢിലും കണ്ടതുപോലെ അവർ ഒന്നുകിൽ അന്യോന്യം കൊല്ലാൻ നിർബ്ബന്ധിതരാവുന്നു; അല്ലെങ്കിൽ, ബീഹാറിൽ സംഭവിച്ചതുപോലെ വെടിവച്ച് വീഴ്ത്തപ്പെടുകയോ ജീവനോടെ ചുട്ടെരിക്കപ്പെടുകയോ ചെയ്യുന്നു. ഭ്രാന്തമായ സ്വരാകൃവത്ക്കരണത്തിനിടയിൽ തൊഴിൽ സംവരണത്തിന്റെ അവശേഷിക്കുന്ന മരുപ്പച്ചകൾ കൂടി വറ്റി വരളുകയാണ്. ഇതെല്ലാം എൽ. പി. ജി. നയങ്ങളുടെ ഫലമാണ്. സാമൂഹിക നീതിയെ സംബന്ധിച്ച പ്രശ്നം, ഉയർത്തപ്പെടുന്ന ആവശ്യങ്ങളുടെ പട്ടികയിൽ പ്രമുഖസ്ഥാനത്തു വരുമ്പോൾ മാത്രമേ എൽ. പി. ജി. നയങ്ങൾക്കെതിരായ പോരാട്ടം വിജയകരമാവൂ. സംഘടിത തൊഴിലാളിവർഗ്ഗത്തിന്റെ മുന്നണിപ്പട തികഞ്ഞ ഗൗരവത്തോടും അടിയന്തിര പ്രാധാന്യത്തോടും കൂടി ഇത് ഉറപ്പുവരുത്തേണ്ടതുണ്ട്. ●